ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി

# അധികാര വികേന്ദ്രീകരണവും പ്രാദേശിക ഭരണ നിർവഹണവും

സർട്ടിഫിക്കറ്റ് പ്രോഗ്രാം

എൽ എസ് ജി - 02

## പ്രാദേശിക ധനകാര്യവും സാമ്പത്തിക വികസനവും

ബ്ലോക്ക് – 1

## ധനകാര്യ വികേന്ദ്രീകരണം


കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)

KILA

കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്
ഇന്നൊവേഷൻ ആന്റ് ടെക്നോളജി

DIGITAL UNIVERSITY KERALA

Curating a responsible digital world

*പാഠഭാഗം തയ്യാറാക്കിയവർ*
**ടി. കെ. സുജിത്**
**ഡോ. സണ്ണി ജോർജ്**
**ടി. എസ്.സൈഫുദ്ധീൻ**
**ഡോ. കെ.പി. എൻ. അമൃത**
**ഡോ. ആർ.എം. അമൃതരാജ്**
**പി.വി. രാമകൃഷ്ണൻ**

*സംശോധനം*
**ഡോ. സണ്ണി ജോർജ്**
**പി.വി. രാമകൃഷ്ണൻ**

*സ്ഥാപനതല ഏകോപനം*
**ബിനുരാജ് കെ.എസ്., നേഹ കുര്യൻ (കില)**
**ജയചന്ദ്രൻ എം.ബി. (ഡിജിറ്റൽ സർവ്വകലാശാല)**

*കമ്യൂണിക്കേഷൻ കൺസൾട്ടന്റ്*
**സി.എസ്. സലിൽ**

*പ്രോജക്റ്റ് ലീഡ്*
**ഡോ. സി.പി. വിനോദ്**

© ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി, 2021

ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി

# അധികാര വികേന്ദ്രീകരണവും പ്രാദേശിക ഭരണ നിർവഹണവും

സർട്ടിഫിക്കറ്റ് പ്രോഗ്രാം

**എൽ എസ് ജി - 02**

## പ്രാദേശിക ധനകാര്യവും സാമ്പത്തിക വികസനവും

**ബ്ലോക്ക് – 1**

## ധനകാര്യ വികേന്ദ്രീകരണം

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)**

**കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ് ഇന്നൊവേഷൻ ആന്റ് ടെക്നോളജി**

DIGITAL UNIVERSITY KERALA

Curating a responsible digital world

## യൂണിറ്റ് 1

# ഫണ്ട് കൈമാറ്റം: അടിസ്ഥാന തത്ത്വങ്ങൾ


| | | |
|---|---|---|
| 1. | പഠന ലക്ഷ്യങ്ങൾ | 03 |
| 2. | സൂചനാപദങ്ങൾ | 04 |
| 3. | ആമുഖം | 04 |
| 4. | കേന്ദ്രധനകാര്യ കമ്മീഷനും പ്രാദേശിക സർക്കാരുകളും | 05 |
| 5. | ധനകാര്യ കമ്മീഷനുകളും സാമ്പത്തിക വികേന്ദ്രീകരണവും | 10 |
| 6. | വിഭവ വികേന്ദ്രീകരണവും സാമ്പത്തിക ഉത്തരവാദിത്തവും | 17 |
| 7. | സംഗ്രഹം | 25 |
| 8. | ഉത്തരസൂചിക | 25 |
| 9. | അവലംബം /അധിക വായനയ്ക്ക് | 26 |

# ഫണ്ട് കൈമാറ്റം:
# അടിസ്ഥാന തത്ത്വങ്ങൾ

## 1. പഠന ലക്ഷ്യങ്ങൾ

ഈ യൂണിറ്റ് പഠിച്ച് കഴിയുമ്പോൾ പഠിതാക്കൾക്ക് ഇനി പറയുന്ന കാര്യങ്ങൾ ചെയ്യുന്നതിനുള്ള കാര്യശേഷി ഉണ്ടാകുന്നതാണ്.

1. അധികാര വികേന്ദ്രീകരണത്തിൽ ധനവികേന്ദ്രീകരണത്തിന്റെ പ്രാധാന്യ ത്തെക്കുറിച്ച് വിശദീകരിക്കാൻ കഴിയുന്നു.
2. ധനവികേന്ദ്രീകരണത്തിന്റെ ഭാഗമായി കേന്ദ്ര ധനകാര്യ കമ്മീഷന്റെയും സംസ്ഥാന ധനകാര്യ കമ്മീഷന്റെയും റിപ്പോർട്ടുകളിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് രാജ് നഗരപാലിക സ്ഥാപനങ്ങൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകൾ ബജറ്റിൽ നടത്തുന്ന വകയിരുത്തലുകളെക്കുറിച്ച് വിശദമാക്കാൻ സാധിക്കുന്നു.
3. ഇപ്രകാരം കേന്ദ്രസംസ്ഥാന സർക്കാരുകൾ അനുവദിക്കുന്ന ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ വിശദമാക്കാൻ കഴിയുന്നു.
4. കേന്ദ്രാവിഷ്കൃത പദ്ധതികളും അവയുടെ ധനവികേന്ദ്രീകരണവും വ്യവസ്ഥ കളും പ്രതിപാദിക്കാൻ കഴിയുന്നു.
5. സംസ്ഥാന പദ്ധതികളും അവ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനുള്ള വ്യവസ്ഥകളും വിശദീകരിക്കാൻ കഴിയുന്നു.
6. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അനുവദിക്കപ്പെടുന്ന പ്രത്യേക ഫണ്ടു കൾ ഏതൊക്കെയെന്നും അവയുടെ വ്യവസ്ഥകളും വിശദമാക്കാൻ സാധി ക്കുന്നു.
7. കേന്ദ്രസംസ്ഥാന സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന ഫണ്ട് പ്രയോജന പ്പെടുത്തുന്നതിലെ വെല്ലുവിളികൾ തിരിച്ചറിഞ്ഞ് ഇത്തരം സ്രോതസ്സുകൾ

പരമാവധി പ്രയോജനപ്പെടുത്തി പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കാൻ സാധിക്കുക.

## 2. സൂചനാപദങ്ങൾ

**1. കേന്ദ്ര ധനകാര്യ കമ്മീഷൻ (Central Finance Commission):** ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 280 പ്രകാരം ഇന്ത്യൻ പ്രസിഡന്റ് വിജ്ഞാപനം ചെയ്ത് രൂപീകരിക്കുന്ന കമ്മീഷൻ. കേന്ദ്രസംസ്ഥാന സർക്കാരുക്ക ൾക്കിടയിൽ ധനവികേന്ദ്രീകരണവും വിഭവങ്ങൾ പങ്കുവെക്കലും സംബന്ധിച്ച ശുപാർശകളാണ് കമ്മീഷൻ നൽകുന്നത്. നിലവിൽ പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലയളവാണ്.

**2. സംസ്ഥാന ധനകാര്യ കമ്മീഷൻ (State Finance Commission):** ഭരണഘടനയുടെ 73, 74 ഭേദഗതികളെ തുടർന്ന് പഞ്ചായത്ത് രാജ്, നഗരപാലിക സ്ഥാപനങ്ങൾക്ക് വിഭവ വികേന്ദ്രീകരണം സംബന്ധിച്ച ശുപാർശകൾ നൽകുന്നതിന് ഭരണഘടന അനുച്ഛേദം 243ഐ പ്രകാരം ഗവർണറുടെ ഉത്തരവ് പ്രകാരം രൂപീകരിക്കുന്ന കമ്മീഷൻ. കേരളത്തിൽ ആറാം സംസ്ഥാന ധനകാര്യ കമ്മീഷനാണ് നിലവിൽ പ്രവർത്തിക്കുന്നത്.

**3. അടിസ്ഥാന വിഹിതം (Basic Grant):** പതിനഞ്ചാം ധനകാര്യ കമ്മീഷൻ ത്രിതല പഞ്ചായത്തുകൾക്കും 10 ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള നഗരസഭകൾക്കും നൽകാനായി ശുപാർശ ചെയ്ത വികസന ഫണ്ട് പോലെ ഉപയോഗിക്കാവുന്ന ഉപാധികളില്ലാത്ത ഗ്രാന്റ് വിഹിതം.

**4. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (Tied Grant):** പതിനഞ്ചാം ധനകാര്യ കമ്മീഷൻ ജലം, ശുചിത്വം, മാലിന്യ പരിപാലന പ്രവർത്തനങ്ങൾക്കായുള്ള പ്രോജക്ടുകൾ ക്കായി പ്രത്യേക ഉദ്ദേശ്യത്തിന് വിനിയോഗിക്കാനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കാൻ ശുപാർശ ചെയ്ത ഗ്രാന്റ്.

## 3. ആമുഖം

ഇന്ത്യയുടെ സാമ്പത്തികവും സാമൂഹികവുമായ വളർച്ചയിൽ പഞ്ചായത്ത് രാജ്/ നഗരപാലിക സ്ഥാപനങ്ങൾക്ക് നിർണായകമായ പങ്കാണുള്ളത്. ഇന്ത്യയുടെ മൊത്തം ദേശീയ വരുമാനത്തിന്റെ മൂന്നിൽ രണ്ടും നഗരങ്ങളുടെ സംഭാവനയാണ് എന്നത് പ്രാദേശിക ഭരണ സംവിധാനത്തിന്റെ പ്രാധാന്യത്തെ വിളിച്ചോതുന്നു. നഗരങ്ങളടക്കമുള്ള പ്രാദേശിക ഭരണ പ്രദേശത്തെ പശ്ചാത്തല സൗകര്യ വികസനം പാവപ്പെട്ടവർക്കായുള്ള അടിസ്ഥാന സേവനങ്ങളുടെ ലഭ്യത ഉറപ്പാക്കൽ, സാമൂഹിക നീതി ഉറപ്പാക്കൽ എന്നിവ വഴിയാണ് രാജ്യത്തിന്റെ പുരോഗതി ലക്ഷ്യമിടുന്നത്.

ഇന്ത്യയിലെ നഗരങ്ങളെ 10 ലക്ഷം ജനസംഖ്യയിൽ അധികരിക്കുന്ന വൻനഗരങ്ങളും നഗരസഞ്ചയങ്ങളും (urban agglomeration) എന്ന ഒന്നാം പട്ടികയായും ഇതിൽ താഴെ വരുന്ന ഇടത്തരം നഗരങ്ങളെ മുനിസിപ്പാലിറ്റികളായും നഗര സ്വഭാവമാർജ്ജിക്കുന്ന പ്രദേശങ്ങളെ ടൗൺ പഞ്ചായത്തുകളുമായും തിരിച്ചാണ് നഗരങ്ങളിലെ പ്രാദേശിക ഭരണ വ്യവസ്ഥയെയും നഗര വികസനത്തെയും സമീപിച്ചിരിക്കുന്നത്. ഗ്രാമീണ

മേഖലയിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് ശ്യംഖല വഴി പഞ്ചായത്ത് രാജ് ഭരണ സംവിധാനത്തേയും ചിട്ടപ്പെടുത്തിയിരിക്കുന്നു.

ഇപ്രകാരമുള്ള പ്രാദേശിക ഭരണ സംവിധാനത്തിന് ധനവികേന്ദ്രീകരണത്തിലൂടെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ലഭ്യമാക്കുന്ന ബജറ്റ് വകയിരുത്തലുകളെയും കേന്ദ്ര സംസ്ഥാന ധനകാര്യ കമ്മീഷൻ നൽകുന്ന ശുപാർശകളുടെ അടിസ്ഥാനത്തിലുള്ള വിഭവ വികേന്ദ്രീകരണ മാർഗങ്ങളേയും കുറിച്ചാണ് ഈ അധ്യായത്തിൽ ചർച്ച ചെയ്യുന്നത്.

## 4. കേന്ദ്രധനകാര്യ കമ്മീഷനും പ്രാദേശിക സർക്കാരുകളും

2017 നവംബർ 27 നാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ രൂപീകരിച്ചത്. 2020-21 മുതൽ 2025-26 കാലയളവിലേക്കുള്ള ധനവികേന്ദ്രീകരണ നിർദ്ദേശങ്ങളും വിഭവ വിലയിരുത്തലുകളുമാണ് കമ്മീഷൻ ശുപാർശ ചെയ്യുന്നത്. കേന്ദ്രസംസ്ഥാന സർക്കാരുകൾക്കിടയിൽ വിഭവങ്ങൾ പങ്കുവെക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള വികസന ഫണ്ട് വിഹിതം നിശ്ചയിക്കുകയും കമ്മീഷൻ ചെയ്യുന്നു. ആദ്യഘട്ടമായി 2020-21 സാമ്പത്തിക വർഷത്തേക്കുള്ള വിഹിതമാണ് നിശ്ചയിച്ചത്. 2020-21 വർഷത്തെ സംസ്ഥാന വാർഷിക പദ്ധതി അടങ്കലിന്റെ 25 ശതമാനം തുകയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സംസ്ഥാന വിഹിതമായി നിശ്ചയിച്ചിട്ടുള്ളത്. കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉൾപ്പെടെയാണ് വികസന ഫണ്ട് വിഹിതം അനുവദിക്കുന്നത്. സംസ്ഥാന ബജറ്റിന്റെ അനുബന്ധം IV ൽ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവ കൂടാതെ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിഹിതം കൂടി ഉൾപ്പെടുത്തിയാണ് ധനവികേന്ദ്രീകരണം ഉറപ്പാക്കുന്നത്.

ഗ്രാമപ്രദേശങ്ങളിൽ പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഗ്രാമപഞ്ചായത്തുകൾക്ക് മാത്രമാണ് നൽകിയിരുന്നതെങ്കിൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് കൂടി അനുവദിച്ചിരിക്കുന്നു. 2020-21 ൽ ഗ്രാമപ്രദേശങ്ങളുടെ വിഹിതമായ 1,628 കോടി രൂപ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കായി 75%, 12.5%, 12.5% എന്ന അനുപാതത്തിൽ വിഭജിച്ചാണ് ധനകാര്യ കമ്മീഷൻ അവാർഡ് നൽകുന്നത്.

നഗരമേഖലക്കുള്ള കേന്ദ്രധനകാര്യ കമ്മീഷൻ സംസ്ഥാന വിഹിതമായ 784 കോടി രൂപയിൽ 339 കോടി രൂപ 10 ലക്ഷം ജനസംഖ്യയിൽ കൂടുതലുള്ള ഏഴ് നഗരസഞ്ചയങ്ങൾ (Urban Agglomerations) ക്കായി (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ) നൽകുകയും ബാക്കിയുള്ള 445 കോടി മറ്റ് 86 നഗരസഭകൾക്കുമായി വീതിച്ച് നൽകുകയുമാണ് ചെയ്തിട്ടുള്ളത്.

### ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ

രണ്ട് ശീർഷകങ്ങളിലായാണ് ത്രിതല പഞ്ചായത്തുകൾക്ക് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. അടിസ്ഥാന വിഹിതം (Basic Grant), പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (Specific Purpose Grant/ Tied Grant) എന്നിങ്ങനെയാണ് അത്.

## a. അടിസ്ഥാന വിഹിതം (Basic Grant)

മേഖലാതല നിബന്ധനകൾ ബാധകമല്ലാതെ വികസന ഫണ്ട് ഉപയോഗിക്കാവുന്ന ഏതൊരാവശ്യത്തിനും ഉപയോഗിക്കാം. എന്നാൽ ശമ്പളം എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ എന്നിവയ്ക്ക് ഉപയോഗിക്കരുത്. മുൻകാല ധനകാര്യ കമ്മീഷൻ പ്രോജക്ടുകളുടെ സ്പിൽ ഓവർ ബാധ്യത നിറവേറ്റാനും ഈ വിഹിതം ഉപയോഗിക്കാം.

## b. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (Specific Purpose Grant)

ശുചിത്വം, ഖര ദ്രവ മാലിന്യ സംസ്കരണം, വെളിയിട വിസർജ്ജന വിമുക്തി സ്ഥിതി (ODF Status) നിലനിർത്തുന്ന പ്രോജക്ടുകൾ, ODF+ പദവി കൈവരിക്കാനുള്ള പ്രോജക്ടുകൾ, മഴവെള്ളക്കൊയ്ത്ത്, ജലസംരക്ഷണവും ജല സ്രോതസ്സ് പരിപോഷണവും, ജലാശയങ്ങളുടെ പുനരുജ്ജീവനം, ജലത്തിന്റെ പുനരുപയോഗവും പുനഃചംക്രമണവും (Reuse and Recycling of Water) എന്നിങ്ങനെ രണ്ട് നിർണ്ണായക അടിസ്ഥാന സേവനങ്ങൾക്കായാണ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് വിനിയോഗിക്കേണ്ടത്.

മേൽത്തട്ട് തദ്ദേശഭരണസ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടെ പ്രോജക്ടുകൾ സംയുക്തമായി ഏറ്റെടുക്കാവുന്നതാണ്. പദ്ധതി മാർഗരേഖയിലെ നിബന്ധനകൾ പാലിച്ച് പ്രോജക്ടുകൾ തയ്യാറാക്കി സമർപ്പിക്കണം.

## പത്ത് ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള നഗരങ്ങൾ (86 മുനിസിപ്പാലിറ്റികൾ)

അടിസ്ഥാന വിഹിതവും പ്രത്യേക ഉദ്ദേശ്യ വിഹിതവും (Tied Grants) എന്നിങ്ങനെ രണ്ട് കാറ്റഗറിയായാണ് നഗരസഭകൾക്കും ധനകാര്യ കമ്മീഷൻ ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്.

## a. അടിസ്ഥാന വിഹിതം (Basic Grant)

മേഖലാതല നിബന്ധനകൾ ബാധകമല്ല. വികസന ഫണ്ട് ഉപയോഗിക്കാവുന്ന ഏതൊരാവശ്യത്തിനും ഉപയോഗിക്കാം. ശമ്പളവും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും പാടില്ല. മുൻവർഷ ധനകാര്യകമ്മീഷൻ പ്രോജക്ടുകളുടെ സ്പിൽ ഓവർ ബാദ്ധ്യത നിറവേറ്റാനും ഉപയോഗിക്കാം.

## b. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (Tied Grant)

കുടിവെള്ള പ്രോജക്ടുകൾ, മഴവെള്ളകൊയ്ത്ത്, ജല സംരക്ഷണവും, ജല പരിപോഷണവും, ജലാശയങ്ങളുടെ പുനരുജ്ജീവനവും, ജലത്തിന്റെ പുനരുപയോഗവും, പുനഃചംക്രമണവും (Reuse and Recycling), ശുചിത്വം, ഖരദ്രവ്യ മാലിന്യ സംസ്കരണം, വെളിയിട വിസർജ്ജന വിമുക്തി സ്ഥിതി (ODF Status) നിലനിർത്തുന്ന പദ്ധതികൾ, ODF+, ODF, തുടങ്ങിയവ കൈവരിക്കാനുള്ള പ്രോജക്ടുകൾ എന്നീ രണ്ട് നിർണ്ണായക

അടിസ്ഥാന സേവനങ്ങൾക്കാണ് ധനകാര്യ കമ്മീഷൻ വിഹിതം വിനിയോഗിക്കാം. ഒരു വിഷയത്തിന്റെ ലക്ഷ്യം കൈവരിച്ചാൽ കൂടുതൽ തുക മറ്റേ വിഷയ ലക്ഷ്യങ്ങൾക്കായി അധികമായി വകയിരുത്തുകയും ചെയ്യാവുന്നതാണ്. GO (MS) No. 87/2020 ധനകാര്യം 29/6/2020 പ്രകാരമുള്ള പദ്ധതി മാർഗരേഖയിലെ വ്യവസ്ഥകൾ പാലിച്ച് പ്രോജക്ടുകൾ തയ്യാറാക്കി സമർപ്പിക്കണം.

**പത്ത് ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള നഗരസഞ്ചയങ്ങൾ (Million Plus Ctiy Agglomerations)** (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, മലപ്പുറം നഗരസഭ സഞ്ചയങ്ങൾ)

ഒരു പ്രധാന നഗരവും അതിനോട് ചേർന്ന് തുടർച്ചയായി (Contiguous) കിടക്കുന്ന നഗര സ്വഭാവത്തിലുള്ള സെൻസസ് ടൗണുകളും സ്റ്റാറ്റ്യൂട്ടറി ടൗണുകളും ചേർന്ന മൊത്തം പ്രദേശത്തെയാണ് നഗരസഞ്ചയമായി കണക്കാക്കുന്നത്.

നഗരസഞ്ചയ പ്രദേശത്ത് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (Tied Grant) മാത്രമാണ് അനുവദിച്ചിട്ടുള്ളത്. അടിസ്ഥാന വിഹിതം (Basic Grant) അനുവദിച്ചിട്ടില്ല. നഗരസഞ്ചയത്തിലെ മുഖ്യ നഗരസഭയ്ക്കാണ് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തിയിട്ടുള്ളതെങ്കിലും പ്രത്യേകം പട്ടികപ്പെടുത്തിയിട്ടുള്ളതുപ്രകാരം മുഖ്യ നഗരസഭ ഭൂപ്രദേശത്തിന് പുറത്തുള്ള നഗരസഞ്ചയ പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഗ്രാന്റിന്റെ ആനുപാതിക വിഹിതം വിനിയോഗിച്ച് പ്രോജക്ടുകൾ നടപ്പാക്കേണ്ടതാണ്.

**പട്ടിക – 1**

| ക്രമ നമ്പർ | നഗരസഞ്ചയം | ജനസംഖ്യ (ലക്ഷത്തിൽ) | മൊത്തം ഗ്രാന്റ് (ലക്ഷത്തിൽ) | മുഖ്യനഗരസഭയ്ക്ക് പുറത്ത് വിനിയോഗിക്കേണ്ട വിഹിതം (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 16.8 | 4,700 | 1,410 |
| 2 | കൊല്ലം | 11.1 | 3,100 | 930 |
| 3 | കൊച്ചി | 21.2 | 5,900 | 2,314.13 |
| 4 | തൃശ്ശൂർ | 18.6 | 5,200 | 2,947.36 |
| 5 | കോഴിക്കോട് | 20.3 | 5,700 | 1,651.71 |
| 6 | കണ്ണൂർ | 16.4 | 4,600 | 3,831.28 |
| 7 | മലപ്പുറം | 17 | 4,700 | 4,337.46 |

ഇപ്രകാരം അനുവദിക്കുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റിന്റെ വിഹിതം ഉപയോഗിച്ച് കുടിവെള്ള പ്രോജക്ടുകളുടെ നടത്തിപ്പ്, മഴവെള്ളക്കൊയ്ത്ത്, ജല സംരക്ഷണവും, ജലസ്രോതസ്സ് പരിപോഷണവും ജലാശയങ്ങളുടെ പുനരുജ്ജീവനം, ജലത്തിന്റെ പുനരുപയോഗവും പുനഃചംക്രമണവും (Reuse-Recycling), ശുചിത്വം, കാര്യക്ഷമമായ

ഖര ദ്രവ മാലിന്യ സംസ്കരണ സംവിധാനം, വെളിയിട വിസർജ്ജന വിമുക്തി സ്ഥിതി (ODF status) നിലനിർത്തൽ, ODF+, ODF++ തുടങ്ങിയ പദവികൾക്കായുള്ള പ്രോജക്ടുകൾ എന്നിവ ഏറ്റെടുക്കാം.

നഗരസഞ്ചയത്തിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ കൂട്ടായി പദ്ധതി നടത്തിപ്പിന് ഇനി പറയുന്ന നടപടി ക്രമം പാലിക്കണം. മുഖ്യനഗര പ്രദേശത്തെ വിനിയോഗ തുക തീരുമാനിച്ച ശേഷം പുറത്തുള്ള പ്രദേശത്തിനുള്ള വിഹിതം ജോയിന്റ് പ്ലാനിംഗ് കമ്മിറ്റി രൂപീകരിച്ച് പ്ലാൻ ചെയ്യണം. ബന്ധപ്പെട്ട നഗരസഭതദ്ദേശഭരണ അദ്ധ്യക്ഷൻമാർ, ബ്ലോക്ക് ജില്ലാ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ബന്ധപ്പെട്ട തദ്ദേശ ഭരണ സെക്രട്ടറിമാർ എന്നിവരെ ഉൾപ്പെടുത്തി രൂപീകരിക്കുന്ന ജോയിന്റ് പ്ലാനിംഗ് കമ്മിറ്റിയിലേക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും വിഷയമേഖല വിദഗ്ധരേയും പങ്കെടുപ്പിച്ചു പദ്ധതി ആസൂത്രണം ചെയ്യണം. ഖരമാലിന്യസംസ്കരണ സംവിധാനങ്ങൾ സംയോജിതമായി ആവിഷ്ക്കരിക്കണം. ജില്ലാ പദ്ധതി നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കണം. ജോയിന്റ്പ്ലാനിംഗ്കമ്മിറ്റി അംഗീകരിച്ച് ഡി പി സി /പ്ലാനിംഗ് ബോർഡ് അംഗീകരിക്കുന്ന പ്രോജക്ട് തദ്ദേശഭരണസ്ഥാപനം മുഖേന പദ്ധതി നടപ്പാക്കണം. സംയുക്ത പ്രദേശത്തിനുള്ളിലാണ് വരുന്നതെങ്കിൽ ജില്ലാ പഞ്ചായത്തിനോ മുഖ്യ നഗരസഭയ്ക്കോ പദ്ധതി നിർവഹണം നടത്താവുന്നതാണ്. എന്നാൽ, മുഖ്യനഗരസഭയുടെ ഭൂപ്രദേശത്തിനുള്ളിൽ വിനിയോഗിക്കേണ്ട തുകയ്ക്കുള്ള പ്രോജക്ടുകൾ മുഖ്യ നഗരസഭയ്ക്ക് തന്നെ നിർവഹിക്കാം, വിശദാംശങ്ങൾ ജോയിന്റ് കമ്മിറ്റിയിൽ അവതരിപ്പിക്കണം.

ജലം, ശുചിത്വം എന്നീ മേഖലകളിൽ 2020-25 വർഷത്തോടെ ബഞ്ച് മാർക്ക് ലക്ഷ്യം കൈവരിക്കാൻ പ്രാപ്യമാകുന്ന വിധത്തിൽ പ്രോജക്ടുകൾ വിഭാവനം ചെയ്യേണ്ടതുമാണ്.

## പൊതുമാർഗ നിർദ്ദേശങ്ങൾ

1. അടൽ മിഷൻ ഫോർ റിജ്യൂവനേഷൻ ആൻഡ് അർബൺ ട്രാൻസ്ഫർമേഷൻ (AMRUT) പോലെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ തദ്ദേശഭരണസ്ഥാപന വിഹിതം വകയിരുത്താൻ ധനകാര്യ കമ്മീഷൻ അവാർഡ് ഉപയോഗിക്കാൻ പാടുള്ളതല്ല.

2. ശുചിത്വം, മാലിന്യസംസ്കരണ മേഖലയിൽ ഒന്നിലേറെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ സംയുക്തമായി നടപ്പാക്കുന്ന പ്രോജക്ടുകൾ ആവിഷ്ക്കരിക്കാൻ ശ്രമിക്കണം. ഡി പി സി ഇതിനുള്ള കൂടിയാലോചനകൾ നടത്തണം. ശുചിത്വ മിഷന്റെ സാങ്കേതിക സഹായം തേടാവുന്നതാണ്.

3. ധനകാര്യ കമ്മീഷൻ റിപ്പോർട്ടിലെ അനുബന്ധം 5.6 ൽ പ്രതിപാദിച്ചിട്ടുള്ളതു പ്രകാരം സർവീസ് ലെവൽ ബെഞ്ച്മാർക്ക് കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകി ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് ലക്ഷ്യബോധത്തോടെയുള്ള പ്രോജക്ടുകൾക്ക് നഗരസഭകളും നഗരസഞ്ചയങ്ങളും രൂപം നൽകണം. ജില്ലാ ആസൂത്രണ സമിതികളും ജില്ലാ റിസോഴ്സ് സെന്ററും ഇതിനു നേതൃത്വം നൽകണം.

4. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച് ഒരു ഉപപദ്ധതി (CFC SubPlan) തയ്യാറാക്കേണ്ടതാണ്. ഈ ഉപപദ്ധതിക്ക് ജലശുചിത്വ സേവനങ്ങൾക്കായുള്ള പദ്ധതി വികസനക്ഷേമ പ്രവർത്തനപദ്ധതി എന്നിങ്ങനെ രണ്ട് ഭാഗങ്ങൾ ഉൾപ്പെടുത്തേണ്ടതുമാണ്.

## പാഠഭാഗം – സംക്ഷിപ്തം

ഇന്ത്യയിലെ ഭരണസംവിധാനത്തിൽ പ്രധാന ഘടകങ്ങളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ. ധനവികേന്ദ്രീകരണം വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തിക്കൊണ്ട് പ്രാദേശിക സാമ്പത്തിക വികസനവും അടിസ്ഥാന സൗകര്യ വികസനവും സാധ്യമാക്കേണ്ടതുണ്ട്. പത്താം ധനകാര്യ കമ്മീഷൻ കാലയളവുമുതൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് ധനവികേന്ദ്രീകരണ ശ്രമങ്ങൾ ആരംഭിച്ചു. ഇന്ത്യയിലെ ത്രിതല പഞ്ചായത്ത് സംവിധാനത്തിനും 10 ലക്ഷത്തിലധികം ജനസംഖ്യയുള്ള നഗരസഞ്ചയങ്ങൾക്കും മറ്റ് നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കാറ്റഗറി തിരിച്ച് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് നൽകാൻ വ്യവസ്ഥ ചെയ്തിരിക്കുന്നു. ത്രിതല പഞ്ചായത്തുകൾക്ക് അടിസ്ഥാന വിഹിതവും (Basic Grant) പ്രത്യേക ഉദ്ദേശ്യ ഗ്രാന്റും നൽകാൻ വ്യവസ്ഥ ചെയ്തപ്പോൾ നഗരസഞ്ചയങ്ങൾക്ക് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (Tied Grant) ഇനത്തിൽ ശുചിത്വം, ജല സംരക്ഷണം, മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായുള്ള പ്രവർത്തനങ്ങൾക്കാണ് ഗ്രാന്റ് നൽകിയിട്ടുള്ളത്. മറ്റ് നഗരങ്ങൾക്ക് ത്രിതല പഞ്ചായത്തുകൾ നൽകിയതുപോലെ അടിസ്ഥാന വിഹിതവും (Basic Grant), പ്രത്യേകം ഉദ്ദേശ്യ ഗ്രാന്റും (Tied Grant) അനുവദിച്ചിരിക്കുന്നു.

## പഠന പുരോഗതി വിലയിരുത്തൽ : ഒന്ന്

I. **ഒറ്റവാക്കിൽ ഉത്തരമെഴുതുക** (ഒരു മാർക്ക് വീതം)

1. നിലവിലുള്ള കേന്ദ്ര ധനകാര്യ കമ്മീഷൻ എത്രാമത്തേതാണ്?

a. XI  b. XII

c. XIV  d. XV

2. നിലവിലുള്ള കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശുപാർശ കാലയളവ് ഏത്?

a. 2017-18 to 2021-22

b. 2018-19 to 2022-23

c. 2020-21 to 2025-26

d. 2021-22 to 2026-27

3. 2020-21 വർഷത്തെ സംസ്ഥാന വാർഷിക പദ്ധതി അടങ്കലിന്റെ എത്ര ശതമാനമാണ് തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് വികസന ഫണ്ടായി അനുവദിക്കുന്നത് ?

a. 25 % b. 26 %

c. 28 % d. 30 %

4. പതിനാലാം ധനകാര്യ കമ്മീഷൻ പഞ്ചായത്ത് തലത്തിൽ ഗ്രാന്റ് അനുവദിച്ചത് ഏത് തലത്തിലുള്ള സ്ഥാപനത്തിനാണ് ?

a. ജില്ലാ പഞ്ചായത്ത് b. ബ്ലോക്ക് പഞ്ചായത്ത്

c. ഗ്രാമ പഞ്ചായത്ത് d. ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്ക്

5. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ ഗ്രാമപഞ്ചായത്ത് വിഹിതം എത്ര ശതമാനമാണ്.

a. 25 % b. 40 %

c. 50 % d. 75 %

II. **ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരമെഴുതുക** (രണ്ട് മാർക്ക് വീതം)

1. കേരളത്തിൽ എത്ര നഗരസഞ്ചയങ്ങൾ (Urban Agglomerations) ഉണ്ട്? അവ ഏതൊക്കെയാണ് ?

2. ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്ക് അനുവദിക്കുന്ന ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾ ഏതൊക്കെയാണ്?

3. പത്ത് ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള മുനിസിപ്പാലിറ്റികൾക്ക് ലഭിക്കുന്ന ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾ ഏതൊക്കെയാണ് അവയുടെ വ്യവസ്ഥകൾ എന്ത്?

4. നഗരസഞ്ചയങ്ങളുടെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് പ്രോജക്ടുകൾ തയ്യാറാക്കുന്ന നടപടി ക്രമം വ്യക്തമാക്കുക.

5. ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗത്തിനായി തയ്യാറാക്കുന്ന ഉപ പദ്ധതിയുടെ ഘടകങ്ങൾ ഏതൊക്കെയാണ് ?

III. **ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക** (അഞ്ച് മാർക്ക്)

1. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗം സംബന്ധിച്ച നടപടി ക്രമങ്ങൾ വിശദീകരിക്കുക.

## 5. ധനകാര്യ കമ്മീഷനുകളും സാമ്പത്തിക വികേന്ദ്രീകരണവും

എൻ.കെ. സിംഗ് അദ്ധ്യക്ഷനായുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2020-21 സാമ്പത്തിക വർഷത്തേക്ക് രാജ്യത്തെ തദ്ദേശ സർക്കാരുകളായ പഞ്ചായത്ത്-രാജ് നഗരപാലിക സ്ഥാപനങ്ങൾക്കായി ശുപാർശ ചെയ്ത ഗ്രാന്റ് വിനിയോഗ

വിവരങ്ങൾ ആണ് ഒന്നാം ഭാഗത്ത് നാം ചർച്ച ചെയ്തത്. തുടർന്ന് 2021-22 മുതൽ 2025-26 വരെയുള്ള കാലയളവിലേക്കുള്ള ശുപാർശകൾ കമ്മിറ്റി സമർപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ ഭരണഘടനയുടെ 243ഐ, 243വൈ അനുച്ഛേദങ്ങൾ പ്രകാരം സംസ്ഥാനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ട വിഹിതവും രീതികളും മറ്റും നിശ്ചയിക്കുന്നതിന് സംസ്ഥാനതലത്തിൽ സംസ്ഥാന ധനകാര്യ കമ്മീഷനുകളും പ്രവർത്തിക്കുന്നുണ്ട്. നിലവിൽ മുൻ ചീഫ് സെക്രട്ടറി എസ് എം വിജയാനന്ദ്, അദ്ധ്യക്ഷനായ ആറാം ധനകാര്യ കമ്മീഷൻ അതിന്റെ പ്രവർത്തനങ്ങൾ നടത്തിവരികയാണ്. സാമ്പത്തിക വികേന്ദ്രീകരണം (Fiscal Devolution) സംബന്ധിച്ച് രണ്ട് റിപ്പോർട്ടുകൾ നൽകുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനസ്ഥിതിയും വരുമാനവും മെച്ചപ്പെടുത്താനുള്ള ശുപാർശകൾ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ അന്തിമ ഘട്ടത്തിലുമാണ്.

## കേന്ദ്ര ധനകാര്യ കമ്മീഷൻ-ധനവിനിയോഗ മാർഗരേഖ

കേന്ദ്ര ധനകാര്യ കമ്മീഷൻ അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഗരഭരണ സ്ഥാപനങ്ങൾക്ക് 1,21,055 കോടി രൂപയാണ് (നഗരസഭകൾക്കും നഗരസഞ്ചയങ്ങൾക്കും) 2021-22 മുതൽ 2025-26 കാലയളവിലേക്ക് നീക്കി വച്ചിട്ടുള്ളത്.

കൂടാതെ പ്രാഥമിക ആരോഗ്യ പരിരക്ഷയ്ക്ക് പ്രത്യേക ഫണ്ടും അനുവദിക്കുന്നുണ്ട് (Rs: 70051 കോടി രൂപ). ഗ്രാമീണ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി (പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ) 2,36,805 കോടി രൂപയും നീക്കിവച്ചിരിക്കുന്നു. കേന്ദ്ര ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ അദ്ധ്യായം ഏഴിൽ പ്രാദേശിക സർക്കാരുകളെ ശക്തിപ്പെടുത്തൽ (Empowering Local Governments) എന്ന ശീർഷകത്തിലാണ് രാജ്യത്തെ പ്രാദേശിക സർക്കാരുകൾക്കുള്ള ഗ്രാന്റ് സംബന്ധിച്ചും ലക്ഷ്യങ്ങളെ സംബന്ധിച്ചും പ്രതിപാദിച്ചിരിക്കുന്നത്. നഗരങ്ങളെ നേരത്തെ നാം ചർച്ച ചെയ്തതു പോലെ നഗരസഞ്ചയങ്ങളും (Urban Agglomerations) സാധാരണ നഗരങ്ങളുമായി തരംതിരിച്ച് പ്രത്യേക ശുപാർശകൾ സമർപ്പിച്ചിരിക്കുന്നു. പതിനാലാം ധനകാര്യ കമ്മീഷനിൽ നിന്ന് വ്യത്യസ്തമായി ഗ്രാമീണ മേഖലയിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് സ്ഥാപനങ്ങൾക്കും ബേസിക് ഗ്രാന്റും, ടൈഡ് ഗ്രാന്റും 50:50 നിശ്ചിത അനുപാതത്തിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. നഗരസഞ്ചയങ്ങൾക്ക് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്(Tied Grant) നൽകുമ്പോൾ മറ്റ് നഗരപ്രദേശങ്ങൾക്ക് ബേസിക് ഗ്രാന്റും, ടൈഡ് ഗ്രാന്റും നിശ്ചിത അനുപാതത്തിൽ നൽകുന്നതാണ്. വൻനഗരങ്ങളിലെ വായുഗുണനിലാവരം ആരോഗ്യകരമായി സൂക്ഷിക്കുക, ശുചിത്വം, മാലിന്യ പരിപാലനം, ആരോഗ്യ സേവനങ്ങൾ, കുടിവെള്ളം പോലുള്ള പൗര സേവനങ്ങളിൽ സർവീസ് ലെവൽ ബഞ്ച് മാർക്ക് കൈവരിക്കുന്നതിന് ലക്ഷ്യം വെച്ച് പ്രോജക്ട് നടപ്പാക്കണം. ഭരണഘടനയുടെ പന്ത്രണ്ടാം പട്ടികയിൽ നഗരസഭകളുടെ ചുമതലകളായി നിഷ്കർഷിച്ചിട്ടുള്ള കാര്യങ്ങൾക്ക് പദ്ധതി തയ്യാറാക്കി നടപ്പാക്കാം. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റി (Tied Grant) ൽനിന്നും 50% തുക ശുചിത്വം, മാലിന്യ പരിപാലനം തുടങ്ങിയ പ്രവർത്തനങ്ങൾക്കും ബാക്കി 50% വിഹിതം കുടിവെള്ളം, മഴ വെള്ള സംസ്കരണം, ജല സ്രോതസ്സ് നവീകരണം തുടങ്ങിയ ജലവിഭവ സംരക്ഷണ പ്രവർത്തനങ്ങൾക്കും വിനിയോഗിക്കണം.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് കൈമാറൽ

കേന്ദ്ര ധനകാര്യമന്ത്രാലത്തിലെ ധനവിനിയോഗവകുപ്പിൽ നിന്നും സംസ്ഥാന സർക്കാരിന് രണ്ട് അർദ്ധ വർഷ ഗഡുക്കളായി (ജൂണിലും ഒക്ടോബറിലും) തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കായുള്ള ധനകാര്യ കമ്മീഷൻ ഗ്രാന്റ് കൈമാറുകയും ഇപ്രകാരം ലഭിക്കുന്ന ഗ്രാന്റ് 10 ദിവസത്തിനകം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് ആനുപാതിക വിഹിതമായി കൈമാറുകയും ചെയ്യുന്നു. 10 ദിവസത്തിൽ കൂടുതൽ വൈകുന്ന പക്ഷം സംസ്ഥാന സർക്കാർ മാർക്കറ്റ് നിരക്കിൽ പലിശ കൂടി നൽകേണ്ടതുണ്ട്.

2021-22 വർഷം ഇനിപറയുന്ന പരിഷ്കാരങ്ങൾ നടപ്പാക്കിയാൽ മാത്രമേ വരും വർഷങ്ങളിൽ ഗ്രാന്റ് അനുവദിക്കുകയുള്ളൂ എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1. ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ചുമത്തുന്ന വസ്തു നികുതിയുടെ അടിസ്ഥാന നികുതി നിരക്കുകൾ സംസ്ഥാന സർക്കാർ വിജ്ഞാപനം ചെയ്യുകയും കൃത്യമായി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കാനുള്ള വ്യവസ്ഥകൾ ഏർപ്പെടുത്തുകയും വേണം.

2. എല്ലാ സംസ്ഥാനങ്ങളും സംസ്ഥാനധനകാര്യകമ്മീഷനെ ഭരണഘടനാനുസൃതം രൂപീകരിക്കണം.

3. നഗരസഞ്ചയങ്ങൾ, ജല സംരക്ഷണം, ജല പുനരുപയോഗം, കുടിവെള്ള വിതരണം തുടങ്ങിയ സേവനങ്ങളെ സംബന്ധിച്ച പുരോഗതിയുടെ വാർഷിക റിപ്പോർട്ട് ഹാജരാക്കണം.

4. നഗരസഞ്ചയങ്ങൾ (വൻ നഗരങ്ങൾ) സിറ്റി ഫിനാൻസ് പോർട്ടലിൽ 28 സേവനങ്ങളുടെ സർവ്വീസ് ബെഞ്ച് മാർക്ക് ലക്ഷ്യങ്ങൾ അപ് ലോഡ് ചെയ്യണം.

ഇതുകൂടാതെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മുൻ വർഷത്തെ ഓഡിറ്റിന് വിധേയമാക്കിയ വാർഷിക കണക്കുകൾ ഓൺലൈൻ മുഖേന അപ്‌ലോഡ് ചെയ്യണം.

ഇപ്രകാരം പഞ്ചായത്ത് രാജ് നഗരപാലിക സ്ഥാപനങ്ങൾക്ക് കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് നിശ്ചയിച്ച് നൽകുക വഴി സാമ്പത്തിക വികേന്ദ്രീകരണം പ്രാവർത്തികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ഗ്രാന്റ് വിഹിതം ഉറപ്പാക്കുകയും ചെയ്തു. 14,15 ധനകാര്യ കമ്മീഷനുകൾ പ്രാദേശിക സർക്കാരുകളുടെ തനത് വിഭവ സ്രോതസ്സുകൾ വർദ്ധിപ്പിക്കാനും സാമ്പത്തിക സ്വാശ്രയത്വവും അഭിവൃദ്ധിയും ഉറപ്പാക്കുക വഴി ഭരണഘടനാനുസൃതമായ ചുമതലകൾ ഏറ്റെടുക്കാനും പ്രാദേശിക വികസനവും അടിസ്ഥാന സൗകര്യ വികസനവും സേവന ഗുണമേന്മയും ഉയർത്താനും ഒട്ടേറെ ശുപാർശകൾ മുന്നോട്ട് വെച്ചിട്ടുണ്ട്. സംസ്ഥാന ധനകാര്യ കമ്മീഷനുകൾ ഇക്കാര്യത്തിൽ പഠനം നടത്തി നികുതി നികുതിയേതര വരുമാനങ്ങൾ വർദ്ധിപ്പിച്ച് സ്വയം പര്യാപ്തത കൈവരിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്.

പതിനാലാം ധനകാര്യ കമ്മീഷൻ മുന്നോട്ടുവെച്ച നികുതി പരിഷ്ക്കരണം സംബന്ധിച്ച നിർദ്ദേശങ്ങൾ ഇനി പറയുന്നു.

## വസ്തുനികുതി

ലോകത്താകമാനം തദ്ദേശഭരണസ്ഥാപനങ്ങളുടെ മുഖ്യ നികുതി വരുമാനം എന്നത് വസ്തു നികുതിയാണ് (Property Tax). എന്നാൽ വസ്തുനികുതി നിരക്കുകൾ കാലോചിതമായി പരിഷ്ക്കരിക്കാത്തതുമൂലം ഇന്ത്യയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വസ്തുനികുതി മുഖ്യ വരുമാന മാർഗമെന്ന നിലിയിൽ ഇനിയും ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. വസ്തുനികുതിക്ക് വിധേയമാക്കേണ്ട ആസ്തികളുടെ ഡാറ്റ കാലേചിതമായി പരിഷ്ക്കരിക്കാത്തത് വരുമാന ചോർച്ചയ്ക്ക് കാരണമാകുന്നു. ചില സംസ്ഥാനങ്ങളിൽ വാർഷിക വാടകമൂല്യവും മറ്റ് ചിലയിടങ്ങളിൽ കെട്ടിടങ്ങളുടെ വിസ്തൃതിയും ഉപയോഗവും മാനദണ്ഡമാക്കി നികുതി ചുമത്തി വരുന്നു. നിയമ പ്രകാരം നൽകുന്ന നികുതി ഇളവുകളും ഒഴിവാക്കലുകളും ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും വസ്തുനികുതി വരുമാനത്തെ പ്രതികൂലമായി ബാധിക്കുന്നതായും കമ്മീഷൻ കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും വസ്തുനികുതി വരുമാനം ഗണ്യമായ തോതിൽ വർദ്ധിപ്പിക്കാൻ കഴിയുന്ന വിധത്തിൽ വസ്തുനികുതി ചട്ടങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കാൻ കമ്മീഷൻ ശുപാർശ ചെയ്യുന്നിരിക്കുന്നു. വസ്തുനിഷ്ഠ മാനദണ്ഡങ്ങളും കൃത്യമായ ഇടവേളകളിലെ നികുതി ഘടനയിലെ പരിഷ്ക്കാരവും നിയമാനുസൃതം ഉറപ്പുവരുത്താൻ സംസ്ഥാനസർക്കാരുകൾ നടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്യുന്നിരിക്കുന്നു. തറവിസ്തീർണ്ണാനുപാതവും ഉപയോഗക്രമവും അനുസൃതമായി എല്ലാ വസ്തുവകകളും ഓരോ നാലു മുതൽ അഞ്ച് വർഷ ഇടവേളകൾ നിശ്ചയിച്ച് വസ്തുനികുതി നിരക്കുകൾ കാലോചിതമായി പരിഷ്ക്കരിക്കണം. വസ്തുനികുതി വരുമാനം വർദ്ധന ഉറപ്പുവരുത്തുന്നതിന് നഗരസഭകളെയും പഞ്ചായത്തുകളെയും അനുവദിക്കുന്ന ചട്ടങ്ങൾ ഉണ്ടാകണം. വസ്തുവകകൾക്ക് സ്വയം നികുതി നിർണയിച്ച് റിട്ടേൺ സമർപ്പിക്കാനും സുതാര്യത ഉറപ്പുവരുത്താനും കഴിയുന്ന പൊതുമാനദണ്ഡം രൂപീകരിക്കണം.

## തരിശുഭൂമി–വിനിയോഗ നികുതി

തദ്ദേശസർക്കാരുകൾ വിശേഷിച്ചും നഗരസഭകൾക്ക് ഒഴിഞ്ഞു കിടക്കുന്ന ഭൂമികൾ പട്ടികപ്പെടുത്തി മൂല്യാധിഷ്ഠിതമായി തരിശു ഭൂമി നികുതി (Vacant Land Tax) ചുമത്താൻ കഴിഞ്ഞാൽ പുതിയ ഒരു വരുമാന സാദ്ധ്യത ഉണ്ടാകും. കെട്ടിട നിർമ്മാണ പ്ലാനിന്റെ ഭാഗമായ നികുതി ചുമത്തൽ കൂടാതെ ഒഴിഞ്ഞു കിടക്കുന്ന നഗര പ്രദേശത്തെ ഭൂമി, വസ്തുവിന്റെ മൂല്യവുമായി താരതമ്യപ്പെടുത്തി നികുതി ഈടാക്കാൻ കഴിഞ്ഞാൽ വലിയ ഒരു വരുമാന സാധ്യത തുറന്നുകിട്ടുന്നതാണ്. ഭൂപരിവർത്തനാനുമതിയുടെ ഭാഗമായും നികുതി ചുമത്തി വരുമാനം കണ്ടെത്താനും അനുവദിക്കേണ്ടതായിട്ടുണ്ട്. ഇതിനനുസൃതമായി നിയമ നിർമ്മാണം, സംസ്ഥാന സർക്കാരുകൾ നടത്തേണ്ടതായിട്ടുണ്ട്.

## തൊഴിൽ നികുതി

ഭരണഘടനയുടെ അനുച്ഛേദം 276 പ്രകാരം തൊഴിൽ നികുതി (Tax on Professions, Trades, Callings and Employment) പരമാവധി ചുമത്താവുന്ന പരിധി പ്രതിവർഷം

2,500 രൂപയായി നിലവിൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. ഈ പരിധി പ്രതിവർഷ 12,000 രൂപയായി ഉയർത്തി നിശ്ചയിക്കുന്നതിന് കേന്ദ്ര ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്നു. എല്ലാ സംസ്ഥാനങ്ങൾക്കും ഏകീകൃത നികുതി ഘടന കൊണ്ടുവരുന്നതിനും പാർലമെന്റിനോട് കമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്നു. ഇപ്രകാരം തൊഴിൽ നികുതി ഘടനയിലും നിരക്കിലും കാലോചിത പരിഷ്ക്കാരം നടപ്പിലാക്കുന്ന പക്ഷം ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും വരുമാനത്തിൽ വലിയ വർദ്ധനവിന് സാധ്യത തുറക്കുന്നതാണ്. എന്നാൽ ഈ നിർദ്ദേശം ഇനിയും നടപ്പിലായിട്ടില്ല.

## നികുതിയേതര വരുമാനം – നിർദ്ദേശങ്ങൾ

വാർഷിക വിൽപ്പന മൂല്യം കണക്കിലെടുത്ത് ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും പരിപാലന ആസ്തികളും പ്രാദേശിക വിഭവ സ്രോതസ്സുകളുമായ മത്സ്യ സമ്പത്തിനാൽ സമ്പന്നമായ കുളങ്ങൾ, ജല സംഭരണികൾ, ജലാശയങ്ങൾ, ഫെറികൾ എന്നിവയും മാർക്കറ്റുകൾ, പാർക്കുകൾ, കമ്മ്യൂണിറ്റി ഹാളുകൾ തുടങ്ങിയ പ്രാദേശിക ആസ്തികളും പഞ്ചായത്തുകൾക്കും നഗരസഭകൾക്കും കൈമാറാനും ഇവയിൽ നിന്നും വാർഷികാദായം ഈടാക്കാനും അനുവദിക്കുക വഴി നികുതിയേതര വരുമാനം വർദ്ധിപ്പിക്കാനുതകുന്ന നിയമ നിർമ്മാണം സംസ്ഥാന സർക്കാരുകൾ നടപ്പാക്കണം.

അതുപോലെ നഗരസഭകൾ സേവനങ്ങൾക്ക് ഈടാക്കുന്ന യൂസർഫീ കാലോചിതമായി പരിഷ്ക്കരിച്ച് നിയമാനുസൃതം ഈടാക്കാൻ കഴിയണം. ആരോഗ്യ ശുചിത്വ നഗര സേവനങ്ങളുടെ പരിപാലന ചെലവ് പൂർണമായും യൂസർഫീ മുഖേന ഈടാക്കണം.

## സെസ്സ്-മണൽ ഘനനഫീസ്

മണൽ ഖനനത്തിന് ഈടാക്കുന്ന സെസ്സിന്റെ ആനുപാതിക വിഹിതം തദ്ദേശ സർക്കാരുകളുമായി വീതംവെക്കുന്നതുവഴി മണൽ ഖനനം വഴി പ്രാദേശിക സമൂഹത്തിനുണ്ടാക്കുന്ന പ്രതികൂല ഘടകങ്ങൾ ഒരുപരിധിവരെ പരിഹരിക്കാനാവശ്യമായ നടപടികൾക്ക് സഹായകമാകും.

## സർവീസ് ചാർജ്-കേന്ദ്ര സർക്കാർ വക വസ്തുവകകൾ

ഭരണഘടനയുടെ 285(1) അനുച്ഛേദം പ്രകാരം കേന്ദ്ര സർക്കാർ ഉടമസ്ഥതയിലുള്ള വസ്തുവകകൾക്കും കെട്ടിടങ്ങൾക്കും വസ്തുനികുതി ചുമത്തുന്നത് ഒഴിവാക്കിയിരിക്കുന്നു. എന്നാൽ ഇവയ്ക്ക് സർവീസ് ചാർജ്ജ് ചുമത്താവുന്നതാണ്. പൗര സേവനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്ന പ്രാദേശിക സർക്കാരുകൾക്ക് പരമാവധി 75% വരുന്ന സർവീസ് ചാർജ്ജ് ഈടാക്കാവുന്നതാണെങ്കിലും ഇതിന്റെ പ്രായോഗികതയും നഷ്ടപരിഹാരം/ സർവീസ് ചാർജ് പിരിഞ്ഞു കിട്ടാത്തതും വലിയ വരുമാന നഷ്ടം വരുത്തിവെക്കുന്നു. ഈ കാര്യത്തിൽ പ്രാദേശിക സർക്കാരുകൾക്കു മതിയായ സർവീസ് ചാർജ് ഉറപ്പുവരുത്തുന്ന നിയമ പരിഷ്ക്കാരങ്ങൾക്ക് കമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്നു. നികുതി ഇളവുകൾ

നൽകുന്നത് പരമാവധി ഒഴിവാക്കാനും ഇളവുകൾ നൽകുന്നപക്ഷം നഷ്ടപരിഹാരം ഉറപ്പുവരുത്താനും സംസ്ഥാന സർക്കാരുകൾ തയ്യാറാകണമെന്നും കേന്ദ്ര ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്.

### മുനിസിപ്പൽ ബോണ്ടുകൾ

നഗര അടിസ്ഥാന സേവനങ്ങളും പശ്ചാത്തല സൗകര്യ വികസനവും വലിയ മൂലധന നിക്ഷേപം ആവശ്യമായ മേഖലകളാണ്. ഈ ഗണത്തിൽ വിഭവ സമാഹരണത്തിനായി നഗരസഭകൾക്ക് മുനിസിപ്പൽ ബോണ്ടുകൾ വഴി കടമെടുപ്പ് പരിഗണിക്കാവുന്നതാണ്. ക്രെഡിറ്റ് റേറ്റിംഗ് കരസ്ഥമാക്കുക വഴി മുനിസിപ്പൽ കടപ്പത്രങ്ങൾ പുറപ്പെടുവിക്കാനും അതുവഴി വിഭവ സമാഹരണം സാധ്യമാക്കാനും കഴിയുന്നതാണ്. ജല വിതരണം, സീവേജ്, സെപ്റ്റേജ് പദ്ധതികൾ, റോഡു വികസനം തുടങ്ങിയ നഗര അടിസ്ഥാന സൗകര്യങ്ങൾക്കുള്ള ധനസമാഹരണത്തിനായി വലിയ നഗരങ്ങൾ (അഹമ്മദാബാദ്, നാസിക്, നാഗ്പൂർ, മധുര) മുനിസിപ്പൽ കടപ്പത്രങ്ങൾ വഴി ധനസമാഹരണം നടത്തിയിട്ടുണ്ട്. തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങൾ ഇടത്തരം നഗരങ്ങൾക്കായി പൂൾ ചെയ്ത് മുനിസിപ്പൽ കടപ്പത്രങ്ങൾ വഴി ധനസഹായ സാധ്യത തേടി പരിഷ്ക്കരണങ്ങൾ നടപ്പാക്കിയിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ കേന്ദ്ര ധനകാര്യ കമ്മീഷൻ മുനിസിപ്പൽ ബോണ്ടുകളെ മുഖ്യനഗരവികസന ധനസ്രോതസ്സായി വികസിപ്പിക്കാനും പ്രയോജനപ്പെടുത്താനും നഗരസഭകളെ പ്രാപ്തമാക്കുന്നതിന് സർക്കാർ നിയമം വഴി അനുവദിക്കണമെന്നും വലിയ നഗരങ്ങളെ സർക്കാർ അനുമതി കൂടാതെ തന്നെ കടപ്പത്രങ്ങൾ പുറപ്പെടുവിക്കാൻ നിയമാനുസൃതം അനുവദിക്കണമെന്നും ശുപാർശ ചെയ്തിരിക്കുന്നു. ചെറിയ നഗരങ്ങളുടെ കാര്യത്തിൽ പൂൾ ചെയ്ത ഫണ്ട് വഴി മുനിസിപ്പൽ ബോണ്ട് സമാഹരണം സാധ്യമാക്കുന്ന സംവിധാനം ഏർപ്പെടുത്തണമെന്നും നിർദ്ദേശിച്ചിരിക്കുന്നു.

**പാഠഭാഗം – സംക്ഷിപ്തം**

കേന്ദ്ര ധനകാര്യ കമ്മീഷൻ രാജ്യത്തെ പഞ്ചായത്ത് രാജ്, നഗരസഭ സ്ഥാപനങ്ങൾക്കായി സാമ്പത്തിക വികേന്ദ്രീകരണം ഉറപ്പുവരുത്താനായി 2021-22 മുതൽ 2025-26 സാമ്പത്തിക വർഷം വരെയുള്ള കാലയളവിലേക്ക് സാമ്പത്തിക വികേന്ദ്രീകരണത്തിന്റെ (Fiscal Devolution) ഭാഗമായി ത്രിതല പഞ്ചായത്തുകൾക്കും നഗരസഭ സ്ഥാപനങ്ങൾക്കുമായി നീക്കി വച്ച ഗ്രാന്റിന്റെ വിശദാംശങ്ങളും വ്യവസ്ഥകളും പ്രതിപാദിച്ചിരിക്കുന്നു. ഇവയുടെ ഗ്രാന്റ് ധനവിനിയോഗത്തിനായുള്ള മാർഗരേഖയും ഗ്രാന്റ് കൈമാറുന്നതിനുള്ള വ്യവസ്ഥകളും പരിചയപ്പെടുന്നു. ധനകാര്യ കമ്മീഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വിഭവ സ്രോതസ്സുകളും സാമ്പത്തിക സ്വയംപര്യാപ്തതയും ഉറപ്പുവരുത്തുന്നതിനുമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കാര്യങ്ങളെ പരിചയപ്പെടുത്തുകയും ചെയ്യുന്നു.

## പഠന പുരോഗതി വിലയിരുത്തൽ : രണ്ട്

I. **ഒറ്റ വാക്കിൽ ഉത്തരമെഴുതുക** (ഒരു മാർക്ക് വീതം)

1. പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷന്റെ അദ്ധ്യക്ഷൻ ആര്?

   a. അമിതാഭ്കാന്ത്

   b. എൻ.കെ. സിംഗ്

   c. നിർമ്മല സീതാരാമൻ

   d. മനോജ് ജോഷി

2. ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ചെയർമാൻ ആരാണ്?

   a. എസ്. എം വിജയാനന്ദ് b. മോഹൻദാസ്

   c. ജിജി തോംസൺ d. അലക്സാണ്ടർ ജേക്കബ്

3. കേന്ദ്ര ധനകാര്യകമ്മീഷന്റെ റിപ്പോർട്ടിലെ ഏത് അദ്ധ്യായത്തിലാണ് പ്രാദേശിക സർക്കാരുകളെ ശക്തിപ്പെടുത്തുന്നതിനുള്ള സാമ്പത്തിക ശുപാർശകൾ ഉൾപ്പെടുത്തിയിട്ടുള്ളത്?

   a. അദ്ധ്യായം 5 b. അദ്ധ്യായം 6

   c. അദ്ധ്യായം 7 d. അദ്ധ്യായം 9

4. ഇനി പറയുന്നവയിൽ ഏത് കാര്യത്തിനാണ് പ്രത്യേക ഉദ്ദേശ്യഗ്രാന്റ് (Tied Grant) വിനിയോഗിക്കാൻ പാടില്ലാത്തത്?

   a. ശ്മശാനങ്ങൾ നിർമ്മിക്കാൻ

   b. മാലിന്യ പരിപാലനം

   c. കുടിവെള്ള വിതരണം

   d. ജല സ്രോതസ്സ് നവീകരണം

II. **ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരമെഴുതുക** (രണ്ട് മാർക്ക് വീതം)

1. കേന്ദ്ര ധനകാര്യ കമ്മീഷൻ 2021-22 മുതൽ 2025-26 വരെയുള്ള കാലയളവിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക അനുവദിക്കാൻ നിർദ്ദേശിച്ച ഗ്രാന്റുകളുടെ വിവരങ്ങൾ വ്യക്തമാക്കുക

2. ബേസിക്ഗ്രാന്റ് വിനിയോഗിച്ച് നടപ്പാക്കാവുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്?

3. 2022-23 മുതൽ 2025-26 വരെയുള്ള ഗ്രാന്റ് ലഭിക്കുന്നതിലേക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച കമ്മീഷന്റെ നിർദ്ദേശങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണം എഴുതുക.

4. വസ്തുനികുതി നിർണയവും ഈടാക്കലും സംബന്ധിച്ച് ധനകാര്യ കമ്മീഷൻ മുന്നോട്ട് വെക്കുന്ന നിർദ്ദേശങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണം എഴുതുക.

5. തൊഴിൽ നികുതി രംഗത്ത് പതിനാലാം ധനകാര്യ കമ്മീഷൻ മുന്നോട്ട് വച്ച പരിഷ്ക്കരണ നിർദ്ദേശങ്ങൾ ഏതൊക്കെയാണ്?

III. **ഒരു ഖണ്ഡികയിൽ ഉത്തരം എഴുതുക** (അഞ്ച് മാർക്ക് വീതം)

1. സാമ്പത്തിക വികേന്ദ്രീകണം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള നിർദ്ദേശങ്ങളും വ്യവസ്ഥകളും വിശദീകരിക്കുക.

## 6. വിഭവ വികേന്ദ്രീകരണവും സാമ്പത്തിക ഉത്തരവാദിത്തവും

കേരളത്തിന്റെ അധികാര വികേന്ദ്രീകരണത്തെ ദേശീയ ശ്രദ്ധയിലേക്ക് ഉയർത്തിയത് ഭരണ-വിഭവ വികേന്ദ്രീകരണ നടപടികളും ജനകീയാസൂത്രണമാണ്. പദ്ധതി വിഹിതവും മറ്റ് വിഭവങ്ങളും വിനിയോഗിക്കുന്നതിൽ തീരുമാനമെടുക്കാനുള്ള സ്വാതന്ത്ര്യവും സ്വയംഭരണാവകാശവും നൽകിയെന്നതിനൊപ്പം സാമ്പത്തിക അച്ചടക്കവും വിഭവങ്ങളുടെ കാര്യക്ഷമമായ വിനിയോഗവും ഉറപ്പാക്കുക എന്ന സാമ്പത്തിക ഉത്തരവാദിത്തവും പഞ്ചായത്ത് രാജ് നഗരപാലിക സ്ഥാപനങ്ങളുടെ ഉത്തരവാദിത്തവും ചുമതലയുമായി. കേന്ദ്ര-സംസ്ഥാന ധനകാര്യകമ്മീഷനുകൾ വിഭവവികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിക്കുന്ന ഗ്രാന്റുകൾ, വികസന ഫണ്ട്, കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികൾ, ലോകബാങ്ക് സഹായം തുടങ്ങിയവ മാനദണ്ഡങ്ങൾക്കും ധനവിനിയോഗ തത്ത്വങ്ങൾക്കും അനുസൃതമായി ആസൂത്രണം ചെയ്ത് ഫലപ്രദമായി നടപ്പാക്കുന്നതു വഴി പ്രാദേശിക സാമ്പത്തിക വികസനവും സാമൂഹിക ക്ഷേമവും ഉറപ്പാക്കണം. കൂടാതെ അടിസ്ഥാന പൗരസേവനവും പശ്ചാത്തല സൗകര്യങ്ങളും അഭിവൃദ്ധിപ്പെടുത്തുകയും വേണം.

ജനങ്ങളോടുള്ള ഉത്തരവാദിത്തവും (അക്കൗണ്ടബിലിറ്റിയും) വിശ്വാസ്യതയും അധിഷ്ഠിതമാക്കിക്കൊണ്ട് സമ്പൂർണമായ വിഭവ സമാഹരണം, ഫലപ്രദമായ ധനിവിനിയോഗം യഥാർത്ഥത്തിലൂന്നിയ ബജറ്റ്, കൃത്യതയും സമയബന്ധിതവുമായ അക്കൗണ്ടിംഗ് തുടങ്ങിയ ധനമാനേജ്മെന്റ് സംബന്ധമായ അടിസ്ഥാന തത്ത്വങ്ങൾ പാലിച്ചാണ് പഞ്ചായത്തുകളും നഗര തദ്ദേശസ്ഥാപനങ്ങളും പ്രവർത്തിക്കേണ്ടത്.

## സംസ്ഥാന ധനകാര്യ കമ്മീഷനും സാമ്പത്തിക വികേന്ദ്രീകരണവും

ഭരണഘടനയുടെ 243ഐ, 243വൈ അനുച്ഛേദങ്ങൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാനങ്ങൾ നൽകേണ്ട വിഹിതവും രീതികളും മറ്റ് കാര്യങ്ങളും നിശ്ചയിക്കുന്നത് സംസ്ഥാന ധനകാര്യ കമ്മീഷനാണ്. ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ സാമ്പത്തിക വികേന്ദ്രീകരണം സംബന്ധിച്ച രണ്ട് റിപ്പോർട്ടുകൾ ഇതിനകം നൽകിയിട്ടുള്ളത്. ഇപ്രകാരം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന വിവിധ ഗ്രാന്റുകൾ ഇനി പറയും പ്രകാരമാണ്.

## വികസന ഫണ്ട്

2021-22 വർഷം സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 26 ശതമാനമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്നത്. ആയത് അടുത്ത വർഷങ്ങളിൽ ഓരോ വർഷവും 0.5 ശതമാനം നിരക്കിൽ വർദ്ധനവ് വരുത്തി അനുവദിക്കുകയും 2025-26 വർഷമാവുമ്പോൾ 30 ശതമാനം ആയി ഉയർത്താനും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. പാരിസ്ഥിതിക അസന്തുലിതാവസ്ഥ (Environment Vulnerability), സാമൂഹിക പിന്നാക്കനില (Deprivation Index) കൂടാതെ വിഭവ സമാഹരണത്തിനുള്ള (Resource Mobilization) ഇൻസെന്റീവ് എന്നിവ കൂടി പരിഗണിച്ചാണ് പ്രസ്തുത വികസന ഫണ്ട് വിവിധ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വിഭജിച്ച് നൽകുന്നത്.

ഇതുകൂടാതെ ജനറൽ പർപ്പസ് ഫണ്ട് (Fund for Traditional Exprenes), ആസ്തി സംരക്ഷണ ഫണ്ട്, (Maintenance Grant) എന്നിവയാണ് പ്രധാനമായും നൽകുന്ന ഗ്രാന്റുകൾ.

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന ചെലവുകൾക്ക് 2021-22-ലെ ബജറ്റ് വിഹിതം വികസനഫണ്ട്)

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം, 2021-22 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി സഹായമായി വികസന ഫണ്ട്) 7180.00 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് പ്രാദേശികതല വികസനത്തിനുള്ള ഉപാധി രഹിത പദ്ധതി തുകയാണ് (untied plan grant). സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി ആസൂത്രണ മാർഗരേഖയുടെ അടിസ്ഥാനത്തിൽ പ്രാദേശിക സർക്കാരുകൾക്ക് മുൻഗണനകൾ നിശ്ചയിക്കാനും പ്രോജക്ടുകൾ രൂപീകരിച്ച് നടപ്പിലാക്കാനും ഉള്ള പൂർണ്ണ സ്വാതന്ത്ര്യം ഉണ്ട്.

വികസനഫണ്ട് വിഹിതമായ 7180 കോടി രൂപയിൽ പൊതു വിഭാഗം സാധാരണ വിഹിതം 3363.75 കോടി രൂപയും കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് 2412.00 കോടി രൂപയും പട്ടികജാതി ഉപപദ്ധതി വിഹിതം 1221.15 കോടി രൂപയും പട്ടികവർഗ ഉപപദ്ധതി വിഹിതം 183.10 കോടി രൂപയും ഉൾപ്പെടുന്നു. ഇതിന് പുറമെ, മുനിസിപ്പാലിറ്റികളിൽ ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്ന കേരള ഖരമാലിന്യ പരിപാലന പ്രോജക്ടിനുള്ള (Kerala Solid Waste Management Project - KSWMP) വിഹിതമായി 100 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതുൾപ്പെടെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്തിയിരിക്കുന്ന ആകെ പദ്ധതി സഹായം 7280 കോടി രൂപയാണ്.

## കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് - (KSWMP)

കേരളത്തിലെ നഗരപ്രദേശങ്ങളിലെ ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും സീവേജ്-സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും ശുചിത്വവുമായി ബന്ധപ്പെട്ട അടിസ്ഥാന

സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും ഇത്തരത്തിൽ സൃഷ്ടിക്കപ്പെടുന്ന സംവിധാനങ്ങളുടെ തുടർപ്രവർത്തനവും പരിപാലനവും ഉറപ്പു വരുത്തുന്ന തിനുമാണ് കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് ആവിഷ്ക്കരിക്കുന്നത്. ഈ പ്രോജക്ടിന് 300 ദശലക്ഷം യു എസ് ഡോളറിന്റെ വായ്പ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. ലോകബാങ്ക് സഹായവും സംസ്ഥാന പദ്ധതി സഹായവും 70:30 എന്ന അനുപാതത്തിലാണ്. 2021-22 വാർഷിക പദ്ധതിയിൽ 100 കോടി രൂപ ഈ പ്രോജക്ടിനായി വകയിരുത്തിയിട്ടുണ്ട്. ഈ തുക മുനിസിപ്പാലിറ്റികളുടെ ബജറ്റ് ശീർഷകത്തിൽ വിഭജിക്കാതെ മാറ്റി വച്ചിരിക്കുന്നു.

### വികസനഫണ്ട് വിഭജിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

വികസനഫണ്ട് വിഭജിക്കുന്നതിന് ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത ഇനി പറയുന്ന മാനദണ്ഡങ്ങളാണ് ഉപയോഗിച്ചിട്ടുള്ളത്.

### (എ) ഫണ്ടിന്റെ തദ്ദേശഭരണ സ്ഥാപനതല വിഭജനം

### പൊതുവിഭാഗം - സാധാരണ വിഹിതം

പൊതുവിഭാഗം സാധാരണ വിഹിതം ഗ്രാമപ്രദേശങ്ങളിലേയും മുനിസിപ്പാലിറ്റികളിലേയും മുനിസിപ്പൽ കോർപ്പറേഷനുകളിലേയും പട്ടികജാതി-പട്ടികവർഗ്ഗക്കാർ ഒഴിച്ചുള്ള ജനസംഖ്യയുടെ അനുപാതത്തിൽ (2011-ലെ സെൻസസ് പ്രകാരം 76.35:13.89:9.76) ത്രിതല പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കുമായി ആദ്യം വിഭജിക്കുകയും തുടർന്ന് ത്രിതല പഞ്ചായത്തുകൾക്കുള്ള വിഹിതം 70:15:15 എന്ന അനുപാതത്തിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കായി വിഭജിക്കുകയും ചെയ്തു.

### പട്ടികജാതി ഉപപദ്ധതി വിഹിതം

പട്ടികജാതി ഉപപദ്ധതി വിഹിതം ഗ്രാമപ്രദേശങ്ങളിലേയും മുനിസിപ്പാലിറ്റികളിലേയും മുനിസിപ്പൽ കോർപ്പറേഷനുകളിലേയും പട്ടികജാതി ജനസംഖ്യയ്ക്ക് ആനുപാതികമായി (2011 -ലെ സെൻസസ് പ്രകാരം 83.25:10.25:6.50) ത്രിതല പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കുമായി വിഭജിച്ചു. തുടർന്ന് ത്രിതല പഞ്ചായത്തുകൾക്കുള്ള വിഹിതം 60:20:20 എന്ന അനുപാതത്തിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കായി വിഭജിച്ചു.

### പട്ടികവർഗ ഉപപദ്ധതി വിഹിതം

പട്ടികവർഗ ഉപപദ്ധതി വിഹിതം ഗ്രാമപ്രദേശങ്ങളിലേയും മുനിസിപ്പാലിറ്റികളിലേയും മുനിസിപ്പൽ കോർപ്പറേഷനുകളിലേയും പട്ടികവർഗ ജനസംഖ്യയ്ക്ക് ആനുപാതികമായി (2011-ലെ സെൻസസ് പ്രകാരം 91.96:6.08:1.96) ത്രിതല പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കുമായി

ആദ്യം വിഭജിച്ചു. തുടർന്ന് ത്രിതല പഞ്ചായത്തുകൾക്കുള്ള വിഹിതം 60:20:20 എന്ന അനുപാതത്തിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കായി വിഭജിച്ചു.

2021-22 ലെ വികസന ഫണ്ട് വിഹിതം ഓരോ തലത്തിലേയും തദ്ദേശഭരണ സ്ഥാപനത്തിന് വിഭജിച്ച് നൽകിയതിന്റെ വിശദാംശങ്ങൾ പട്ടിക - 1ൽ നൽകിയിരിക്കുന്നു.

## (ബി) ഓരോ തദ്ദേശഭരണ സ്ഥാപനത്തിന്റേയും വിഹിതം കണക്കാക്കൽ (inter-se allocation)

ഓരോ തലത്തിനുമുള്ള പൊതു വിഭാഗം സാധാരണ വിഹിതം, പട്ടികജാതി ഉപ പദ്ധതി വിഹിതം, പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം എന്നിവ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾക്കായി വിഭജിച്ച് നൽകിയത് യഥാക്രമം പട്ടിക - 2, പട്ടിക - 3, പട്ടിക -4 എന്നിവയിൽ കൊടുത്തിരിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമുള്ള വെയിറ്റേജിന്റെ അടിസ്ഥാനത്തിലാണ്.

### പട്ടിക - 2
### പൊതു വിഭാഗം സാധാരണ വിഹിതം പ്രാദേശിക സർക്കാരുകൾക്ക് വിഭജിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

| ക്രമ നം | സൂചകം | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | മുനിസിപ്പാലിറ്റി | മുനിസിപ്പൽ കോർപ്പറേഷൻ |
|---|---|---|---|---|---|---|
| | | വെയിറ്റേജ് (ശതമാനം) | | | | |
| 1 | പട്ടികജാതി-പട്ടികവർഗ്ഗക്കാരൊഴിച്ചുള്ള ജനസംഖ്യ (2011 സെൻസസ് പ്രകാരം) | 40 | 50 | 50 | 40 | 40 |
| 2 | ഭൂപ്രദേശം (ച. കി.മീ) | 10 | 10 | 10 | 10 | 10 |
| 3 | പാരിസ്ഥിതിക ദുർബലത (Environmental vulnerability ) (ചുവടെ കൊടുത്തിരിക്കുന്ന സൂചകങ്ങൾക്ക് തുല്യ വെയിറ്റേജ്) | 10 | 10 | 10 | 10 | 10 |
| | 3.1 വെള്ളപ്പൊക്ക സാധ്യതാ പ്രദേശം (Flood prone area) (ഹെക്ടർ) | | | | | |
| | 3.2 കടൽത്തീര ദൈർഘ്യം (കി.മീ) | | | | | |
| | 3.3 തീവ്ര ദുരന്ത സാധ്യതാ പ്രദേശവും ഇടത്തരം ദുരന്ത സാധ്യതാ പ്രദേശവും - High Hazard and Medium Hazard Zones - വെയിറ്റേജ് 2, 1 എന്ന ക്രമത്തിൽ (ഹെക്ടർ) | | | | | |
| 4 | ഇല്ലായ്മയുടെ സൂചകം (Deprivation index) (ചുവടെ കൊടുത്തിരിക്കുന്ന സൂചകങ്ങൾക്ക് തുല്യ വെയിറ്റേജ്) | 25 | 30* | 30* | 25 | 25 |
| | 4.1 എൽ.പി.ജി. കണക്ഷൻ ഇല്ലാത്ത കുടുംബങ്ങൾ | | | | | |
| | 4.2 വൈദ്യുതി ഇല്ലാത്ത കുടുംബങ്ങൾ | | | | | |
| | 4.3 കുടിവെള്ള കണക്ഷൻ ഇല്ലാത്ത കുടുംബങ്ങൾ | | | | | |
| | 4.4 അന്ത്യോദയ അന്നയോജന, മുൻഗണനാ വിഭാഗങ്ങളിൽ (AAY and Priority) റേഷൻ കാർഡുള്ള കുടുംബങ്ങൾ | | | | | |
| | 4.5 പ്രതിശീർഷ വരുമാനം - Distance method (ഉയർന്ന പ്രതിശീർഷ തനത് വരുമാനത്തിൽ നിന്നുള്ള വ്യതിയാനം - ജനസംഖ്യയ്ക്ക് വെയിറ്റേജ്) | | | | | |
| 5 | വരുമാന സമാഹരണത്തിന് പ്രോത്സാഹനം ** | 15 | -- | -- | 15 | 15 |
| | **ആകെ** | **100** | **100** | **100** | **100** | **100** |

*കുറിപ്പ്: -*

* പ്രതിശീർഷ വരുമാന സൂചകം ഒഴികെ

** വരുമാന പ്രോത്സാഹനത്തിനുള്ള ഇൻസെന്റീവ് ഗ്രാന്റ് രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത മാനദണ്ഡങ്ങൾ പ്രകാരം വിഭജിച്ചു നൽകുന്നു. അർഹതയുള്ള ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും വിഭജിച്ചു നൽകിയതിനുശേഷം ശേഷം ഓരോ തലത്തിലും ബാക്കിയുള്ള തുക രണ്ടാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തതുപോലെ പട്ടികജാതി/ പട്ടികവർഗക്കാർ ഒഴിച്ചുള്ള ജനസംഖ്യയ്ക്ക് ആനുപാതികമായി മാത്രം വിതരണം ചെയ്യുന്നതിനു പകരം മുകളിലെ പട്ടികയിൽ നൽകിയിരിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം അതത് തലങ്ങളിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുമായി വിഭജിച്ചു നൽകുന്നു.

**പട്ടിക – 3**

**പട്ടികജാതി ഉപപദ്ധതി വിഹിതം പ്രാദേശിക സർക്കാരുകൾക്ക് വിഭജിച്ച് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ**

| ക്രമ നം | സൂചകം | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | മുനിസിപ്പാലിറ്റി | കോർപ്പറേഷൻ |
|---|---|---|---|---|---|---|
| | | വെയിറ്റേജ് (ശതമാനം) | | | | |
| 1 | പട്ടികജാതി ജനസംഖ്യ (2011 സെൻസസ് പ്രകാരം) | 60 | 60 | 60 | 60 | 60 |
| 2 | ഇല്ലായ്മയുടെ സൂചകം (Index of deprivation) *<br>(ചുവടെ കൊടുത്തിരിക്കുന്ന സൂചകങ്ങൾക്ക് തുല്യ വെയിറ്റേജ്) | | | | | |
| | 2.1 ഭവന രഹിതരും ഭൂരഹിത-ഭവന രഹിതരുമായ കുടുംബങ്ങൾ | | | | | |
| | 2.2 വീടുകളുടെ സ്ഥിതി - ജീർണ്ണിച്ച വീടുകളും ഒറ്റമുറി വീടുകളും ഉള്ള കുടുംബങ്ങളുടെ ആനുപാതത്തെ അടിസ്ഥാനപ്പെടുത്തി കണക്കാക്കിയത്. | 40 | 40 | 40 | 40 | 40 |
| | 2.3 വൈദ്യുതി ഇല്ലാത്ത കുടുംബങ്ങൾ | | | | | |
| | 2.4 തൊഴിൽ രഹിതർ | | | | | |
| | 2.5 പത്താംതരത്തിന് താഴെ വിദ്യാഭ്യാസമുള്ളവർ | | | | | |
| | 2.6 സങ്കേതങ്ങളിൽ താമസിക്കുന്നവർ | | | | | |
| | **ആകെ** | **100** | **100** | **100** | **100** | **100** |

*കുറിപ്പ് :*

* പട്ടികജാതി വികസന വകുപ്പും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനും സംയുക്തമായി 2010-11 കാലയളവിൽ നടത്തിയ പട്ടികജാതി സർവേയിൽ നിന്ന് ലഭ്യമായ സ്ഥിതിവിവരക്കണക്കുകളെ അടിസ്ഥാനമാക്കി ആറ് സൂചകങ്ങൾക്ക് തുല്യ വെയിറ്റേജ് നൽകിയാണ് ഇല്ലായ്മയുടെ സൂചകത്തിലെ (Deprivation Index) വിഹിതം കണക്കാക്കിയിട്ടുള്ളത്.

## പട്ടിക - 4

### പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം പ്രാദേശിക സർക്കാരുകൾക്ക് വിഭജിച്ച് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ

| ക്രമ നം | സൂചകം | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | മുനിസിപ്പാലിറ്റി | കോർപ്പറേഷൻ |
|---|---|---|---|---|---|---|
| | | വെയിറ്റേജ് (ശതമാനം) | | | | |
| 1 | പട്ടികവർഗ്ഗ ജനസംഖ്യ (2020 -ലെ പട്ടിക വർഗ്ഗ സർവ്വേ പ്രകാരം) | 60 | 60 | 60 | 60 | 60 |
| 2 | ഇല്ലായ്മയുടെ സൂചകം (Index of deprivation) *<br>(ചുവടെ കൊടുത്തിരിക്കുന്ന സൂചകങ്ങൾക്ക് തുല്യ വെയിറ്റേജ്) | 40 | 40 | 40 | 40 | 40 |
| | 2.1 ഭവന രഹിതരും ഭൂരഹിത-ഭവന രഹിതരുമായ കുടുംബങ്ങൾ | | | | | |
| | 2.2 വീടുകളുടെ സ്ഥിതി- ജീർണ്ണിച്ച വീടുകൾ | | | | | |
| | 2.3 വൈദ്യുതി ഇല്ലാത്ത കുടുംബങ്ങൾ | | | | | |
| | 2.4 പത്താംതരത്തിന് താഴെ വിദ്യാഭ്യാസമുള്ളവർ | | | | | |
| | **ആകെ** | **100** | **100** | **100** | **100** | **100** |

*കുറിപ്പ് -*

* പട്ടികവർഗ്ഗ വികസന വകുപ്പ് 2020-ൽ നടത്തിയ പട്ടികവർഗ്ഗ സർവേയിൽ നിന്നും ലഭ്യമായ സ്ഥിതി വിവരകണക്കുകളെ അടിസ്ഥാനമാക്കി നാല് സൂചകങ്ങൾക്ക് തുല്യ വെയിറ്റേജ് നൽകിയാണ് ഇല്ലായ്മയുടെ സൂചകത്തിലെ (Deprivation Index) വിഹിതം കണക്കാക്കിയത്.

പട്ടികവർഗ ഉപപദ്ധതി വിഹിതം വിഭജിച്ചപ്പോൾ ജനസംഖ്യയ്ക്കുള്ള വിഹിതം കണക്കാക്കിയത് പ്രാക്തന ഗോത്ര വർഗ വിഭാഗങ്ങൾക്കും (PVTGs) സംസ്ഥാന ആസൂത്രണ ബോർഡ് "കൂടുതൽ പാർശ്വവൽക്കരിക്കപ്പെട്ട ഗോത്ര വർഗ്ഗ വിഭാഗങ്ങളായി" (Most Marginalized Tribal Groups) കണ്ടെത്തിയ വിഭാഗങ്ങൾക്കും ഉള്ള ആളോഹരി വിഹിതം മറ്റ് പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ആളോഹരി വിഹിതത്തിന്റെ ഇരട്ടി ലഭിക്കുന്ന രീതിയിലാണ്.

പട്ടികവർഗക്കാരിൽ കൂടുതൽ ഇല്ലായ്മ (extreme vulnerability) അനുഭവിക്കുന്നവരാണ് എന്നത് പരിഗണിച്ചാണ് ഇവർക്ക് കൂടുതൽ വെയിറ്റേജ് നൽകിയത്. തുക വിതരണം ചെയ്യുന്നതിന് 2020-ലെ സർവേ ഡാറ്റയാണ് ഉപയോഗിച്ചത്.

## ജനറൽ പർപ്പസ് ഫണ്ട്

2021-22 വർഷം ആകെ 1,949.8 കോടി രൂപ ഈ ഇനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ജനസംഖ്യയുടെ അടിസ്ഥാനത്തിൽ അനുവദിച്ച നൽകിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ തനതു വരുമാനത്തിന്റെ (SOTR- State's Own Tax Returns) നാല് ശതമാനം തുകയാണ് ഇത്തരത്തിൽ നൽകുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ദൈനംദിന ആവശ്യങ്ങൾക്കും, മറ്റ് ആവശ്യങ്ങൾക്കും ഈ തുക വിനിയോഗിക്കാം.

## മെയിന്റനൻസ് ഫണ്ട് (റോഡ്)

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകളുടെ അറ്റകുറ്റ പണികൾക്കായി 21-22 വർഷത്തേക്ക് 1,949.8 കോടി രൂപ ആസ്തി പരിപാലന ഫണ്ട് ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ തനത് വരുമാനത്തിന്റെ (SOTR) നാല് ശതമാനം തുകയാണ് ഈ ഇനത്തിൽ നൽകുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധയിനം റോഡുകളുടെ കണക്ക് ധനകാര്യകമ്മീഷൻ ശേഖരിച്ചതിന്റെ അടിസ്ഥാനത്തിൽ അതിന്റെ തോതനുസരിച്ച് വിവിധ നഗരസഭകൾക്ക് അവരുടെ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി ഈ ഫണ്ട് അനുവദിച്ചിട്ടുള്ളത്.

## മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)

അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി വിട്ടുകിട്ടിയ ഘടക സ്ഥാപനങ്ങളുടെ അറ്റകുറ്റപണികൾക്കായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് 2021-22 വർഷത്തേക്ക് ആകെ 1218.6 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാറിന്റെ തനത് വരുമാനത്തിന്റെ (SOTR) 2.5% വരുന്ന തുകയാണ് ഇത്തരത്തിൽ നൽകിയിരിക്കുന്നത്.

### പാഠഭാഗം – സംക്ഷിപ്തം

ഇപ്രകാരം കേന്ദ്ര സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ലഭിക്കുന്ന വിവിധതരം ഫണ്ട് സാധ്യതകളും ഗ്രാന്റുകളും, കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളും തനത് വിഭവ സമാഹരണ സാധ്യതകളും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തണം. ഏതൊക്കെ സ്രോതസ്സുകളിൽ നിന്നും ഗ്രാന്റ് ലഭിക്കുന്നുവെന്നതും, അവയുടെ മാനദണ്ഡങ്ങളും വ്യവസ്ഥകളും അറിഞ്ഞിരിക്കേണ്ടതും ഭരണ കർത്താക്കളുടെ ഉത്തരവാദിത്തമാണ്.

### പഠന പുരോഗതി വിലയിരുത്തൽ : മൂന്ന്

I. **ഒറ്റവാക്കിൽ ഉത്തരമെഴുതുക** (ഒരു മാർക്ക് വീതം)

1. സംസ്ഥാന ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടില്ലാത്ത ഗ്രാന്റ് ഏത്?

   a. വികസന ഫണ്ട്

   b. ജനറൽ പർപ്പസ് ഫണ്ട്

   c. മെയിന്റനൻസ് ഫണ്ട്

   d. വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ

2. വികസനഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡമായി പരിഗണിക്കാത്ത ഘടകമേത്?

a. പാരിസ്ഥിതിക സന്തുലിതാവസ്ഥ

b. ഭരണത്തിലെ കാര്യക്ഷമത

c. സാമൂഹിക പിന്നാക്കനില

d. വിഭവ സമാഹരണ ഇൻസെന്റീവ്

3. സംസ്ഥാനത്തിന്റെ തനത് വരുമാനത്തിന്റെ എത്ര ശതമാനമാണ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ജനറൽ പർപ്പസ് ഫണ്ടായി അനുവദിക്കുന്നത്?

a. 4 % b. 5 %

c. 6 % d. 8 %

4. റോഡ് മെയിന്റനൻസ് ഗ്രാന്റായി സംസ്ഥാന തനത് വരുമാനത്തിന്റെ .................... ശതമാനം വരുന്ന തുക തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്നു?

a. 2.5 % b. 3 %

c. 4 % d. 5 %

5. രാജ്യത്തെ വെളിയിടവിസർജ്ജന വിമുക്തമാക്കുന്നതിനും മാലിന്യ പ്രശ്നത്തിന് പരിഹാരം കാണുന്നതിനുമായി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതി ഏതാണ്?

a. അമൃത് പദ്ധതി b. പി എം എ വൈ ( PMAY)

c. സ്വച്ഛഭാരത് മിഷൻ d. സ്മാർട്ട് സിറ്റി മിഷൻ

II. **ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരമെഴുതുക** (രണ്ട് മാർക്ക് വീതം)

1. സാമ്പത്തിക വികേന്ദ്രീകരണത്തിന്റെ ഭാഗമായി സംസ്ഥാന ധനകാര്യ കമ്മീഷൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ഏതെങ്കിലും രണ്ട് ഗ്രാന്റുകളുടെ വിശദാംശങ്ങൾ എഴുതുക.
2. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന വികസന ഫണ്ടിന്റെ മാനദണ്ഡങ്ങൾ പ്രതിപാദിക്കുക.
3. ഏതെല്ലാം പ്രവർത്തനങ്ങൾക്കാണ് മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കുന്നത്?
4. അമൃത് പദ്ധതിയുടെ പ്രാധാന്യം വിശദീകരിക്കുക.
5. ദേശീയ നഗര ഉപജീവന ദൗത്യം (NULM) പദ്ധിയെക്കുറിച്ച് രണ്ട് കാര്യങ്ങൾ എഴുതുക.

III. **ഒരു ഖണ്ഡികയിൽ ഉത്തരം എഴുതുക** (അഞ്ച് മാർക്ക് വീതം)

1. വിഭവ വികേന്ദ്രീകരണത്തിന്റെ ഭാഗമായി കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന വിവിധ ധനസഹായങ്ങളെ ക്കുറിച്ച് വിശദീകരിക്കുക.

## 7. സംഗ്രഹം

പഞ്ചായത്ത് രാജ്, നഗരപാലിക ഭരണഘടനാ ഭേദഗതിയുടെ ലക്ഷ്യം ഭരണപരവും സാമ്പത്തികവുമായവുമായ സ്വാതന്ത്ര്യത്തോടുകൂടിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സൃഷ്ടിക്കുക എന്നതാണ്. ഇതിനെത്തുടർന്നാണ് ദേശിയ ധനകാര്യ കമ്മീഷൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കേന്ദ്ര സർക്കാർ നൽകേണ്ട ഫണ്ട് സംബന്ധിച്ച കാര്യങ്ങൾ നിർദ്ദേശിച്ചുതുടങ്ങിയത്. ഭരണഘടനയുടെ 243ഐ, 243വൈ അനുച്ഛേദങ്ങൾ പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് സംസ്ഥാനങ്ങൾ നൽകേണ്ട വിഹിതവും രീതികളും മറ്റ് കാര്യങ്ങളും നിശ്ചയിക്കുന്നത് സംസ്ഥാന ധനകാര്യ കമ്മീഷനാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കിടയിൽ വിഭവങ്ങൾ പങ്കുവെക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കൂടാതെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക് കായുള്ള വികസന ഫണ്ട് വിഹിതം നിശ്ചയിക്കുന്നതും കമ്മീഷനാണ്. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കും പത്ത് ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള നഗരങ്ങൾക്കും അടിസ്ഥാന വിഹിതം (Basic Grant), പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (Specific Purpose Grant/ Tied Grant) എന്നിങ്ങനെ രണ്ട് ശീർഷകങ്ങളിലായാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. പത്ത് ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള നഗരസഞ്ചയങ്ങൾക്ക് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (Tied Grant) മാത്രമാണ് അനുവദിച്ചിട്ടുള്ളത്. കേരളത്തിൽ ഓരോ അഞ്ച് വർഷത്തിലും ധനകാര്യ കമ്മീഷൻ രൂപീകരിക്കുകയും, വികസന ഫണ്ട്, ജനറൽ പർപ്പസ് ഗ്രാൻഡ്, മെയിന്റനൻസ് ഗ്രാൻഡ് എന്നിവ ലഭ്യമാക്കുകയും ചെയ്തുകൊണ്ട് ധനവികേന്ദ്രികരണത്തിലും ഇന്ത്യയിൽ ഒന്നാം സ്ഥാനത്ത് തുടരുന്നു.

## 8. ഉത്തരസൂചിക

**പഠന പുരോഗതി വിലയിരുത്തൽ : ഒന്ന്**

1. (d)    2. (c )    3. (a)    4. (c )    5. (d)

**പഠന പുരോഗതി വിലയിരുത്തൽ : രണ്ട്**

1. (b)    2. (a)    3. (c )    4. (a)

**പഠന പുരോഗതി വിലയിരുത്തൽ : മൂന്ന്**

1. (d)    2. (b)    3. (a)    4. (c)    5. (c)

## 9. അവലംബം / അധിക വായനയ്ക്ക്

1. KILA (2020) നവകേരളത്തിനായി ഗ്രാമപഞ്ചായത്തുകൾ

2. KILA (2020) നവകേരളത്തിനായി നഗരസഭകൾ (Hand Books)

3. Chapter 7- XVth Central Finance Commission Report

4. Chapter 9- XIVth Central Finance Commission Report

   Reports on Fiscal Devolution- Submitted by 6th State Finance Commission, Kerala

## യൂണിറ്റ് 2

# കേന്ദ്ര-സംസ്ഥാന ഫണ്ടിംഗ്: നിലവിലെ രീതികളും വെല്ലുവിളികളും


| | | |
|---|---|---|
| 1. | പഠന ലക്ഷ്യങ്ങൾ | 29 |
| 2. | സൂചനാപദങ്ങൾ | 30 |
| 3. | ആമുഖം | 30 |
| 4. | സംസ്ഥാന ബജറ്റും തദ്ദേശ സ്വയംഭരണവും | 30 |
| 5. | സംസ്ഥാന പദ്ധതികൾ ആസൂത്രണം ചെയ്യൽ | 35 |
| 6. | കേന്ദ്ര-സംസ്ഥാന ഫണ്ടിങ് - നിലവിലെ രീതികളും വെല്ലുവിളികളും | 40 |
| 7. | സംഗ്രഹം | 44 |
| 8. | ഉത്തരസൂചിക | 45 |
| 9. | അവലംബം /അധിക വായനയ്ക്ക് | 45 |

# കേന്ദ്ര-സംസ്ഥാന ഫണ്ടിംഗ്: നിലവിലെ രീതികളും വെല്ലുവിളികളും

## 1. പഠന ലക്ഷ്യങ്ങൾ

ഈ യൂണിറ്റ് പഠിച്ച് കഴിയുമ്പോൾ പഠിതാക്കൾക്ക് ഇനി പറയുന്ന കാര്യങ്ങൾ ചെയ്യുന്നതിനായുള്ള കാര്യശേഷി ഉണ്ടാകുന്നതാണ്.

1. സംസ്ഥാന ബജറ്റിൽ തദ്ദേശഭരണ സ്ഥാപനവുമായി ബന്ധപ്പെട്ട വകയിരുത്തലുകൾ സംബന്ധിച്ചും പ്രാധാന്യം നൽകുന്ന പദ്ധതികളെ സംബന്ധിച്ചും പറയാൻ കഴിയുന്നു.
2. സംസ്ഥാന ബജറ്റിൽ കേന്ദ്ര-സംസ്ഥാന പദ്ധതിയിൽപ്പെടുത്തി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള പരിപാടികൾ പട്ടികപ്പെടുത്താൻ കഴിയുന്നു.
3. സംസ്ഥാന ബജറ്റിന്റെയും കേന്ദ്ര-സംസ്ഥാന ധനകാര്യ കമ്മീഷന്റെയും വകയിരുത്തലുകളുടെയും കേന്ദ്ര-സംസ്ഥാന പദ്ധതികളുടെയും ഭാഗമായി വിതരണം ചെയ്യപ്പെടുന്ന വിഹിതങ്ങളും വിഭവ സ്രോതസ്സുകളും തദ്ദേശ തലത്തിൽ കൈകാര്യം ചെയ്യുന്നതിനുള്ള മാർഗനിർദേശങ്ങൾ പറയാൻ കഴിയുന്നു.
4. തദ്ദേശഭരണസ്ഥാപനങ്ങളുടെയും ഘടകസ്ഥാപണങ്ങളുടെയും വിവിധ സംസ്ഥാന പദ്ധതികളുടെ ആസൂത്രണ-നിർവഹണരീതികൾ വിശദീകരിക്കാൻ സാധിക്കുന്നു.
5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള കേന്ദ്ര പദ്ധതികൾ പട്ടികപ്പെടുത്താൻ കഴിയുന്നു.
6. പട്ടികജാതി-പട്ടികവർഗ ക്ഷേമം ഉൾപ്പെടെയുള്ള സ്പെഷ്യൽ ഫണ്ടുകളെ കുറിച്ച് വിശദമാക്കാൻ കഴിയുന്നു.
7. കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും കേന്ദ്ര ധനകാര്യ കമ്മീഷൻ ഫണ്ടുകൾ വിനിയോഗിക്കുന്നതിലും നേരിടുന്ന വെല്ലുവിളികൾ വിശദമാക്കാൻ കഴിയുന്നു.

## 2. സൂചനാപദങ്ങൾ

1. **കാറ്റഗറി എ ഫണ്ട് :** സംസ്ഥാന ബജറ്റ് എസ്റ്റിമേറ്റിലെ അനുബന്ധം നാല് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി നടത്തിപ്പിന് അനുവദിക്കുന്ന വികസന ഫണ്ട്.

2. **കാറ്റഗറി ബി ഫണ്ട് :** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ട വിവിധ വകുപ്പുകളുടെ പദ്ധതികൾക്കായി ബജറ്റിലെ അനുബന്ധം നാല് പ്രകാരം വകുപ്പ് തിരിച്ച് അനുവദിക്കുന്ന ഫണ്ട്.

3. **കാറ്റഗറി സി ഫണ്ട് :** റോഡ്, റോഡ് ഇതര ആസ്തികളുടെ മെയിന്റനൻസിനു വേണ്ടിയുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള റോഡുകളുടേയും കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ള റോഡ് ഇതര ആസ്തികളുടെയും പരിപാലന ചെലവുകൾക്കായി സംസ്ഥാന ബജറ്റിന്റെ ഭാഗമായി അനുവദിക്കുന്ന ഫണ്ട്.

4. **കാറ്റഗറി ഡി ഫണ്ട് :** ജനറൽ പർപ്പസ് ഫണ്ട് : തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരമ്പരാഗത ഉത്തരവാദിത്തങ്ങളും ഭരണനിർവഹണ ചെലവുകളും നിർവഹിക്കുന്നതിലേക്ക്ബജറ്റിന്റെ അനുബന്ധം നാല് പ്രകാരം അനുവദിക്കുന്ന പൊതു ആവശ്യത്തിനുള്ള ഫണ്ട്.

## 3. ആമുഖം

പഞ്ചായത്തുകളും നഗരസഭകളും ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ഭരണഘടനാപരവും നിയമപരവുമായ ചുമതലകൾ നിർവഹിക്കുന്നത് തനത് വിഭവ സ്രോതസ്സുകളെക്കാൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, കേന്ദ്ര-സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ കൈമാറ്റം ചെയ്യപ്പെടുന്ന വിഭവ സ്രോതസ്സുകളും കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളും പ്രയോജനപ്പെടുത്തിയാണ്. സംസ്ഥാന ബജറ്റിൽ അനുബന്ധം നാലിൽ ഓരോവർഷവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവ വകയിരുത്തലുകളും സ്കീമുകളും ധനസഹായങ്ങളും പ്രഖ്യാപിക്കുന്നു. ഇത്തരം വിഭവ വകയിരുത്തലുകളുടെ അടിസ്ഥാന തത്ത്വങ്ങളും നിലവിലുള്ള വകയിരുത്തലുകളുടെ വിശദാംശങ്ങളുമാണ് ഇവിടെ പ്രതിപാദിക്കുന്നത്. കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ചും മാർഗനിർദ്ദേശങ്ങൾക്ക് വിധേയമായുമാണ് ഇത്തരം ഫണ്ടുകൾ കൈകാര്യം ചെയ്യേണ്ടത്. ഇവ കൂടാതെ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാനാവിഷ്കൃത പദ്ധതികളും കൂടി ഈ ഭാഗത്ത് പരിചയപ്പെടുന്നുണ്ട്.

## 4. സംസ്ഥാന ബജറ്റും തദ്ദേശ സ്വയംഭരണവും

അധികാര വികേന്ദ്രീകരണത്തിൽ ഇനിയും ശക്തിപ്പെടേണ്ട മേഖലകൾ ഉൽപ്പാദനമേഖലയും തൊഴിൽ മേഖലയുമാണ്. ഈ മേഖലയുടെ വളർച്ചയ്ക്ക് ഊന്നൽ നൽകുന്ന പരിപാടികൾക്കാണ് സംസ്ഥാനാവിഷ്കൃത പദ്ധതികളിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്.

ഇനിപറയുന്ന മേഖലകളിലെ വകയിരുത്തലുകളാണ് പൊതുവായി സംസ്ഥാന ബജറ്റിൽ കേന്ദ്ര-സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തി നിലവിൽ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളത്.

### ബജറ്റ് മുന്നോട്ടുവെക്കുന്ന നിർദ്ദേശങ്ങൾ

ഓരോ പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും സൂക്ഷ്മ-ചെറുകിട വ്യവസായ ക്ലസ്റ്ററുകൾ വളർത്തിയെടുക്കണം. ഇതിന് നിലവിലുള്ള കേന്ദ്ര-സംസ്ഥാന സ്കീമുകളെ ഉപയോഗപ്പെടുത്തണം. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ, സംരംഭകർക്ക് പലിശ സബ്സിഡി, ബ്ലോക്ക്, ജില്ലാതലങ്ങളിൽ മാർക്കറ്റിംഗ് സംവിധാനങ്ങൾ മുതലായവ ഇതിന്റെ ഭാഗമായി ആലോചിക്കണം. ഇതുമായി ബന്ധപ്പെട്ട് ജനസംഖ്യയുടെ 1000 പേരിൽ അഞ്ചുപേർക്കെങ്കിലും തൊഴിൽ എന്ന ലക്ഷ്യം സംസ്ഥാനം മുന്നോട്ട് വച്ചിട്ടുണ്ട്. നിലവിൽ കേന്ദ്ര പദ്ധതിയായ നഗര-ഗ്രാമ ഉപജീവന മിഷനുകൾ (NULM, NRLM) മുഖാന്തരം പ്രതിവർഷം 225 കോടി രൂപ സംസ്ഥാനത്തിന് ലഭിക്കുന്നുണ്ട്. ഈ പണം ഉപയോഗിച്ച് സംരംഭകത്വ വികസന പദ്ധതികൾ ആരംഭിക്കണം. വഴിയോരക്കച്ചവടക്കാരുടെ ക്ഷേമത്തിനായി ഇതിനോടനുബന്ധിച്ച് വിവിധ പദ്ധതികളുണ്ട്.

### പരിസ്ഥിതി സൗഹൃദവികസനവും ശുചിത്വവും

നീർത്തടാസൂത്രണം, തദ്ദേശസ്ഥാപനതല ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കൽ തുടങ്ങിയ കാര്യങ്ങൾ ഊർജ്ജിതപ്പെടുത്തണം. നിലവിൽ ഹരിത കേരള മിഷന്റെ ഭാഗമായി 1000 തോടുകളും 100 നദികളും പുനരുദ്ധരിക്കാനും പച്ചത്തുരുത്തുകളുടെ എണ്ണം വർദ്ധിപ്പിക്കാനും ബജറ്റ് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 1000 ഹരിത സമൃദ്ധി വാർഡുകൾ സൃഷ്ടിക്കാനും എല്ലാ ഹയർ സെക്കണ്ടറി സ്കൂളുകളിലും ജലഗുണ നിലവാര നിർണ്ണയത്തിനുള്ള ലാബുകൾ ഉണ്ടാക്കാനും പദ്ധതിയുണ്ട്.

### ശുചിത്വ കേരളം

മുഴുവൻ തദ്ദേശസ്ഥാപനങ്ങളെയും ശുചിത്വ പദവിയിലേക്കെത്തിക്കുക, സ്വകാര്യ സംരംഭകരുടെ സഹായത്തോടെ കേരളത്തെ സ്ലോട്ടർ വേസ്റ്റ് ഫ്രീ സംസ്ഥാനമാക്കുക, സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുക, നിലവിലുള്ള ടോയ്‌ലറ്റ് ബ്ലോക്കുകളുടെ നവീകരണം; റീജിയണൽ ലാൻഡ് ഫില്ലുകൾ, ആശുപത്രികളിൽ വേസ്റ്റ് മാനേജ്മെന്റ്, മോഡൽ കൺസ്ട്രക്ഷൻ ആൻഡ് ഡിമോളിഷൻ വേസ്റ്റ് മാനേജ്മെന്റ് റിക്കവറി സെന്ററുകൾ സ്ഥാപിക്കുക എന്നിവയൊക്കെയാണ് പ്രധാന ലക്ഷ്യങ്ങൾ.

### റോഡ് വികസനം

റോഡ് വികസനത്തിനായി ഒട്ടേറെ പദ്ധതികളും വിഹിതവും നീക്കിവെക്കാറുണ്ട്. ഉദാഹരണമായി നിലവിൽ റീബിൽഡ് കേരളയിൽ 488 കോടി, മുഖ്യമന്ത്രിയുടെ റോഡ് പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി 1000 കോടി, പി എം ജി എസ് വൈ പദ്ധതിക്ക് സംസ്ഥാന വിഹിതം 120 കോടി, കേന്ദ്ര വിഹിതം 130 കോടി എന്നിങ്ങനെ പ്രത്യേക ബജറ്റ് വിഹിതം നീക്കിവെച്ചു.

## ധനകാര്യ കമ്മീഷൻ വിഹിതം

ആറാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം തദ്ദേശസ്ഥാപനങ്ങൾക്ക് ബജറ്റ് വിഹതമായിനൽകുന്ന വികസന ഫണ്ട് 25 ശതമാനത്തിൽ നിന്നും 26 ശതമാനമായി ഉയർത്തി. ഓരോ വർഷവും അരശതമാനം വീതം വർദ്ധന വരുത്തും. ജനറൽ പർപ്പസ് ഫണ്ടായി തനത് നികുതിയുടെ നാല് ശതമാനവും (1,950 കോടി) മെയിന്റനൻസ് ഗ്രാന്റായി 6.5 ശതമാനവും (2,944 കോടി) വകയിരുത്തി. ലോകബാങ്ക് സഹായമായി 1000 കോടി രൂപ, തൊഴിലുറപ്പ് പദ്ധതി 5,714 കോടി രൂപ, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ സംസ്ഥാന വിഹിതം 1,238 കോടി രൂപ, സംസ്ഥാനാവിഷ്കൃത പദ്ധതികൾ 534 കോടി രൂപ, ലൈഫ് മിഷൻ 4,000 കോടി രൂപ എന്നിങ്ങനെ വകയിരുത്തി.

## സംസ്ഥാന ഫണ്ടിംഗ്: മാർഗനിർദേശങ്ങൾ

മൂന്നാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശകൾ പ്രകാരം സർക്കാർ ഉത്തരവ് (പി) നം. 177/2006 (ധന) - ൽ തദ്ദേശസ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ബജറ്റ് വിഹിതത്തിന്റെ വിതരണം സംബന്ധിച്ച വ്യവസ്ഥകൾ ഇനി പറയും പ്രകാരം നിശ്ചയിച്ചിരുന്നു.

1. ബജറ്റിന്റെ വിശദമായ എസ്റ്റിമേറ്റുകളിലെ തദ്ദേശസ്ഥാപനങ്ങളുടെ വാർഷികപദ്ധതികൾക്കായുള്ള സംസ്ഥാന വിഹിതമായി അനുബന്ധം നാല് പ്രകാരം വകയിരുത്തുന്ന എ വിഭാഗം വികസന ചെലവുകൾക്കായുള്ള ഫണ്ട് (Category A - Development Expenditure Fund)

2. കൈമാറ്റം ചെയ്യപ്പെട്ട പദ്ധതികളുടെയും പ്രവർത്തനങ്ങളുടെയും നടത്തിപ്പിനായി വിവിധ വകുപ്പുകൾ മുഖാന്തരം അനുവദിക്കപ്പെട്ട ബി വിഭാഗം ഫണ്ട് (Category B - Fund)

3. തദ്ദേശസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള റോഡുകളുടെയും തദ്ദേശസ്ഥാപനങ്ങൾക്ക് കൈമാറിയ ഘടകസ്ഥാപനങ്ങളുടെയും റോഡിതര ആസ്തികളുടെയും പരിപാലനത്തിനുമുള്ള സി വിഭാഗം ആസ്തി പരിപാലന ചെലവുകൾക്കായുള്ള ഫണ്ട് (Category C - Fund for Maintenance Expenditure (Road and Non Road Assets))

4. തദ്ദേശസ്ഥാപനങ്ങളുടെ ശമ്പളം, കണ്ടിജന്റ്ചെലവുകൾ, തെരുവുവിളക്ക് പരിപാലനം, വാടക തുടങ്ങിയ പരമ്പരാഗത ഉത്തരവാദിത്തങ്ങൾ നിർവഹിക്കുന്നതിനുള്ളചെലവിലേക്കായുള്ള പൊതു ഫണ്ട് - ഡി വിഭാഗം ജനറൽ പർപ്പസ് ഫണ്ട് (Category D - General Purpose Fund)

5. വിവിധ പദ്ധതികൾക്കായികേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്ന പണം, ലോകബാങ്ക് പോലുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമുള്ള പണം, ദുരിതാശ്വാസ ഫണ്ടിൽ നിന്നുമുള്ള പണം മുതലായവ അടങ്ങുന്ന ഇ വിഭാഗം ഫണ്ട് (Category E Fund)

6. ട്രഷറിയിൽ നിക്ഷേപിക്കപ്പെടുന്ന തനത് വരുമാനമുൾക്കൊള്ളുന്ന എഫ് വിഭാഗം ഫണ്ട് (Category F Fund)

7. മറ്റ് വിഭാഗങ്ങളിൽ പെടാതെ ആധികാരികമായി ലഭിക്കുന്ന ഫണ്ടുകളും ധന കാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന വായ്പകളും മറ്റും ഉൾക്കൊള്ളുന്ന ജി വിഭാഗം ഫണ്ട് (Category G Fund)

കേന്ദ്ര-സംസ്ഥാന സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും സർക്കാരിന്റെ സഞ്ചിതനിധിയിലെ വിഹിതം തദ്ദേശസ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള പബ്ലിക് അക്കൗണ്ടിലേക്ക് ഗഡുക്കളായി കൈമാറ്റം ചെയ്യുകയും തദ്ദേശസ്ഥാപന ചെയർമാന്റെ അനുവാദത്തോടുകൂടി സെക്രട്ടറി അനുവദിക്കുന്ന അലോട്ട്മെന്റിന്റെ അടിസ്ഥാനത്തിൽ വിവിധ നിർവഹണ ഉദ്യോഗസ്ഥർ ബന്ധപ്പെട്ട ട്രഷറിയിൽ സമർപ്പിക്കുന്ന അസൽ വൗച്ചറുകൾ/ചെലവ് സ്റ്റേറ്റ്മെന്റ് സഹിതമുള്ള ബില്ലുകൾ വഴി വിനിയോഗിക്കപ്പെടുന്ന രീതിയുമാണ് നിലവിലുണ്ടായിരുന്നത്. എന്നാൽ സർക്കാർ ഉത്തരവ് (പി) 119/2015 (ധന) പ്രകാരം ഈ രീതിയിൽ കാര്യമായ മാറ്റങ്ങൾ വരുകയും മാസാമാസം ബജറ്റ് വിഹിതം പബ്ലിക് അക്കൗണ്ടുകളിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്ന രീതിക്ക് പകരം ത്രൈമാസ ഗഡുക്കളായി സർക്കാരിന്റെ സഞ്ചിത നിധിയിലെ നിശ്ചിത ഹെഡിലേക്ക് അനുവദിക്കുകയും ചെയ്തു. തദ്ദേശ സ്ഥാപന നിർവഹണഉദ്യോഗസ്ഥർക്ക് 'സാംഖ്യ' വെബ്സൈറ്റിൽ നിന്നും തയ്യാറാക്കുന്ന 'ഫുള്ളി വൗച്ചേഡ് കണ്ടിജന്റ് ബില്ല്' സമർപ്പിച്ച് ചെലവഴിക്കുന്ന രീതി അനുവർത്തിക്കാൻ തുടങ്ങി. എന്നാൽ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾക്ക് പഴയ രീതിയാണ് അനുവർത്തിച്ചിരുന്നത്.

സർക്കാർ ഉത്തരവ് (പി) നം. 50/2021 ധന. പ്രകാരം ഈ കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതം വിനിയോഗിക്കുന്നതിലും മാറ്റം കൊണ്ടുവരുകയുണ്ടായി. അത് പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേക്ക് കൊണ്ടുവരുകയും കേന്ദ്ര സർക്കാരിനും കൂടി പങ്കാളിത്തമുള്ള പബ്ലിക് ഫിനാൻസ് മാനേജ്മെന്റ് പോർട്ടൽ (പി എഫ് എം എസ്) വഴി ചെലവഴിക്കുന്ന രീതിയുമാണ് ഇതുവഴി നടപ്പാക്കിയത്. ഇതുപ്രകാരം കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതം ട്രഷറികളിൽ സൂക്ഷിച്ച് വിതരണം ചെയ്തിരുന്ന രീതി മാറ്റുകയും പണം ബാങ്കുകളിൽ നിക്ഷേപിച്ച് പിഎഫ്എംഎസ് സംവിധാനത്തിലൂടെ ഓൺലൈനായി ചെലവഴിക്കുകയും ചെയ്യുന്ന രീതിയാണ് ഇപ്പോഴുള്ളത്.

കേരളത്തിലെ തദ്ദേശസ്ഥാപനങ്ങൾ 'സുലേഖ' എന്ന വെബ് സോഫ്റ്റ് വെയർ സംവിധാനം വഴി പദ്ധതി ആസൂത്രണം നടത്തി, 'സാംഖ്യ' എന്ന വെബ് അധിഷ്ഠിത ധനകാര്യ മാനേജ്മെന്റ് സോഫ്റ്റ് വെയർ സംവിധാനം വഴി പണം ചെലവഴിക്കലായിരുന്നു നടത്തിയിരുന്നത്. എന്നാൽ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതം ചെലവഴിക്കുന്നതിനായി ഇപ്പോൾ ഇ-ഗ്രാം സ്വരാജ്പോർട്ടൽ എന്ന വെബ് അധിഷ്ഠിത സോഫ്റ്റ്വെയർ സംവിധാനം വഴി പഞ്ചായത്തുകളും സിറ്റി ഫിനാൻസ് പോർട്ടൽ എന്ന സോഫ്റ്റ് വെയർ വഴി നഗരസഭകളും പദ്ധതി ആസൂത്രണം നടത്തി മേൽപ്പറഞ്ഞ പി എഫ് എം എസ് പോർട്ടൽ സംവിധാനം വഴി ബില്ലുകൾ തയ്യാറാക്കി ചെലവ് നടത്തുന്ന രീതിയിലേക്ക് മാറ്റം വന്നിരിക്കുന്നു.

## പാഠഭാഗം – സംക്ഷിപ്തം

കേന്ദ്ര, സംസ്ഥാന ബജറ്റ് 2021-22 സാമ്പത്തിക വർഷത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്കായി മുന്നോട്ടുവെച്ചിട്ടുള്ള നിർദ്ദേശങ്ങളും മുൻഗണനകളും ബജറ്റ് വിഹിതങ്ങളുമാണ് ഇവിടെ വിശദമായി പരിശോധിച്ചത്. ഇതുകൂടാതെ തദ്ദേശ സ്ഥാപനങ്ങൾക്ക് ബജറ്റ് വിഹിതവും ധനസഹായവും അനുവദിക്കുന്ന ഫണ്ടുകൾ സംബന്ധിച്ചും ഇവയുടെ വിനിയോഗവും അക്കൗണ്ടിങ്ങും സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകളും ഫണ്ട് ചെലവഴിക്കുന്നതിന്റെ നിബന്ധനകളും ഈ ഭാഗത്ത് പരിചയപ്പെടുന്നു.

## പഠന പുരോഗതി വിലയിരുത്തൽ : ഒന്ന്

I. **ഒറ്റവാക്കിൽ ഉത്തരമെഴുതുക** (ഒരു മാർക്ക് വീതം)

1. കേരള സംസ്ഥാനം മുന്നോട്ടുവെക്കുന്ന പുതിയ തൊഴിലവസരങ്ങളെ സംബന്ധിച്ച തൊഴിൽ ലക്ഷ്യം ഏതാണ്?

   a. 1000 പേരിൽ 5 പേർക്ക് b. 1000 പേരിൽ 10 പേർക്ക്

   c. 1000 പേരിൽ 15 പേർക്ക് d. 1000 പേരിൽ 25 പേർക്ക്

2. 2021-22 സംസ്ഥാനബജറ്റ് നൽകുന്ന ലക്ഷ്യത്തിൽ പെടുന്നതേത്?

   a. എല്ലാ വാർഡിലും വായനശാലകൾ

   b. എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും മിനി ഇൻഡസ്ട്രിയൽ പാർക്ക്

   c. എല്ലാ ഹയർ സെക്കൻഡറി സ്കൂളിലും ഗുണനിലവാര നിർണയലാബുകൾ

   d. എല്ലാ ബ്ലോക്കിലും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ

3. ആറാം ധനകാര്യ കമ്മീഷൻ നടപ്പുവർഷത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വികസന ഫണ്ട് വിഹിതമായി നിശ്ചയിച്ച ബജറ്റ് വിഹിതം എത്രയാണ്?

   a. 25 % b. 26 %

   c. 30 % d. 35 %

4. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ട വകുപ്പുകളുടെ പദ്ധതികൾക്കും പ്രവർത്തനങ്ങൾക്കുമായി വിവിധ വകുപ്പുകൾ മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ഫണ്ട് ഏത് വിഭാഗത്തിൽ പെടുന്നു?

   a. കാറ്റഗറി A b. കാറ്റഗറി B

   c. കാറ്റഗറി C d. കാറ്റഗറി D

5. കേന്ദ്രസർക്കാർ വിഹിതങ്ങളും, സ്കീമുകളും, ലോകബാങ്ക് സഹായം, ദുരിതാശ്വാസ ഫണ്ട് സഹായം തുടങ്ങിയവ തദ്ദേശഭരണസ്ഥാപനങ്ങൾക്ക അനുവദിക്കുന്നത് ഏത് കാറ്റഗറിയിൽ പെടുത്തിയാണ്?

a. കാറ്റഗറി B b. കാറ്റഗറി C

c. കാറ്റഗറി D d. കാറ്റഗറി E

II. **ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരമെഴുതുക** (രണ്ട് മാർക്ക് വീതം)

1. ശുചിത്വവും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട സംസ്ഥാന ബജറ്റിൽ നിർദ്ദേശിക്കപ്പെട്ട രണ്ട് നിർദ്ദേശങ്ങൾ പ്രതിപാദിക്കുക.
2. ആറാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കപ്പെടുന്ന ഗ്രാന്റുകൾ ഏതൊക്കെയാണ്?
3. കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതം നൽകുന്നതിനായുള്ള ഓൺലൈൻ സംവിധാനമായ പബ്ലിക് ഫിനാൻസ് മാനേജ്മെന്റ് പോർട്ടൽ വഴിയുള്ള ധനവിനിയോഗ രീതി വിവരിക്കുക.
4. കാറ്റഗറി C ഫണ്ട് ഏതൊക്കെ കാര്യങ്ങൾക്ക് വേണ്ടിയാണ് അനുവദിക്കുന്നത്?
5. സംരംഭകത്വ വികസനത്തിനും ഉപജീവനം ഉറപ്പാക്കുന്നതിനുമായി നടപ്പാക്കുന്ന ഗ്രാമങ്ങളിലെയും നഗരങ്ങളിലെയും കേന്ദ്രാവിഷ്കൃതപദ്ധതികൾ ഏതൊക്കെയാണ്?

III. **ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക** (അഞ്ച്മാർക്ക്)

1. സംസ്ഥാന ബജറ്റ് വിഹിതമായി ലഭിക്കുന്ന ഫണ്ടുകൾ കൈകാര്യം ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കുക.

## 5. സംസ്ഥാന പദ്ധതികൾ ആസൂത്രണം ചെയ്യൽ

ബജറ്റ് വിഹിതമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന ഫണ്ടുകൾ, ഇവയുടെ വിനിയോഗ രീതി എന്നിവ സംബന്ധിച്ച് കഴിഞ്ഞ ഭാഗത്ത് പരിശോധിച്ചു., വകുപ്പുതല പരിപാടികൾ സംബന്ധിച്ച അറിവ്, ഇതിനായി അനുവദിക്കുന്ന ഫണ്ടുകൾ ഉപയോഗിച്ചു സമഗ്ര പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനു പ്രധാനമാണ്. സമഗ്ര പരിപാടികളായും വിവിധ ഘടകങ്ങൾ ഫലപ്രദമായി ഏകോപനവും സംയോജനവും ഉറപ്പാക്കിയും വേണം വികസന ലക്ഷ്യം കൈവരിക്കാൻ. ഇതിലേക്കായി പ്രയോജനപ്പെടുത്താവുന്ന ചില നിർദ്ദേശങ്ങൾ ഇനി പരിശോധിക്കാം.

സംസ്ഥാന സർക്കാരിന്റെ വിവിധ കാർഷിക മേഖലാ പദ്ധതികൾ കൃഷി വകുപ്പ് നേരിട്ടും തദ്ദേശസ്ഥാപനങ്ങൾ മുഖേനയും നടപ്പാക്കിവരുന്നു. നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായുള്ള ഹരിത കേരള മിഷന്റെ പ്രധാന ലക്ഷ്യം വെള്ളം, വൃത്തി, വിളവ് എന്നിവ സംയോജിപ്പിച്ചുള്ള പദ്ധതികളാണ്. സർക്കാർ, തദ്ദേശസ്ഥാപനങ്ങളുടെ മുൻകൈയ്യിൽ പ്രഖ്യാപിച്ച 12 ഇന പരിപാടികളിൽ മുഖ്യമായ സുഭിക്ഷ കേരളം

പരിപാടി, വിവിധ വകുപ്പുകളുടെയും പദ്ധതികളുടെയും സംയോജനം ഉറപ്പുവരുത്തിയുള്ള സമഗ്രമായ കാർഷിക വികസനവും തരിശ് രഹിത തദ്ദേശസ്ഥാപനങ്ങളുടെസൃഷ്ടിയുമാണ് ലക്ഷ്യമിടുന്നത്. ക്ഷീരഗ്രാമം പദ്ധതി, കന്നുകുട്ടി പരിപാലനം, തീറ്റപ്പുൽ കൃഷി ധനസഹായം, ക്ഷീര കർഷകർക്ക് ധനസഹായം മുതലായ വിവിധ പദ്ധതികൾ തദ്ദേശസ്ഥാപനങ്ങൾ മുഖാന്തരം മൃഗസംരക്ഷണ മേഖലയിൽ നടത്തിവരുന്നു. മത്സ്യത്തൊഴിലാളി ക്ഷേമത്തിനായുള്ള വിവിധ പദ്ധതികളും മത്സ്യത്തൊഴിലാളി വനിതകളെ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളായി (ജെ എൽ ജി) സംഘടിപ്പിച്ചുകൊണ്ടുള്ള പദ്ധതികളും മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ ക്ഷേമത്തിനായുള്ള പദ്ധതികളും തദ്ദേശസ്ഥാപനങ്ങൾ മുഖാന്തരം വിഭാവനം ചെയ്ത് നടപ്പാക്കിവരുന്നു. വിവിധ തരം സാമൂഹ്യസുരക്ഷാപെൻഷനുകളാണ് സാമൂഹ്യസുരക്ഷയുമായി ബന്ധപ്പെട്ട പ്രധാന സംസ്ഥാന സർക്കാർ പദ്ധതികൾ. ഇവയുടെ ഗുണഭോക്തൃ തിരഞ്ഞെടുപ്പും നടത്തിപ്പും തദ്ദേശസ്ഥാപനങ്ങൾ വഴിയാണ്. ഇതോടൊപ്പം വിവിധ ഷെൽട്ടർ ഹോമുകളുടെ സ്ഥാപനവും പരിപാലനവും സംസ്ഥാന ബജറ്റിൽ വിഭാവനം ചെയ്യുന്നുണ്ട്.

വിദ്യാഭ്യാസ രംഗത്തെ സർക്കാർ ഇടപെടലായ 'സമഗ്ര ശിക്ഷാ കേരള' തദ്ദേശസ്ഥാപനങ്ങളുടെ മുൻകൈയിലാണ് നടപ്പാക്കുന്നത്. വിവിധ അക്കാദമിക് - നോൺ അക്കാദമിക് പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി നടത്തിവരുന്നു. കൂടാതെ മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് വിഹിതത്തിൽ നല്ലൊരു പങ്ക് സ്കൂളുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായിവകയിരുത്തപ്പെടുന്നു. സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനായി ഐ സി ഡി എസ് മുഖേനയുള്ള പദ്ധതികളും കുടുംബശ്രീ വഴിയുള്ള പദ്ധതികളും സംസ്ഥാന ഫണ്ട് വകയിരുത്തി നടപ്പാക്കപ്പെടുന്നു. സംയോജിത ശിശു വികസന പദ്ധതി, പൂരക പോഷകാഹാര വിതരണം, കൗമാരപ്രായക്കാരായ കുട്ടികളുടെ സാമൂഹിക, മാനസിക വളർച്ചയ്ക്കായുള്ള പദ്ധതി, അങ്കണവാടി ടീച്ചർമാരുടെ ഓണറേറിയം തുടങ്ങിയവ ഇതിന്റെ ഭാഗമാണ്. കൂടാതെ റോഡിതര മെയിന്റനൻസ് ഗ്രാന്റും അങ്കണവാടികളുടെ അറ്റകുറ്റപ്പണികൾക്കും മറ്റുമായി വിനിയോഗിക്കപ്പെടുന്നു. ഇവയോടൊപ്പം മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി മാതൃകയിൽ ഇന്ത്യയിൽ ആദ്യമായി നഗര ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി നടപ്പാക്കപ്പെട്ട അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി, നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായ സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയായ ലൈഫ് മിഷൻ, സമഗ്രാരോഗ്യ പരിപാടിയായ ആർദ്രകേരളം പദ്ധതി, സമഗ്ര വിദ്യാഭ്യാസ പരിപാടി, ഹരിത കേരള മിഷൻ, ലഹരി വിമോചനത്തിനായി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന വിമുക്തി പദ്ധതി തുടങ്ങിയ സംസ്ഥാനാവിഷ്കൃത പദ്ധതികളും തദ്ദേശസ്ഥാപനങ്ങളുടെ മുൻകൈയിലാണ് നടന്നുവരുന്നത്.

### കേന്ദ്രപദ്ധതികൾ ആസൂത്രണം ചെയ്യൽ

കേന്ദ്ര സർക്കാരിന്റെ പദ്ധതികൾ പ്രധാനമായും രണ്ടു തരത്തിലുള്ളതാണ്, യൂണിയൻ ലിസ്റ്റിലുള്ള മേഖലകൾക്കായിപൂർണ്ണമായും കേന്ദ്ര സർക്കാർ വിഹിതം ഉൾക്കൊള്ളുന്ന കേന്ദ്ര പദ്ധതികൾ (Central Sector Schemes). സംസ്ഥാന, കൺകറന്റ്ലിസ്റ്റിൽ ഉൾപ്പെട്ടചുമതലകൾക്കായി കേന്ദ്രം ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതികൾ (Centrally Sponsored Schemes). കേന്ദ്രാവിഷ്കൃത പദ്ധതികൾ തന്നെ അവയിലെ കേന്ദ്ര

വിഹിതത്തിന്റെ അനുപാതം അനുസരിച്ച് കോർ ഓഫ് ദി കോർ സ്കീമുകൾ, കോർ സ്കീമുകൾ, ഓപ്ഷണൽ സ്കീമുകൾ എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു. ഭാരത് നെറ്റ്, ഗംഗാപ്ലാൻ, ദരിദ്ര കുടുംബങ്ങൾക്ക് പാചക വാതക പദ്ധതി, വിള ഇൻഷുറൻസ് മുതലായവ സെൻട്രൽ സെക്ടർ പദ്ധതികൾക്ക് ഉദാഹരണമാണ്. കോർ ഓഫ് ദി കോർ സ്കീമുകളിലെ മുഖ്യ വിഹിതം കേന്ദ്ര സർക്കാരിന്റേതായിരിക്കുമെങ്കിലും സംസ്ഥാനങ്ങൾ അവക്കായി ഒരു വിഹിതം കണ്ടെത്തേണ്ടതുണ്ട്. ഉദാഹരണമായി മഹാത്മാഗാന്ധി ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയുടെ ഭരണച്ചെലവ്, വേതനഘടകം തുടങ്ങിയ മുഖ്യ ചെലവുകൾ കേന്ദ്ര സർക്കാർ വഹിക്കുമ്പോൾ സാധനഘടകത്തിന്റെ (Material Cost) 25 ശതമാനം സംസ്ഥാനങ്ങൾ വഹിക്കേണ്ടതുണ്ട്. കോർ സ്കീമുകളിൽ സാധാരണയായി 60-70 ശതമാനം വിഹിതം കേന്ദ്ര സർക്കാർ വഹിക്കും ശേഷിക്കുന്ന വിഹിതം സംസ്ഥാനങ്ങൾ കണ്ടെത്തേണ്ടതുണ്ട്. പി എം കെ എസ് വൈ, പി എം ജി എസ് വൈ, പി എം എ വൈ മുതലായവ ഇത്തരം സ്കീമുകളുടെ ഉദാഹരണമാണ്. 60:40 അനുപാതത്തിലാണ് ഇവയുടെ കേന്ദ്ര-സംസ്ഥാന വിഹിതം വകയിരുത്തപ്പെടുന്നത്. ഓപ്ഷണൽ സ്കീമുകളുടെ അനുപാതം 50:50 ആയിരിക്കും.

## പ്രധാന കേന്ദ്രാവിഷ്കൃതപദ്ധതികൾ ഇനി പറയുന്നവയാണ്.

1. **മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി** (എം ജി എൻ ആർ ഇ ജി എസ്)
2. **പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന (പി.എം.കെ.എസ്.വൈ.)** - നീർത്തടാധിഷ്ഠിത വികസനം ലക്ഷ്യമാക്കിയുള്ള കൃഷി-മണ്ണ്-ജലസംരക്ഷണം എന്നിവ ഉറപ്പുവരുത്തുന്ന പദ്ധതി
3. **പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (പി എം ജി എസ് വൈ)** - സഞ്ചാര മാർഗ്ഗമില്ലാത്ത ഗ്രാമ പ്രദേശങ്ങളെ മാർക്കറ്റുകളും പട്ടണ പ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡ് വികസന പദ്ധതി.
4. **ദേശീയ റൂർബൻ മിഷൻ (NRuM)** – ഗ്രാമപ്രദേശങ്ങളിലെ പ്രാദേശിക സാമ്പത്തിക വികസനത്തിനായി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന പദ്ധതി.
5. **രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ (RGSA)** – അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിനായുള്ള പദ്ധതി.
6. **നാഷണൽ ഹെൽത്ത് മിഷൻ (എൻ എച്ച് എം)** – പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ, ആശുപത്രികൾ മുതലായ പൊതുജനാരോഗ്യ മേഖലക്കായുള്ള പദ്ധതി.
7. **ജല ജീവൻ മിഷൻ /ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി (ജെ ജെ എം)** – എല്ലാ വീടുകളിലും പൈപ്പ് വഴി കുടിവെള്ളം ഉറപ്പാക്കുന്ന പദ്ധതി.
8. **സ്മാർട്ട് സിറ്റി പദ്ധതി** – സാങ്കേതികവിദ്യയുടെ സഹായത്തോടെ നഗരവളർച്ച ദ്രുതഗതിയിലാക്കുക, സാമ്പത്തിക വികസനം നേടുക എന്നീ ലക്ഷ്യങ്ങളോടെയുള്ള ഈ പദ്ധതി തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ നടപ്പാക്കിവരുന്നു.

9. **അടൽ മിഷൻ ഫോർ റീജുവനേഷൻ ആൻഡ് അർബൻ ട്രാൻസ്ഫർമേഷൻ (AMRUT) –** രാജ്യത്തെ മറ്റ് നഗരങ്ങൾക്കൊപ്പം കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട ഒൻപത് നഗരങ്ങളുടെ സമഗ്ര വികസനത്തിനായി ആവിഷ്കരിച്ച പദ്ധതി. ഈ പദ്ധതി 2021 ൽ അവസാനിച്ചതിനെ തുടർന്ന് AMRUT 2.0 എന്ന പേരിൽ രണ്ടാം ഘട്ടം ആരംഭിച്ചിട്ടുണ്ട്. കുടിവെള്ളം, ദ്രവമാലിന്യ സംസ്കരണം, ജലസംരക്ഷണം എന്നീ മേഖലകൾക്ക് ഊന്നൽ നൽകുന്ന രണ്ടാം ഘട്ടത്തിൽ കേരളത്തിലെ എല്ലാ നഗരസഭകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

10. **സ്വച്ഛ് ഭാരത് മിഷൻ (എസ് ബി എം)** – ശുചിത്വ – മാലിന്യ പരിപാലന പദ്ധതി. ഈ പദ്ധതിയും 2021 ൽ അവസാനിച്ചതിനെ തുടർന്ന് SBM 2.0 എന്ന പേരിൽ രണ്ടാം ഘട്ടം ആരംഭിച്ചിട്ടുണ്ട്. ശുചിത്വ നിലവാരത്തിന്റെഅടിസ്ഥാനത്തിൽ ഗാർബേജ് ഫ്രീ സിറ്റികളെന്ന നിലയിൽ നക്ഷത്ര പദവിയുള്ള നഗരങ്ങളെ സൃഷ്ടിക്കുകയാണ് രണ്ടാം ഘട്ടത്തിന്റെ ലക്ഷ്യം.

11. **ദീനദയാൽ ഉപാധ്യായ നാഷണൽ അർബൻ ലൈവ്‌ലിഹുഡ് മിഷൻ (DD NULM)** - നഗരദാരിദ്ര്യം ഇല്ലാതാക്കുന്നതിനായുള്ള പുനരധിവാസ - പിന്തുണാ പദ്ധതി

12. **ദീനദയാൽ ഉപാധ്യായനാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷൻ (DD NRLM)** - ഗ്രാമദാരിദ്ര്യം ഇല്ലാതാക്കുന്നതിനായുള്ള പുനരധിവാസ-പിന്തുണാ പദ്ധതി

13. **പ്രധാനമന്ത്രി ആവാസ് യോജന (പി എം എ വൈ)** – സമ്പൂർണ്ണ ഭവന പദ്ധതി

### പാഠഭാഗം – സംക്ഷിപ്തം

തദ്ദേശഭരണതലത്തിൽ നടപ്പാക്കുന്ന സംസ്ഥാന പദ്ധതികളും കേന്ദ്ര പദ്ധതികളും ആസൂത്രണം ചെയ്ത് ഫലപ്രദമായി നിർവഹിക്കുക, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയുടെ ഫലപ്രദമായ ഏകോപനവും സംയോജനവും സാധ്യമാക്കുക എന്നിവ വഴി ഗ്രാമ-നഗരവികസനം, ദാരിദ്ര്യ നിർമ്മാർജ്ജനം തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന്റെ പ്രാധാന്യമാണ് ഇവിടെ പ്രതിപാദിക്കുന്നത്.

### പഠന പുരോഗതി വിലയിരുത്തൽ : രണ്ട്

I. **ഒറ്റവാക്കിൽ ഉത്തരമെഴുതുക** (ഒരു മാർക്ക് വീതം)

1. സ്കൂളുകളുടെയും അംഗൻവാടികളുടെയും റിപ്പയർ, പരിപാലന ചെലവുകൾക്ക് വിനിയോഗിക്കുന്ന ഫണ്ട് ഏത്?

a. ജനറൽ പർപ്പസ് ഫണ്ട് b. മെയിന്റനൻസ് ഫണ്ട്

c. വികസന ഫണ്ട് d. ലോകബാങ്ക് വിഹിതം

2. പാർപ്പിടാവശ്യത്തിനായുള്ളതും സംസ്ഥാന പദ്ധതിയായ ലൈഫ് മിഷനുമായി സംയോജന സാധ്യതയുള്ള കേന്ദ്രാവിഷ്കൃത പദ്ധതി ഏത്?

a. അമൃത് പദ്ധതി b. സ്മാർട്ട് സിറ്റി പദ്ധതി

c. പ്രധാനമന്ത്രി ആവാസ് യോജന d. സ്വച്ഛ് ഭാരത് മിഷൻ

3. സാമൂഹ്യ സുരക്ഷയുമായി ബന്ധപ്പെട്ട സർക്കാരിന്റെ പ്രധാന പരിപാടി ഏത്?

a. സാമൂഹ്യ സുരക്ഷാപെൻഷൻ

b. വയോമിത്രം

c. തൊഴിലില്ലായ്മ വേതന വിതരണം

d. അന്നപൂർണപോഷക പദ്ധതി

4. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഓപ്ഷണൽ സ്കീമുകളുടെ ഫണ്ടിങ് അനുപാതം എത്ര?

a. 90:10 b. 80:20

c. 70:30 d. 50:50

5. സഞ്ചാരമാർഗം ഇല്ലാത്ത ഗ്രാമപ്രദേശങ്ങളെ പട്ടണപ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്ന കേന്ദ്രസർക്കാർ റോഡ് വികസന പദ്ധതി ഏത്?

a. അമൃത് മിഷൻ

b. സ്മാർട്ട് സിറ്റി മിഷൻ

c. പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന

d. രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ

II. **ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരമെഴുതുക** (രണ്ട് മാർക്ക് വീതം)

1. കാർഷികമേഖലയിൽ സംയോജന സാധ്യതയുള്ള പദ്ധതികൾ ഏതൊക്കെ?
2. സുഭിക്ഷ കേരളം പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്?
3. സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനായുള്ള ഐ സി ഡി എസ് പദ്ധതിയുടെ ലക്ഷ്യങ്ങൾ വിശദീകരിക്കുക.
4. കേന്ദ്ര സർക്കാരിന്റെ വികസന പദ്ധതികളെ കുറിച്ച് വിശദീകരിക്കുക.
5. ജല ജീവൻ മിഷൻ പദ്ധതിയുടെ ലക്ഷ്യങ്ങൾ വിശദീകരിക്കുക.

III. **ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക** (അഞ്ച്മാർക്ക്)

1. തദ്ദേശ സ്വയംഭരണ സ്ഥാപന വികസനവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളെക്കുറിച്ച് വിശദീകരിക്കുക.

## 6. കേന്ദ്ര-സംസ്ഥാന ഫണ്ടിങ് – നിലവിലെ രീതികളും വെല്ലുവിളികളും

### പ്രത്യേക ഫണ്ടുകളും മേഖല വകയിരുത്തലുകളും

വാർഷിക ബജറ്റിന്റെ ഭാഗമായി അനുവദിക്കുന്ന വികസനഫണ്ട് വിനിയോഗിക്കുന്നതുമായി ബന്ധപ്പെട്ട് ചില അനിവാര്യ വകയിരുത്തലുകളുംമേഖലാതല ഫണ്ടുവിനിയോഗ നിബന്ധനകളും സർക്കാർ നിഷ്കർഷിക്കുന്നുണ്ട്. വികസന ഫണ്ടിൽനിന്നും അങ്കണവാടി പോഷകാഹാര വിതരണം, സർവശിക്ഷ കേരള പ്രൊജക്റ്റ് വിഹിതം, പാലിയേറ്റീവ്കെയർ പ്രോജക്ട് വിഹിതം, ഭിന്നശേഷിസ്കോളർഷിപ്പ്, പി.എം.എ.വൈ. ലൈഫ്, ആശ്രയ, അതിദാരിദ്ര്യനിർമ്മാർജ്ജന പദ്ധതി, മൈക്രോ പ്ലാൻ പ്രോജക്ടുകൾ എന്നിവക്ക് ആവശ്യമായ വകയിരുത്തൻ നടത്തിയതിനു ശേഷം ബാക്കിയുള്ള തുക മാത്രമേ മേഖല വിഭജനം നടത്തി വിവിധ മേഖലകളിലെ പ്രോജക്ടുകൾക്കായി നീക്കിവെക്കാൻ കഴിയൂ. ഇത്തരത്തിലുള്ള അനിവാര്യ പ്രോജക്ടുകൾക്കു വേണ്ടിയുള്ള വകയിരുത്തൽ ഉറപ്പാക്കേണ്ടത് അനിവാര്യമാണ്.

### മേഖലാ വിഭജനവും സ്പെഷ്യൽ ഫണ്ടുകളും

പൊതുവിഭാഗം വികസന ഫണ്ടിലെ സാധാരണ വിഹിതത്തിൽ നിന്നും നഗരസഭകൾക്ക്50 ശതമാനം വരെയും, പഞ്ചായത്തുകൾക്ക്30 ശതമാനം വരെയുമാണ് പശ്ചാത്തല മേഖല പ്രോജക്ടുകൾക്ക് വിനിയോഗിക്കാവുന്നത്. കൂടാതെ ഉൽപ്പാദന മേഖലയിലെ പ്രോജക്ടുകൾക്ക്പഞ്ചായത്തുകൾ 30 ശതമാനത്തിൽ കുറയാതെയും നഗരസഭകൾ 10 ശതമാനത്തിൽ കുറയാതെയും മേഖലാ വകയിരുത്തൽ നടത്തി പ്രോജക്ട് ഏറ്റെടുക്കണം.

പട്ടികജാതി/പട്ടികവർഗ വിഭാഗത്തിന്റെ ഉന്നമനത്തിനായി പ്രത്യേക ഘടക പദ്ധതി, പട്ടികജാതി/പട്ടികവർഗ ഉപപദ്ധതി എന്നിവ പ്രകാരം അനുവദിക്കുന്ന തുക പൂർണമായും ഈ വിഭാഗത്തിന്റെആവശ്യങ്ങൾക്കായി വിനിയോഗിക്കണം. പട്ടികജാതി ഉപപദ്ധതി വിഹിതത്തിന്റെ 30 ശതമാനത്തിലധികം തുക പശ്ചാത്തല മേഖലയ്ക്ക് വകയിരുത്തരുത്. കൂടാതെ ആകെത്തുകയുടെ (പൊതുവിഭാഗം + പട്ടികജാതി വികസന വിഹിതം + പട്ടികവർഗഉപപദ്ധതി വിഹിതം) 10 ശതമാനത്തിൽ കുറയാത്ത തുക വനിതകളുടെ പ്രത്യേക പ്രശ്നങ്ങൾക്ക് പരിഹാരം തേടുന്ന വനിതാ ക്ഷേമ പ്രോജക്ടുകൾക്കായി (വനിതാ ഘടക പദ്ധതി - WCP-Women Component Plan) നീക്കിവെക്കണം. ആകെ തുകയുടെ അഞ്ച്ശതമാനത്തിൽ കുറയാത്ത തുക കുട്ടികൾ, ഭിന്നശേഷിക്കാർ, ട്രാൻസ് വ്യക്തികൾ എന്നീ വിഭാഗങ്ങളുടെ വികസന പ്രോജക്ടുകൾക്കും, അഞ്ച്ശതമാനം തുക വയോജന ക്ഷേമം, പാലിയേറ്റീവ് കെയർ എന്നീ പ്രവർത്തനങ്ങൾക്കുമായും നീക്കിവെക്കണം.

വനിതകളുടെ സാമൂഹിക-സാമ്പത്തിക വികസനത്തിനായി വേണം വനിതാ ഘടക പദ്ധതി തുക വിനിയോഗിക്കാൻ. ഉൽപ്പാദനാധിഷ്ഠിതവും വരുമാനദായകവും വനിതകൾക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്നതുമായ പ്രോജക്ടുകൾ ഉൾപ്പെടുത്തണം. സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരായ അതിക്രമങ്ങൾ തടയുന്നതിനുള്ള ജാഗ്ര

താസമിതികൾ പോലുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകണം. സ്ത്രീസൗഹൃദ പൊതുഇടങ്ങൾ, പൊതുഇടങ്ങളിലെ സൗകര്യം ഒരുക്കൽ, മുലയൂട്ടൽ സൗകര്യങ്ങൾ എന്നിവയ്ക്കും പ്രത്യേക പരിഗണന നൽകണം. സ്ത്രീപദവി പഠന വിലയിരുത്തലിൽ അധിഷ്ഠിതമായി പ്രോജക്ടുകൾക്ക് രൂപം നൽകണം. ശിശു സൗഹൃദസ്ഥാപനങ്ങൾ, ശിശുകേന്ദ്രീകൃത വിദ്യാഭ്യാസം, കുട്ടികളുടെ അവകാശ സംരക്ഷണം, ആറുവയസ്സിനു താഴെയുള്ള കുട്ടികളുടെ സുരക്ഷയും ആരോഗ്യവും ലക്ഷ്യമിടുന്ന പരിപാടികൾ, പൊതുഇടങ്ങൾ ശിശുസൗഹൃദമാക്കൽ, കുട്ടികൾക്കെതിരായ അതിക്രമങ്ങൾ തടയൽ എന്നിവക്കായി പ്രത്യേക പരിഗണന നൽകുന്ന പ്രോജക്ടുകൾ ഏറ്റെടുക്കണം.

വയോജനങ്ങൾക്ക് ശാരീരിക മാനസിക സാംസ്കാരിക പിന്തുണ സംവിധാനങ്ങളും സുരക്ഷിതത്വവും, ഒറ്റപ്പെടൽ ഒഴിവാക്കാൻ ആവശ്യമായ പകൽവീട് പോലുള്ള കൂട്ടായ്മ വേദികളും സ്ഥാപിക്കണം. പൊതുഇടങ്ങളും പൊതു കെട്ടിടങ്ങളും വയോജനസൗഹൃദവും ഭിന്നശേഷിസൗഹൃദവും ആക്കണം. സമ്പൂർണ്ണ വയോജന സൗഹൃദ തദ്ദേശഭരണ സ്ഥാപനങ്ങൾ ആയി മാറാനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കണം. ഗ്രാമപഞ്ചായത്തുകളിലും ചെറിയ നഗരസഭകളിലും പത്തു വാർഡിന് ഒന്ന് എന്ന കണക്കിൽ വയോക്ലബ്ബുകൾ ആരംഭിക്കുകയും കെയർ ടേക്കർമാരുടെ സേവനം ലഭ്യമാക്കുകയും വേണം. പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുകയും എല്ലായിടത്തും സേവനലഭ്യത ഉറപ്പു വരുത്തുകയും വേണം.

## പട്ടികജാതി/പട്ടികവർഗ ഉപപദ്ധതി

പ്രത്യേക ഘടക പദ്ധതി പ്രകാരം പട്ടികജാതി വിഭാഗങ്ങൾക്കായുള്ള പദ്ധതി പ്രോജക്ടുകൾ തയ്യാറാക്കണം. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്കോ കുടുംബങ്ങൾക്കോ നേരിട്ട് ആനുകൂല്യം ലഭിക്കുന്നതും 50 ശതമാനത്തിലധികം പട്ടികജാതിക്കാർക്ക് പ്രയോജനം ലഭിക്കുന്ന പൊതുസൗകര്യ പ്രോജക്ടുകളും (കുടിവെള്ളം, റോഡ്) ഏറ്റെടുക്കാവുന്നതാണ്. പട്ടികജാതി സർവേയിലൂടെ കണ്ടെത്തിയിട്ടുള്ള വിശദമായ സ്ഥിതിവിവരക്കണക്കുകൾ പ്രയോജനപ്പെടുത്തി കുടുംബകേന്ദ്രീകൃത സമീപനത്തിന്റെ അടിസ്ഥാനത്തിലുള്ള പദ്ധതികൾക്കാണ് രൂപം നൽകേണ്ടത്. പട്ടികജാതി സങ്കേതങ്ങൾ ഒരു യൂണിറ്റായി പരിഗണിച്ച് ആവശ്യങ്ങൾ നിറവേറ്റണം. കുറഞ്ഞത് അഞ്ച് പട്ടികജാതി കുടുംബങ്ങൾ അടുത്തടുത്ത് താമസിക്കുന്ന പ്രദേശത്തെ ഒരു പൊതു സങ്കേതമായി (വാസസ്ഥലം) പരിഗണിച്ച് അവിടെ കുടിവെള്ളം, വൈദ്യുതി, പൊതു സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തണം. പട്ടികജാതി/പട്ടികവർഗവിദ്യാർത്ഥികളുടെ ഉന്നതവിദ്യാഭ്യാസം, പ്രൊഫഷണൽ കോഴ്സുകൾ, മത്സരപരീക്ഷകളുടെ തയ്യാറെടുപ്പ്, വിദേശപഠനം എന്നിവയും പ്രത്യേക പരിഗണന അർഹിക്കുന്ന മേഖലകളാണ്.

പട്ടികവർഗ ഉപപദ്ധതിയിലും ഊരിനെ ഒരു യൂണിറ്റായി പരിഗണിച്ച് പ്രോജക്ട് ഏറ്റെടുക്കാം. കുടിവെള്ളം, വൈദ്യുതി, നടപ്പാത തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ കൂടാതെ ആരോഗ്യപരിചരണം, വിദ്യാഭ്യാസം, കൃഷി അഭിവൃദ്ധിപ്പെടുത്തൽ, ഉപജീവനം, വിദേശത്ത് ജോലി ലഭ്യത, യുവജന വികസന പരിപാടികൾ, സ്കൂൾ കുട്ടികൾക്കു പ്രഭാതഭക്ഷണം, ഉന്നതവിദ്യാഭ്യാസം, എൻട്രൻസ് കോച്ചിഗ് എന്നിവയ്ക്കും ധനസഹായം നൽകി ഉന്നമനം ഉറപ്പാക്കണം. ഊരുകൂട്ടയോഗങ്ങൾ സംഘടിപ്പിച്ച്

പദ്ധതി ആസൂത്രണം ചെയ്യണം. കൂടാതെ കുട്ടനാട് പാക്കേജ്, അട്ടപ്പാടി മേഖല വികസനത്തിനുള്ള പ്രത്യേക പദ്ധതി, വയനാട് പാക്കേജ്, മത്സ്യത്തൊഴിലാളികളുടെ വിവിധ പദ്ധതികൾ, പ്രത്യേകപരിപാടികൾ മുതലായവയുടെ നടത്തിപ്പിൽ തദ്ദേശ ഭരണസ്ഥാപനങ്ങൾ പങ്കാളിത്തവും നേതൃത്വവും ഉറപ്പുവരുത്തുകയും ചെയ്യേണ്ടതുണ്ട്.

## കേന്ദ്രഫണ്ടുമായി ബന്ധപ്പെട്ട വെല്ലുവിളികൾ

കേന്ദ്രാവിഷ്കൃതപദ്ധതികൾക്ക് കേന്ദ്ര-സംസ്ഥാന-തദ്ദേശസ്ഥാപന വിഹിതങ്ങൾ നിശ്ചിത അനുപാതത്തിൽ നിശ്ചയിച്ചാണ് നടപ്പാക്കേണ്ടത്. ഇപ്രകാരം കേന്ദ്ര പദ്ധതികൾക്ക് കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾക്ക് പുറമേ തദ്ദേശസ്ഥാപന വിഹിതവും കണ്ടെത്തേണ്ടിവരുന്നത് വരുമാനം കുറഞ്ഞ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വെല്ലുവിളി ഉയർത്തുന്നുണ്ട്. അമൃത് പോലുള്ള കോടികൾ വകയിരുത്തേണ്ട പദ്ധതികൾക്ക് നഗരസഭ വിഹിതം ഉൾപ്പെടുത്തുക എന്നത് പ്രയാസകരമാണ്. അടങ്കൽ തുകയുടെ 30 ശതമാനം മുതൽ 50 ശതമാനം വരെയുള്ള ആനുപാതിക വിഹിതം തദ്ദേശസ്ഥാപനം കണ്ടെത്തേണ്ടി വരുന്നത് പലപ്പോഴും അസാധ്യമായിതീരുന്നു. വായ്പ ലഭ്യതയും നഗരസഭകൾ നേരിടുന്ന വെല്ലുവിളിയാണ്.

ജി എസ് ടി. നടപ്പാക്കിയതിനെ തുടർന്ന് വിനോദനികുതി, പരസ്യ നികുതി എന്നിവ നഷ്ടമായ വകയിൽ വരുമാന നഷ്ടം സംഭവിച്ചു. ഇതുകൂടാതെ നിലവിൽ, കോവിഡ്-19 സാഹചര്യത്തിൽ വാടക വരവിനത്തിലും, തൊഴിൽ നികുതി ഉൾപ്പെടെ നികുതി വരുമാനത്തിലും ഗണ്യമായ കുറവ് നേരിടുന്നുണ്ട് . 2018 നു ശേഷം തുടരെ ഉണ്ടായ പ്രളയ ദുരന്തങ്ങളും വലിയ തോതിൽ അപ്രതീക്ഷിതമായ ചെലവുകൾ ഏറ്റെടുക്കാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾ നിർബന്ധിതമായി. കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ, സാമൂഹിക അടുക്കളകൾ, ക്വാറന്റീൻ കേന്ദ്രങ്ങൾ, ആർ ആർ ടി സൗകര്യങ്ങൾ, ആംബുലൻസ് സേവനങ്ങൾ എന്നിവക്ക് പണം നീക്കിവെക്കേണ്ട സാഹചര്യവും അപ്രതീക്ഷിതമായ സംഭവങ്ങൾ മൂലം ഉടലെടുത്തു. ആയതിനാൽ മറ്റു വികസന ക്ഷേമപ്രവർത്തനങ്ങൾക്ക് വകയിരുത്തിയ പണം ഇത്തരത്തിൽ ചെലവഴിക്കേണ്ടി വരികയും ചെയ്യുന്നതിനാൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഉയർന്ന വിഹിതം കണ്ടെത്തുക എന്നത് വലിയ വെല്ലുവിളിയാണ്.

പല കേന്ദ്രാവിഷ്കൃതപദ്ധതികളുടെയും വിഹിതം സംസ്ഥാന സാഹചര്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ അപര്യാപ്തമാകയാൽ നഗരസഭയുടെയും പഞ്ചായത്തുകളുടെയും അനുപാതിക വിഹിതം വകയിരുത്തൽ വർദ്ധിക്കുകയും ചെയ്തു. ഉദാഹരണത്തിന് ശുചിത്വ ഭാരത് യജ്ഞത്തിൽ ശൗചാലയത്തിനു കേന്ദ്രവിഹിതം 4,000 രൂപ മാത്രമാണ്, എന്നാൽ കേരളത്തിൽ യൂണിറ്റ് കോസ്റ്റ് 15,400 രൂപയും, വ്യത്യാസമുള്ള തുക തദ്ദേശ ഭരണസ്ഥാപനം കണ്ടെത്തണം. അതുപോലെ പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിക്കും കേന്ദ്ര വിഹിതം 1.5 ലക്ഷം മാത്രമാണ്. വീട് ഒന്നിന് യൂണിറ്റ് കോസ്റ്റ് ആയി കേരളത്തിൽ നിശ്ചയിച്ചിട്ടുള്ളത് നാല് ലക്ഷം രൂപയാണ് ഇതിലെ വ്യത്യാസം ആയ 2.5 ലക്ഷം രൂപയും കണ്ടെത്തേണ്ടതുണ്ട്. ഇത്തരത്തിൽ വാർഷിക പദ്ധതിയിൽ വിവിധ കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ ഫലപ്രദവും കാര്യക്ഷമവു

മായ ഏകോപനവും സംയോജനവും സാധ്യമാക്കുന്നതിൽ നേരിടുന്ന വെല്ലുവിളികളും ബോധപൂർവമായ ഇടപെടലുകളിലൂടെ പരിഹരിക്കണം.

**പാഠഭാഗം – സംക്ഷിപ്തം**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കായി നിലവിൽ കേന്ദ്ര-സംസ്ഥാന സർക്കാരിൽ നിന്നും ലഭിക്കുന്ന ഫണ്ട് സംബന്ധിച്ച നിലവിലെ രീതികളും വെല്ലുവിളികളുമാണ് ഈ അധ്യായത്തിൽ ചർച്ച ചെയ്യുന്നത്. സംസ്ഥാന ബജറ്റിലെ തദ്ദേശഭരണവും പ്രാദേശിക വികസനവുമായി ബന്ധപ്പെട്ട വകയിരുത്തലുകളും പരിപാടികളും മനസ്സിലാക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്ഥാപനങ്ങൾക്കുള്ള ഫണ്ടുകൾ കൈമാറ്റം ചെയ്യപ്പെടുകയും വിനിയോഗിക്കുകയും ചെയ്യുന്നതിനുള്ള മാർഗനിർദേശങ്ങളും പരിശോധിക്കുകയും ചെയ്തു. കേന്ദ്ര ഫണ്ടും പ്രത്യേക ഫണ്ടുകളുമായി ബന്ധപ്പെട്ട വ്യവസ്ഥകളും കേന്ദ്രാവിഷ്കൃതപദ്ധതികൾ നടപ്പാക്കുന്നതിന് നേരിടുന്ന വെല്ലുവിളികളുമാണ് ഈ അധ്യായത്തിൽ പ്രതിപാദിച്ചിട്ടുള്ളത്.

**പഠന പുരോഗതി വിലയിരുത്തൽ : മൂന്ന്**

I. ഒറ്റവാക്കിൽ ഉത്തരമെഴുതുക (ഒരു മാർക്ക് വീതം)

1. തദ്ദേശഭരണസ്ഥാപനങ്ങളുടെവാർഷികപദ്ധതിയിൽ ഉൾപ്പെടുത്തേണ്ട അനിവാര്യ പ്രോജക്ട് ഏത്?

   a. മണ്ണ് ജലസംരക്ഷണം

   b. അങ്കണവാടി പോഷകാഹാരം

   c. ജലസേചനപദ്ധതി

   d. ഊർജ്ജ സംരക്ഷണ പദ്ധതി

2. നഗരസഭകളിൽ പശ്ചാത്തല മേഖലയ്ക്ക് നീക്കി വെക്കാവുന്ന പരമാവധി പൊതുവിഭാഗം വികസന ഫണ്ട് വിഹിതം എത്ര?

   a. 20 b. 30 c. 50 d. 60

3. ഗ്രാമപഞ്ചായത്തുകൾ പൊതുവിഭാഗം വികസന ഫണ്ടിന്റെ സാധാരണ വിഹിതത്തിൽ നിന്നും പശ്ചാത്തലമേഖലക്ക് വകയിരുത്താവുന്ന പരമാവധി തുക എത്ര ശതമാനമാണ്?

   a. 30 b. 40 c. 50 d. 50

4. വാർഷികപദ്ധതിയിൽ വനിതാക്ഷേമ പ്രോജക്ടുകൾക്കായി നിഷ്കർഷിച്ചിട്ടുള്ള മിനിമം വിഹിതം എത്രയാണ്?

   a. 5 b. 10 c. 15 d. 20

5. കുട്ടികൾ, ഭിന്നശേഷിക്കാർ, ട്രാൻസ് വ്യക്തികൾ എന്നീ വിഭാഗങ്ങളുടെ വികസന-ക്ഷേമ പ്രോജക്ടുകൾക്കായി നീക്കിവെക്കേണ്ട മിനിമം വിഹിതം എത്രയാണ്?

a. 1 b. 2

c. 3 d. 5

II. **ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരമെഴുതുക** (രണ്ട് മാർക്ക് വീതം)

1. വികസന ഫണ്ടിൽനിന്ന് വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തേണ്ട അനിവാര്യ പ്രോജക്ടുകൾ എന്തൊക്കെയാണ്?
2. പൊതുവിഭാഗം ഫണ്ടിന്റെ മേഖലാ വിഭജനം സംബന്ധിച്ച വ്യവസ്ഥകൾ വിശദീകരിക്കുക.
3. പട്ടികജാതി ഉപപദ്ധതിതയ്യാറാക്കുന്നതിൽ മേഖലാ വിഭജനം സംബന്ധിച്ച നിബന്ധനകൾ വിശദീകരിക്കുക.
4. വയോജന ക്ഷേമത്തിനായി ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങളെക്കുറിച്ചുള്ള വ്യവസ്ഥകൾ വിശദീകരിക്കുക
5. പട്ടികജാതി സങ്കേതങ്ങളിൽ നടപ്പാക്കാൻ സാധ്യതയുള്ള പദ്ധതികൾ എന്തൊക്കെയാണ്?

III. **ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക** (അഞ്ച്മാർക്ക്)

1. കേന്ദ്ര സർക്കാർ പദ്ധതികളും ഫണ്ടുമായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന വെല്ലുവിളികൾ എന്തൊക്കെയാണ്?

## 7. സംഗ്രഹം

പ്രാദേശിക ധനകാര്യവും സാമ്പത്തിക വികസനവും ശക്തിപ്പെടുത്തുന്നതിൽ ധന വികേന്ദ്രീകരണം പ്രധാനമാണ്. ഇതിന്റെ ഭാഗമായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന വിവിധതരം ഫണ്ടുകളും അതിന്റെ നിലവിലെ രീതികളും ഇവ കൈകാര്യം ചെയ്യുന്നതിനും ധനവിനിയോഗം നടത്തുന്നതിനും നിലവിലുള്ള വ്യവസ്ഥകളുമാണ് ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നത്. പ്രാദേശിക സാമ്പത്തിക വികസനം ഫലപ്രദമാകുന്നതിൽ തനതു സ്രോതസ്സുകളും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ധനവികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിക്കുന്ന വിവിധതരം ഫണ്ടുകളും കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളുമാണ് പ്രധാന ധനസ്രോതസ്സ്. ഇക്കാരണങ്ങളാൽ കേന്ദ്ര-സംസ്ഥാന ഫണ്ടുകളും കേന്ദ്ര-സംസ്ഥാന പദ്ധതികളും സംബന്ധിച്ച വ്യവസ്ഥകളും മാനദണ്ഡങ്ങളും വിശദമായി അറിഞ്ഞിരിക്കേണ്ടതുണ്ട്. അതിനുള്ള ഉള്ളടക്കമാണ് ഈ പാഠഭാഗത്ത് ഉൾപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാന ബജറ്റിൽ മുന്നോട്ടു വച്ചിട്ടുള്ള നിർദ്ദേശങ്ങൾ മുതൽ സംസ്ഥാന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന്റെ മാനദണ്ഡങ്ങളും നടപടിക്രമങ്ങളും പ്രത്യേക ഫണ്ടുകളും

മേഖല വകയിരുത്തലുകളും കേന്ദ്രഫണ്ടുകളുമായി ബന്ധപ്പെട്ട് തദ്ദേശ ഭരണ സ്ഥാപനങ്ങൾ നേരിടുന്ന വെല്ലുവിളികളും പരിഹാര നിർദേശങ്ങളും ആണ് ഇവിടെ ചർച്ച ചെയ്യുന്നത്.

## 8. ഉത്തരസൂചിക

**പഠന പുരോഗതി വിലയിരുത്തൽ : ഒന്ന്**

| | | | | |
|---|---|---|---|---|
| 1. (a) | 2. (c ) | 3. (b) | 4. (b ) | 5. (d) |

**പഠന പുരോഗതി വിലയിരുത്തൽ : രണ്ട്**

| | | | | |
|---|---|---|---|---|
| 1. (b) | 2. (c) | 3. (a) | 4. (d) | 5. (c) |

**പഠന പുരോഗതി വിലയിരുത്തൽ : മൂന്ന്**

| | | | | |
|---|---|---|---|---|
| 1. (b) | 2. (c) | 3. (a) | 4. (b) | 5. (d) |

## 9. അവലംബം/ അധിക വായനയ്ക്ക്


1. കേരള സംസ്ഥാന ബജറ്റ് 2021-22 - അനുബന്ധം 4.
2. കേരള സംസ്ഥാന ആസൂത്രണ ബോർഡ് വാർഷിക പദ്ധതി നിർദ്ദേശങ്ങൾ 2020-21.
3. KILA (2020) നവകേരളത്തിനായി ഗ്രാമപഞ്ചായത്തുകൾ
4. KILA (2020) നവകേരളത്തിനായി നഗരസഭകൾ (Hand Books)
5. സർക്കാർ ഉത്തരവ് നമ്പർ GO (P) 177/2006/FIN dt 12/04/2006, GO(P) 119/2015/FIN dt 21/03/2015.
6. Chapter 7- XV$^{th}$ Central Finance Commission Report.
7. Reports on Fiscal Devaluation by 6$^{th}$ State Finance Commission, Kerala.

## യൂണിറ്റ് 3

# തനത് വരുമാനം പഞ്ചായത്തുകളും നഗരങ്ങളിലെ തദ്ദേശസ്ഥാപനങ്ങളും


| | | |
|---|---|---|
| 1. | പഠന ലക്ഷ്യങ്ങൾ | 47 |
| 2. | സൂചനാപദങ്ങൾ | 48 |
| 3. | ആമുഖം | 48 |
| 4. | വിഭവ വികേന്ദ്രീകരണവും സാമ്പത്തിക സ്വാതന്ത്ര്യവും | 49 |
| 5. | നികുതി നിർണയവും അപ്പീലും | 57 |
| 6. | നികുതിയേതര വരുമാനങ്ങൾ | 65 |
| 7. | വിഭവസമാഹരണം അധിക സാധ്യതകൾ | 66 |
| 8. | സംഗ്രഹം | 73 |
| 9. | ഉത്തരസൂചിക | 73 |
| 10. | അവലംബം /അധിക വായനക്ക് | 74 |

# ഫണ്ട് കൈമാറ്റം:
# അടിസ്ഥാന തത്ത്വങ്ങൾ

## 1. പഠന ലക്ഷ്യങ്ങൾ

ഈ യൂണിറ്റ് പഠിച്ച് കഴിയുമ്പോൾ പഠിതാക്കൾക്ക് ഇനി പറയുന്ന കാര്യങ്ങൾ ചെയ്യുന്നതിനായുള്ള കാര്യശേഷി ഉണ്ടാകുന്നതാണ്.

1. അധികാര വികേന്ദ്രീകരണത്തിന്റെ പ്രധാനപ്പെട്ട ഒരു സവിശേഷത ധന വികേന്ദ്രീകരണമാണ്. കേന്ദ്ര-സംസ്ഥാന ബജറ്റ്/പദ്ധതി വകയിരുത്തൽ കൂടാതെ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നികുതികൾ, ഫീസുകൾ തുടങ്ങി നിയുക്തമായ തനത് നികുതി, നികുതിയേതര വരുമാന സ്രോതസ്സുകൾ പട്ടികപ്പെടുത്തുവാൻ കഴിയുക.

2. വിവിധ നികുതി/നികുതിയേതര വരുമാന സ്രോതസ്സുകളും അവ ചുമത്തുകയും ഈടാക്കുകയും ചെയ്യുന്നതിനുള്ള വ്യവസ്ഥകളും പറയാൻ കഴിയുക.

3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണപരമായ ചെലവുകൾക്കും വികസനക്ഷേമ പ്രവർത്തനങ്ങൾക്കും വിഭവസമാഹരണം അനിവാര്യമാണെന്നും ഇക്കാര്യത്തിൽ തനത് വരുമാന സ്രോതസ്സുകൾ പ്രധാനപ്പെട്ട ഒരു ഇനം എന്ന നിലയിൽ അവ ശേഖരിക്കുന്നതിന് നേതൃത്വം നൽകാൻ കഴിയുന്നു.

4. തനത് വരുമാന സ്രോതസ്സുകളുടെ കാര്യത്തിൽ നഗര-ഗ്രാമ വ്യത്യാസങ്ങളും നികുതി ഘടനകളും വ്യവസ്ഥകളും വിശദീകരിക്കാൻ കഴിയുക.

5. രാജ്യത്തൊട്ടാകെ ഒറ്റ നികുതിഘടന നടപ്പാക്കുന്നതിന്റെ ഭാഗമായി ചരക്ക് സേവന നികുതി (ഗുഡ്സ് ആൻഡ് സർവീസ് ടാക്സ് -GST) സമ്പ്രദായം നടപ്പാക്കിയതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനത്തിൽ സംഭവിച്ച മാറ്റങ്ങൾ വിശദീകരിക്കാൻ കഴിയുക.

6. അധിക വിഭവസമാഹരണത്തിനുള്ള പുതിയ സാധ്യതകൾ ഏതൊക്കെ എന്ന് പരിശോധിക്കാനും അന്വേഷിക്കാനും അത് നടപ്പിലാക്കാനും കഴിയുക.

## 2. സൂചനാപദങ്ങൾ

1. **വസ്തു നികുതി (Property Tax):** കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 203-ഉം കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 233-ഉം അനുസരിച്ച് ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ഓരോ കെട്ടിടങ്ങൾക്കും അതിനോട് ചേർന്ന സ്ഥലത്തിന്റേതിനുമായി ചുമത്തുന്നതായ നികുതി.

2. **തൊഴിൽ നികുതി (Profession Tax):** ഭരണഘടനയുടെ അനുച്ഛേദം 276 പ്രകാരം ഗ്രാമപഞ്ചായത്തുകളും നഗരസഭകളും തൊഴിലിൽനിന്നുള്ള വരുമാനത്തിന നുസൃതമായി ചുമത്തുന്ന നികുതി.

3. **മുനിസിപ്പൽ ബോണ്ട്/ഡിബഞ്ചറുകൾ (Debentures):** മുനിസിപ്പാലിറ്റി നിയമ ത്തിലെ വകുപ്പ് 300 പ്രകാരം പുറപ്പെടുവിക്കുന്ന കൈമാറ്റം ചെയ്യാവുന്ന കടപ്പത്രങ്ങൾ.

4. **പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ (PPP):** പൊതു സ്വകാര്യ പങ്കാളിത്തത്തോ ടെ പൊതു ആവശ്യങ്ങൾക്കായുള്ള ആസ്തികൾ സൃഷ്ടിച്ച് നിശ്ചിത കാലം ആദായം എടുത്ത ശേഷം തദ്ദേശ സ്ഥാപനത്തെ/സർക്കാരിനെ തിരികെ ഏൽപ്പിക്കാനുള്ള വ്യവസ്ഥകൾ പ്രകാരം നടപ്പാക്കുന്ന പദ്ധതികൾ.

5. **സി എസ് ആർ ഫണ്ടുകൾ (CSR -Corporate Social Responsibility Fund):** സ്വകാര്യ-പൊതു സംരംഭകസ്ഥാപനങ്ങൾ അവരുടെ ആദായത്തിന്റെ നിശ്ചിത ശതമാനം സാമൂഹികസേവന പദ്ധതികൾക്കായി ചെലവഴിക്കാൻ നിയമപരമായി നീക്കിവെക്കുന്ന തുക.

## 3. ആമുഖം

ഭരണഘടനയുടെ 73, 74 ഭേദഗതികളിലൂടെ പഞ്ചായത്തുകളും നഗരസഭകളും ഭര ണഘടനാ സ്ഥാപനങ്ങളെന്ന നിലയിൽ പ്രാദേശിക സർക്കാരുകൾ ആയിത്തീരുക യും 243H, 243X എന്നീ വകുപ്പുകൾ പ്രകാരം പഞ്ചായത്തുകൾക്കും നഗരസഭകൾക്കും നിയമാനുസൃതം നികുതികൾ, ഡ്യൂട്ടി, ടോൾ, ഫീസ് എന്നിവ ഏൽപ്പിച്ചുകൊടുക്കാനും വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇതിനെത്തുടർന്ന് പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി നിയമങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സ്വാതന്ത്ര്യം അനുവദിക്കുന്നതിന്റെ ഭാഗമായി ഇവയ്ക്ക് ചുമത്താവുന്ന നികുതികളും വിശദമായി പ്രതിപാദിച്ചിരിക്കുന്നു. പഞ്ചായത്ത് രാജ് നിയമത്തിലെ XIX അദ്ധ്യായത്തിൽ 195 മുതൽ 217 വരെയുള്ള വകുപ്പുകളിൽ പഞ്ചായത്തിന്റെ ധനകാര്യവും നികുതി വരുമാന ങ്ങളും കേരള മുനിസിപ്പാലിറ്റി നിയമത്തിലെ XIV അദ്ധ്യായത്തിൽ 230 മുതൽ 309 വരെയുള്ള വകുപ്പുകളിൽ മുനിസിപ്പാലിറ്റികളുടെ ധനകാര്യവും നികുതി വരുമാനങ്ങളും സംബന്ധിച്ച വ്യവസ്ഥകളും ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിനോടനുബന്ധിച്ച ചട്ടങ്ങളും ബൈലോകളും അടിസ്ഥാനമാക്കിയാണ് പഞ്ചായത്തുകളിലും നഗരസഭകളിലും തനത് നികുതി, നികുതിയേതര വരുമാനങ്ങൾ ചുമത്തുകയും ഈടാക്കുകയും ചെയ്യുന്നത്. ഇവയെ സംബന്ധിച്ച വിശദാംശങ്ങളാണ് ഇവിടെ പരിശോധിക്കുന്നത്.

## 4. വിഭവ വികേന്ദ്രീകരണവും സാമ്പത്തിക സ്വാതന്ത്ര്യവും

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ചുമതലകളും ഉത്തരവാദിത്തങ്ങളും ഫലപ്രദമായി നിർവഹിക്കുന്നതിനാവശ്യമായ വിഭവങ്ങൾ ഇവയ്ക്ക് ലഭ്യമാകുന്നതിന് എടുത്ത തീരുമാനം ഇന്ത്യയുടെ ഭരണതലത്തിലെ സുപ്രധാനമായ നാഴികക്കല്ലായിരുന്നു. ഇക്കാര്യത്തിൽ കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാകുന്ന ഒട്ടേറെ പരിഷ്ക്കാരങ്ങൾ കൊണ്ടുവന്നു. സംസ്ഥാന പദ്ധതി അടങ്കലിന്റെ നിശ്ചിത ശതമാനം പ്രാദേശിക വികസനത്തിനായി നൽകിയതു കൂടാതെ നിയതമായ ഒരു ആസൂത്രണ പ്രക്രിയ്ക്കും തുടക്കം കുറിച്ചു.

അധികാര വികേന്ദ്രീകരണത്തിനു മുമ്പ് പഞ്ചായത്തുകളുടെയും നഗരപാലിക സ്ഥാപനങ്ങളുടെയും പ്രധാനപ്പെട്ട തനതുവരുമാന മാർഗങ്ങളായ വസ്തു നികുതി, തൊഴിൽ നികുതി എന്നിവ നിലനിർത്തുകയും പരിഷ്ക്കരിക്കുകയും ചെയ്തു. മുൻകാലങ്ങളിൽ നൽകിവന്നിരുന്ന വസ്തുകൈമാറ്റക്കരം, അടിസ്ഥാന നികുതിയിൻമേലുള്ള ഗ്രാന്റ്, വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ എന്നിവക്ക് പകരമായി സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം സംസ്ഥാന വരുമാനത്തിന്റെ നിശ്ചിത ശതമാനം ജനറൽ പർപ്പസ് ഗ്രാന്റ് ആയി നൽകി. കൈമാറി കിട്ടിയ സ്ഥാപനങ്ങൾക്ക് ആവശ്യമായ മെയിന്റനൻസ് ഗ്രാന്റും സംസ്ഥാന ബജറ്റിന്റെ ഭാഗമായി നീക്കിവെച്ചു. പ്രാദേശിക പദ്ധതിക്കുള്ള വികസന ഫണ്ടായ കാറ്റഗറി-എ, കൈമാറ്റം ചെയ്യപ്പെട്ട വിവിധ വകുപ്പുകളിലൂടെ തദ്ദേശസ്ഥാപനങ്ങൾക്ക് ലഭ്യമാകുന്ന കാറ്റഗറി-ബി ഫണ്ടുകൾ, റോഡ്/ റോഡിതര ആസ്തികളുടെ പരിപാലനത്തിനുള്ള കാറ്റഗറി-സി യിൽപ്പെട്ട മെയിന്റനൻസ് ഗ്രാന്റ്, പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളുടെ പരമ്പരാഗത പ്രവർത്തനങ്ങളുടെ പൊതുചെലവുകൾക്കായി തനതുഫണ്ടിന് സമാനമായി ചെലവഴിക്കാൻ കഴിയുന്ന കാറ്റഗറി-ഡി യിൽപ്പെട്ട ജനറൽ പർപ്പസ് ഫണ്ട് (Fund for Traditional Functions), കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കുന്നതിന് വിവിധ ഏജൻസികൾ/ മന്ത്രാലയങ്ങൾ മുഖേന ലഭിക്കുന്നതും ലോകബാങ്ക്, ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്ക്, യു എൻ ഡി പി (United Nations Development Programme) എന്നിങ്ങനെയുള്ള അന്താരാഷ്ട്ര ഏജൻസികളിൽ നിന്നും സംസ്ഥാനസർക്കാർ മുഖേന ലഭിക്കുന്ന ഫണ്ടുകളും, ജില്ലാകളക്ടർ മുഖേന ലഭിക്കുന്ന വരൾച്ച/ വെള്ളപ്പൊക്കം/ ദുരിതാശ്വാസത്തിനായുള്ള വിഹിതം ഉൾപ്പെടുന്ന കാറ്റഗറി-ഇ ഫണ്ടുകളും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്നു. ഗ്രാമപഞ്ചായത്തുകൾ/നഗരസഭകൾ എന്നിവ നിയമാനുസൃതം ചുമത്തുകയും ഈടാക്കുകയും ചെയ്യുന്ന നികുതി/നികുതിയേതര വരുമാനങ്ങൾ ഉൾപ്പെടുന്ന കാറ്റഗറി-എഫ് വിഭാഗത്തിൽപ്പെടുന്ന തനത് ഫണ്ട് (ഇവയിൽ ഗുണഭോക്തൃ വിഹിതങ്ങളും, ഇ എം ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ എന്നിവയും ഉൾപ്പെടും), വിവിധ വികസന പദ്ധതികൾക്കായി വായ്പകൾ/ബോണ്ടുകൾ/കടപ്പത്രങ്ങൾ എന്നിവ വഴി സമാഹരിക്കുന്നതുമായ കാറ്റഗറി-ജി വിഭാഗത്തിൽപ്പെടുന്ന വരുമാനങ്ങളും ചേർന്നതാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാന സ്രോതസ്സുകൾ. ധനകാര്യ വകുപ്പിന്റെ 12.4.2006 ലെ GO(P)177/2006/Fin നമ്പർ ഉത്തരവ് പ്രകാരമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകൾ, പണമിടപാടുകൾ എന്നിവ കൈകാര്യം ചെയ്യുന്നതിനുള്ള വിശദമായ നടപടി ക്രമങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. മൂന്ന് ഗഡുക്കളായി

സർക്കാർ ഫണ്ടിൽ നിന്നും തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അലോട്ട്മെന്റ് നൽകുന്ന രീതിയിലാണ് ഫണ്ട് അനുവദിക്കുന്നത്.

## തദ്ദേശ ഭരണത്തിലെ സാമ്പത്തിക സ്വാതന്ത്ര്യം

സംസ്ഥാന സർക്കാരിന്റെ പരിപാടികൾ നടപ്പാക്കുന്ന വികസന ഏജൻസികൾ എന്ന നിലയിൽ നിന്നും ഭരണഘടനാപദവിയുള്ള പ്രാദേശിക ഭരണസ്ഥാപനങ്ങൾ എന്ന നിലയിലേക്ക് പഞ്ചായത്ത് രാജ്/നഗരപാലിക സ്ഥാപനങ്ങൾ മാറുകയുണ്ടായി. ഇതിന്റെ ഫലമായി വകുപ്പുകളുടെ സാമ്പത്തിക നിയന്ത്രണങ്ങൾ ഒഴിവാക്കപ്പെടുകയും പങ്കാളിത്ത ജനാധിപത്യത്തിൽ അധിഷ്ഠിതമായി പണം കണ്ടെത്താനും ചെലവഴിക്കാനുമുള്ള അധികാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുകയും ചെയ്തു. നിയമത്തിനും ചട്ടങ്ങൾക്കും മാർഗ നിർദ്ദേശങ്ങൾക്കും വിധേയമായി വിഭവസമാഹരണവും ധനവിനിയോഗവും സാധ്യമാക്കാനുള്ള പൂർണ അധികാരം ഇന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ട്.

ലഭ്യമായ പദ്ധതിവിഹിതങ്ങളും മറ്റ് വിഭവസ്രോതസ്സുകളും വിനിയോഗിക്കുന്നതിനെക്കുറിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതിനുള്ള സ്വാതന്ത്ര്യവും സ്വയംഭരണാവകാശവും വിനിയോഗിക്കുന്നതിനൊപ്പം സാമ്പത്തിക അച്ചടക്കവും സമ്പൂർണ്ണ വിഭവസമാഹരണ നടപടികളും പ്രാദേശിക സർക്കാരുകളുടെ അനിവാര്യമായ ഉത്തരവാദിത്തമാണ്.

## തനത് സ്രോതസ്സുകൾ – കേരള പശ്ചാത്തലം

ധനവികേന്ദ്രീകരണ ശ്രമങ്ങൾ കേരളത്തിന്റെ സവിശേഷമായ ഒരു ഇടപെടലാണ്. ഇക്കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാകാവുന്ന തത്ത്വങ്ങൾക്ക് കേരളം രൂപം നൽകുകയുണ്ടായി. ധനവികേന്ദ്രീകരണത്തിൽ കേരളം പിന്നിട്ട വഴികൾ പരിശോധിക്കാം.

കേരളത്തിൽ 73, 74 ഭരണഘടനാ ഭേദഗതികൾക്ക് മുന്നേതന്നെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തനത് നികുതികൾ ഏർപ്പെടുത്താനുള്ള അധികാരം നൽകിയിരുന്നു. വസ്തുനികുതി, തൊഴിൽ നികുതി, വിനോദ നികുതി, പരസ്യ നികുതി എന്നിവ അത്തരത്തിലുള്ളവയാണ്. വസ്തു നികുതിയുടെ കാര്യത്തിൽ ചുമത്താവുന്ന നികുതിയുടെ കുറഞ്ഞതും പരമാവധിയുമായ പരിധികൾ സംസ്ഥാന സർക്കാർ നിശ്ചയിക്കുകയും ഇതിന് വിധേയമായി കെട്ടിടത്തിന്റെ വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി ചുമത്താനുള്ള അധികാരം പഞ്ചായത്തുകളും നഗരസഭകളും വിനിയോഗിക്കുകയും ചെയ്തു. ഇവ ചുമത്തുന്നതിലും വസൂലാക്കുന്നതിലും തദ്ദേശസ്ഥാപനങ്ങൾ ഫലപ്രദമായി പ്രവർത്തിച്ചു പോന്നു. 2011 മുതൽ തറവിസ്തീർണ്ണാടിസ്ഥാനത്തിലേക്ക് മാറ്റി മാനദണ്ഡങ്ങൾ പരിഷ്കരിച്ചു.

സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ ഭൂനികുതിയുടെയും സ്റ്റാമ്പ് ഡ്യൂട്ടിയുടെയും നിശ്ചിത ശതമാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതമായി വർഷാവർഷം നൽകി പോരുകയും ചെയ്തിരുന്നു. മോട്ടോർ വാഹന നികുതിയായി ഈടാക്കിയിരുന്ന തുകയുടെ 20% വരുന്ന തുക “വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ” ഫണ്ട് ആയി തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങൾക്ക് വീതിച്ചു നൽകുകയും ചെയ്തു. ഇതുകൂടാതെ വിവിധ ഇനം "സ്പെസിഫിക് പർപ്പസ് ഗ്രാന്റുകളും (Specific Purpose Grants)" സംസ്ഥാന സർക്കാർ പല ഘട്ടങ്ങളിലും പഞ്ചായത്തുകൾക്കും നഗരസഭകൾക്കും നൽകി പോന്നിരുന്നു. ഉദാ: കുടിവെള്ള വിതരണം, വഴിവിളക്ക്, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ എന്നിവയ്ക്ക്. നികുതികളും ഗ്രാന്റുകളും കൂടാതെ പഞ്ചായത്തുകളും നഗരസഭകളും തനതുവരുമാനം കണ്ടെത്തുന്നതിന്റെ ഭാഗമായി വാണിജ്യ കെട്ടിടങ്ങളും മാർക്കറ്റ് കെട്ടിടങ്ങൾ പോലുള്ള ആദായകരമായ പദ്ധതികൾക്ക് രൂപം നൽകുകയും വാടക ഇനത്തിൽ വരുമാനം ആർജിക്കുകയും ചെയ്യുന്നു.

മുനിസിപ്പൽ ബോണ്ടുകളും, കടപ്പത്രങ്ങളുംവഴി (Debentures) വൻകിട പദ്ധതികൾക്ക് ധനസ്രോതസ്സ് കണ്ടെത്തുന്നത് ഇന്ന് സർവ്വസാധാരണമാണ്. 1969 ൽ കോഴിക്കോട് കോർപ്പറേഷൻ കേന്ദ്ര ധനവകുപ്പിന്റെ അനുമതിയോടെ കടപ്പത്രം പുറപ്പെടുവിക്കുകയും 30 ലക്ഷം രൂപ പൊതുജനങ്ങളിൽ നിന്ന് സമാഹരിച്ച് പ്രാദേശിക സാമ്പത്തികവികസനം നേടുകയും കൃത്യമായി തിരിച്ചടച്ച് മാതൃക സൃഷ്ടിക്കുകയും ചെയ്തു.

ഇന്ത്യയിൽ ആദ്യമായി വില്ലേജ് പഞ്ചായത്തുകൾക്ക് വാണിജ്യാധിഷ്ഠിത വരുമാന ദായക പദ്ധതികൾക്ക് വായ്പ ലഭ്യമാക്കാനായി കേരളം 1970 ൽ റൂറൽ ഡെവലപ്മെന്റ് ബോർഡ് രൂപീകരിച്ചു. ഇതേ പോലെ നഗരസഭകൾക്കായി 1970ൽ കേരള അർബൻ ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പേറേഷനും (KURDFC) രൂപീകരിച്ച് മാതൃക സൃഷ്ടിച്ചു. ഇപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വായ്പാനുമതി ലഭ്യമാക്കുന്നതിന് 1963 ൽ കേരള ലോക്കൽ അതോറിട്ടീസ് ലോൺസ് ആക്ട് (Kerala Local Authorities Loans Act) പാസാക്കുകയും ചെയ്തു.

കേരളത്തിൽ ഗ്രാമ-നഗരാന്തരം കുറച്ചുകൊണ്ട് വരുന്നതിനും അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും എല്ലായിടത്തും ഉറപ്പുവരുത്തുന്നതിനും ലക്ഷ്യം വെച്ചുള്ള തദ്ദേശസ്വയംഭരണ മാതൃക സൃഷ്ടിക്കുകയും തദ്ദേശ സ്വയംഭരണ മന്ത്രാലയത്തിനു കീഴിൽ ഇവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുക വഴി പ്രാദേശിക ഭരണസംവിധാനം ശക്തിപ്പെടുത്തി.

### തദ്ദേശഭരണം – തനത് വിഭവ സ്രോതസ്സുകൾ

തനതായി നികുതികൾ ചുമത്തുന്നതിനും നികുതിയേതര വരുമാനങ്ങളായ ലീസ്, ഫീസുകൾ, ടോളുകൾ, ലൈസൻസുകൾ മുതലായവ ഈടാക്കാനും ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും മാത്രമാണ് അധികാരമുള്ളത്. ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും പരമ്പരാഗത തനത് വരുമാന സ്രോതസുകളെ നികുതി വരുമാനങ്ങൾ, നികുതിയേതര വരുമാന മാർഗങ്ങൾ എന്നിങ്ങനെ രണ്ട് വിഭാഗങ്ങളായി തിരിക്കാം.

### നികുതി വരുമാനങ്ങൾ

നികുതി വരുമാനങ്ങൾ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും നേരിട്ടു ചുമത്തുകയും ഡിമാന്റ് നോട്ടീസ് നൽകി നേരിട്ട് പിരിച്ചെടുക്കുകയും ചെയ്യുന്നു. നികുതികളായി കിട്ടേ

ണ്ട തുകകൾ വസൂലാക്കുന്നതിന് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് അടിസ്ഥാനമാക്കി ബിൽ പ്രകാരം ആവശ്യപ്പെടാവുന്നതും നിയമാനുസൃതം വസാലുക്കുന്നതുമാകുന്നു. ഇപ്രകാരം കിട്ടാനുള്ള തുക അതു നൽകേണ്ടതായ തിയ്യതിയിൽ നൽകാത്തപക്ഷം പിഴ ഈടാക്കാനും തദ്ദേശസ്ഥാപനങ്ങൾക്ക് അധികാരമുണ്ട്. ലഭിക്കേണ്ട എല്ലാ നികുതികളും ചാർജ്ജുകളും നേരിട്ട ചെലവുകളും 1968 ലെ കേരള ഭൂനികുതി വസൂലാക്കൽ നിയമത്തിലെ (Kerala Land Revenue Recovery Act) വ്യവസ്ഥകൾ പ്രകാരം ഭൂമിയിൻമേലുള്ള നികുതി കുടിശ്ശിക എന്ന പോലെ വസൂലാക്കി എടുക്കാനധികാരമുണ്ട്.

## വസ്തുനികുതി (Property Tax)

ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും തനത് വിഭവ സ്രോതസ്സുകളിൽ മുഖ്യ ഇനം വസ്തുനികുതിയാണ്. ഈ ഇനത്തിൽ ഗ്രാമപഞ്ചായത്തുകൾ പ്രതിശീർഷം 37/- രൂപ വീതവും നഗരങ്ങൾ 227/- രൂപ തോതിലും പ്രദേശ വാസികളിൽ നിന്നും നികുതി ഈടാക്കി വരുന്നതായി പഠനങ്ങൾ തെളിയിക്കുന്നു. 2009 ലെ വസ്തുനികുതി ചുമത്തുന്നതുമായി ബന്ധപ്പെട്ട നിയമഭേദഗതിക്കും 2011 ലെ വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളും അംഗീകരിക്കുന്നതിനും മുമ്പ് കെട്ടിടങ്ങളുടെയും ചേർന്നിരിക്കുന്ന ഭൂമിയുടെയും വാർഷികമൂല്യത്തിന്റെ നിശ്ചിത ശതമാനം സർക്കാർ നിശ്ചയിച്ച മിനിമം നിരക്കിന് വിധേയമായി പഞ്ചായത്ത് കമ്മിറ്റി/നഗരസഭ കൗൺസിൽ തീരുമാനപ്രകാരം വസ്തു നികുതിയായി ചുമത്തുകയാണ് ചെയ്തിരുന്നത്. പൊതു ആവശ്യങ്ങൾക്കുള്ള നികുതി, വിളക്കുവെപ്പ് നികുതി, ഡ്രെയിനേജ് നികുതി, ജല നികുതി, ശുചീകരണ നികുതി എന്നീ ഇനങ്ങളിലാണ് അടിസ്ഥാന നിരക്കുകൾ നിശ്ചയിച്ച് നികുതി ചുമത്തിയിരുന്നത്. ഗ്രാമപഞ്ചായത്തുകൾക്ക് വാർഷിക വാടക മൂല്യത്തിന്റെ മിനിമം ആറ് ശതമാനവും മാക്സിമം 10 ശതമാനവും എന്നതിന് വിധേയമായി നിരക്ക് നിശ്ചയിച്ച് നികുതി ഈടാക്കാനാണ് വ്യവസ്ഥ ചെയ്തിരുന്നത്. മുനിസിപ്പാലിറ്റികളുടെ കാര്യത്തിൽ ഒമ്പത് ശതമാനത്തിൽ കുറയാതെയും 25 ശതമാനത്തിൽ കവിയാതെയുമുള്ള നിരക്കിലും മുനിസിപ്പൽ കോർപ്പറേഷനുകളുടെ കാര്യത്തിൽ 12 ശതമാനത്തിൽ കുറയാതെയും 25 ശതമാനത്തിൽ കവിയാതെയും വസ്തു നികുതി ചുമത്തുന്നതിന് കൗൺസിലുകൾക്ക് അധികാരം നൽകിയിരുന്നു.

തുടർന്ന് 2009 ലെ പഞ്ചായത്ത് രാജ് മുനിസിപ്പാലിറ്റി നിയമ ഭേദഗതികളെ തുടർന്ന് വാർഷിക വാടക മൂല്യത്തിന് പകരം ഓരോയിനം കെട്ടിടത്തിന്റെയും ചതുരശ്രമീറ്ററിലുള്ള തറ വിസ്തീർണ്ണം (Plinth Area) അടിസ്ഥാനമാക്കി അടിസ്ഥാന വസ്തു നികുതി നിശ്ചയിക്കാനും ഇപ്രകാരം അടിസ്ഥാന വസ്തു നികുതി നിരക്കുകൾ നിശ്ചയിക്കുന്നതിന് ഉപയോഗ ക്രമം അനുസരിച്ച് കെട്ടിടങ്ങളെ തരം തിരിക്കാനും വ്യവസ്ഥ ചെയ്തു. പാർപ്പിടാവശ്യം, വ്യാവസായികം, വിദ്യാലയങ്ങൾ, ആശുപത്രികൾ, അമ്യൂസ്മെന്റ് പാർക്കുകൾ, മൊബൈൽ ടവർ, വാണിജ്യാവശ്യങ്ങൾ, മറ്റാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ എന്നിങ്ങനെയാണ് കെട്ടിടങ്ങളെ തരംതിരിക്കുന്നത്.

ഇപ്രകാരമുള്ള ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളുടെയും അടിസ്ഥാന വസ്തു നികുതി, നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധി വിജ്ഞാപനം മൂലം സർക്കാർ നിശ്ചയിക്കുന്നതിന് വിധേയമായി ഗ്രാമപഞ്ചായത്തുകൾക്കും നഗര

സഭകൾക്കും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ അഞ്ച് വർഷക്കാലയളവിലേക്ക് ബാധകമായിരിക്കുന്നതാണ്.

വസ്തു നികുതി അടിസ്ഥാന നിരക്കുകളുടെ താരതമ്യ പട്ടിക ഇനി ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിടത്തിന്റെ തരം | ഗ്രാമ പഞ്ചായത്ത് (ച.മീറ്ററിന്) | മുനിസിപ്പാലിറ്റി (ച.മീറ്ററിന്) | മുനിസിപ്പൽ കോർപ്പറേഷൻ (ച.മീറ്ററിന്) |
|---|---|---|---|---|
| 1 | പാർപ്പിടാവശ്യം | Rs 3 to 8 | Rs 6 to 15 | Rs 8 to 20 |
| 2 | വാണിജ്യം | Rs 30 to 90 | Rs 40 to 140 | Rs 60 to 160 |
| 3 | വ്യവസായം | Rs 40 to 60 | Rs 50 to 70 | Rs 70 to 90 |
| 4 | പരമ്പരാഗത വ്യവസായം | Rs 10 to 20 | Rs 15 to 30 | Rs 20 to 40 |
| 5 | ഓഫീസ് കെട്ടിടം | Rs 30 to 50 | Rs 40 to 70 | Rs 60 to 90 |
| 6 | വിദ്യാഭ്യാസം | Rs 3 to 8 | Rs 6 to 15 | Rs 8 to 20 |
| 7 | ആശുപത്രികൾ | Rs 3 to 8 | Rs 6 to 15 | Rs 8 to 20 |
| 8 | ഓഡിറ്റോറിയം മുതലായവ | Rs 20 to 40 | Rs 30 to 50 | Rs 40 to 60 |
| 9 | റിസോർട്ടുകൾ | Rs 80 to 90 | Rs 80 to 90 | Rs 80 to 90 |
| 10 | അമ്യൂസ്മെന്റ് പാർക്കുകൾ | Rs 20 to 40 | Rs 30 to 50 | Rs 40 to 60 |
| 11 | മൊബൈൽ ടവർ | Rs 400 to 500 | Rs 400 to 500 | Rs 400 to 500 |

### തൊഴിൽ നികുതി (Profession Tax)

ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ചുമത്തുന്ന നികുതിയാണിത്. വസ്തു നികുതി കഴിഞ്ഞാൽ പ്രധാന നികുതി സ്രോതസ്സാണിത്. ഒരു തദ്ദേശഭരണസ്ഥാപന പ്രദേശത്തെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ട് എല്ലാ മാർഗങ്ങളിലൂടെയും വരുമാനം ലഭിക്കുന്ന എല്ലാവരും സ്ഥാപനങ്ങളും തൊഴിലിൽ നിന്നുള്ള വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥരാണ്. ഭരണഘടനയിലെ അനുച്ഛേദം 276 പ്രകാരമാണ് ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും തൊഴിൽ നികുതി (Taxes on Professions, Trades, Callings and Employment) ചുമത്താനുള്ള അധികാരം ലഭിച്ചത്. കേന്ദ്ര സർക്കാർ ചുമത്തുന്ന ആദായനികുതിക്ക് (Income Tax) പുറമെയാണ് വരുമാനത്തിൻ മേലുള്ള മറ്റൊരു നികുതിയായി തൊഴിൽ നികുതി നൽകിയിട്ടുള്ളത്. ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ജോലി/തൊഴിൽ ചെയ്തിട്ടുള്ള എല്ലാവരും ഇനിപറയുന്ന വരുമാന പരിധിയുടെ ക്രമത്തിൽ തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥരാണ്. നിലവിലുള്ള തൊഴിൽ നികുതി നിരക്കുകളുടെ പട്ടിക ഇനി ചേർക്കുന്നു.

**തൊഴിൽ നിരക്കുകൾ (ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും ബാധകം)**

| ക്ലാസ് | അർദ്ധവാർഷിക വരുമാനം | തൊഴിൽ നികുതി നിരക്ക് |
|---|---|---|
| I | 12,000 മുതൽ 17,999 വരെ | Rs: 120/- |
| II | 18,000 മുതൽ 29,999 വരെ | Rs: 180/- |
| III | 30,000 മുതൽ 44,999 വരെ | Rs: 300/- |
| IV | 45,000 മുതൽ 59,999 വരെ | Rs: 450/- |
| V | 60,000 മുതൽ 74,999 വരെ | Rs: 600/- |
| VI | 75,000 മുതൽ 99,999 വരെ | Rs: 750/- |
| VII | 1 ലക്ഷം മുതൽ 1,24,999 വരെ | Rs: 1000/- |
| VIII | 1,25,000 ന് മുകളിൽ | Rs: 1250/- |

ഓരോ തൊഴിലുടമയും സ്ഥാപന മേധാവികളും തങ്ങളുടെ സ്ഥാപനത്തിൽ നികുതിക്ക് വിധേയമായവരുടെ പട്ടിക സമർപ്പിക്കാൻ ബാധ്യസ്ഥരായിരിക്കുന്നതും ഇപ്രകാരം നികുതി അടക്കേണ്ടതായ എല്ലാ ജീവനക്കാരുടേയും നികുതി തിട്ടപ്പെടുത്തി തുക റിക്കവറി ചെയ്ത് പഞ്ചായത്ത്/നഗരസഭയിൽ അടക്കേണ്ടതുമാണ്. തൊഴിൽ നികുതി നിശ്ചയിക്കുന്നതിനും ഈടാക്കുന്നതിനുമായി 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളും, 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി ചട്ടങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. അർദ്ധ വർഷത്തിൽ 12000/- രൂപയിൽ താഴെ വരുമാനമുള്ളവരെ തൊഴിൽ നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

## മറ്റ് നികുതി വരുമാനങ്ങൾ

വിനോദ നികുതി, പരസ്യ നികുതി, സർവീസ് ടാക്സ്, സർ ചാർജ്ജ്, (ഭൂപരിവർത്തന ഉപനികുതി, തടി നികുതി, മൃഗങ്ങളുടേയും യാനപാത്രങ്ങളുടേയും മേലുള്ള നികുതി-നഗര സഭകൾക്ക് മാത്രം ബാധകം) എന്നിവയാണ് മറ്റ് നികുതി വരുമാന സ്രോതസ്സുകൾ. ഇവയിൽ പ്രധാന വരുമാന സ്രോതസ്സുകളായ വിനോദ നികുതി, പരസ്യ നികുതി എന്നിവ ചരക്ക് സേവന നികുതി (ഗുഡ്സ് ആൻഡ് സർവീസ് ടാക്സ്- ജി എസ് ടി) സമ്പ്രദായം രാജ്യത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി പരോക്ഷ നികുതികൾ ഏകീകരിച്ച് രാജ്യത്തിനാകെ ഒരൊറ്റ നികുതി സമ്പ്രദായം നടപ്പാക്കിയതിനെ തുടർന്ന് ഇത്തരം സ്രോതസ്സുകളിൽ നിന്നുള്ള വരുമാനം ഗണ്യമായി കുറഞ്ഞിരിക്കുന്നു. വിനോദ നികുതി പ്രധാനമായും സിനിമാ പ്രദർശനവുമായി ബന്ധപ്പെട്ടിരിക്കുന്നു. തീയേറ്ററിൽ നൽകുന്ന ടിക്കറ്റ് നിരക്കിന് ആനുപാതികമായി കേരള ലോക്കൽ അതോറിട്ടീസ് എന്റർടൈമെന്റ് ആക്ട് – 1961 പ്രകാരമാണ് വിനോദ നികുതി ഈടാക്കി വരുന്നത്.

ടിക്കറ്റ് നിരക്കിന്റെ നിശ്ചിത ശതമാനമാണ് വിനോദ നികുതി ചുമത്തുന്നത്. 2017 ൽ ജി എസ് ടി നടപ്പാക്കിയതിനെ തുടർന്ന് വിനോദ നികുതി ചുമത്തുന്നത് ഒഴിവാക്കപ്പെട്ടു എങ്കിലും ഈ ഇനത്തിലെ ജി എസ് ടി 18% ആയി കുറവു ചെയ്തതിനാൽ സംസ്ഥാന സർക്കാർ സിനിമ ടിക്കറ്റുകളുടെ മേൽ വിനോദ നികുതി കൂടി ഈടാക്കാൻ ഉത്തരവ് നൽകുകയുണ്ടായി. 100/- രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് അഞ്ച് ശതമാനവും അതിൽ കൂടുതൽ വരുന്നവയ്ക്ക് 8.5% നിരക്കിലും ആണ് വിനോദ നികുതി ഈടാക്കാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. പരസ്യനികുതി ജി എസ് ടിയിൽ ഉൾപ്പെടുത്തിയതിനെ തുടർന്ന് തദ്ദേശസ്ഥാപനങ്ങൾ ചുമത്തുന്ന പരസ്യ നികുതി വരുമാനം പൂർണമായും നഷ്ടപ്പെട്ട അവസ്ഥയാണ്. എന്നാൽ പൊതുസ്ഥലങ്ങളിൽ പരസ്യം സ്ഥാപിക്കുന്ന തിന് നഗരസഭ/പഞ്ചായത്തിന്റെ അനുമതി ആവശ്യമാണ്. ആയതിന് പൊതുതെരു വിലോ, റോഡിലോ, പൊതുസ്ഥലത്തോ, അതിന് മുകളിലോ പരസ്യ ബോർഡുകളും കമാനങ്ങളും സ്ഥാപിക്കുന്നതിനുള്ള ചട്ടങ്ങൾ പ്രകാരം ബൈലോ തയ്യാറാക്കി ഫീസ് ചുമത്താവുന്നതാണ്.

ഇവ കൂടാതെ മുനിസിപ്പൽ പ്രദേശത്തേക്ക് കൊണ്ടുവരുന്ന തടിക്ക് കൗൺസിൽ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ ടണ്ണിന് 24 രൂപയിൽ അധികരിക്കാത്ത നിരക്കിൽ തടി നികുതി ഈടാക്കാവുന്നതാണ്. മറ്റ് മേഖലയിലേക്ക് കൊണ്ടുപോകാനായി കടന്നു പോകുന്ന വാഹനങ്ങളിലെ തടികൾക്ക് നികുതി ബാധകമല്ല.

### പാഠഭാഗം – സംക്ഷിപ്തം

1. ഭരണഘടനാ സ്ഥാപനങ്ങൾ എന്ന നിലയിൽ പഞ്ചായത്ത്/ നഗരസഭകൾക്ക് നിയമാനുസൃതം നികുതികൾ, ടോൾ, ഫീസ് എന്നിവ ചുമത്താനും ഈടാക്കാനും അധികാരമുണ്ട്. സാമ്പത്തിക സ്വാതന്ത്ര്യത്തിന്റെ ഭാഗമാണ് ഇത്തരം തനത് നികുതി/നികുതിയേതര ധനസ്രോതസ്സുകൾ നൽകിയിരിക്കുന്നത്.
2. പഞ്ചായത്ത് രാജ് നിയമത്തിലെ അധ്യായം XIX ലും മുനിസിപ്പാലിറ്റി നിയമത്തിലെ അധ്യായം XIV ലും പ്രാദേശിക നികുതികളും ധനകാര്യ വ്യവസ്ഥകളും ഉൾക്കൊള്ളിച്ചിരിക്കുന്നു.
3. വിഭവ വികേന്ദ്രീകരണവും സാമ്പത്തിക സ്വാതന്ത്ര്യവും ഉറപ്പുവരുത്തുന്ന പരിഷ്ക്കാരങ്ങൾ കൊണ്ടുവന്നു.
4. തദ്ദേശഭരണസ്ഥാപനങ്ങളുടെ തനത് ധനസ്രോതസ്സുകൾ ഏതൊക്കെ എന്നും ഇവയുടെ പശ്ചാത്തലവും വിശദമാക്കുന്നു.
5. ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും പരമ്പരാഗത വിഭവ സ്രോതസ്സുകളായ വസ്തുനികുതി, തൊഴിൽ നികുതി എന്നിവയുടെ വിശദീകരണം നൽകുന്നു.
6. മറ്റ് നികുതി വരുമാനങ്ങളുടെ നിലവിലുള്ള അവസ്ഥ വിവരിക്കുന്നു.

## പഠന പുരോഗതി വിലയിരുത്തൽ : ഒന്ന്

I. ഒറ്റവാക്കിൽ ഉത്തരമെഴുതുക (ഒരു മാർക്ക് വീതം)

1. ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും മുഖ്യ തനത് നികുതി സ്രോതസ്സ് ഏതാണ്?

a. കെട്ടിട നികുതി b. വസ്തു നികുതി

c. തൊഴിൽ നികുതി d. ജി എസ് ടി

2. സംസ്ഥാന സർക്കാർ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും പരമ്പരാഗത പ്രവർത്തനങ്ങൾക്ക് ചെലവഴിക്കാൻ തനത് ഫണ്ടിനു സമാനമായി നൽകുന്ന ഫണ്ട് ഏത്?

a. മെയിന്റനൻസ് ഫണ്ട് b. പ്ലാൻ ഫണ്ട്

c. ജനറൽ പർപ്പസ് ഫണ്ട് d. സ്പെസിഫിക് പർപ്പസ് ഫണ്ട്

3. നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാന സ്രോതസ്സിൽ ഉൾപ്പെടാത്തത് ഏത്?

a. വസ്തു നികുതി b. തൊഴിൽ നികുതി

c. വിനോദ നികുതി d. പരസ്യ നികുതി

4. കേരളത്തിൽ കടപ്പത്രം വഴി ധനം സമാഹരിച്ച് വികസനത്തിന് ധനം സമാഹരിച്ച ആദ്യത്തെ നഗരസഭ ഏത്?

a. കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

b. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

c. തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ

d. ഇവയൊന്നുമല്ല

5. നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം 100 രൂപയിൽ താഴെയുള്ള സിനിമ ടിക്കറ്റിനുമേൽ ചുമത്താവുന്ന വിനോദ നികുതി നിരക്ക് എത്ര?

a. 2% b. 5%

c. 8.5% d. 18%

II. **തെറ്റോ ശരിയോ എന്ന് എഴുതുക** (ഒരു മാർക്ക് വീതം)

1. ബ്ലോക്ക് പഞ്ചായത്തുകൾക്ക് വസ്തു നികുതി ചുമത്താൻ അധികാരമുണ്ട്?

ശരി/തെറ്റ്

2. അടിസ്ഥാന വസ്തുനിരക്കുകളുടെ മിനിമം നിരക്ക് തീരുമാനിക്കാനുള്ള അധികാരം നഗരസഭകൾക്കുണ്ട്?

ശരി/തെറ്റ്

3. നിയമത്തിനും ചട്ടങ്ങൾക്കും വിധേയമായി സ്വതന്ത്രമായ വിഭവ സമാഹരണത്തിനും ധനവിനിയോഗത്തിനുമുള്ള സ്വയംഭരണാധികാരം പഞ്ചായത്ത് / നഗരസഭകൾക്കുണ്ട്?

ശരി/തെറ്റ്

III. **ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക** (അഞ്ച് മാർക്ക് വീതം)

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്വാതന്ത്ര്യത്തെക്കുറിച്ച് വിശദീകരിക്കുക

2. നഗരസഭകളുടെ തനത് വരുമാന സ്രോതസ്സുകളെക്കുറിച്ച് വിശദീകരിക്കുക.

3. ഗ്രാമപഞ്ചായത്ത് / നഗരസഭകളുടെ പ്രധാന നികുതി വരുമാനങ്ങളേതൊക്കെ? ഇവയുടെ നിബന്ധനകൾ ഏവ? വിശദീകരിക്കുക.

## 5. നികുതി നിർണയവും അപ്പീലും

വസ്തു നികുതി ചുമത്തുന്നതിന്റെ നികുതി നിർണയ രീതി പരിശോധിക്കാം.

### വസ്തുനികുതി ചട്ടങ്ങൾ

പഞ്ചായത്ത്/നഗരസഭകളുടെ ഏറ്റവും പ്രധാന വരുമാന സ്രോതസ്സായ വസ്തുനികുതി കൃത്യമായി നിർണയിച്ച് പിരിച്ചെടുക്കേണ്ടത് സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തി സുസ്ഥിരമാക്കുന്നതിന് അത്യന്താപേക്ഷിതമാണ്.

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും) ചട്ടങ്ങളും 2011 ലെ കേരള പഞ്ചായത്ത് വസ്തുനികുതിയും സേവന നികുതിയും ചട്ടങ്ങളും പ്രകാരം തറവിസ്തീർണ്ണ അടിസ്ഥാനത്തിലാണ് നികുതി നിർണയിക്കേണ്ടത്. 14/01/2011ന് ശേഷം നിലവിൽ വന്ന പുതിയ കെട്ടിടങ്ങൾക്കെല്ലാം മേൽ പ്രകാരമുള്ള മാനദണ്ഡ പ്രകാരമാണ് വസ്തുനികുതി നിർണയിക്കേണ്ടത്. അതിന് മുമ്പ് നിലവിൽ ഉണ്ടായിരുന്ന എല്ലാ കെട്ടിടങ്ങൾക്കും 01/04/2016 മുതൽ പുതിയ രീതിയിൽ ഉള്ള പരിഷ്ക്കരണം ബാധകമാക്കിയാൽ മതിയെന്ന് സർക്കാർ വ്യക്തമാക്കുകയുണ്ടായി. ഓരോ ഇനം കെട്ടിടങ്ങൾക്കും ബാധകമായ ഏറ്റവും കുറഞ്ഞ നിരക്കും കൂടിയ നിരക്കും നിശ്ചയിച്ചു കൊണ്ടുള്ള അടിസ്ഥാന വസ്തു നികുതി സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇപ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്ക് വിജ്ഞാപനം ചെയ്യുന്നതോടൊപ്പം ഗ്രാമപഞ്ചായത്ത്/നഗരസഭ പ്രദേശത്തെ സോണുകളാക്കി തിരിച്ചുള്ള വിജ്ഞാപനവും നടത്തണം.

### സോണുകൾ തരംതിരിക്കൽ

മാനദണ്ഡങ്ങൾക്ക് വിധേയമായി തദ്ദേശസ്ഥാപനത്തിന്റെ ഭൂപ്രദേശത്തിനെ മുഴുവൻ പ്രാഥമിക മേഖലകൾ, ദ്വിതീയ മേഖലകൾ, തൃതീയ മേഖലകൾ എന്നിങ്ങനെ മൂന്നായി

തരം തിരിക്കേണ്ടതാണ്. യാതൊരു കാരണവശാലും പ്രാഥമിക, ദ്വിതീയ മേഖലകൾ ഒഴിവാക്കാൻ പാടില്ലാത്തതാകുന്നു. മേഖലകളുടെ തരം തിരിവ് പഞ്ചായത്ത്/മുനിസിപ്പാലിറ്റിയിലെ വാർഡുകളുടെ അടിസ്ഥാനത്തിൽ ആയിരിക്കണമെന്നില്ല. ഇതിനായി കരട് തയ്യാറാക്കി പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങൾ പരിശോധിച്ച് മേഖലയെ സംബന്ധിച്ച അന്തിമ തീരുമാനം എടുക്കേണ്ടതാണ്. അടുത്ത നടപടി തദ്ദേശസ്ഥാപന പരിധിയിലെ റോഡുകളുടെ പ്രാധാന്യം അനുസരിച്ച് തരംതിരിക്കലാണ്.

## റോഡുകൾ തരം തിരിക്കൽ

കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ (വഴി സൗകര്യം ഇല്ലാത്തത് ഉൾപ്പെടെ) വഴികളെ നാല് തരം ആയി തിരിച്ചിട്ടുണ്ട്. അഞ്ച് മീറ്ററിൽ കൂടുതൽ വീതിയുള്ളവ, അഞ്ച് മീറ്ററിനും 1.5 മീറ്ററിൽ ഇടയിലുള്ളവ, ഒന്നര മീറ്റർ കുറഞ്ഞ വീതി, പൊതുവഴി സൗകര്യമില്ലാത്തവ എന്നിങ്ങനെയാണ് തിരിക്കുന്നത്. അടിസ്ഥാന നികുതിയോട് മേഖലാപരവും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുമുള്ള പരിഗണനകൾ നൽകി നികുതി തിട്ടപ്പെടുത്തുന്ന രീതി പരിശോധിക്കാം.

## അടിസ്ഥാന വസ്തുനികുതി

ഉപയോഗ ക്രമമനുസരിച്ച് ഓരോതരം കെട്ടിടത്തിനും നിശ്ചയിച്ച അടിസ്ഥാന വസ്തുനികുതി നിരക്കിനെ കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം കൊണ്ട് ഗുണിച്ചുകിട്ടുന്ന തുകയാണ് അടിസ്ഥാന വസ്തുനികുതി. കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതിയോടൊപ്പം, ആറ് ഘടകങ്ങൾ കൂടി പരിഗണിച്ച് വരുത്തേണ്ട കുറവുകളും വർദ്ധനവുകളും നടത്തിയതിനുശേഷം ലഭിക്കുന്ന തുകയാണ് വാർഷിക വസ്തു നികുതി.

## അടിസ്ഥാന വസ്തു നികുതിയിൽ വരുത്തേണ്ട ഇളവുകളും വർദ്ധനവുകളും

കെട്ടിടത്തിന്റെ യാഥാർത്ഥ നികുതി കണക്കാക്കുന്നതിന്, അടിസ്ഥാന വസ്തു നികുതിയെ ഇനി പറയുന്ന ആറ് ഘടകങ്ങൾ പരിഗണിച്ച് ഇളവുകൾക്കും വർദ്ധനവിനും വിധേയമാക്കേണ്ടതാണ്.

(1) കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല (സ്ഥലത്തിന്റെ പ്രാധാന്യം)

(2) കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ ലഭ്യത

(3) മേൽക്കൂരയുടെ നിർമ്മിതി

(4) കാലപഴക്കം

(5) തറയുടെ നിർമ്മിതി

(6) എയർകണ്ടീഷനിംഗ് സൗകര്യം

ഓരോ ഘടകത്തിന്റെയും കാര്യത്തിൽ അടിസ്ഥാന വസ്തു നികുതിയിൽ വരുത്തേണ്ട ഇളവ്/വർദ്ധനവ് ഇനി ചേർക്കുന്നു.

**(1) കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖലയുടെ അടിസ്ഥാനത്തിലുള്ള നികുതി ഇളവ്/വർദ്ധന**

| ക്രമ നം | തദ്ദേശഭരണ പ്രദേശത്തെ വ്യത്യസ്ത മേഖലകളുടെ തരംതിരിവ് | അടിസ്ഥാന വസ്തു നികുതിയിൽ വരുത്തേണ്ട | |
|---|---|---|---|
| | | ഇളവ് (ശതമാനം) | വർദ്ധന (ശതമാനം) |
| 1. | പ്രഥമ മേഖലകൾ (Prime Zones) (അതായത്, സർക്കാർ-അർദ്ധ സർക്കാർ ഓഫീസുകൾ, വ്യാപാര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മാർക്കറ്റ്, ബസ് സ്റ്റാൻറ്, ആശുപത്രി എന്നിവ താരതമ്യേന കൂടുതലായി സ്ഥിതി ചെയ്യുന്ന പ്രദേശങ്ങൾ, അല്ലെങ്കിൽ താരതമ്യേന വികസിതമായ പ്രദേശങ്ങൾ | ഇല്ല | ഇല്ല |
| 2. | ദ്വിതീയ മേഖലകൾ (Secondary Zones) (അതായത്, പ്രഥമ മേഖലകൾക്ക് ചുറ്റുമുള്ള പ്രദേശങ്ങൾ, അല്ലെങ്കിൽ താരതമ്യേന വികസന സാധ്യതയുള്ള പ്രദേശങ്ങൾ | 10 | ഇല്ല |
| 3. | തൃതീയ മേഖലകൾ (Tertiary Zones)(അതായത്, പ്രഥമ, ദ്വിതീയ മേഖലകളിൽ ഉൾപ്പെടാത്തതും താരതമ്യേന വികസനം കുറഞ്ഞതും അടിസ്ഥാന സൗകര്യങ്ങൾ കുറഞ്ഞതും ജനസാന്ദ്രത കുറഞ്ഞതുമായ പ്രദേശങ്ങൾ) | 20 | ഇല്ല |

**(2) കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി ഇളവ്/ വർദ്ധന**

| ക്രമ നം | വഴി സൗകര്യത്തിന്റെ തരംതിരിവ് | അടിസ്ഥാന വസ്തു നികുതിയിൽ വരുത്തേണ്ട | |
|---|---|---|---|
| | | ഇളവ് (ശതമാനം) | വർദ്ധന (ശതമാനം) |
| 1. | അഞ്ച് മീറ്ററോ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗം | ഇല്ല | ഇല്ല |
| 2. | അഞ്ച് മീറ്ററിൽ കുറവും ഒന്നര മീറ്ററിൽ കൂടുതലും വീതിയുള്ള വഴി സൗകര്യം | 10 | ഇല്ല |
| 3. | ഒന്നര മീറ്ററോ അതിൽ കുറവോ വീതിയുള്ള വഴി സൗകര്യം | 20 | ഇല്ല |
| 4. | പൊതുവഴി സൗകര്യം ഇല്ലാത്തത് | 20 | ഇല്ല |

### 3) കെട്ടിടത്തിന്റെ മേൽക്കൂര നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി ഇളവ്/വർദ്ധന

| ക്രമ നം | കെട്ടിടത്തിന്റെ മേൽക്കൂര നിർമ്മിതിയുടെ തരം തിരിവ് | അടിസ്ഥാന വസ്തു നികുതിയിൽ വരുത്തേണ്ട | |
|---|---|---|---|
| | | ഇളവ് (ശതമാനം) | വർദ്ധന (ശതമാനം) |
| 1. | കോൺക്രീറ്റ് മേൽക്കൂര | ഇല്ല | ഇല്ല |
| 2. | കുറഞ്ഞ തരം മേൽക്കൂര (ഓട്, പുല്ല്, ഓല എന്നിവകൊണ്ട് നിർമ്മിച്ചത്) | 10 | ഇല്ല |

### 4) കെട്ടിടത്തിന്റെ കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി ഇളവ്/വർദ്ധന

| ക്രമ നം | കെട്ടിടത്തിന്റെ കാലപ്പഴക്കമനുസരിച്ചുള്ള തരംതിരിവ് | അടിസ്ഥാന വസ്തു നികുതിയിൽ വരുത്തേണ്ട | |
|---|---|---|---|
| | | ഇളവ് (ശതമാനം) | വർദ്ധന (ശതമാനം) |
| 1. | പത്ത് വർഷത്തിൽ താഴെ പഴക്കം | ഇല്ല | ഇല്ല |
| 2. | പത്ത് വർഷം മുതൽ ഇരുപത്തിയഞ്ച് വർഷം വരെ പഴക്കം | 10 | ഇല്ല |
| 3. | ഇരുപത്തിയഞ്ച് വർഷം മുതൽ അമ്പത് വർഷം വരെ പഴക്കം | 20 | ഇല്ല |
| 4. | അമ്പത് വർഷത്തിനുമേൽ പഴക്കം | 50 | ഇല്ല |

### 5) തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി ഇളവ്/വർദ്ധന

| ക്രമ നം | കെട്ടിടത്തിന്റെ തറ നിർമ്മിതിയുടെ തരംതിരിവ് | അടിസ്ഥാന വസ്തു നികുതിയിൽ വരുത്തേണ്ട | |
|---|---|---|---|
| | | ഇളവ് (ശതമാനം) | വർദ്ധന (ശതമാനം) |
| 1. | മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് അഥവാ മറ്റേതെങ്കിലും വിലയേറിയ സാധനങ്ങൾ കൊണ്ട് നിർമ്മിച്ച 250 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണം | ഇല്ല | 15 |
| 2. | സാധാരണ തരത്തിലുള്ള തറ (മൊസൈക്ക്, തറയോട്, സിമന്റ് അഥവാ മറ്റേതെങ്കിലും സാധാരണ വസ്തുക്കൾകൊണ്ട് നിർമ്മിച്ച് തറ അഥവാ മൺതറ) | ഇല്ല | ഇല്ല |

### 6) എയർ കണ്ടീഷനിംഗ് സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി ഇളവ്/വർദ്ധന

| ക്രമനം | കെട്ടിടത്തിന്റെ നിർമ്മിതിയുടെ തരംതിരിവ് | അടിസ്ഥാന വസ്തു നികുതിയിൽ വരുത്തേണ്ട | |
|---|---|---|---|
| | | ഇളവ് (ശതമാനം) | വർദ്ധന (ശതമാനം) |
| 1. | സെൻട്രലൈസ്ഡ് (കേന്ദ്രീകൃതം) എയർകണ്ടീഷണിംഗ് സൗകര്യമുള്ളത് | ഇല്ല | 10 |
| 2. | സെൻട്രലൈസ്ഡ് (കേന്ദ്രീകൃതം) എയർകണ്ടീഷണിംഗ് സൗകര്യമില്ലാത്തത് | ഇല്ല | ഇല്ല |

എല്ലാ ഇനങ്ങളിലുമായി ആകെ അനുവദിക്കാവുന്ന ഇളവ് 75 ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ട്. ഒരു കെട്ടിടത്തിൽ ഒന്നിൽ കൂടുതൽ ഉപയോഗ ക്രമങ്ങളോ പരിഗണിക്കേണ്ട ഘടകങ്ങളോ ഉള്ള പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്ത് ബാധകമായ രീതിയിൽ വസ്തു നികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തു നികുതി നിർണയിക്കേണ്ടതാണ്. എന്നാൽ മേൽക്കൂരയുടെ നിർമ്മിതി, തറയുടെ നിർമ്മിതി, ചുമരിന്റെ നിർമ്മിതി എന്നിവയുടെ കാര്യത്തിൽ ഒന്നിൽ കൂടുതൽ ഘടകങ്ങൾ ബാധകമാകുന്ന പക്ഷം, അതു പ്രകാരമുള്ള ഏതു തരമാണോ കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണത്തിന്റെ പകുതിയിലധികം ഭാഗത്തിന് ബാധകം ആ തരത്തെ അടിസ്ഥാനമാക്കി നികുതി കണക്കാക്കേണ്ടതാണ്.

പാർപ്പിട ആവശ്യത്തിനുള്ള ഒരു കെട്ടിടത്തിന്റെ നികുതി പുനർ നിർണയിക്കുമ്പോൾ പുതിയ നികുതി, പഴയ നികുതിയേക്കാളും പരമാവധി 25% ആവാൻ പാടില്ലാത്തതാണ്. 185 ച.മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ള വീടുകൾക്ക് 01-04-2013 മുതൽക്ക് മേൽപ്രകാരമുള്ള വർദ്ധനവ് ബാധകമായിരിക്കുന്നതല്ല. കൂടാതെ 60 ച.മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ളതും ഉടമസ്ഥൻ തന്നെ താമസിക്കുന്നതുമായ വീടുകൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. വേറെ വീടില്ലെന്ന സത്യവാങ്മൂലം ഇക്കാര്യത്തിൽ നൽകണം.

വാണിജ്യ ആവശ്യത്തിനോ ഓഫീസ് ആവശ്യത്തിനോ ഉപയോഗിക്കുന്ന ബഹുനില കെട്ടിടങ്ങളുടെ കാര്യത്തിൽ ഭൂനിരപ്പിലുള്ള നിലയുടെ മുകളിലുള്ള ഓരോ നിലയ്ക്കും അതാത് നിലയ്ക്ക് കണക്കാക്കിയ വാർഷിക വസ്തുനികുതിയുടെ അഞ്ച് ശതമാനം എന്ന തോതിൽ പരമാവധി 25% ത്തിൽ അധികരിക്കാത്ത വിധത്തിൽ വാർഷിക വസ്തു നികുതിയിൽ ഇളവ് അനുവദിക്കേണ്ടതാണ്. വാണിജ്യ കെട്ടിടങ്ങൾക്ക് പരമാവധി വർദ്ധനവ് 100% ആണ്. എന്നാൽ കെട്ടിടങ്ങൾക്ക് ഘടനാപരമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെങ്കിൽ ഈ പരിധി ബാധകമല്ല.

### വസ്തു നികുതി റിട്ടേൺ

വസ്തു നികുതി സംബന്ധിച്ച് ഗ്രാമപഞ്ചായത്ത്/നഗരസഭ ഒരു പൊതു നോട്ടീസ് പ്രസിദ്ധീകരിക്കേണ്ടതാണ്. നോട്ടീസിൽ വസ്തു നികുതി നിർണയിക്കാൻ സഹായകരമായ എല്ലാ വിവരങ്ങളും ഉണ്ടാകേണ്ടതാണ്. നോട്ടീസ് പ്രസിദ്ധീകരിച്ച് കഴിഞ്ഞ്

30 ദിവസത്തിനകം പൊതു ജനങ്ങൾ നിശ്ചിത മാതൃകയിലുള്ള വസ്തു നികുതി റിട്ടേൺ യഥാവിധി പൂരിപ്പിച്ച് തിരികെ നഗരസഭക്ക് സമർപ്പിക്കേണ്ടതുമാണ്. കാലതാമസത്തിന് യഥാവിധി നിശ്ചയിച്ചിട്ടുള്ള പിഴ (50 രൂപ) ഈടാക്കുന്നതുമാണ്.

തെറ്റായ വിവരം നൽകിയാൽ നിശ്ചയിച്ച പ്രകാരമുള്ള പിഴ ഈടാക്കാവുന്നതാണ്. കെട്ടിട ഉടമ സമർപ്പിച്ച വസ്തു നികുതി റിട്ടേണിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ആറ് മാസത്തിനകം കെട്ടിടത്തെ സംബന്ധിച്ച് സ്ഥലപരിശോധന നടത്തി വിവരം ശേഖരിക്കേണ്ടതും, ഇതിന്റെ അടിസ്ഥാനത്തിൽ നികുതി പുനർനിർണയിക്കുകയോ, സ്ഥിരപ്പെടുത്തുകയോ ചെയ്യേണ്ടതാണ്.

തെറ്റായ വിവരം സമർപ്പിക്കുന്ന ഉദ്യോഗസ്ഥനിൽ നിന്നും നഷ്ടം ഈടാക്കേണ്ടതും, ഉദ്യോഗസ്ഥനെതിരെ അച്ചടക്കനടപടി സ്വീകരിക്കേണ്ടതുമാണ്. ഇപ്രകാരം നികുതിദായകനായ ഒരു കെട്ടിട ഉടമക്ക് തന്റെ വസ്തുനികുതി സ്വയം നിർണയിക്കാനും നികുതി ചുമത്തലിന്റെ കൃത്യത സ്വയം ബോധ്യപ്പെടാനും പര്യാപ്തമായ വിധം വസ്തുനിഷ്ഠമായ നികുതി നിർണയ രീതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്.

### നികുതി അപ്പീൽ

നികുതി നിശ്ചയിച്ചതിനെതിരെ ആക്ഷേപമുള്ള പക്ഷം ഡിമാൻറ് നോട്ടീസ് ലഭിച്ച് 30 ദിവസത്തിനകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് അപ്പീൽ സമർപ്പിക്കാവുന്നതാണ്. അപ്പീൽ സമർപ്പിക്കുന്നതിന് മുമ്പായി നികുതി ഒടുക്കിയിരിക്കേണ്ടതാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അപ്പീൽ പരിഗണിച്ച് അന്തിമ തീരുമാനം എടുക്കേണ്ടതാണ്. നിരസിക്കുകയാണെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കേണ്ടതാണ്.

സെക്രട്ടറി നിശ്ചയിച്ച നികുതി കുറഞ്ഞ തോതിലാണ് എന്ന് ബോധ്യപ്പെടുന്ന പക്ഷം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് അപ്പീൽ എന്ന പോലെ നേരിട്ട് അക്കാര്യം പരിഗണിച്ച് തീരുമാനം എടുക്കാവുന്നതാണ്. കമ്മിറ്റിയുടെ തീരുമാനത്തിനെതിരെ ആക്ഷേപമുള്ള പക്ഷം ഒരാളിന്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണലിന് മുമ്പാകെ റിവിഷൻ ഹർജി സമർപ്പിക്കാവുന്നതാണ്.

വസ്തു നികുതി നിർണയത്തിന് ശേഷം, കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും, മറ്റ് ഘടകങ്ങളിലും മാറ്റം വരുത്തുന്നപക്ഷം ആയതിന് പുതിയ റിട്ടേൺ സമർപ്പിക്കേണ്ടതാണ്. പരാജയപ്പെടുന്ന പക്ഷം സെക്രട്ടറിക്ക് പിഴ ചുമത്താവുന്നതാണ്.

അനധികൃത കെട്ടിടത്തിന് വസ്തു നികുതിയും അതിന്റെ രണ്ടിരട്ടിയും ചേർന്ന തുക നികുതിയായി ഈടാക്കാം. ഇപ്രകാരമുള്ള കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകേണ്ടതുമാണ്. നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടം പൊളിച്ചുമാറ്റുന്നതുവരെ ഇത്തരത്തിൽ നികുതി ഈടാക്കാവുന്നതും, യാതൊരു ആവശ്യത്തിനും അനുമതിയോ, ലൈസൻസോ, നൽകാൻ പാടില്ലാത്തതുമാകുന്നു. എന്നാൽ 16.11.2016 ലെ സ.ഉ.(എം.എസ്.) 170/2016/തസ്വഭവ, 23.11.2016 ലെ സ.ഉ. (എം.എസ്.) 174/2016 ലെ തസ്വഭവ നമ്പർ സർക്കാർ ഉത്തരവുകൾ പ്രകാരം 1,500 അടിവരെയുള്ള വ്യക്തിഗത വാസഗൃഹങ്ങൾക്ക് റേഷൻകാർഡ്, കുടിവെള്ളം, വൈദ്യുതി കണക്ഷൻ, വോട്ടർപട്ടികയിൽ

പേര് ചേർക്കാൻ എന്നീ ആവശ്യങ്ങൾക്ക് മാത്രമായി താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് യു.എ. നമ്പറിന്റെ അടിസ്ഥാനത്തിൽ നൽകാവുന്നതാണ്.

### പാഠഭാഗം – സംക്ഷിപ്തം

ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും പ്രധാന തനത് വരുമാന സ്രോതസ്സാണ് വസ്തുനികുതി. കെട്ടിടങ്ങളുടെയും ചേർന്ന വസ്തുവിന്റെയും അടിസ്ഥാനത്തിൽ പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ ആണ് നികുതി നിർണയിക്കുന്നത്. ഓരോ ഇനം കെട്ടിടങ്ങളുടെയും ചതുരശ്രമീറ്റർ വിസ്തീർണ്ണത്തിനുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തശേഷം കെട്ടിടം സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ സോണിന്റെ പ്രാധാന്യം, വഴി സൗകര്യം എന്നിവയുടെയും, കെട്ടിടത്തിന്റെ മേൽക്കൂര നിർമ്മിതി, കാലപ്പഴക്കം, തറ നിർമ്മിതി, എയർകണ്ടീഷനിംഗ് സൗകര്യങ്ങൾ എന്നിവയുടെയും അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള ഇളവുകളും വർദ്ധനവും വരുത്തിയ ശേഷമാണ് ഒരു കെട്ടിടത്തിന്റെ യഥാർത്ഥ വസ്തു നികുതി തിട്ടപ്പെടുത്തുന്നത്. കെട്ടിട ഉടമ വസ്തുനികുതി റിട്ടേൺ നൽകുക വഴി സ്വയം നികുതി എത്രയെന്ന് ബോധ്യപ്പെടാൻ അവസരമുണ്ട്. നികുതി സംബന്ധമായ അപ്പീലുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിഗണിച്ച് തീർപ്പ് കൽപ്പിക്കണം.

### പഠന പുരോഗതി വിലയിരുത്തൽ : രണ്ട്

I. ഒറ്റവാക്കിൽ ഉത്തരമെഴുതുക (ഒരു മാർക്ക് വീതം)

1. വസ്തുനികുതി നിശ്ചയിക്കുന്നതിനുള്ള അടിസ്ഥാന നികുതി നിശ്ചയിക്കുന്നതിന് അടിസ്ഥാനമാക്കുന്നത് എന്ത്?

   a. വാടകമൂല്യം  b. തറ വിസ്തീർണ്ണം

   c. ഭൂമിയുടെ ഫെയർ വാല്യൂ  d. കെട്ടിടത്തിന്റെ വില

2. യഥാർത്ഥ വസ്തുനികുതി കണക്കാക്കുന്നതിന് പരിഗണിക്കാത്ത ഘടകമേത്?

   a. കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല

   b. വഴി സൗകര്യം

   c.കാലപ്പഴക്കം

   d. ചുമരിന്റെ നിർമ്മിതി

3. നിലവിലുള്ള ഒരു ഗാർഹിക കെട്ടിടത്തിന്റെ വസ്തുനികുതി പരിഷ്കരിക്കുമ്പോൾ പരമാവധി വരുത്താവുന്ന വർദ്ധനവ് എത്ര?

   a. 25%  b. 50%

   c. 75%  d. 100%

4. വാണിജ്യാവശ്യത്തിനുള്ള ബഹുനില കെട്ടിടങ്ങളുടെ മുകളിലേക്കുള്ള ഓരോ നിലയ്ക്കും വസ്തുനികുതിയിൽ ലഭിക്കുന്ന ഇളവ് എത്ര?

a. ഇളവില്ല

b. 2% വീതം

c. 10%

d. 5%

5. ഗ്രാമപഞ്ചായത്തിൽ വസ്തു നികുതി നിർണയത്തിന് മേലുള്ള ആക്ഷേപങ്ങളിൽ അപ്പീൽ സമർപ്പിക്കേണ്ടത് ആർക്ക്?

a. പഞ്ചായത്ത് കമ്മറ്റിക്ക്

b. സെക്രട്ടറിക്ക്

c. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക്

d. ട്രൈബ്യൂണൽ മുമ്പാകെ

II. **പ്രസ്താവന ശരിയോ തെറ്റോ എന്ന് കണ്ടെത്തുക** (ഒരു മാർക്ക് വീതം)

1. 2011 ന് മുമ്പ് നിലവിലുണ്ടായിരുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരണത്തിന്റെ പ്രാബല്യം 1/4/2016 മുതൽ നടത്തിയാൽ മതിയാകും.

ശരി/തെറ്റ്

2. മുനിസിപ്പൽ കോർപ്പറേഷനുകളിൽ പാർപ്പിടാവശ്യ കെട്ടിടങ്ങളുടെ ഏറ്റവും കുറഞ്ഞ നിരക്ക് ച.മീറ്ററിന് 20/-രൂപയാണ്.

ശരി/തെറ്റ്

3. ത്രിതീയ മേഖലകളിലെ കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൻമേൽ 20% ഇളവ് അനുവദിക്കും.

ശരി/തെറ്റ്

4. അഞ്ച് മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിലേക്ക് പ്രവേശനമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതിയുടെ 25% വർദ്ധനവ് ബാധകമാണ്.

ശരി/തെറ്റ്

5. ഓട് മേഞ്ഞ കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൽ 10% ഇളവ് ലഭിക്കും.

ശരി/തെറ്റ്

III. **ഒരു ഖണ്ഡികയിൽ ഉത്തരം എഴുതുക** (അഞ്ച് മാർക്ക് വീതം)

1. ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി തിട്ടപ്പെടുത്തുന്നതിനുള്ള (നിർണയിക്കുന്ന) മാനദണ്ഡങ്ങൾ വിശദീകരിക്കുക.

## 6. നികുതിയേതര വരുമാനങ്ങൾ

ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും തനതുവരുമാന സ്രോതസ്സുകളിൽ നികുതികൾ പോലെ തന്നെ പ്രധാനപ്പെട്ടതാണ് വിവിധതരം സേവനങ്ങൾക്കും ലൈസൻസുകൾക്കും ചുമത്തുന്ന ഫീസുകളും വസ്തുവകകളുടെ ഉപയോഗത്തിന് ഈടാക്കുന്ന ഫീസ്/വാടക വരുമാനങ്ങളും യൂസർ ഫീ തുടങ്ങിയവയും. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും ഇത്തരത്തിലുള്ള സാധ്യതകൾ വ്യത്യസ്തമായിരിക്കും. യൂസർഫീ, വാടക, ലൈസൻസ് ഫീ, ടോളുകൾ, രജിസ്ട്രേഷൻ ഫീ എന്നീ ഇനങ്ങളിലുള്ള ഇത്തരം വരുമാന സാധ്യതകൾ എല്ലായിടത്തും നിലവിലുണ്ട്. അവ കണ്ടെത്തുകയും സമാഹരിക്കുകയും വേണം. കൂടാതെ നിയമ ലംഘനങ്ങൾക്ക് ചുമത്തുന്ന പിഴയും, ഫീസും പ്രധാനപ്പെട്ട മറ്റൊരു സാധ്യതയാണ്. ഗുണഭോക്താക്കളിൽ നിന്നും ലഭിക്കുന്ന ഗുണഭോക്തൃ വിഹിതം, സംഭാവനകൾ, സന്നദ്ധ സേവനം എന്നിവയിലൂടെയും പരമാവധി പ്രാദേശിക തനത് വിഭവസമാഹരണം സാധ്യമാണ്. മാർക്കറ്റുകൾ, ബസ് സ്റ്റാൻഡ്, ഷോപ്പിംഗ് മാളുകൾ, കട മുറികൾ, പാർക്കിംഗ് കേന്ദ്രങ്ങൾ, കശാപ്പുശാലകൾ എന്നിവ സ്ഥാപിച്ച് വാടകയ്ക്കും ലീസിനും നൽകുകയും ചെയ്യുന്നതു വഴിയും പഞ്ചായത്ത്/നഗരസഭകൾക്ക് തനത് വരുമാനം ലഭിക്കും. ഇത്തരം സ്രോതസ്സുകളിലൂടെ ലഭിക്കുന്ന സർവീസ് ചാർജുകളും ഫീസുകളും വാടകയും നല്ല രീതിയിൽ പ്രയോജനപ്പെടുത്തുന്നതിലൂടെ മികച്ച വരുമാന സാധ്യത നിലവിലുണ്ട്.

വ്യാപാര വാണിജ്യ സംരംഭകത്വ ലൈസൻസ് ഫീ, മാർക്കറ്റ് ഫീ, സിനിമ ലൈസൻസ്, പി.പി.ആർ ലൈസൻസ്, കെട്ടിട നിർമ്മാണ പെർമിറ്റ് ഫീ, രജിസ്ട്രേഷൻ ഫീ, മണൽ ഖനന ഫീസ്, വസ്തുവകകൾ, കെട്ടിട വാടക, കുറ്റങ്ങൾ രാജിയാക്കൽ ഫീസ് എന്നിവയാണ് പ്രധാന നികുതിയേതര വരുമാനങ്ങൾ ഇത്തരം വരുമാനങ്ങൾ സംബന്ധിച്ച പട്ടിക ഇനി പറയുന്നു.

### പട്ടിക – നികുതിയേതര വരുമാനങ്ങൾ

| ക്രമ നം. | ഇനം | വകുപ്പ് |
|---|---|---|
| 1 | പി.പി.ആർ ലൈസൻസ് | Kerala PPR Act 1963 |
| 2 | സിനിമ പ്രദർശന ലൈസൻസ് | സിനിമ റെഗുലേഷൻ ആക്ട് |
| 3 | മണൽ ഖനന ഫീസ് | പ്രത്യേക വ്യവസ്ഥകൾ |
| 4 | നഗരസഭാ വക ഫലവൃക്ഷങ്ങൾ, വസ്തുവകകൾ, ഭൂമി, കെട്ടിട വാടക | KM Act 215 ചട്ടങ്ങൾ - 2000 |
| 5 | വ്യവസായ-വ്യാപാര ഫാക്ടറി സേവന ലൈസൻസ് ഫീസ് | KM Act – 447, 448 ചട്ടം-2011<br>KPR Act – 232, 233 |
| 6 | ട്യൂട്ടോറിയൽ സ്ഥാപന രജിസ്ട്രേഷൻ | KMACT വകുപ്പ് : 507 ചട്ടങ്ങൾ 99, KPR 266 |

| | | |
|---|---|---|
| 7 | ജനന, മരണ, വിവാഹ രജിസ്ട്രേഷൻ ഫീസ് | വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ |
| 8 | പൊതുസ്വകാര്യ വണ്ടിത്താവള ഫീസ് | KMACT വകുപ്പ് : 472, 475,<br>KPR Act 228 |
| 9 | കശാപ്പുശാല വാടകയും, ഫീസും | KMACT വകുപ്പ് : 452,<br>KPR Act – 229 |
| 10 | കെട്ടിടനിർമ്മാണ പെർമിറ്റ് ഫീസ് | KMBR – 2019, KPR Act- 235<br>KPBR - 2018 |
| 11 | മാർക്കറ്റ് ഫീസ് | KMACT വകുപ്പ് : 458, 460,<br>KPR Act – 222 |
| 12 | സ്വകാര്യ ആശുപത്രി, പാരാമെഡിക്കൽ സ്ഥാപന രജിസ്ട്രേഷൻ | 1997 ലെ ചട്ടങ്ങൾ<br>KPR ACT- SN. 270 |
| 13 | കുറ്റങ്ങൾ രാജിയാക്കൽ ഫീസ്/പിഴ | വകുപ്പ് : 545, ചട്ടം - 1996 |
| 14 | നിയമ ലംഘനങ്ങൾക്കുള്ള ശിക്ഷയും, പിഴയും | KMACT വകുപ്പ് : 275(5), 511(2) |

## 7. വിഭവസമാഹരണം അധിക സാധ്യതകൾ

വിഭവം എന്ന നിർവചനത്തിൽ ധനം, ധനസ്രോതസ്സ്, വസ്തുവകകൾ, മറ്റ് ആസ്തികൾ എന്നിവക്ക് പുറമേ പ്രകൃതിയിൽ ലഭ്യമായ വിവിധയിനം വിഭവങ്ങൾ മനുഷ്യ വിഭവം, സാങ്കേതിക ജ്ഞാനം, വിവര സാങ്കേതികജ്ഞാനം, വിവിധ യന്ത്രങ്ങൾ എന്നിവയും ഉപയോഗപ്രദമായ എന്തും ഉൾപ്പെടും. നഗരസഭയിൽ ലഭ്യമായ വിഭവങ്ങളും അധികമായി ലഭ്യമാക്കാവുന്ന ധനസ്രോതസ്സ് ഉൾപ്പെടെയുള്ള വിഭവങ്ങളും കൃത്യമായി സമാഹരിച്ച് സാമ്പത്തികസ്ഥിതി സുസ്ഥിരമാക്കുകയും പാഴ്ച്ചെലവുകൾ ഒഴിവാക്കി പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്യാം.

### വസ്തുനികുതിയിന്മേൽ ചുമത്താവുന്ന സർചാർജ്ജ്

കേരള മുനിസിപ്പാലിറ്റീസ് ആക്ട് 230(2) പ്രകാരം പ്രത്യേകമായി ആയി ഒരു സേവനമോ സൗകര്യമോ ഏർപ്പെടുത്തുന്ന പക്ഷം വസ്തുനികുതിയുടെ 50% ത്തിൽ അധികാരിക്കാത്ത തുക സർചാർജ്ജ് ആയി വസ്തുനികുതിയോടൊന്നിച്ച് ചുമത്തി പിരിച്ചെടുക്കാവുന്നതാണ്. നഗരസഭകൾ പുതുതായി നിർമ്മിക്കുന്ന റോഡുകൾ, ബസ് സ്റ്റാൻഡുകൾ, പാർക്കുകൾ, മാലിന്യ/ഡ്രെയിനേജ് പ്ലാൻറുകൾ തുടങ്ങി നിരവധി സേവനങ്ങൾ ഏർപ്പെടുത്താറുണ്ട്. അതിനായി വരുന്ന ഭാരിച്ച ചെലവിന്റെ വലിയൊരുഭാഗം ഇത്തരം സർചാർജ്ജ് ചുമത്തി കണ്ടെത്താവുന്നതാണ്.

## സേവന ഉപനികുതി

കേരള മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 230(4) പ്രകാരവും KPR 203, 208 വകുപ്പുകൾ പ്രകാരം ചട്ടം 27 ലെ വസ്തുനികുതിയുടെ 10% മിനിമം നിരക്കിൽ (സാനിറ്റേഷൻ-4%, ജലവിതരണം-3%, തെരുവുവിളക്കുകൾ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും-2% ഡ്രെയിനേജ് ചെലവുകൾക്ക്-1%) സേവന ഉപനികുതിയും ഈടാക്കാവുന്നതാണ്.

ഈ പറഞ്ഞ സേവനങ്ങൾക്കെല്ലാം തന്നെ പഞ്ചായത്ത്/നഗരസഭകൾക്ക് ചെലവ് വരുന്നുണ്ട്. ഇക്കാര്യത്തിൽ പഞ്ചായത്ത്/നഗരസഭയ്ക്ക് വരുമാനം ലഭിക്കുന്നതിനായി വിഭാവനം ചെയ്തതാണ് ഈ സെസ്സ്.

## സർവീസ് ചാർജ്ജ്

2011ലെ കേരള മുനിസിപ്പാലിറ്റി/പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 30 പ്രകാരവും കേന്ദ്ര സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് സർവീസ് ചാർജ് ചുമത്താവുന്നതാണ്. മേൽപ്പറഞ്ഞ എല്ലാ സേവനങ്ങളും നൽകുന്നുണ്ടെങ്കിൽ കെട്ടിടത്തിന് ചുമത്താവുന്ന വസ്തു നികുതിയുടെ 75%വും, സേവനങ്ങൾ ഭാഗികമായി നൽകുന്ന ണ്ടെങ്കിൽ 50%വും, സേവനങ്ങൾ ഒന്നും തന്നെ നൽകുന്നില്ലെങ്കിൽ 33.33% വും സർവീസ് ചാർജ് ഇനത്തിൽ ഈടാക്കാം. ഭരണഘടനയിലെ 285(1) അനുച്ഛേദപ്രകാരം കേന്ദ്രസർക്കാർ കെട്ടിടങ്ങളിൽ നിന്ന് ഇന്ന് വസ്തുനികുതി പിരിച്ചെടുക്കുവാൻ പറ്റില്ലെങ്കിലും മേൽപ്പറഞ്ഞ റൂൾ പ്രകാരം സർവീസ് ചാർജ് പിരിച്ചെടുക്കാം.

സംസ്ഥാന സർക്കാറിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നും സാധാരണ തരത്തിൽ വസ്തുനികുതി ഈടാക്കാവുന്നതാണ്. വളരെ നേരത്തെ തന്നെ (സംസ്ഥാന ബജറ്റിന്റെ പ്രൊപ്പോസൽ നൽകുന്നതിനു വേണ്ടിയുള്ള ഉള്ള വിവരങ്ങൾ നൽകുമ്പോൾ തന്നെ) ഇത്തരം കെട്ടിടങ്ങളുടെ വസ്തുനികുതി നിരക്കും കുടിശ്ശിക വിവരങ്ങളും ബന്ധപ്പെട്ട സ്ഥാപനമേധാവികളെ/വകുപ്പ് തലവന്മാരെ രേഖാമൂലം അറിയിച്ചാൽ അതിനാവശ്യമായ തുക അതത് വകുപ്പിന്റെ ബജറ്റിൽ ബന്ധപ്പെട്ട ഹെഡിൽ (Head of Account) വകയിരുത്തുന്നതിന് അവർക്ക് സൗകര്യപ്രദമാകുകയും അതുവഴി കൃത്യമായി നികുതി ലഭിക്കുകയും ചെയ്യും.

## മൃഗങ്ങൾക്കും യാനപാത്രങ്ങൾക്കുള്ള നികുതി

1994ലെ കേരള മുൻസിപ്പാലിറ്റി ആക്ട് സെക്ഷൻ 260, 262 പ്രകാരം മൃഗങ്ങൾക്കും യാനപാത്രങ്ങൾക്കും നികുതി ചുമത്തി ഈടാക്കാം. വളർത്തുമൃഗങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തണമെന്നും രജിസ്ട്രേഷൻ നിർബന്ധമാക്കണമെന്നും ഹൈക്കോടതിയുടെ നിർദ്ദേശം വന്ന സാഹചര്യത്തിലും ഈ മേഖലയിൽ നിർബന്ധമായും നിയന്ത്രണം കൊണ്ടുവരേണ്ടത് അത്യാവശ്യമായതിനാലും ഇക്കാര്യത്തിൽ ബൈലോ രൂപീകരിച്ച് കൃത്യമായി നികുതി ചുമത്തി ഈടാക്കേണ്ടതുണ്ട്.

## സ്വകാര്യ മാർക്കറ്റുകളുടെ ലൈസൻസ് ഫീ

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 460 പ്രകാരവും പഞ്ചായത്ത് രാജ് വകുപ്പ് 222 പ്രകാരവും ആറ് കട (ഷോപ്പ്) മുറികളിൽ കൂടുതലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളെ സ്വകാര്യ മാർക്കറ്റായി കണക്കാക്കി പ്രസ്തുത കെട്ടിടത്തിന്റെ ഉടമസ്ഥരിൽ നിന്ന് ലൈസൻസ് ഫീ ഈടാക്കുന്നതിന് വ്യവസ്ഥയുണ്ട്. അത്തരം മാർക്കറ്റുകൾ പ്രവർത്തിക്കുന്നതിന് ലൈസൻസ് എടുക്കേണ്ടത് നിയമപരമായ ബാധ്യതയാണ്. ഇക്കാര്യത്തിൽ ലൈസൻസ് പുതുക്കുന്ന അവസരത്തിൽ നഗരസഭയ്ക്ക് വലിയതോതിലുള്ള പുതുക്കൽ ലൈസൻസ് ഫീ ഈടാക്കുവാൻ കഴിയും. അപേക്ഷയിന്മേൽ ഉള്ള വരുമാന വർധനവ് പ്രസ്തുത കെട്ടിടങ്ങളിൽ നിന്ന് ഉത്ഭവിക്കുന്ന മാലിന്യപ്രശ്നത്തിന് പരിഹാരം കാണുന്നതിന് വേണ്ടി വരുന്ന ചെലവും മറ്റു ചെലവുകളും വഹിക്കുന്നതിന് സ്വയം പര്യാപ്തമാകുവാൻ സാധിക്കുന്നു.

## സ്വകാര്യ പാർക്കിംഗ്

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 475 പ്രകാരം സ്വകാര്യ പാർക്കിംഗ് ഗ്രൗണ്ടിൽ വാഹനം പാർക്ക് ചെയ്തു ഫീസ് ഈടാക്കുന്നതിനായി നഗരസഭയിൽ നിന്ന് ലൈസൻസ് വാങ്ങേണ്ടതുണ്ട്. നഗരസഭകളിൽ കാണുന്ന നിരവധി സ്വകാര്യ പാർക്കിംഗ് ഗ്രൗണ്ട് നടത്തിപ്പുകാർ ലൈസൻസ് എടുക്കുന്നില്ല. ഈ കാര്യത്തിൽ നഗരസഭകൾ കൂടുതൽ ശ്രദ്ധ നൽകേണ്ടതും ലൈസൻസ് ഫീ ഈടാക്കി നിയമം നടപ്പിലാക്കേണ്ടതുണ്ട്.

## തീർത്ഥാടന സ്ഥലങ്ങളിൽനിന്നുള്ള അംശദായം

വലിയ തോതിൽ ആളുകൾ കൂടാൻ ഇടയാക്കുന്ന ഉത്സവങ്ങൾ, ആഘോഷങ്ങൾ, ഫെയറുകൾ, മറ്റ് വിനോദ പരിപാടികൾ എന്നിവ നടന്നത് മൂലമുണ്ടാകുന്ന അധികച്ചെലവ് നേരിടുന്നതിനായി അത്തരം കാര്യങ്ങൾ ചെയ്യുന്ന സംഘാടകരോട്/ട്രസ്റ്റികളോട് ആയതിന്റെ ചെലവിലേക്കായി അംശദായം വാങ്ങുന്നതിന് വ്യവസ്ഥയുണ്ട്.

## അസാധാരണ ഗതാഗതം കൊണ്ട് റോഡുകൾക്ക് ഉണ്ടാകുന്ന ചെലവിന്റെ നഷ്ടം ഈടാക്കൽ

ഒരു ക്വാറിയോ, വലിയ തോതിലുള്ള നിർമ്മാണപ്രവർത്തനങ്ങളോ നടക്കുന്ന പ്രദേശത്ത് അതുമൂലമുണ്ടാകുന്ന വാഹനഗതാഗതം കൊണ്ട് റോഡിന് സംഭവിക്കുന്ന നാശനഷ്ടത്തിന്റെ ചെലവ് ഈടാക്കാൻ മുനിസിപ്പാലിറ്റി ആക്ടിലെ 358 സെക്ഷനിൽ വ്യവസ്ഥയുണ്ട്. ഇത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിന് മുൻപ് തന്നെ ആയതിന്റെ ഉടമകളുമായി ധാരണയിലെത്തിയാൽ (പെർമിറ്റ്, ലൈസൻസ് നൽകുന്ന വേളയിൽ) ഇക്കാര്യത്തിൽ നഗരസഭക്ക് നഷ്ടമില്ലാതെ വരുമാനം ഉണ്ടാക്കുവാൻ സാധിക്കുന്നതാണ്.

## വിവിധ വായ്പകൾ

സംസ്ഥാന സർക്കാരിന്റെ അനുമതിയോടുകൂടി പ്രത്യേക പ്രോജക്ടുകൾക്കായി KURDFC (Kerala Urban & Rural Development Finance Corporation Limited), HUDCO (Housing and Urban Development Corporation Limited), ബാങ്കുകൾ എന്നിവയിൽനിന്ന് മറ്റു വായ്പകൾ എടുക്കുവാൻ സർക്കാർ അനുമതിയോടു കൂടി സാധിക്കുന്നതാണ്. ഏറ്റെടുക്കുന്ന പ്രവൃത്തികൾ യാതൊരുവിധ പാഴ്ച്ചെലവുകളും അനാവശ്യ കാലതാമസവും ഇല്ലാതെ സമയബന്ധിതമായി നല്ല രീതിയിൽ പൂർത്തിയാക്കിയാൽ വലിയ നേട്ടം തന്നെ നഗരസഭകൾക്ക് ഉണ്ടാകും. കൃത്യമായ പഠനം നടത്തി മാത്രമേ പദ്ധതികൾ ഏറ്റെടുക്കാൻ പാടുള്ളൂ. അതുപോലെ തന്നെ പ്രധാനമാണ് തിരിച്ചടവും. വരുമാനദായക പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ കൃത്യമായി സമയബന്ധിതമായ തിരിച്ചടവിന്റെ സമയക്രമവും മറ്റും മുൻകൂട്ടി ആസൂത്രണം ചെയ്യേണ്ടതാണ്.

## കടം വാങ്ങൽ

പഞ്ചായത്ത്/നഗരസഭകളുടെ പ്രത്യേക യോഗത്തിൽ പാസാക്കിയ പ്രമേയം മൂലം ആവശ്യമുള്ള ഏതു തുകയും കടം വാങ്ങാം. മുൻസിപ്പാലിറ്റി/പഞ്ചായത്ത് നിയമപ്രകാരമുള്ള നികുതികളുടെയും മറ്റു തുകകളുടെയും ഈടിന്മേൽ കടപ്പത്രം വാങ്ങിയോ അല്ലാതെയോ മൊത്തം വാർഷികവരുമാനത്തെ ബന്ധപ്പെടുത്തി കടം വാങ്ങാം. തിരിച്ചടക്കേണ്ട കാലാവധി 60 വർഷത്തിൽ കവിയാൻ പാടില്ല. മരാമത്തുപണികൾക്ക് ഭൂമിയും കെട്ടിടങ്ങളും ആർജിക്കുന്നതിനും ചേരിനിർമാർജ്ജനത്തിനും മറ്റ് ആസ്തികൾ നിർമ്മിക്കുന്നതിനും സർക്കാരിന്റെ മുന്നനുവാദത്തോടെ വായ്പ എടുക്കാവുന്നതാണ്. 1963-ലെ കേരള തദ്ദേശാധികാര സ്ഥാപന വായ്പാ നിയമത്തിനും ചട്ടങ്ങൾക്കും വിധേയമായിട്ടാണ് അനുമതി ലഭിക്കുന്നത്.

## മുനിസിപ്പൽ ബോണ്ടുകൾ

വലിയ പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ വായ്പ എടുക്കുന്നത് പലപ്പോഴും പ്രായോഗികമാകില്ല. നഗരസഭകളുടെ ക്രെഡിറ്റ് റേറ്റിങ് (Credit Rating) മെച്ചപ്പെട്ടതാണെങ്കിൽ മുനിസിപ്പൽ ഇൻഫ്രാസ്ട്രക്ച്ചർ ബോണ്ടു (Infrastructure Bond) കൾ ഇറക്കി പൊതുജനങ്ങളിൽനിന്ന് തുക സമാഹരിച്ച് പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്ന കാര്യം ആലോചിക്കേണ്ടതുണ്ട്. ഇന്ത്യയിലെ തന്നെ വലിയ നഗരങ്ങൾ ഇത്തരത്തിൽ വിജയകരമായി പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്. പദ്ധതികൾ നടപ്പിലാക്കുന്നതിൽ പഴയ സമീപനവും നിലപാടുകളിലും മാറ്റം വരുത്തി പ്രൊഫഷണലായി കാര്യങ്ങൾ നിർവഹിക്കുന്നതിന് നഗരസഭകളുടെ സംവിധാനം മെച്ചപ്പെടുത്തി ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുവാൻ നമ്മുടെ വലിയ നഗരസഭകൾക്ക് കഴിയുന്നതാണ്.

## പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ

പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കാൻ പറ്റുന്ന വലിയ പദ്ധതികൾ കണ്ടെത്തി വിഭാവനം ചെയ്ത് പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷനെന്ന (PPP)

നിലയിൽ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. നഗരസഭ സ്ഥലം നിശ്ചിതകാലത്തേക്ക് വിട്ടുനൽകി അവിടെ സ്വകാര്യ സംരംഭകരെ കൊണ്ട് പശ്ചാത്തല സൗകര്യങ്ങൾ/കെട്ടിടങ്ങൾ ഒരുക്കി അതിൽ നിന്നുള്ള വരുമാനം എടുക്കുന്നതിനും വരുമാനത്തിന്റെ വിഹിതം നഗരസഭകൾക്ക് നൽകാനും വ്യവസ്ഥ ചെയ്യാം. കാലാവധിക്ക് ശേഷം ആസ്തികൾ നഗരസഭകളുടേതായി തീരും. ബസ് സ്റ്റാന്റുകൾ/ഷോപ്പിംഗ് മാളുകൾ തുടങ്ങിയ വൻകിട പ്രോജക്ടുകൾ ഇപ്രകാരം ഏറ്റെടുക്കാൻ കഴിയുന്നതാണ്.

## കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ടുകൾ (CSR -Corporate Social Responsibility- Fund)

പല സ്വകാര്യ/പൊതുമേഖലാ സ്ഥാപനങ്ങൾക്കും അവരുടെ സാമൂഹിക സേവന പദ്ധതികൾക്കായി നിയമപരമായി നിർബന്ധപൂർവ്വം ചെലവഴിക്കേണ്ടുന്ന കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (CSR -Corporate Social Responsibilities Fund) ഫണ്ട് ഉണ്ട്. ആയത് തങ്ങളുടെ നടപ്പിലാക്കേണ്ടുന്ന വിവിധ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി ലഭ്യമാക്കാൻ ഇടപെടൽ നടത്താവുന്നതാണ്. അത്തരം വലിയ സ്ഥാപനങ്ങൾ അവരുടെ ശരാശരി അംശദായത്തിന്റെ രണ്ട് ശതമാനം തുകയാണ് ഇതിനായി നിർബന്ധിതമായി (2013 ലെ കമ്പനിസ് ആക്ട് സെക്ഷൻ 135(1)) നീക്കി വേക്കേണ്ടതുണ്ട്. ഇത്തരം സ്ഥാപനങ്ങളെ കണ്ടെത്തി നല്ല പ്രോജക്ടുകൾ തയ്യാറാക്കി അവരുമായി സഹകരിച്ച് നടപ്പിലാക്കിയാൽ നഗരസഭകൾക്ക് വലിയ സാമ്പത്തിക ബാധ്യത ഇല്ലാതെ പ്രോജക്റ്റുകൾ തങ്ങളുടെ പ്രദേശത്ത് പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ നടപ്പിലാക്കാൻ കഴിയും.

CSR ഫണ്ട് ഉപയോഗിച്ച് നല്ല രീതിയിൽ നടപ്പിലായ നിരവധി പ്രോജക്ടുകൾ ഉണ്ട്. തൃശ്ശൂർ കോർപ്പറേഷനിലെ വടക്കേ ബസ് സ്റ്റാന്റ് സൗത്ത് ഇന്ത്യൻ ബാങ്ക് CSR ഫണ്ട് ഉപയോഗിച്ചും ആലുവ നഗരസഭയിലെ വിവിധ പദ്ധതികൾ ഫെഡറൽ ബാങ്ക് ഫണ്ട് ഉപയോഗിച്ചും ഇത്തരത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. കണ്ണൂർ കോർപ്പറേഷനിലെ എൽ പി ജി ശ്മശാനത്തിന് ന് IOC യുടെ CSR ഫണ്ട് ലഭ്യമായിട്ടുണ്ട്.

## വിവിധ സംഭാവനകൾ സന്നദ്ധ സേവനങ്ങൾ

പൊതുജനങ്ങളിൽ നിന്നും സന്നദ്ധ പ്രവർത്തകരിൽ നിന്നും എൻ ജി ഒ (NGO) കളിൽ പല തരത്തിലുള്ള സംഭാവനകളും സന്നദ്ധ സേവനങ്ങളും ലഭ്യമാകാറുണ്ട്. കോവിഡ് മഹാമാരി, പ്രളയകാലത്ത് ഈ ഇനത്തിലുള്ള സംഭാവനകൾ വിലമതിക്കാനാകാത്തതാണ്. അത് ഏകീകരിക്കുക എന്ന പ്രവൃത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കിയാൽ വലിയ വിജയം കൈവരിക്കാം. ഇക്കാര്യത്തിൽ ദുരിതമനുഭവിക്കുന്നവരെ സഹായിക്കാൻ വേണ്ടി രൂപീകൃതമായ ചെയർമാന്റെ ദുരിതാശ്വാസ നിധിയിൽ മുൻപുതന്നെ സംഭാവനകൾ നിയമപരമായി സ്വീകരിക്കാൻ പറ്റുമായിരുന്നു. ഇപ്പോൾ മറ്റു സംഭാവനകളും സ്വീകരിക്കുന്ന കാര്യത്തിൽ സർക്കാർ വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഏറ്റവും കൂടുതൽ പൊതുജനങ്ങൾ സംഭാവനയായി നൽകുന്നത് അവരുടെ കയ്യിലു ള്ള സ്ഥലമാണ്. റോഡ് നിർമ്മാണം, അങ്കണവാടി കെട്ടിട നിർമ്മാണം എന്നിവയ്ക്കും മറ്റും സ്ഥലം സംഭാവനയായി ലഭിക്കാറുണ്ട്. സ്ഥലം രജിസ്റ്റർ ചെയ്തു വാങ്ങുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീ എന്നിവയിൽ ഇളവുണ്ട്.

## കേരളാ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് – കിഫ്ബി (Kerala Infrastructure Investment Fund Board -KIIFB)

KIIFB യിൽ നിന്നുള്ള ധനസഹായം വഴി നിരവധി വലിയ പ്രോജക്റ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടന്നുവരുന്നു. ഗ്യാസ് ക്രിമറ്റോറിയം, സ്ലോട്ടർ ഹൗസ്, മാർക്കറ്റുകൾ, നഗരസഭകളുടെ ഓഫീസ്സ് കെട്ടിടനിർമ്മാണം എന്നിവയടക്കം പ്രൊജ ക്റ്റുകൾ KIIFB വഴി ചെയ്തുവരുന്നുണ്ട്. ഈ സാധ്യതയും നല്ല പ്രോജക്ടുകൾ സമർപ്പിക്കു ന്നത് വഴി പരമാവധി പ്രയോജനപ്പെടുത്താവുന്നതാണ്.

## റീബിൽഡ് കേരളാ ഇനിഷ്യേറ്റീവ് (Rebuild Kerala Initiative -RKI)

ലോകബാങ്ക് ധനസഹായത്തോടുകൂടി ഏകദേശം 8,000 കോടി രൂപയുടെ പ്രവൃത്തികളാണ് ഇതിൽ നടന്നുവരുന്നത്. റോഡുകളുടെ നിർമ്മാണം മറ്റ് ഇൻഫ്രാ സ്ട്രക്ചർ പ്രവർത്തികൾ എന്നിവയും മറ്റും തദ്ദേശസ്ഥാപനങ്ങൾക്ക് ഇതുവഴി നേടി യെടുക്കാം.

നഗരസഭ/പഞ്ചായത്ത് പ്രദേശത്തുനിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയു ള്ള അജൈവ മാലിന്യങ്ങൾ, കളക്ഷൻ സെന്ററിൽ ഉപയോഗ്യശൂന്യമായി സ്ഥിതി ചെയ്യുന്ന വിവിധ ലോഹ നിർമ്മിതമായ വസ്തുക്കൾ എന്നിവ വേർതിരിച്ചു വിൽപ്പന നടത്താൻ കഴിഞ്ഞാൽ വരുമാനം ലഭിക്കും. മാലിന്യങ്ങൾ നീക്കം ചെയ്യുന്നതുവഴി ആ സ്ഥലം/കെട്ടിടം ഉപയോഗയോഗ്യമാക്കുകയും അത് ഉപയോഗിക്കുകയാണെങ്കിൽ ഒരു വരുമാന മാർഗമായി തീരുന്നതുമാണ്.

സാങ്കേതിക വിവര വിജ്ഞാനവും പരിശീലനം സിദ്ധിച്ചവരേയും ഉൾപ്പെടുത്തി തൊഴിൽ സേന രൂപീകരിച്ച് ആവശ്യക്കാർക്ക് ലഭ്യമാക്കാൻ കഴിയുന്നതുവഴി ഒരു തൊഴിൽ സംസ്കാരം സാധ്യമാക്കുവാനും അതുവഴി വരുമാന സാധ്യത തെളിയുന്നതു മാണ്.

തദ്ദേശഭരണസ്ഥാപന ഓഫീസും മറ്റു ഘടക സ്ഥാപനങ്ങളുടെ ഓഫീസുകളിലും സോളാർ സംവിധാനം സാധ്യമാക്കിയാൽ വൈദ്യുതി ഉൽപ്പാദിപ്പിച്ച് കെ എസ് ഇ ബിക്ക് നൽകുക വഴിയുള്ള വിഭവ സാധ്യത പരീക്ഷിക്കാവുന്നതുമാണ്.

പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തി അധിക വിഭവസമാഹരണ സാധ്യ തകൾ പരമാവധി പ്രയോജനപ്പെടുത്തി വികസന പ്രവർത്തനങ്ങൾ നടപ്പാക്കാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കഴിയും.

## പാഠഭാഗം – സംക്ഷിപ്തം

1. പഞ്ചായത്തുകളുടെയും നഗരസഭകളുടെയും നികുതി വരുമാനങ്ങൾ പോലെ തന്നെ തനത് വരുമാന സ്രോതസ്സുകളായ നികുതിയേതര വരുമാനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതുണ്ട്.
2. ഫീസുകൾ, ലീസ്, ടോൾ, യൂസർ ഫീ, ലൈസൻസ് എന്നിങ്ങനെ വിവിധങ്ങളായ നികുതിയേതര വരുമാന സ്രോതസ്സുകൾ നിലവിലുണ്ട്.
3. ഇവ കൂടാതെ പുതിയ വരുമാന സാധ്യതകളായ നികുതികളിൽ മേൽ ചുമത്തുന്ന സർചാർജ്ജ്, സേവന ഉപനികുതി, പാർക്കിംഗ് ഫീ, അംശാദായം, മുനിസിപ്പൽ ബോണ്ടുകൾ, പൊതു സ്വകാര്യ പങ്കാളിത്തം, CSR ഫണ്ടുകൾ, സംഭാവനകൾ, സന്നദ്ധ സേവനം എന്നീ അധിക വിഭവസമാഹരണ സാധ്യതകൾ കൂടി പരമാവധി പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

## പഠന പുരോഗതി വിലയിരുത്തൽ : മൂന്ന്

I. **ഒറ്റ വാക്കിൽ ഉത്തരമെഴുതുക** (ഒരു മാർക്ക് വീതം)

1. നഗരസഭകളിൽ വസ്തുനികുതിയിൻമേൽ അധികമായി ചുമത്താവുന്ന പരമാധി സർചാർജ്ജ് എത്ര ശതമാനം?

   a. 10% b. 20%

   c. 25% d. 50%

2. ഗ്രാമപഞ്ചായത്തുകളിൽ ശുചിത്വ സേവനങ്ങൾ ഏർപ്പെടുത്തുന്നതിന് വസ്തുനികുതിയിൽ മേൽ ചുമത്തുന്ന സേവന നികുതി എത്ര ശതമാനമാണ് ?

   a. 4% b. 5%

   c. 10% d. 25%

3. കേന്ദ്ര സർക്കാർ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾക്ക് വസ്തുനികുതിക്ക് പകരമായി ചുമത്താവുന്ന പരമാവധി സർവീസ് ചാർജ്ജ് എത്ര ?

   a. 10% b. 50%

   c. 75% d. 33.33%

4. പഞ്ചായത്ത്/നഗരസഭകളുടെ വായ്പാ തിരിച്ചടവിന് അനുവദിക്കാവുന്ന പരമാവധി കാലയളവ് എത്ര വർഷമാണ്?

   a. 10 വർഷം b. 20 വർഷം

   c. 30 വർഷം d. 60 വർഷം

| | |
|---|---|
| II. | **ഒന്നോ രണ്ടോ വാക്കുകളിൽ ഉത്തരം എഴുതുക** (രണ്ട് മാർക്ക് വീതം) |
| 1. | ഗ്രാമപഞ്ചായത്തുകളുടെ പ്രധാനപ്പെട്ട നികുതിയേതര വരുമാന സ്രോതസ്സുകളിൽ ഏതെങ്കിലും രണ്ടെണ്ണം എഴുതുക? |
| 2. | വിഭവങ്ങൾ എന്നാൽ എന്ത്? |
| 3. | വസ്തു നികുതിയൻമേൽ ചുമത്താവുന്ന സേവന ഉപനികുതിയെ കുറിച്ച് രണ്ട് കാര്യങ്ങൾ വിശദമാക്കുക? |
| 4. | സ്വകാര്യ മാർക്കറ്റുകളുടെ ലൈസൻസ് ഫീ നടപ്പാക്കുന്നത് സംബന്ധിച്ച് രണ്ട് കാര്യങ്ങൾ എഴുതുക? |
| 5. | സ്വകാര്യ വണ്ടിത്താവളങ്ങളുടെ പാർക്കിംഗ് ലൈസൻസ് സംബന്ധിച്ച് രണ്ട് കാര്യങ്ങൾ എഴുതുക? |
| III. | **ഒരു ഖണ്ഡികയിൽ ഉത്തരം എഴുതുക** (അഞ്ച് മാർക്ക് വീതം) |
| 1. | പഞ്ചായത്തുകളിലും നഗരസഭകളിലും അധിക വിഭവസമാഹരണത്തിനുള്ള പുതിയ സാധ്യതകളെക്കുറിച്ച് വിശദീകരിക്കുക. |

## 8. സംഗ്രഹം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നികുതികൾ ചുമത്താനും പിരിച്ചെടുക്കാനുമുള്ള അധികാരം പഞ്ചായത്ത്, മുനിസിപ്പൽ നിയമങ്ങൾ വഴി നൽകിയിട്ടുള്ള സംസ്ഥാനമാണ് കേരളം. വസ്തു നികുതി, തൊഴിൽ നികുതി, സേവന ഉപനികുതി, വിനോദ നികുതി, പ്രദർശന നികുതി തുടങ്ങിയവയും, ലൈസൻസ്, ഫീസ് എന്നിങ്ങനെ വിവിധ സ്രോതസ്സുകളിലൂടെ തനത് വരുമാനം ശേഖരിക്കുന്നതിന് അധികാരമുണ്ട്. എല്ലാ തനത് വരുമാന സ്രോതസ്സുകളും യഥാവിധി നിർണയിക്കുകയും പിരിച്ചെടുക്കുകയും ചെയ്യുന്നതിലൂടെ സർക്കാർ നൽകുന്ന ഫണ്ടിലുപരി കൂടുതൽ വികസനപ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കഴിയും. ഉണഭോക്തൃവിഹിതം, സംഭാവന, സന്നദ്ധപ്രവർത്തനം, സ്വകാര്യപങ്കാളിത്തം എന്നിവയിലൂടെയും വിഭവസമാഹരണം വർധിപ്പിക്കാൻ സാധിക്കും. കാര്യക്ഷമമായ തനത് വരുമാന സമാഹരണത്തിലൂടെ കൂടുതൽ വികസനപ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കഴിയും.

## 9. ഉത്തരസൂചിക

**ഭാഗം ഒന്ന്**

| | | |
|---|---|---|
| I. | 1. (b) വസ്തുനികുതി | 2. (c) ജനറൽ പർപ്പസ് ഫണ്ട് |
| | 3. (d) പരസ്യ നികുതി | 4. (a) കോഴിക്കോട് കോർപ്പറേഷൻ |
| | 5. (b) 5% | |

| | | |
|---|---|---|
| II. | 1. തെറ്റ് | 2. തെറ്റ് |
| | 3. ശരി | 4. ശരി |

**ഭാഗം രണ്ട്**

I.
1. (b) തറ വിസ്തീർണ്ണം
2. (d) ചുമരിന്റെ നിർമ്മിതി
3. (a) 25%
4. (d) 5%
5. (c) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക്

| | | |
|---|---|---|
| II. | 1. ശരി | 2. തെറ്റ് |
| | 3. ശരി | 4. തെറ്റ് |
| | 5. ശരി | |

**ഭാഗം മൂന്ന്**

| | |
|---|---|
| 1. (d) 50% | 2. (a) 4% |
| 3. (c ) 75% | 4. (d) 60 വർഷം |

## 10. അവലംബം / അധിക വായനയ്ക്ക്)


1. കേരള പഞ്ചായത്ത് രാജ് നിയമം 1994.
2. കേരള മുനിസിപ്പാലിറ്റി നിയമം 1994.
3. നവകേരളത്തിനായി നഗരസഭകൾ 2021 (കില-കൈപ്പുസ്തകം).
4. നവകേരളത്തിനായി ഗ്രാമപഞ്ചായത്തുകൾ 2020 (കില- കൈപ്പുസ്തകം).
5. കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപ നികുതിയും സർ ചാർജ്ജും) ചട്ടങ്ങൾ - 2011.
6. കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും) ചട്ടങ്ങൾ - 2011.

# യൂണിറ്റ് 4

# ബജറ്റിങ്


| | | |
|---|---|---|
| 1. | പഠന ലക്ഷ്യങ്ങൾ | 77 |
| 2. | സൂചനാപദങ്ങൾ | 78 |
| 3. | ആമുഖം | 78 |
| 4. | ബജറ്റിന്റെ അടിസ്ഥാനം | 78 |
| 5. | ബജറ്റ് രൂപീകരണവും ബജറ്ററി നിയന്ത്രണവും | 83 |
| 6. | ബജറ്റ് തയ്യാറാക്കൽ - പ്രവർത്തനങ്ങൾ | 89 |
| 7. | സംഗ്രഹം | 95 |
| 8. | ഉത്തരസൂചിക | 96 |
| 9. | അവലംബം /അധിക വായനയ്ക്ക് | 96 |

# ബജറ്റിങ്

## 1. പഠന ലക്ഷ്യങ്ങൾ

ഈ യൂണിറ്റ് പഠിച്ച് കഴിയുമ്പോൾ പഠിതാക്കൾക്ക് ഇനി പറയുന്ന കാര്യങ്ങൾ ചെയ്യുന്നതിനായുള്ള കാര്യശേഷി ഉണ്ടാകുന്നതാണ്.

- പൊതുപണം കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങൾ ഓരോ സാമ്പത്തിക വർഷത്തിനും മുന്നോടിയായി തയ്യാറാക്കുന്ന വാർഷിക സാമ്പത്തിക പ്ലാനാണ് ബജറ്റ് എന്ന വസ്തുത തിരിച്ചറിയുന്നു.
- കേന്ദ്ര സംസ്ഥാന സർക്കാരുകൾ പോലെ തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വാർഷിക ബജറ്റ് തയ്യാറാക്കി അംഗീകരിച്ച് നടപ്പാക്കുന്നതിന്റെ നിയമ വ്യവസ്ഥകൾ മനസിലാക്കുന്നു.
- ബജറ്റിൽ നടപ്പു വർഷത്തെ യഥാർത്ഥ വരവു ചെലവുകൾ കൂടാതെ അടുത്ത സാമ്പത്തിക വർഷത്തെ പ്രതീക്ഷിത വരുമാനത്തിന്റെയും ചെലവുകളുടെയും സംക്ഷിപ്ത രൂപരേഖയും മൂലധന വരവ് കടബാധ്യത വിവരങ്ങളും വികസന നിർദ്ദേശങ്ങളും ഉൾക്കൊള്ളിക്കുന്നതായി തിരിച്ചറിയുന്നു.
- ബജറ്റ് തയ്യാറാക്കുന്നതിന്റെ അടിസ്ഥാന തത്ത്വങ്ങൾ മനസിലാക്കുന്നതു കൂടാതെ നടപടി ക്രമങ്ങളും കൂടിയാലോചനകളും വഴി ജനാധിപത്യ പ്രക്രിയയിൽ ബജറ്റ് തയ്യാറാക്കുന്ന രീതിശാസ്ത്രം പരിചയപ്പെടുന്നു.
- പങ്കാളിത്ത പ്രക്രിയയിലൂടെ ബജറ്റ് തയ്യാറാക്കുന്നതിൽ ഗ്രാമസഭ/വാർഡ് സഭകൾ എന്നീ വേദികൾ പ്രയോജനപ്പെടുത്തേണ്ടതിന്റെ പ്രാധാന്യം തിരിച്ചറിയുന്നു.
- നഗരസഭകളുടെ അനിവാര്യ ചുമതലകൾ നിർവഹിക്കുന്നതിനും സംരംഭകത്വത്തിലും വികസനത്തിലും ഊന്നി പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കുന്നതിലും മുൻഗണന നിശ്ചയിച്ചുകൊണ്ട് ബജറ്റ് തയ്യാറാക്കുന്ന നടപടി ക്രമം വിശദീകരിക്കുന്നു.

- ജെൻഡർ ബജറ്റ്, പെർഫോർമൻസ് ബജറ്റ് തുടങ്ങിയ നൂതനാശയങ്ങൾ മനസിലാക്കുന്നു.

## 2. സൂചനാപദങ്ങൾ

1. **വാർഷിക ധനവിവര പത്രിക:** ഭരണഘടനയുടെ 112, 202 എന്നിവ പ്രകാരം കേന്ദ്ര സംസ്ഥാന സർക്കാരുകൾ പാർലമെന്റ്/നിയമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങുന്ന വരവ്, ചെലവ് അടങ്കൽ പത്രിക (ബജറ്റ്)
2. **മിച്ച ബജറ്റ്:** തനത് റവന്യൂ വരവ് ചെലവുകളിൽ അഞ്ച് ശതമാനം നീക്കിയിരിപ്പ് വ്യവസ്ഥ ചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബജറ്റ് രീതി.
3. **ജെൻഡർ ബജറ്റ്:** സമത്വം/തുല്യത/സാമൂഹികനീതി ഉറപ്പുവരുത്തുന്നതിന് ലിംഗപദവി അധിഷ്ഠിതമായ ബജറ്റ് രീതി.
4. **പെർഫോർമൻസ് ബജറ്റ്:** വികസന ലക്ഷ്യങ്ങളും, ഉത്തരവാദിത്തങ്ങളും നിർവ്വഹിച്ചുവോ എന്ന് ഉറപ്പു വരുത്തുന്നതിനായി ആവിഷ്കരിച്ച ഫലാധിഷ്ഠിത ബജറ്റ് രീതി.

## 3. ആമുഖം

പൊതുപണം കൈകാര്യം ചെയ്യുന്നവർ, അടുത്തവർഷം തങ്ങളുടെ പ്രവർത്തനത്തിനാവശ്യമായ വിഭവങ്ങൾ എങ്ങനെ, എത്രമാത്രം സമാഹരിക്കുമെന്നും, അവ എങ്ങനെ വിനിയോഗിക്കുമെന്നും സാമ്പത്തിക വർഷാരംഭത്തിനു മുമ്പേ പ്രഖ്യാപിക്കുന്ന സാമ്പത്തിക പ്ലാനാണ് ബജറ്റ്. ബന്ധപ്പെട്ട ഭരണകൂടത്തിന്റെ നയപ്രഖ്യാപന രേഖകൂടിയാണ് ബജറ്റ്. കേന്ദ്ര സംസ്ഥാന സർക്കാരുകളെ പോലെ തന്നെ ഭരണഘടനാധിഷ്ഠിതമായി പഞ്ചായത്ത് രാജ് സ്ഥാപനങ്ങളും നഗരസഭകളും നടപടി ക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കി അംഗീകരിക്കുകയും നടപ്പാക്കുകയും ചെയ്യുന്നു.

ബജറ്റിൽ പ്രഖ്യാപിച്ചതുപോലെയായിരുന്നോ വിഭവ സമാഹരണവും ധന വിനിയോഗവും നടന്നതെന്ന് വർഷാവസാനം തയ്യാറാക്കി സമർപ്പിക്കുന്ന അക്കൗണ്ട് പരിശോധിച്ച് ഉറപ്പു വരുത്താൻ കഴിയുന്നു. ഇപ്രകാരം ഏറ്റെടുത്ത ചുമതലകൾ നിറവേറ്റിയെന്നും സ്വന്തം പ്രവൃത്തികൾ ന്യായീകരിക്കത്തക്കതാണെന്നും ജനങ്ങളെ ബോധ്യപ്പെടുത്താൻ ബജറ്റ് ഉപകരിക്കുന്നു. പൗര സമൂഹത്തോടുള്ള ഉത്തരവാദിത്തം (Accountability) നിറവേറ്റിയോ എന്നും ഭരണഘടനാപരമായ ചുമതലകൾ നിർവ്വഹിച്ചോ എന്നും ഉറപ്പുവരുത്തുന്നതിനുതകുന്ന സാമ്പത്തിക പ്ലാനും നയപ്രഖ്യപന രേഖയുമാണ് ബജറ്റ്.

## 4. ബജറ്റിന്റെ അടിസ്ഥാനം

കേന്ദ്ര സംസ്ഥാന സർക്കാരുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഓരോ സാമ്പത്തിക വർഷാരംഭത്തിനും മുന്നോടിയായി തയ്യാറാക്കി അംഗീകരിക്കുന്ന വാർഷിക സാമ്പത്തിക പ്ലാനാണ് ബജറ്റ്. ഇപ്രകാരം തയ്യാറാക്കുന്ന ബജറ്റ് അടുത്ത ഒരു സാ

മ്പത്തിക വർഷത്തെ പ്രതീക്ഷിത വരുമാനത്തിന്റെയും ചെലവുകളുടെയും സംക്ഷിപ്ത രൂപരേഖയാണ്. ബജറ്റിൽ വരവ്-ചെലവ് രൂപരേഖ കൂടാതെ മൂലധന വരവുകളും കടബാധ്യത വിവരങ്ങളും വികസന ക്ഷേമ നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചിരിക്കും.

ഇന്ത്യാ ഗവണ്മെന്റിന്റെ യൂണിയൻ ബജറ്റ് ധനമന്ത്രാലയത്തിന്റെ ഭാഗമായി കേന്ദ്ര ഗവൺമെന്റ് തയ്യാറാക്കി ധനകാര്യമന്ത്രി പാർലമെന്റ് മുമ്പാകെ ഓരോ സാമ്പത്തിക വർഷാരംഭത്തിനും മുന്നോടിയായി അവതരിപ്പിച്ച് അംഗീകാരം വാങ്ങുന്നു. ഭരണഘടന അനുച്ഛേദങ്ങൾ 112, 113, 114 ലെ വ്യവസ്ഥകൾക്ക് വിധേയമായി വാർഷിക ധനവിവര പത്രിക (Annual Financial Statement) എന്ന രീതിയിലാണ് ബജറ്റ് പാർലമെന്റിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങുന്നത്. കേന്ദ്ര സർക്കാരിന്റെ പ്രതീക്ഷിത വരവ്-ചെലവുകൾ സംബന്ധിച്ചും സാമ്പത്തിക പദ്ധതിയുടെ സംക്ഷിപ്ത രൂപമെന്ന നിലയിലാണ് ഇത് തയ്യാറാക്കി സമർപ്പിക്കുക. ധനവിനിയോഗ പദ്ധതി, മൂലധന നിക്ഷേപ പദ്ധതി, ക്യാഷ് ഫ്ലോ ബജറ്റ്, വികസന ക്ഷേമ നിർദ്ദേശങ്ങൾ എന്നിവയെ സംബന്ധിച്ച നയപ്രഖ്യാപനവും സാമ്പത്തിക പ്ലാനുമാണ് അവതരിപ്പിക്കുന്നത്. സഞ്ചിതനിധിയിൽ നിന്നുള്ള ചെലവുകൾ, ധനവിനിയോഗ ബില്ലുകൾ, വോട്ട് ഓൺ അക്കൗണ്ട് അനുപൂരകമായതോ അംഗീകരിച്ചതോ ആയ ചെലവുകൾക്കുള്ള സഹായ ധനങ്ങൾ എന്നിങ്ങനെയാണ് പാർലമെന്റിൽ ധനപരമായ വിഷയങ്ങളിലെ നടപടി ക്രമം പാലിക്കപ്പെടുന്നത്.

സമാനമായ രീതിയിൽ ഭരണഘടനാധിഷ്ഠിതമായി സംസ്ഥാന സർക്കാരുകളുടെ ബജറ്റും തയ്യാറാക്കപ്പെടുന്നു. ഭരണഘടനയുടെ 202 മുതൽ 207 വരെയുള്ള അനുച്ഛേദങ്ങളിൽ സംസ്ഥാന സർക്കാരുകളുടെ ധനപരമായ വിഷയങ്ങളിലെ നടപടി ക്രമങ്ങൾ വിശദീകരിക്കുന്നു. അനുച്ഛേദം 202 പ്രകാരം വാർഷിക ധനവിവരപത്രിക (Annual Financial Statement) എന്ന രീതിയിലാണ് സംസ്ഥാന ബജറ്റ് സംസ്ഥാന നിയമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങുന്നത്. സഞ്ചിതനിധിയിൽ നിന്നുള്ള ചെലവ് ശുപാർശ, ധനവിനിയോഗ ബില്ലുകൾ, മൂലധന നിക്ഷേപ പദ്ധതി, ക്യാഷ് ഫ്ലോ ബജറ്റ്, വികസന ക്ഷേമ നിർദ്ദേശങ്ങൾ എന്നിവയെ സംബന്ധിച്ച സാമ്പത്തിക പദ്ധതിയുടെ സംക്ഷിപ്ത രൂപമെന്ന നിലയിലാണ് ധനവിനിയോഗ നടപടിക്രമം. അനുപൂരകമായതോ അധികരിച്ചതുമായതോ ആയ ചെലവുകൾക്കുള്ള സഹായധനങ്ങളും കണക്കിന്മേലുള്ള വോട്ടുകളും സംബന്ധിച്ച വ്യവസ്ഥകളും സംസ്ഥാന ബജറ്റ് നടപടി ക്രമങ്ങളുടെ ഭാഗമാണ്.

പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെയും നഗരസഭകളുടെയും വാർഷിക ബജറ്റുകൾ 243 എച്ച്, 243 എക്സ് എന്നീ ഭരണഘടന അനുച്ഛേദങ്ങളുടെ അടിസ്ഥാനത്തിൽ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 214 വകുപ്പിലെയും കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 285 മുതൽ 293 വരെയുള്ള വകുപ്പുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായാണ് ബജറ്റ് തയ്യാറാക്കുന്നത്. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ - 2011 ലെ ചട്ടം 71 മുതൽ 73 വരെയുള്ള വ്യവസ്ഥകൾ അനുസരിച്ച് പഞ്ചായത്തുകളും കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ 2007 ലെ ചട്ടം 63 മുതൽ 65 വരെയുള്ള വ്യവസ്ഥകൾ പാലിച്ച് നഗരസഭകളും ബജറ്റ് തയ്യാറാക്കി അംഗീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നു.

## ബജറ്റ് പരിഗണനകൾ

നിയതമായ വരുമാന സ്രോതസ്സുകളുടെ അടിസ്ഥാനത്തിൽ ഭരണഘടനാപരവും നിയമാനുസൃതവുമായ ചെലവുകൾ നിർവഹിക്കുന്നതിനുള്ള ഒരു ധനവിനിയോഗ പദ്ധതി രൂപരേഖയാണ് ബജറ്റ്. ഒരു നിശ്ചിത സാമ്പത്തിക കാലയളവിൽ (സാമ്പത്തിക വർഷം) എത്രമാത്രം ധനസമാഹരണം സാധ്യമാകുമെന്നും ഇപ്രകാരം എല്ലാ സ്രോതസ്സുകളിൽ നിന്നും സമാഹരിക്കുന്ന പണം വിനിയോഗിച്ച് നടപ്പാക്കേണ്ട പ്രവർത്തനങ്ങളും മുൻകൂട്ടി പ്ലാൻ ചെയ്യുന്നതാണ് ബജറ്റ്. ഭാവികാല ലക്ഷ്യങ്ങളും വികസന താൽപ്പര്യങ്ങളും ഉൾക്കൊണ്ട് ഭരണകർത്താക്കൾ തയ്യാറാക്കുന്ന സാമ്പത്തിക പ്ലാൻ ആണ് ഉദ്ദേശിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തെ ജനങ്ങളുടെ സേവനാവശ്യങ്ങളും വികസനാവശ്യങ്ങളും മുൻകൂട്ടി കാണാനുള്ള കഴിവാണ് ബജറ്റിന്റെ അടിസ്ഥാനം. സ്ത്രീകൾ, സാമൂഹികമായി പിന്നുള്ളപ്പെട്ടവർ, ശിശുക്കൾ, വൃദ്ധർ, ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർ, അശരണർ, ചേരി നിവാസികൾ തുടങ്ങിയവർക്കുള്ള പ്രത്യേക പരിഗണന ബജറ്റിൽ ഉറപ്പുവരുത്തേണ്ടതാണ്. ചുരുക്കത്തിൽ സാമൂഹിക നീതിയും സാമ്പത്തിക വികസനവും കൈവരിക്കുന്നതിനായി വിഭവങ്ങൾ എങ്ങനെ സമാഹരിക്കാമെന്നും എങ്ങനെ ചെലവ് ചെയ്യാമെന്നും മുൻകൂട്ടി പ്രവചിക്കുന്ന രേഖയാണ് ബജറ്റ്. ബജറ്റിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ നിന്നും വ്യതിചലിച്ചുള്ള ഭരണ നടപടികൾ ബജറ്റിന്റെ പരാജയത്തിലേക്ക് നയിക്കും.

## മിച്ച ബജറ്റ്

ബജറ്റിൽ ഉൾപ്പെടുത്തുന്ന സർക്കാർ ഗ്രാന്റുകൾ, ഫണ്ടുകൾ എൻഡോവ്മെന്റുകൾ, അംശദായങ്ങൾ, ഋണശീർഷക സ്രോതസ്സുകൾ എന്നിവ പ്രകാരമുള്ള വരവുകളും ചെലവുകളും ഒഴിവാക്കിയ ശേഷമുള്ള തനത് വരവ്-ചെലവുകൾ പരിഗണിക്കുമ്പോൾ കുറഞ്ഞത് അഞ്ച് ശതമാനം മിച്ചം വരുന്ന രീതിയിലാണ് പഞ്ചായത്തുകളും നഗരസഭകളും ബജറ്റ് തയ്യാറാക്കേണ്ടത്. സാമ്പത്തിക സ്ഥിരത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമാണ് ഈ നിർദ്ദേശം.

## കൂടിയാലോചനകളും ജനപങ്കാളിത്തവും

ബജറ്റ് തയ്യാറാക്കേണ്ടതിന്റെ പ്രാഥമിക ചുമതല ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കാണ്. എന്നാൽ സ്റ്റാന്റിംഗ് കമ്മിറ്റി തനിച്ച് ചെയ്യേണ്ട ഒരു ജോലിയല്ലിത്. മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ, ഘടക സ്ഥാപനങ്ങൾ, ഉദ്യോഗസ്ഥസംവിധാനം എന്നിവരുടെ പങ്കാളിത്തവും മുന്നൊരുക്കങ്ങളും അനിവാര്യമാണ്. തദ്ദേശഭരണ സംവിധാനത്തിന്റെ കൂട്ടായ പ്രവർത്തനത്തിലൂടെയാണ് ബജറ്റ് തയ്യാറാക്കേണ്ടത്.

## ഗ്രാമ/വാർഡ് സഭയുടെ പങ്ക്

ഗ്രാമസഭ/വാർഡ്സഭ/വാർഡ് കമ്മിറ്റികളിൽ നിന്ന് ഉയർന്നു വരുന്ന നിർദ്ദേശങ്ങൾക്ക് പരിഗണന നൽകിക്കൊണ്ടായിരിക്കണം ബജറ്റ് ചർച്ചകൾക്ക് തുടക്കം

കുറിക്കേണ്ടത്. ഇതിനായി ഡിസംബർ മാസത്തിലെങ്കിലും ഗ്രാമസഭ/വാർഡ്സഭ വിളിച്ചുചേർത്ത് ബജറ്റ് നിർദ്ദേശങ്ങൾ സമാഹരിക്കണം. ഭരണ വികസന ക്ഷേമപ്രവർത്തനങ്ങൾക്കുള്ള ഗ്രാമസഭ/വാർഡ്സഭ നിർദ്ദേശങ്ങൾ സമാഹരിക്കുന്നതിനായുള്ള യോഗങ്ങൾ പ്രത്യേക അജണ്ട വച്ച് വിളിച്ചു ചേർക്കുന്നു. ഒപ്പം തന്നെ പ്രത്യേക താൽപര്യമുള്ള വിഭാഗങ്ങളിൽ നിന്നുള്ള ആവശ്യങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കാനായി സ്റ്റേക്ക് ഹോൾഡർ കൺസൾട്ടേഷൻ (stakeholder consultation) നടത്തിയും ബഹുജന നിർദ്ദേശങ്ങൾ വിഷയാടിസ്ഥാനത്തിൽ സ്വീകരിക്കുകയും ക്രോഡീകരിക്കുകയും ചെയ്യുകയെന്നത് പങ്കാളിത്ത ബജറ്റ് പ്രക്രിയയിൽ പ്രധാനപ്പെട്ട ഘട്ടമാണ്. ജനങ്ങളുടെ ഹിതവും താൽപ്പര്യവും പരിഗണിച്ച് ബജറ്റ് പ്രക്രിയ സമ്പുഷ്ടമാക്കുന്നതിന് പ്രത്യേക ശ്രദ്ധ വേണം.

തുടർന്ന് ഗ്രാമ/വാർഡ്സഭകളിൽ നിന്നും സ്റ്റേക്ക് ഹോൾഡർമാരിൽ (stakeholder) നിന്നും വരുന്ന നിർദ്ദേശങ്ങൾ വിഷയാടിസ്ഥാനത്തിൽ തരംതിരിച്ച് വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്ക് നൽകുകയും വർക്കിംഗ് ഗ്രൂപ്പുകൾ ചർച്ച ചെയ്ത് അനിവാര്യവും മുൻഗണനാധിഷ്ഠിതവുമായി നിർദ്ദേശങ്ങൾ ക്രോഡീകരിക്കുകയും ചെയ്യുന്നു. ഇതിന്റെ തുടർച്ചയായി ഘടക സ്ഥാപന മേധാവികളും, നിർവഹണ ഉദ്യോഗസ്ഥരും, തദ്ദേശസ്ഥാപന സെക്രട്ടറിയും ഉദ്യോഗസ്ഥരും പരിശോധിച്ച് ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ഡിസംബർ മാസം തന്നെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുഖേന എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും നൽകുകയും മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ ഉൾപ്പെടെ ജനുവരി മാസം 15 ന് മുമ്പായി കൂട്ടായി ചർച്ച ചെയ്ത് തയ്യാറാക്കി നൽകുന്ന നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഫെബ്രുവരി മാസത്തിൽ ബജറ്റിന് അന്തിമ രൂപം നൽകുകയും ചെയ്യുന്നു. ഇപ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കുന്ന ബജറ്റ് നയപ്രഖ്യാപന രേഖയും വികസന നിർദ്ദേശങ്ങളും സഹിതം മാർച്ച് മാസം ആദ്യവാരത്തിൽ പഞ്ചായത്ത്/നഗരസഭ കൗൺസിൽ മുമ്പാകെ അവതരിപ്പിച്ച് ചർച്ചയ്ക്ക് വിധേയമാക്കുന്നു. ഭേദഗതികളോടെയോ അല്ലാതെയോ പഞ്ചായത്ത് കമ്മിറ്റി/കൗൺസിൽ മാർച്ച് അവസാന വാരത്തിനു മുമ്പായി ബജറ്റ് അംഗീകരിക്കുന്നതോടെ ബജറ്റ് തയ്യാറാക്കുന്ന പ്രക്രിയ അവസാനിക്കുന്നു. തുടർന്ന് ബജറ്റ് നിർദ്ദേശങ്ങൾക്ക് വിധേയമായി വിഭവ സമാഹരണവും ധനവിനിയോഗവും നടത്തുകയും അക്കൗണ്ടിംഗ് നടത്തി വാർഷിക കണക്ക് തയ്യാറാക്കി ഓഡിറ്റിംഗിന് വിധേയമാക്കുകയും ചെയ്യുന്നു.

**പാഠഭാഗം – സംക്ഷിപ്തം**

1. ബജറ്റ് വിഭവ സമാഹരണത്തിനും ധനവിനിയോഗത്തിനുമുള്ള സാമ്പത്തിക പ്ലാനാണ്.
2. കേന്ദ്ര സംസ്ഥാന സർക്കാരെ പോലെ പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളും നിയമാനുസൃതം ബജറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതുണ്ട്. അക്കൗണ്ടബിലിറ്റി ഉറപ്പു വരുത്തുന്നതിനുള്ള പ്രധാനപ്പെട്ട ഒരു സാമ്പത്തിക രേഖയാണ് ബജറ്റ്.

3. ഭരണഘടനയിലെ ബജറ്റ് സംബന്ധിച്ച അനുച്ഛേദങ്ങൾ പ്രകാരം കേന്ദ്ര സംസ്ഥാന സർക്കാരുകൾ വാർഷിക ധനവിവര പത്രിക (Annual Financial Statement) എന്നനിലയിൽ ബജറ്റ് പാർലമെന്റിലും നിയമസഭയിലും അവതരിപ്പിച്ച് പാസാക്കുന്നു.
4. പഞ്ചായത്തുകളും നഗരസഭകളും ബജറ്റ് തയ്യാറാക്കി അംഗീകരിക്കുന്നതിന്റെ നിയമ വ്യവസ്ഥകൾ പരിചയപ്പെടുന്നു.
5. ബജറ്റിന്റെ പരിഗണനകൾ, മിച്ചബജറ്റ് വ്യവസ്ഥ, കൂടിയാലോചന പ്രക്രിയയും ഗ്രാമസഭ/വാർഡ് സഭകളും തുടങ്ങിയ പങ്കാളിത്ത പ്രക്രിയയും പരിചയപ്പെടുന്നു.

## പഠന പുരോഗതി വിലയിരുത്തൽ : ഒന്ന്

I. **ഒറ്റവാക്കിൽ ഉത്തരമെഴുതുക** (ഒരു മാർക്ക് വീതം)

1. ഇനി പറയുന്നവയിൽ ശരിയായ പ്രസ്താവന ഏത്?

a. ബജറ്റ് അടുത്ത വർഷത്തേക്കുള്ള സാമ്പത്തിക പ്ലാനാണ്.

b. ബജറ്റ് യഥാർത്ഥ വരവ്-ചെലവ് പത്രികയാണ്.

c. പഞ്ചായത്തുകൾക്ക് കമ്മിറ്റി ബജറ്റ് തയ്യാറാക്കാവുന്നതാണ്.

d. ബജറ്റ് ഏപ്രിൽ 30 ന് മുമ്പ് ഭരണസമിതി അംഗീകരിക്കണം.

2. ഇന്ത്യാ ഗവണ്മെന്റിന്റെ യൂണിയൻ ബജറ്റ് പാർലമെന്റിൽ അവതരിപ്പിക്കുന്നത് ആര്?

a. പ്രസിഡന്റ്

b. പ്രധാനമന്ത്രി

c. ധനമന്ത്രി

d. വൈസ് പ്രസിഡന്റ്

3. ഇനി പറയുന്നവയിൽ ബജറ്റിൽ പ്രത്യേക പരിഗണന നൽകേണ്ട വിഭാഗങ്ങളിൽപ്പെടാത്ത് ആര്?

a. സ്ത്രീകൾ b. സാമൂഹികമായി പിന്തള്ളപ്പെട്ടവർ
c. ജനപ്രതിനിധികൾ d. അശരണർ

4. ബജറ്റ് തയ്യാറാക്കണ്ട ചുമതല ആർക്കാണ്?

a. ഗ്രാമസഭ

b. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

c. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

d. സെക്രട്ടറി

5. ബജറ്റ് നഗരസഭ കൗൺസിൽ മുമ്പാകെ സമർപ്പിക്കേണ്ട കാലയളവ്?

a. ജനുവരി 15 b. മാർച്ച് 31 ന് മുമ്പ്

c. ഏപ്രിൽ ആദ്യവാരം d. മാർച്ച് ആദ്യവാരം

II. **പ്രസ്താവന ശരിയോ തെറ്റോ എന്ന് എഴുതുക** (ഒരു മാർക്ക് വീതം)

1. അടുത്ത സാമ്പത്തിക വർഷത്തെ പ്രതീക്ഷിത വരുമാനത്തിന്റെയും ചെലവുകളുടെയും സംക്ഷിപ്ത രൂപരേഖയാണ് ബജറ്റ്.

ശരി/തെറ്റ്

2. ഗ്രാമസഭ/വാർഡ്സഭ നിർദ്ദേശങ്ങൾ പരിഗണിച്ചായിരിക്കണം ബജറ്റ് തയ്യാറാക്കേണ്ടത്.

ശരി/തെറ്റ്

3. നഗരസഭകൾക്ക് കമ്മിറ്റി ബജറ്റ് തയ്യാറാക്കാൻ അധികാരമുണ്ട്.

ശരി/തെറ്റ്

4. മൂലധന വരവുകളും കടബാധ്യത വിവരങ്ങളും ബജറ്റിൽ ഉൾപ്പെടുത്തേണ്ടതില്ല.

ശരി/തെറ്റ്

III. **ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക** (അഞ്ച് മാർക്ക് വീതം)

1. കേന്ദ്ര-സംസ്ഥാന ബജറ്റുകൾ (AFS) തയ്യാറാക്കുന്നതു സംബന്ധിച്ച് ഭരണഘടനാ വ്യവസ്ഥകൾ വിശദീകരിക്കുക.

2. പഞ്ചായത്ത്/നഗരസഭ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നിയമ വ്യവസ്ഥകൾ വിശദീകരിക്കുക.

3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബജറ്റ് തയ്യാറാക്കുന്ന പ്രക്രിയയിൽ കൂടിയാലോചനകളും ജനപങ്കാളിത്തവും ഉറപ്പുവരുത്താനായി ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുക.

## 5. ബജറ്റ് രൂപീകരണവും ബജറ്ററി നിയന്ത്രണവും

ബജറ്റ് സംബന്ധിച്ച നടപടി ക്രമങ്ങൾ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 214 വകുപ്പിലും, കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ 284 മുതൽ 293 വരെ വകുപ്പുകളിലും നിർദ്ദേശിച്ചിരിക്കുന്നു.

### പഞ്ചായത്ത്/നഗരസഭാ ബജറ്റ്

പഞ്ചായത്ത് രാജ് നിയമ പ്രകാരം ബജറ്റ് സംബന്ധിച്ച നടപടികൾ ഇനി പറയുന്ന രീതിയിലാണ്.

- ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ജനുവരി 15 നകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകണം.
- സെക്രട്ടറിയും ഘടകസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും തയ്യാറാക്കി നൽകിയ ബജറ്റ് എസ്റ്റിമേറ്റുകളും നിർദ്ദേശങ്ങളും പരിഗണിച്ചായിരിക്കണം സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത്.

കേരള മുനിസിപ്പാലിറ്റി നിയമത്തിൽ ബജറ്റ് നടപടികൾ ഇനി പറയും വിധം നിർദ്ദേശിച്ചിരിക്കുന്നു.

- സെക്രട്ടറി ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ജനുവരി 15-നകം നൽകണം.
- സെക്രട്ടറിയും ഘടക സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും തയ്യാറാക്കി നൽകിയ ബജറ്റ് നിർദ്ദേശങ്ങൾ പരിഗണിച്ച് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകണം.
- ഈ നിർദ്ദേശങ്ങൾ പരിഗണിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നഗരസഭ ബജറ്റ് തയ്യാറാക്കി അംഗീകരിച്ച കൗൺസിൽ മുമ്പാകെ അവതരിപ്പിക്കണം.

**പൊതുനിർദ്ദേശങ്ങൾ**

- മാർച്ച് ആദ്യവാരം അവസാനിക്കുന്നതിന് മുമ്പ് ചേരുന്ന ഭരണസമിതിയുടെ പ്രത്യേക യോഗത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ബജറ്റ് അവതരിപ്പിക്കണം.
- അടുത്ത വർഷം നടത്താനുദ്ദേശിക്കുന്ന വികസന/ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ച് പ്രസിഡന്റ്/ചെയർപേഴ്സൺ നടത്തുന്ന ബജറ്റ് ആമുഖ പ്രഖ്യാപനത്തിന് ശേഷമായിരിക്കണം ബജറ്റ് അവതരണം.
- പഞ്ചായത്ത്/നഗരസഭ കൗൺസിൽ ബജറ്റ് നിർദ്ദേശങ്ങൾ പരിഗണിക്കുകയും ആവശ്യമാണെങ്കിൽ മാറ്റം വരുത്തുകയും ചെയ്യാം.
- മാർച്ച് അവസാനിക്കുന്നതിന് മുമ്പ് ബജറ്റ് പാസ്സാക്കണം
- പാസ്സാക്കിയ ഉടനെ ബജറ്റിന്റെ കോപ്പി സർക്കാരിനും സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനും ഓഡിറ്റർമാർക്കും അയച്ചുകൊടുക്കണം.
- ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും അവ പാസ്സാക്കിയ ബജറ്റിന്റെ പകർപ്പുകൾ ബന്ധപ്പെട്ട ജില്ലാ പഞ്ചായത്തിനും ജില്ലാ ആസൂത്രണ സമിതിക്കും നൽകേണ്ടതാണ്.

**മുനിസിപ്പാലിറ്റി നിയമത്തിൽ മാത്രമുള്ള നിർദ്ദേശങ്ങൾ**

ഇനി പറയുന്ന നിർദ്ദേശങ്ങൾ കേരള മുനിസിപ്പാലിറ്റി നിയമത്തിൽ മാത്രമുള്ളതാണ് (തത്തുല്യമായ വകുപ്പുകൾ കേരള പഞ്ചായത്ത് രാജ് നിയമത്തിലില്ല.)

- ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് തയ്യാറാക്കിയില്ലെങ്കിൽ സെക്രട്ടറി തയ്യാറാക്കിയ ബജറ്റ് ചെയർപേഴ്സൺ/മേയർ കൗൺസിലിൽ അവതരിപ്പിക്കണം. മാറ്റങ്ങളില്ലാതെയോ മാറ്റങ്ങളോടു കൂടിയോ കൗൺസിൽ ബജറ്റ് അംഗീകരിക്കണം (കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 290).
- ദാരിദ്ര്യ നിർമ്മാർജ്ജന ഫണ്ടിലേക്ക് വാർഷിക റവന്യൂ വരുമാനത്തിന്റെ രണ്ട് ശതമാനം ബജറ്റിൽ നീക്കി വെക്കണം (കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 284)

## ബജറ്റ് തത്ത്വങ്ങൾ

കേരള പഞ്ചായത്ത് രാജ് നിയമത്തിലും കേരള മുനിസിപ്പാലിറ്റി നിയമത്തിലും നിർദ്ദേശിച്ചിട്ടുള്ളതും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ബാധകമായതുമായ സുപ്രധാന ബജറ്റ് തത്ത്വങ്ങൾ ഇനി ചേർക്കുന്നു.

- മിച്ചം കാണിക്കുന്നതായിരിക്കണം ബജറ്റ്. പഞ്ചായത്തിന്റെ/നഗരസഭയുടെ പ്രതീക്ഷിത റവന്യൂ വരുമാനത്തിന്റെ അഞ്ച് ശതമാനത്തിൽ കുറയാത്ത തുക മിച്ചമുണ്ടായിരിക്കണം. ഋണശീർഷകണക്ക്, ജനറൽ പർപ്പസ് ഫണ്ട് ഒഴിച്ചുള്ള സർക്കാർ ഗ്രാന്റുകൾ, വായ്പകൾ എന്നിവ റവന്യൂ വരുമാനമായി കണക്കാക്കാൻ പാടില്ല.
- ബജറ്റിൽ നിർദ്ദേശിക്കാത്ത ഒരിനത്തിനുവേണ്ടിയും ചെലവ് ചെയ്യരുത്.
- ഏതെങ്കിലും ഇനത്തിന് ബജറ്റിൽ നിർദ്ദേശിച്ച തുകയിൽ കൂടുതൽ ചെലവ് ചെയ്യരുത്.
- പാസ്സാക്കിയ ബജറ്റിൽ നിന്ന് വ്യത്യസ്തമായ രീതിയിൽ ചെലവു ചെയ്യേണ്ട സാഹചര്യം പ്രതീക്ഷിക്കുന്നുണ്ടെങ്കിൽ അപ്രകാരം ചെലവ് ചെയ്യുന്നതിന് മുമ്പ് സപ്ലിമെന്ററി ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അവതരിപ്പിക്കുകയും ഭരണസമിതി അംഗീകരിക്കുകയും വേണം.

പുതുക്കിയ ബജറ്റിനെക്കുറിച്ച് വ്യക്തമായ ധാരണ ഉണ്ടായിരിക്കണം. ഓരോ വർഷവും ബജറ്റിൽ കഴിഞ്ഞ വർഷത്തെ കണക്ക്, തന്നാണ്ടത്തെ പുതുക്കിയ ബജറ്റ്, അടുത്ത വർഷത്തെ ബജറ്റ് എന്നീ വിവരങ്ങൾ നൽകിയിരിക്കും. ഇതിൽ തന്നാണ്ടത്തെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ്, സപ്ലിമെന്ററി ബജറ്റിനോ പുതുക്കിയ ബജറ്റിനോ പകരമുള്ളതല്ല. നേരത്തെ പാസ്സാക്കിയ ബജറ്റ് അതേപടി നിലനിൽക്കുന്നു. ബജറ്റിനോടപ്പമുള്ള പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം നേരത്തേ അവതരിപ്പിച്ച ബജറ്റിൽ നിന്ന് വ്യത്യസ്തമായ ചെലവുകൾ ചെയ്യുന്നത് അനുവദനീയമല്ല. അത് തയ്യാറാക്കുന്നത് അടുത്ത വർഷത്തേക്കുള്ള ബജറ്റിന്റെ പ്രാരംഭ കാഷ് ബാലൻസ് കണക്കാക്കാൻ വേണ്ടി മാത്രമാണ്. ബജറ്റിൽ നിർദ്ദേശിക്കാത്ത ചെലവുകൾ നിയമാനുസൃതമായി ചെയ്യണമെങ്കിൽ ചെലവ് ചെയ്യുന്നതിന് മുമ്പ് സപ്ലിമെന്ററി ബജറ്റ്/പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് പാസ്സാക്കണം.

- ഒഴിവാക്കാനാകാത്ത അടിയന്തിര സാഹചര്യത്തിൽ (ഉദാ: പ്രകൃതിക്ഷോഭം) ബജറ്റിൽ ഉൾപ്പെടുത്താത്ത തുക ചെലവ് ചെയ്യാം. അടുത്ത യോഗത്തിൽ സപ്ലിമെന്ററി ബജറ്റ് അവതരിപ്പിച്ച് ചെലവ് ക്രമീകരിക്കണം.
- കൊടുത്തു തീർക്കേണ്ട എല്ലാ തുകകളും ബജറ്റിൽ വകയിരുത്തണം.
- ബജറ്റ് പാസ്സാക്കാതിരുന്നാൽ ഏപ്രിൽ ഒന്നുമുതൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഒരു തുകയും ചെലവ് ചെയ്യാൻ അനുവാദമില്ല.
- പ്രത്യേക സ്കീമുകൾക്കും കേന്ദ്രസംസ്ഥാന പദ്ധതികൾക്കും അനുവദിച്ച തുകകളും വായ്പകളും നിർദ്ദിഷ്ട ആവശ്യങ്ങൾക്ക് മാത്രമേ വിനിയോഗിക്കാവൂ.

## ബജറ്ററി നിയന്ത്രണം

ബജറ്റിൽ പ്രതീക്ഷിച്ച ഓരോ വരവും പൂർണ്ണമായി സമാഹരിക്കണം. ബജറ്റിൽ ഉൾപ്പെടുത്തിയ തുകകളിൽ ചെലവ് നിയന്ത്രിച്ചു നിർത്തുന്നതിനെയാണ് ബജറ്ററി നിയന്ത്രണം എന്നതുകൊണ്ടുദ്ദേശിക്കുന്നത്.

2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങളിലെ) ചട്ടം 65 ഉം 2017 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 73 ഉം പ്രകാരം ബജറ്റിൽ വകകൊള്ളിക്കാത്ത ഒരു ചെലവും ചെയ്യാൻ പാടുള്ളതല്ല. ഇപ്രകാരം ബജറ്ററി നിയന്ത്രണം ഉറപ്പുവരുത്താനുള്ള ചുമതല സെക്രട്ടറി, അക്കൗണ്ട്സ് ഓഫീസർ, നിർവഹണ ഉദ്യോഗസ്ഥർ എന്നിവരിൽ നിക്ഷിപ്തമാണ്. ബജറ്റിനനുസൃതമായി വരവ് ചെലവ് ക്രമീകരിക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ഉത്തവാദിത്തമുണ്ട്.

വർഷം ആരംഭിക്കുന്നതിനു മുമ്പ് പദ്ധതി രൂപീകരണം സാധ്യമാകാതെ വരികയും അതുകാരണം ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടുകളിൽ ആവശ്യമായ രീതിയിൽ പദ്ധതിച്ചെലവ് വകയിരുത്താൻ കഴിയാതെ വരികയും ചെയ്യുന്ന സാഹചര്യം മുൻ വർഷങ്ങളിൽ ഉണ്ടായിട്ടുള്ളതാണ്. ചെലവ് ചെയ്യുന്ന ഓരോ ഹെഡ് ഓഫ് അക്കൗണ്ടിലും ചെലവിനാവശ്യമായ പണം ഉണ്ടെന്ന് ഉറപ്പുവരുത്തിയ ശേഷം മാത്രം ചെലവ് ചെയ്യുന്നതാണ് ബജറ്റ് നിയന്ത്രണം. ഇപ്രകാരമുള്ള നിയന്ത്രണം ഉറപ്പുവരുത്തണമെങ്കിൽ വാർഷിക പദ്ധതി അംഗീകാരം ലഭിച്ച ഉടനെ സപ്ലിമെന്ററി അല്ലെങ്കിൽ പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് യഥാർത്ഥത്തിൽ പ്രതീക്ഷിക്കുന്ന പദ്ധതിച്ചെലവുകൾ ബജറ്റിൽ ഉൾപ്പെടുത്തണം. പദ്ധതിച്ചെലവുകൾ നിർവഹിക്കാൻ ജില്ലാ ആസൂത്രണ സമിതി അംഗീകാരത്തോടൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനം പാസ്സാക്കിയ ബജറ്റിൽ തുക ഉണ്ടായിരിക്കുകയും വേണം. ബജറ്റിനു മുമ്പു തന്നെ വാർഷിക പദ്ധതിക്ക് ഡി പി സി യുടെ അംഗീകാരം വാങ്ങേണ്ടതും, അതുകൂടി ഉൾപ്പെടുത്തി ബജറ്റ് അംഗീകരിക്കേണ്ടതുമാണ്.

പഞ്ചായത്തിന്റെ/നഗരസഭയുടെ പ്രവർത്തനം ക്രമീകരിക്കുന്നതിനും വിലയിരുത്തുന്നതിനുമുള്ള സുപ്രധാന രേഖയാണ് ബജറ്റ്. ആ രീതിയിൽ ബജറ്റിനെ കണക്കാക്കി, ബജറ്റിൽ നിർദ്ദേശിച്ച തുകകളിൽ ചെലവ് നിയന്ത്രിച്ച് നിർത്തേണ്ടതാണ്.

ഓരോ മാസവും പ്രതിമാസ അക്കൗണ്ട് പരിശോധിക്കുമ്പോൾ വരവ്-ചെലവുകൾ ബജറ്റിന് അനുസൃതമായവ തന്നെയാണോ എന്ന കാര്യം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മുഖ്യ പരിഗണനയായിരിക്കണം. ബജറ്റിനെ മറികടന്നുള്ള ചെലവുകളെ സാമ്പത്തിക അച്ചടക്കം ലംഘിക്കുന്ന നടപടിയായി വിലയിരുത്തുന്നു.

ഗൗരവമുള്ള ബജറ്റ് വ്യതിയാനങ്ങൾ ശ്രദ്ധയിൽപെട്ടാൽ അവ ഉടനടി തിരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

## ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കുന്ന സുപ്രധാന രേഖയാണ് ബജറ്റ്. ഈ ബോധ്യത്തോടെ ബജറ്റ് തയ്യാറാക്കൽ, ബജറ്റ് നിർവഹണം (അതായത് ചെലവ് ചെയ്യൽ), സപ്ലിമെന്ററി ബജറ്റ് എന്നിവയെ സമീപിക്കണം.
- ബജറ്റ് പ്രക്രിയ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി ഡിസംബർ മാസം ഗ്രാമസഭ/വാർഡ്സഭ വിളിച്ച് ചേർത്ത് നിർദ്ദേശങ്ങൾ സ്വീകരിക്കുകയും വിഷയ മേഖല വിദഗ്ധർ, സ്റ്റേക്ക് ഹോൾഡർമാർ എന്നിവരുമായി ബജറ്റ് നിർദ്ദേശങ്ങൾ ചർച്ച ചെയ്യുകയും വേണം. വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായവും തേടാവുന്നതാണ്.
- ജനുവരി 15 ന് മുമ്പുതന്നെ സെക്രട്ടറിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ബജറ്റ് ചർച്ചകൾ ഔപചാരികമായിത്തന്നെ നടത്തണം. ബജറ്റ് നിർദ്ദേശങ്ങൾ നിശ്ചിത ബജറ്റ് ഫോർമാറ്റിൽ തന്നെ എഴുതി സമർപ്പിക്കാൻ നിർദ്ദേശിക്കണം.
- ബജറ്റിനെ അതിലംഘിക്കുന്ന ചെലവുകൾ ഉണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്തണം.
- ആവശ്യമായ ഘട്ടത്തിൽ സപ്ലിമെന്ററി ബജറ്റ് അഥവാ പുതുക്കിയ ബജറ്റ് അവതരിപ്പിക്കണം.
- വികസന പദ്ധതികൾ ഉൾപ്പെടെ അടുത്ത സാമ്പത്തിക വർഷത്തെ എല്ലാ വരവു ചെലവുകളും ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കണം.
- വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന എല്ലാ വരവുകളും (പ്ലാൻ, നോൺ പ്ലാൻ ഉൾപ്പെടെ) നഗരസഭ/പഞ്ചായത്ത് ഫണ്ടായി കണക്കാക്കി ബജറ്റിൽ ഉൾപ്പെടുത്തണം.
- ഡിസംബർ മാസം തന്നെ തന്നാണ്ടത്തെ ബജറ്റ് അവലോകനം നടത്തുകയും സ്പിൽ ഓവർ പട്ടികയും തയ്യാറാക്കുകയും വേണം. വകുപ്പുമേധാവികൾ ഘടകസ്ഥാപന മേധാവികൾ എന്നിവരിൽ നിന്നും പ്രപ്പോസൽ വാങ്ങി ക്രോഡീകരിക്കണം.
- ജനുവരി മാസം തന്നെ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളും ചേർന്ന് ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി നൽകാൻ നിർദ്ദേശിക്കണം. നോൺ പ്ലാൻ, വാർഷിക പദ്ധതിയുടെ ഭാഗമായ പ്ലാൻ എസ്റ്റിമേറ്റും ഉൾപ്പെടുത്തണം.

- പഞ്ചായത്ത്/നഗരസഭയുടെ കാഴ്ചപ്പാടും നയവും ലക്ഷ്യവും വ്യക്തമാക്കുന്ന കർമ്മപരിപാടിയും ലക്ഷ്യസാക്ഷാൽക്കാരത്തിനുള്ള ഉപാധിയുമാണ് ബജറ്റ് എന്ന തിരിച്ചറിവോടെ ദീർഘ വീക്ഷണത്തോടെ ബജറ്റ് രൂപീകരിക്കണം.
- ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച ബജറ്റ് മാർച്ച് ആദ്യവാരം തന്നെ കൗൺസിൽ മുമ്പാകെ അവതരിപ്പിച്ചിരിക്കണം. മാർച്ച് 31 നകം പഞ്ചായത്ത്/കൗൺസിൽ ബജറ്റിന് അംഗീകാരം നൽകിയിരിക്കണം.

**പാഠഭാഗം – സംക്ഷിപ്തം**

1. ബജറ്റ് രൂപീകരണം സംബന്ധിച്ച് പഞ്ചായത്ത് രാജ് നിയമത്തിലും മുനിസിപ്പാലിറ്റി നിയമത്തിലുമുള്ള വ്യവസ്ഥകൾ.
2. ബജറ്റ് രൂപീകരണ പ്രക്രിയയുടെ സവിശേഷ ഘട്ടങ്ങൾ.
3. ബജറ്റിന്റെ അടിസ്ഥാന തത്ത്വങ്ങൾ.
4. ബജറ്ററി നിയന്ത്രണം സംബന്ധിച്ച വ്യവസ്ഥകൾ.
5. ബജറ്റ് സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

**പഠന പുരോഗതി വിലയിരുത്തൽ : ഒന്ന്**

I. **ഒറ്റവാക്കിൽ ഉത്തരമെഴുതുക** (ഒരു മാർക്ക് വീതം)

1. പഞ്ചായത്തിലെ ഇതര സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടത് ഏത് തീയതിക്കാണ്.

   a. ഡിസംബർ 15 b. ജനുവരി 15
   c. മാർച്ച് ആദ്യവാരം d. മാർച്ച് 31 ന് മുമ്പ്

2. മുനിസിപ്പാലിറ്റി നിയമപ്രകാരം സെക്രട്ടറി ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ട അവസാന തീയതി.

   a. നവംബർ 1 b. ഡിസംബർ 15
   c. ജനുവരി 15 d. ഫെബ്രുവരി 1

3. നഗരസഭകളിൽ ബജറ്റ് കൗൺസിൽ പരിഗണനയ്ക്ക് സമർപ്പിക്കേണ്ട കാലയളവ് ഏത്?

   a. മാർച്ച് ആദ്യവാരം b. മാർച്ച് രണ്ടാംവാരം
   c. മാർച്ച് 31 നകം d. ഇതൊന്നുമല്ല

4. പഞ്ചായത്ത്/നഗരസഭ ബജറ്റുകൾ ഭരണസമിതി അംഗീകരിച്ചിരിക്കേണ്ട അവസാന തീയതി ഏത്?

   a. മാർച്ച് ആദ്യവാരം b. മാർച്ച് 31
   c. ഏപ്രിൽ 1 d. ഇതൊന്നുമല്ല

5. മുനിസിപ്പാലിറ്റി നിയമപ്രകാരം ദാരിദ്ര്യ നിർമ്മാർജ്ജന ഫണ്ടിലേക്ക് റവന്യൂ വരുമാനത്തിൽ നിന്നും നിർബന്ധിതമായി നീക്കിവെക്കേണ്ട വകയിരുത്തൽ എത്ര ശതമാനം?

a. രണ്ട് ശതമാനം

b. അഞ്ച് ശതമാനം

c. 10 ശതമാനം

d. $33^1/_3$ ശതമാനം

II. **ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക** (രണ്ടു മാർക്ക് വീതം)

1. പഞ്ചായത്ത് ബജറ്റ് സംബന്ധിച്ച വ്യവസ്ഥകളിൽ ഏതെങ്കിലും രണ്ടെണ്ണം എഴുതുക.
2. നഗരസഭ ബജറ്റ് സംബന്ധിച്ച വ്യവസ്ഥകളിൽ ഏതെങ്കിലും രണ്ടെണ്ണം എഴുതുക.
3. ബജറ്ററി നിയന്ത്രണം സംബന്ധിച്ച വ്യവസ്ഥകളിൽ ഏതെങ്കിലും രണ്ടെണ്ണം എഴുതുക
4. ബജറ്റ് നിയന്ത്രണം സാധ്യമാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ട രണ്ട് കാര്യങ്ങൾ എഴുതുക.
5. പഞ്ചായത്തിന്റെ കാഴ്ചപ്പാടും നയപ്രഖ്യാപന രേഖയും എന്ന നിലയിൽ ബജറ്റിന്റെ പ്രാധാന്യം സംബന്ധിച്ച രണ്ട് വസ്തുതകൾ എഴുതുക.

III. **ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക** (അഞ്ച് മാർക്ക് വീതം)

1. പഞ്ചായത്തിന്റെ ബജറ്റ് രൂപീകരണ പ്രക്രിയയെക്കുറിച്ച് വിശദീകരിക്കുക.
2. നഗരസഭയിൽ ബജറ്ററി നിയന്ത്രണം ഉറപ്പുവരുത്തുന്നതിനായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വിശദീകരിക്കുക.

## 6. ബജറ്റ് തയ്യാറാക്കൽ – പ്രവർത്തനങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക ബജറ്റിന്റെ പ്രാധാന്യവും ബജറ്റ് സംബന്ധിച്ച നടപടി ക്രമങ്ങളും കഴിഞ്ഞ ഭാഗത്ത് വിശദീകരിച്ചല്ലോ? ഇവയുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കുന്നതിന് അറിഞ്ഞിരിക്കേണ്ട പ്രധാനപ്പെട്ട കാര്യങ്ങളാണ് ഈ ഭാഗത്തു പ്രതിപാദിക്കുന്നത്.

### പഞ്ചായത്ത്/നഗരസഭ ബജറ്റ്

ബജറ്റ് പാസ്സാക്കാതെ ഒരു തരത്തിലുള്ള ചെലവുകളും പഞ്ചായത്ത്/നഗരസഭ ഫണ്ടിൽ നിന്നും നടത്താവുന്നതല്ല. ബജറ്റ് തയ്യാറാക്കൽ പ്രക്രിയയിൽ പ്ലാൻ എസ്റ്റിമേറ്റ്, നോൺ പ്ലാൻ എസ്റ്റിമേറ്റ് എന്നിങ്ങനെ രണ്ടു ഭാഗങ്ങളുണ്ട്.

## നോൺ പ്ലാൻ എസ്റ്റിമേറ്റ്

തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി ഘടക സ്ഥാപന മേധാവികളുടെ യോഗം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ വിളിച്ചു ചേർത്ത് നോൺ പ്ലാൻ എസ്റ്റിമേറ്റ് നിശ്ചിത ഫോറത്തിൽ സമർപ്പിക്കുവാൻ (അനുബന്ധം 1, 2 കില തയ്യാറാക്കിയ കരട് ബജറ്റ് മാന്വൽ) ആവശ്യപ്പെടുന്നു. അതോടൊപ്പം സെക്രട്ടറി അദ്ദേഹത്തിന്റെ ചുമതലയിലുള്ള വിഭാഗങ്ങളുടെ നോൺ പ്ലാൻ എസ്റ്റിമേറ്റ് നിശ്ചിത ഫോറത്തിൽ (അനുബന്ധം 3, 4 കില തയ്യാറാക്കിയ കരട് ബജറ്റ് മാന്വൽ) തയ്യാറാക്കുകയും ചെയ്യുന്നു. ഘടകസ്ഥാപന മേധാവികളും സെക്രട്ടറിയും തയ്യാറാക്കിയ നോൺ പ്ലാൻ ബജറ്റ് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട മറ്റു സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് പരിശോധനക്കും നിർദ്ദേശങ്ങൾക്കുമായി കൈമാറുന്നു. സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് നിശ്ചിത ഫോറത്തിൽ (അനുബന്ധം 5.1, 5.2 കില തയ്യാറാക്കിയ കരട് ബജറ്റ് മാന്വൽ) തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് തിരികെ നൽകുന്നു. മറ്റു സ്റ്റാന്റിംഗ് കമ്മിറ്റികളിൽ നിന്നും സെക്രട്ടറിയിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നോൺ പ്ലാൻ എസ്റ്റിമേറ്റ് അന്തിമമായി തയ്യാറാക്കുന്നു. ഭരണ നിർവഹണ ചെലവുകൾ, ശമ്പളം, ഓഫീസ് ചെലവുകൾ, വാഹന ഇന്ധനം, റിപ്പയർ, സ്റ്റേഷനറി, കറണ്ട് ചാർജ്ജ്, വെള്ളക്കരം തുടങ്ങിയ പദ്ധതിയേതര ചെലവുകളും വരവുകളുമാണ് നോൺപ്ലാൻ എസ്റ്റിമേറ്റിൽ ഉൾപ്പെടുന്നത്.

## വാർഷിക പദ്ധതി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പദ്ധതി ആസൂത്രണ മാർഗരേഖ പ്രകാരം നടപടി ക്രമങ്ങൾ പാലിച്ച്, വാർഷിക പദ്ധതി തയ്യാറാക്കി, ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങുന്നു. ഇവ കൂടാതെ കേന്ദ്ര-സംസ്ഥാന പദ്ധതികൾ ധനകാര്യ കമ്മീഷൻ അവാർഡ്, വായ്പ സ്കീമുകൾ, ലോക ബാങ്ക് പദ്ധതികളും എന്നിവയും പ്ലാൻ എസ്റ്റിമേറ്റിൽ ചേർക്കണം. അംഗീകരിച്ച വാർഷിക പദ്ധതിയും (പ്ലാൻ എസ്റ്റിമേറ്റ്) മുൻകൂട്ടി തയ്യാറാക്കിയിട്ടുള്ള നോൺപ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ച് നിശ്ചിത ഫാറത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കരട് ബജറ്റ് തയ്യാറാക്കുന്നു.

ബജറ്റ് തയ്യാറാക്കുന്നതിനു മുമ്പായി വാർഷിക പദ്ധതി അംഗീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഗ്രാമസഭ/വാർഡ്സഭ അംഗീകരിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് രൂപീകരിക്കുകയും വാർഷിക പദ്ധതി അംഗീകരിച്ചതിനുശേഷം ബജറ്റ് പുതുക്കേണ്ടതുമാണ്.

## ബജറ്റ് സേറ്റ്റ്മെന്റും പട്ടികകളും

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക ബജറ്റ്, നിശ്ചിത ബജറ്റ് സ്റ്റേറ്റ്മെന്റ് ഫോറങ്ങളിൽ തയ്യാറാക്കി, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അവതരിപ്പിക്കുന്നു. ജി.ഒ (എം.എസ്) 40/2015/ത.സ്വ.ഭ.വ/27.2.15 പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് ഏകീകൃത ബജറ്റ് ഫോർമാറ്റ് അംഗീകരിച്ചിട്ടുണ്ട്. നഗരസഭകളിൽ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ 2007 ലെ ചട്ടം–63 ൽ

പ്രതിപാദിച്ചിട്ടുള്ളതുപ്രകാരം ഓരോ ഫണ്ടിനും അനുസരിച്ച് റവന്യൂ വരുമാനം, റവന്യൂ ചെലവ്, മൂലധന വരവ് ചെലവ്, വായ്പ തിരിച്ചടവ്, വായ്പ വരവും മുതൽ മുടക്കുകളും, നിക്ഷേപങ്ങളും ഇൻവെസ്റ്റ്മെന്റുകളും സംബന്ധിച്ച വിശദമായ അടങ്കലുകൾ നിശ്ചിത ഫോറങ്ങളിൽ തയ്യാറാക്കണം. ബജറ്റിൽ വകയിരുത്തുന്ന ചെലവുകൾക്ക് ചട്ടം 64 പ്രകാരം അധിക ബജറ്റ് വിഹിതം സപ്ലിമെന്ററി ബജറ്റ്/റിവൈസ്ഡ് ബജറ്റ് പ്രക്രിയയിലൂടെയും കണ്ടെത്തണം.

## പൊതുനിർദ്ദേശങ്ങൾ

അനിവാര്യ ചുമതല നിറവേറ്റുന്നതിനും ആവർത്തന സ്വഭാവമുള്ള ചെലവുകൾക്കും ഭരണപരമായ നടത്തിപ്പ് ചെലവുകൾക്കും പ്രത്യേകം പ്രോജക്ട് ആവശ്യമില്ല. ഭരണപരമായ ആവശ്യങ്ങളെല്ലാം നോൺ പ്ലാനിലും, വികസനപരമായ കാര്യങ്ങൾ പ്ലാനിലും ഉൾപ്പെടുത്തണം. പഞ്ചായത്തിന്റെ/നഗരസഭയുടെ അനിവാര്യ ചുമതലകൾക്കാവശ്യമായ കണ്ടിജൻസി ഫണ്ടും മെയിന്റനൻസ്, റിപ്പയേഴ്സ്, ഓഫീസ് മാനേജ്മെന്റ്, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ, ലോൺ തിരിച്ചടവ് എന്നിവ കഴിച്ച് പഞ്ചായത്തിന്റെ/ നഗരസഭയുടെ തനതു ഫണ്ടിൽ ബാക്കിയുള്ള സംഖ്യയാണ് സർപ്ലസ് ഫണ്ടായി പ്ലാനിൽ കൊണ്ടുവരേണ്ടത്. ബജറ്റ് ഒരു കാരണവശാലും പെരുപ്പിച്ച് ഉണ്ടാക്കരുത്. അത് ഭരണസ്തംഭനത്തിന് കാരണമാകും. പഞ്ചായത്തിന്റെ/നഗരസഭയുടെ മുൻ കൊല്ലങ്ങളിലെ യഥാർത്ഥ വരവും ചെലവും, ബജറ്റ് വർഷത്തിൽ സാധ്യമാകുന്ന വരവുകളും യാഥാർത്ഥ്യ ബോധത്തോടെ കണക്കിലെടുത്തു വേണം വികസന പദ്ധതികൾക്ക് രൂപം നൽകാൻ.

## പുതുക്കിയ (റിവൈസ്ഡ്) ബജറ്റിന്റെ ആവശ്യകത

അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിന്റെ ആദ്യപടി ഈ വർഷത്തെ ബജറ്റ് റിവൈസ് ചെയ്ത് ഈ സാമ്പത്തിക വർഷാവസാനത്തിലെ യഥാർത്ഥ ക്ലോസിങ്ങ് ബാലൻസ് കണ്ടെത്തുക എന്നതാണ്. ഈ വർഷത്തെ ബജറ്റിലെ ഓപ്പണിങ്ങ് ബാലൻസും കഴിഞ്ഞ മാർച്ച് മാസത്തെ ക്ലോസിങ്ങ് ബാലൻസ് എഴുതിയിരിക്കുന്നതും തമ്മിൽ വ്യത്യാസം വന്നിരിക്കാം. അതുകൂടാതെ ഈ കൊല്ലത്തെ വരുമാനവും ചെലവുകളും പരിശോധിക്കുമ്പോൾ മാറ്റങ്ങൾ അത്യാവശ്യമായി വരികയും ചെയ്യും. അതിനാൽ ഓരോ ജനുവരി മാസത്തിലും കഴിഞ്ഞ മാർച്ച് മാസത്തെ ക്യാഷ് ബുക്കിലെ ക്ലോസിങ്ങ് ബാലൻസ് ഓപ്പണിങ്ങ് ബാലൻസായി എടുക്കുകയും ഈ കൊല്ലത്തെ ഡിസംബർ 31 വരെയുള്ള വരുമാനവും ചെലവും തുടർന്ന് മാർച്ച് 31 വരെ യഥാർത്ഥമായി പ്രതീക്ഷിക്കുന്ന വരവുകളും ചെലവുകളും കൂടി കണക്കിലെടുത്താണ് ബജറ്റ് റിവൈസ് ചെയ്യേണ്ടത്. അങ്ങനെ ബജറ്റ് റിവൈസ് ചെയ്തു കഴിഞ്ഞാൽ അടുത്ത കൊല്ലത്തെ ബജറ്റ് തയ്യാറാക്കുന്നതിനുള്ള ഓപ്പണിങ്ങ് ബാലൻസ് ലഭിക്കുന്നതാണ്.

## ബജറ്റ് തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- വികസന പദ്ധതിയുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ്, ചെലവുകൾ ബജറ്റിൽ ഉണ്ടായിരിക്കണം.

- വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന വരവുകളും പ്ലാൻ, നോൺ പ്ലാൻ എന്നീ ഇനങ്ങളിൽ ലഭിക്കുന്ന എല്ലാ വരവുകളും പഞ്ചായത്ത്/നഗരസഭ ഫണ്ടാണ്. എന്നാൽ ഏതെങ്കിലും പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിക്കുന്ന തുകകൾ അപ്രകാരം തന്നെ കണക്കാക്കണം.
- ഡിസംബർ പകുതിക്കുശേഷം നടപ്പുവർഷത്തെ പദ്ധതികളുടെ നടത്തിപ്പ് അവലോകനം ചെയ്യുകയും സ്പിൽ ഓവർ ആകാൻ സാധ്യതയുള്ള പദ്ധതികളും അവയ്ക്കാവശ്യമായി വരുന്ന തുകയും കണക്കാക്കുകയും വേണം.
- ഡിസംബർ അവസാനവാരം ഉദ്യോഗസ്ഥരുടെ (വിവിധ വകുപ്പ് ഓഫീസ് തലവൻമാരിൽ നിന്നും) പക്കൽ നിന്നും തന്നാണ്ടു വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസ്സലുകളും ബജറ്റ് വർഷത്തേക്കുള്ള പ്രൊപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടണം.
- സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനുവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം. ഈ യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെക്കൂടി പങ്കെടുപ്പിക്കുന്നത് ഉചിതമായിരിക്കും.
- ജനുവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കു ലഭിക്കണം.
- ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ഈ നിർദ്ദേശങ്ങൾ ചർച്ച ചെയ്യുകയും വരുമാന സ്രോതസ്സുകളുടെ അടിസ്ഥാനത്തിൽ കരട് ബജറ്റ് തയ്യാറാക്കുകയും വേണം. ഈ ചർച്ചയിലേക്ക് ആവശ്യമെങ്കിൽ മറ്റു സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരേയും ഉദ്യോഗസ്ഥരേയും കൂടി ക്ഷണിക്കാവുന്നതാണ്.
- കരടു ബജറ്റ് തയ്യാറാക്കി കഴിഞ്ഞാൽ പഞ്ചായത്തിന്റെ/നഗരസഭയുടെ പ്രത്യേക യോഗം വിളിക്കാവുന്നതാണ്. പ്രത്യേക യോഗത്തിലാണ് ബജറ്റ് അവതരിപ്പിക്കേണ്ടത്. കരട് ബജറ്റിനോടൊപ്പം പ്രസിഡന്റിന്റെ/ചെയർപേഴ്സന്റെ ആമുഖ പ്രസംഗം കൂടി തയ്യാറാക്കി നൽകുന്നത് (അദ്ദേഹവുമായി കൂടിയാലോചിച്ച ശേഷം) ഉചിതമായിരിക്കും.
- ആമുഖ പ്രഖ്യാപനത്തിൽ വരും വർഷത്തെ പ്രവർത്തനങ്ങൾ സംബന്ധിച്ച പഞ്ചായത്തിന്റെ/നഗരസഭയുടെ കാഴ്ചപ്പാടും അത് സാക്ഷാത്ക്കരിക്കുന്നതിനുള്ള പദ്ധതികളും അവയ്ക്കു നൽകിയ മുൻഗണനകളും അതിന്റെ യുക്തിയും വിശദമാക്കാവുന്നതാണ്. പ്രസിഡന്റിന്റെ/ചെയർപേഴ്സന്റെ ആമുഖ പ്രസംഗത്തിനു ശേഷം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കരട് ബജറ്റ് അവതരിപ്പിക്കണം.
- മാർച്ച് ആദ്യ ആഴ്ച കഴിയുന്നതിന് മുമ്പായി പ്രത്യേക യോഗത്തിൽ ബജറ്റ് അവതരിപ്പിക്കേണ്ടതും 31നു മുമ്പായി അംഗീകരിക്കേണ്ടതുമാണ്.
- ബജറ്റിൽ ബാദ്ധ്യതകൾ, എൻഡോവ്മെന്റ്, സർക്കാർ ഗ്രാന്റ്, അംശദായം എന്നിവ കഴിച്ചുള്ള തുകയുടെ അഞ്ച് ശതമാനത്തിൽ കുറയാത്ത തുക നീക്കിയിരുപ്പ് ഉണ്ടായിരിക്കണം.

- ബജറ്റ് പാസ്സാക്കിയ ശേഷം വരവ് ചെലവുകളിൽ അനിവാര്യമായ മാറ്റം ആവശ്യമാണെങ്കിൽ യഥാവിധി അനുപൂരക (സപ്ലിമെന്ററി) ബജറ്റ് പാസ്സാക്കണം.
- പാസ്സാക്കിയ ബജറ്റിന്റെ പകർപ്പ് സർക്കാരിനും, സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനും, ഓഡിറ്റർമാർക്കും അയച്ചു കൊടുക്കണം.
- ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും ബജറ്റിന്റെ പകർപ്പ് ജില്ലാ പഞ്ചായത്തിനും ജില്ലാ ആസൂത്രണ സമിതിക്കും നൽകണം. നഗരസഭകളും ബന്ധപ്പെട്ടവർക്ക് അയച്ചു കൊടുക്കേണ്ടതുണ്ട്.
- സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുമ്പ് ആ വർഷത്തേക്കുള്ള ബജറ്റു പാസാക്കാതെ യാതൊരു ചെലവും നടത്താൻ പാടില്ല. ഇപ്രകാരം ഭരണസ്തംഭനം ഉണ്ടാകുന്നുവെങ്കിൽ ഭരണ സമിതി പിരിച്ചു വിടുന്നതിന് നടപടി സ്വീകരിക്കാൻ സർക്കാരിന് അധികാരമുണ്ട്.

ബജറ്റ് എന്നത് വെറും വരവുകളുടെയും ചെലവുകളുടെയും സംഖ്യകളുടേയും യാന്ത്രികമായ പ്രയോഗം എന്നതിനപ്പുറം ഒരു സ്ഥാപനത്തിന്റെ വരും വർഷത്തെ പ്രവർത്തനങ്ങളുടെ ഒരു പ്രതീക്ഷിത രേഖയാണെന്ന ബോധ്യം ഉണ്ടാകേണ്ടതുണ്ട്. സ്ഥാപനത്തിന്റെ കാഴ്ചപ്പാടും ലക്ഷ്യവും വ്യക്തമാക്കുന്നതിനും അത് സാക്ഷാൽക്കരിക്കുന്നതിനും ഉള്ള ഒരു സാമഗ്രി എന്ന നിലയിൽ ഇതിന്റെ പ്രാധാന്യം ഉൾക്കൊള്ളേണ്ടതാണ്.

### ബജറ്റിലെ നൂതനാശയങ്ങൾ

ജെൻഡർ പ്ലാനിംങ്ങ്, ജെൻഡർ ബജറ്റിംഗ് എന്നീ ആശയങ്ങൾ ഇന്ന് സാർവ്വദേശീയമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. സാമ്പത്തിക നയങ്ങളിലും ബജറ്റ് രൂപീകരണത്തിലും സ്ത്രീ പരിഗണന ഉറപ്പുവരുത്തുക, ലിംഗ പദവിയിലും സാമൂഹിക, സാമ്പത്തിക, വികസന നയങ്ങളിലും തുല്യതയും പരിഗണനയും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ച നയമാണ് ജെൻഡർ ബജറ്റ്. ജെൻഡർ ബജറ്റ് സംബന്ധിച്ച പ്രത്യേക അധ്യായം ഉൾപ്പെടുത്തിയിട്ടുള്ളതുകൊണ്ട് ഇവിടെ വിശദമായി പ്രതിപാദിക്കുന്നില്ല. തുല്യത, സാമൂഹികനീതി, പങ്കാളിത്തം, ലിംഗവിവേചനം തടയൽ എന്നിവയിൽ അധിഷ്ഠിതമായി പഞ്ചായത്ത്/നഗരസഭ ബജറ്റിന്റെ ഭാഗമായി ജെൻഡർ ബജറ്റിംഗ് നടപ്പാക്കണം.

ഇതുകൂടാതെ വിവിധ സാമൂഹിക വിഭാഗങ്ങളെ ഉൾക്കൊള്ളുന്ന ആവശ്യങ്ങളും താൽപ്പര്യങ്ങളും തുല്യനീതിയും കൂടി ജെൻഡർ ബജറ്റിംഗ് വഴി ഉറപ്പാക്കണം. പട്ടികജാതി വിഭാഗങ്ങൾ, ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ, പിന്നാക്ക ജനവിഭാഗങ്ങൾ, ന്യൂനപക്ഷങ്ങൾ, ട്രാൻസ് വ്യക്തികൾ, വയോജനങ്ങൾ, ശിശുക്കൾ തുടങ്ങിയ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളുടെ വികസന ക്ഷേമ ആവശ്യങ്ങൾക്ക് ബജറ്റിൽ മതിയായ പരിഗണന നൽകിയെന്ന് ഉറപ്പുവരുത്തണം.

സംരംഭകത്വത്തിലും ഉൽപ്പാദനത്തിലും ഊന്നി പ്രാദേശിക സാമ്പത്തിക വികസനം ഉറപ്പുവരുത്തുന്ന പരിപാടികൾക്ക് ബജറ്റിൽ ഊന്നൽ നൽകണം. കൂടാതെ പഞ്ചായത്ത്/

നഗരസഭകളിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുകയും പരിശോധനക്ക് വിധേയമാക്കുകയും ചെയ്യാൻ കഴിയുന്ന വിധത്തിൽ പ്രവൃത്തി അധിഷ്ഠിത (Performance Budget) ബജറ്റ് തയ്യാറാക്കാനും തങ്ങളിൽ നിക്ഷിപ്തമായ അനിവാര്യമായ ചുമതലകളും, മേഖലാ ചുമതലകളും യഥാവിധി നിർവ്വഹിച്ചു എന്ന് ഉറപ്പുവരുത്താനും വികസന ലക്ഷ്യങ്ങൾ കൈവരിച്ചോ എന്ന് പരിശോധിക്കാനും പ്രത്യേകം ശ്രദ്ധ ചെലുത്തണം. ഇപ്രകാരം ജെൻഡർ ബജറ്റ്, ഇൻക്ലൂസീവ് ബജറ്റ്, പെർഫോർമൻസ് ബജറ്റ് തുടങ്ങിയ ആധുനിക സങ്കേതങ്ങൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രത്യേക ബജറ്റ് ഫോറങ്ങൾ ഓരോ ഇനത്തിലും തയ്യാറാക്കി അതാത് മേഖലയിലെ പ്രശ്നങ്ങൾ കണ്ടെത്തി ബജറ്റ് പരിഗണന ഉറപ്പുവരുത്താൻ പ്രത്യേക ശ്രദ്ധ ചെലുത്തണം.

## പാഠഭാഗം – സംക്ഷിപ്തം

1. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷിക ബജറ്റിന്റെ തയ്യാറാക്കൽ പ്രക്രിയ.
2. പ്ലാൻ എസ്റ്റിമേറ്റ്, നോൺ പ്ലാൻ എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതുവഴി ബജറ്റ് സ്റ്റേറ്റുമെന്റുകളും പട്ടികകളും തയ്യാറാക്കാനും ബജറ്റ് രൂപീകരണ പ്രക്രിയ ഫലപ്രദമാക്കാനും കഴിയുന്നു.
3. ബജറ്റ് സംബന്ധിച്ച പൊതു നിർദ്ദേശങ്ങൾ, പുതിക്കിയ ബജറ്റിന്റെ ആവശ്യകത എന്നിവ.
4. ബജറ്റ് തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.
5. ബജറ്റിലെ നൂതനാശയങ്ങളായ ജെൻഡർ ബജറ്റ്, ഇൻക്ലൂസീവ് ബജറ്റ്, പെർഫോർമൻസ് ബജറ്റ് തുടങ്ങിയ സങ്കേതങ്ങളും സാധ്യതകളും പ്രയോജനപ്പെടുത്തേണ്ടതിന്റെ അനിവാര്യത

## പഠന പുരോഗതി വിലയിരുത്തൽ : മൂന്ന്

I. **ഒറ്റവാക്കിൽ ഉത്തരമെഴുതുക** (ഒരു മാർക്ക് വീതം)

1. നോൺ പ്ലാൻ എസ്റ്റിമേറ്റിൽപ്പെടുന്ന ഇനം ഏത്?

   a. മെയിന്റനൻസ് ഗ്രാന്റ് b. വികസനഫണ്ട്

   c. ഓഫീസ് സ്റ്റേഷനറി d. ധനകാര്യ കമ്മീഷൻ ഗ്രാന്റ്

2. പദ്ധതി ആസൂത്രണ മാർഗരേഖ പ്രകാരമുള്ള വരവ്, ചെലവുകൾ ബജറ്റിന്റെ ഏത് വിഭാഗത്തിൽപ്പെടുത്തണം?

   a. പ്ലാൻ എസ്റ്റിമേറ്റ് b. നോൺ പ്ലാൻ എസ്റ്റിമേറ്റ്

   c. പെർഫോർമൻസ് എസ്റ്റിമേറ്റ് d. ഇൻവെസ്റ്റ്മെന്റ് എസ്റ്റിമേറ്റ്

3. ബജറ്റ് ചർച്ച ചെയ്യുന്നതിന് വിളിച്ചു ചേർക്കുന്ന കൗൺസിൽ യോഗം എപ്രകാരമായിരിക്കണം?

a. സാധാരണ യോഗം b. അടിയന്തിര യോഗം
c. പ്രത്യേക യോഗം d. ഇതൊന്നുമല്ല

4. ബജറ്റ് പാസാക്കിയ ശേഷം വരവുചെലവുകളിൽ മാറ്റം അനിവാര്യമായ സന്ദർഭങ്ങളിൽ ......................... പാസാക്കണം.

a. അനുപൂരക ബജറ്റ് b. പരിഷ്ക്കരിച്ച ബജറ്റ്
c. വോട്ട് ഓൺ അക്കൗണ്ട് d. മുൻകൂർ ബജറ്റ്

5. ബജറ്റിൽ സ്ത്രീ പരിഗണന ഉറപ്പുവരുത്തുന്നതിനായി ആവിഷ്ക്കരിച്ചിട്ടുള്ള ബജറ്റ് പ്രകിയയുടെ പേര്?

a. പ്രോജക്ട് ബജറ്റ്
b. അപ്രോപ്രിയേഷൻ ബജറ്റ്
c. പെർഫോർമൻസ് ബജറ്റ്
d. ജെൻഡർ ബജറ്റ്

II. **ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരമെഴുതുക** (രണ്ടു മാർക്ക് വീതം)

1. എന്താണ് നോൺ പ്ലാൻ എസ്റ്റിമേറ്റ്?
2. എന്താണ് പ്ലാൻ എസ്റ്റിമേറ്റ്?
3. പുതുക്കിയ റിവൈസ്ഡ് ബജറ്റിന്റെ ആവശ്യകത എന്ത്?
4. തുല്യതയും പരിഗണനയും വികസനവും ഉറപ്പുവരുത്തുന്നതിനായി ആവിഷ്ക്കരിച്ചിട്ടുള്ള നൂതന ബജറ്റ് രീതികൾ ഏതൊക്കെയാണ്?

III. **ഒരു ഖണ്ഡികയിൽ ഉത്തരം എഴുതുക** (അഞ്ച് മാർക്ക് വീതം)

1. പഞ്ചായത്ത് ബജറ്റ് തയ്യാറാക്കുന്നതിന്റെ പ്രായോഗിക പ്രവർത്തനങ്ങൾ വിശദീകരിക്കുക.
2. ബജറ്റ് തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വിശദീകരിക്കുക.

## 7. സംഗ്രഹം

പൊതുപണം കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങൾ നിയമാനുസൃതം സാമ്പത്തിക വർഷത്തിനു മുന്നോടിയായി തയ്യാറാക്കി അംഗീകരിക്കുന്ന വാർഷിക സാമ്പത്തിക പ്ലാനാണ് ബജറ്റ്. കേന്ദ്ര സംസ്ഥാന സർക്കാരുകളെപ്പോലെ തന്നെ പഞ്ചായത്തുകളും നഗരസഭകളും നിയമാനുസൃതം വാർഷിക ബജറ്റ് തയ്യാറാക്കി നടപ്പാക്കുന്നു. പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി നിയമങ്ങളിലും ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള ബജറ്റ് രൂപീകരണ പ്രക്രിയയും ബജറ്ററി നിയന്ത്രണവും വ്യവസ്ഥകളും മനസിലാക്കുന്നു. പങ്കാളിത്ത പ്രക്രിയയിലൂടെയും കൂടിയാലോചനകളിലൂടെയും നിയതമായ നടപടി ക്രമങ്ങൾ

പാലിച്ചാണ് പഞ്ചായത്തുകളും നഗരസഭകളും ബജറ്റ് തയ്യാറാക്കി നടപ്പാക്കുന്നത്. ബജറ്റ് രൂപീകരിക്കുന്നതിന് ജനപ്രതിനിധികൾക്ക് അറിവും നൂതന സങ്കേതങ്ങളും പരിചയപ്പെടുത്തുന്നു.

## 8. ഉത്തരസൂചിക

### പഠന പുരോഗതി വിലയിരുത്തൽ : ഒന്ന്

I. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷിക ബജറ്റിന്റെ തയ്യാറാക്കൽ പ്രക്രിയ.

1. (a) 2 (c) ധനമന്ത്രി
3 (c) ജനപ്രതിനിധികൾ 4 (b) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
5 (d) മാർച്ച് ആദ്യവാരം

II. 1) ശരി (2) ശരി
(3) തെറ്റ് (4) തെറ്റ്

### പഠന പുരോഗതി വിലയിരുത്തൽ : രണ്ട്

I. 1 (b) ജനുവരി 15 2 (c) ഡിസംബർ 15
3 (b) ഇതൊന്നുമല്ല 4 (b) മാർച്ച് 31
5 (a) രണ്ട് ശതമാനം

### പഠന പുരോഗതി വിലയിരുത്തൽ : മൂന്ന്

I. 1 (c) ഓഫീസ് സ്റ്റേഷനറി 2 (a) പ്ലാൻ എസ്റ്റിമേറ്റ്
3 (c) പ്രത്യേക യോഗം 4 (a) അനുപൂരക ബജറ്റ്
5 (d) ജെൻഡർ ബജറ്റ്

## 9. അവലംബം/അധിക വായനയ്ക്ക്


1. കേരള മുനിസിപ്പാലിറ്റി നിയമവും ചട്ടങ്ങളും, Kerala Law Book Shop
2. കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും
3. The Constitution of India – P M Bakshi (Universal Law Pub Co. 2011)
4. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ
5. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ -2007
6. പഞ്ചായത്ത് ബജറ്റ് (കരട് മാന്വൽ) -കില പ്രസിദ്ധീകരണം

# യൂണിറ്റ് 5

# ജെൻഡർ ബജറ്റിംഗ്


| | | |
|---|---|---|
| 1. | പഠന ലക്ഷ്യങ്ങൾ | 99 |
| 2. | സൂചനാപദങ്ങൾ | 99 |
| 3. | ആമുഖം | 100 |
| 4. | ലിംഗ പദവിയും ലിംഗഭേദവും | 101 |
| 5. | ലിംഗപദവി ആസൂത്രണം | 111 |
| 6. | ജെൻഡർ ബജറ്റിംഗ് | 115 |
| 7. | ജെൻഡർ ഓഡിറ്റിംഗ് | 121 |
| 8. | വനിതാ ഘടക പദ്ധതി | 123 |
| 9. | സംഗ്രഹം | 128 |
| 10. | ഉത്തരസൂചിക | 128 |
| 11. | അവലംബം /അധിക വായനയ്ക്ക് | 128 |

# ജെൻഡർ ബജറ്റിംഗ്

## 1. പഠന ലക്ഷ്യങ്ങൾ

ഈ യൂണിറ്റ് പഠിച്ച് കഴിയുമ്പോൾ പഠിതാക്കൾക്ക് ഇനി പറയുന്ന കാര്യങ്ങൾ ചെയ്യുന്നതിനായുള്ള കാര്യശേഷി ഉണ്ടാകുന്നതാണ്.

- ലിംഗപദവിയും ലിംഗഭേദവും എന്താണെന്ന് മനസ്സിലാക്കുക.
- തദ്ദേശഭരണത്തിൽ ലിംഗസമത്വം, ലിംഗനീതി എന്നിവയുടെ പ്രാധാന്യം വ്യക്തമാക്കാൻ കഴിയുക.
- അധികാര വികേന്ദ്രീകരണത്തിന്റെ ലിംഗപദവി സമീപനം മനസ്സിലാക്കുക.
- ജെൻഡർ ബജറ്റ് എന്താണെന്നും എന്തിനാണെന്നും വിശദീകരിക്കാൻ കഴിയുക
- ജെൻഡർ ബജറ്റിംഗിന്റെ വിവിധഘട്ടങ്ങളെ പരിചയപ്പെടുത്തുവാൻ കഴിയുക
- ജെൻഡർ ഓഡിറ്റ് എന്താണെന്ന് ചുരുക്കി പറയാൻ കഴിയുക.
- ജെൻഡർ പ്ലാനിംഗ് എന്താണെന്നും എന്തിനാണെന്നും വിശദീകരിക്കാൻ കഴിയുക
- വനിതാ ഘടകപദ്ധതി എന്താണെന്നും ജെൻഡർ ബജറ്റിൽ അതിന്റെ പ്രാധാന്യമെന്തെന്നും വിശദീകരിക്കാൻ കഴിയുക.

## 2. സൂചനാപദങ്ങൾ

1. **ലിംഗവ്യത്യാസം:** ലിംഗവ്യത്യാസം എന്നത് സാമൂഹികമായും സാംസ്കാരികമായും നിർമ്മിക്കപ്പെടുന്നതാണ്. ഇത് എല്ലാ കാലത്തും എല്ലായിടത്തും ഒരുപോലെയല്ല.

2. **ലിംഗപരമായ തൊഴിൽ വിഭജനം:** വ്യക്തിയുടെ കഴിവുകൾക്കും താൽപ്പര്യങ്ങൾക്കും ഉപരിയായി ലിംഗാടിസ്ഥാനത്തിൽ പ്രത്യേക ജോലികളും ചുമതലകളും തീരുമാനിക്കുന്ന സമ്പ്രദായമാണ് ലിംഗപരമായ തൊഴിൽ വിഭജനം.

3. **ലിംഗപദവി ആസൂത്രണം (ജെൻഡർ പ്ലാനിംഗ്):** സമൂഹത്തിൽ നിലനിൽക്കുന്ന ലിംഗഅസമത്വങ്ങളെ മനസ്സിലാക്കി പരിഹരിക്കുന്നതിനായി വികസന സമീപനങ്ങളിലും പ്രക്രിയകളിലും ഉൾപ്പെടുത്തേണ്ട ആശയങ്ങളും പ്രവർത്തനങ്ങളുമാണ് ലിംഗപദവി ആസൂത്രണം.

4. **ജെൻഡർ ബജറ്റ്:** വികസനപ്രക്രിയയിൽ ലിംഗവിവേചനം കുറച്ചുകൊണ്ടുവരാൻ ജെൻഡർ പരിപ്രേക്ഷ്യം ഉൾചേർത്തുകൊണ്ടുള്ള രീതിശാസ്ത്രമാണ് ജെൻഡർ ബജറ്റ്.

5. **വനിതാ ഘടക പദ്ധതി:** ഹ്രസ്വ-ദീർഘകാല അടിസ്ഥാനത്തിൽ സ്ത്രീകളുടെ നിർണ്ണായക ആവശ്യങ്ങൾ സാക്ഷാൽക്കരിക്കുന്നതിന് പദ്ധതി വിഹിതത്തിൽ നിർബന്ധമായി വകയിരുത്തുന്ന തുക ഉപയോഗിച്ച് നടപ്പിലാക്കേണ്ട പദ്ധതി.

## 3. ആമുഖം

തദ്ദേശഭരണ സംവിധാനങ്ങളിൽ ലിംഗനീതിക്ക് മുൻഗണന നൽകേണ്ട കൃത്യമായ സാഹചര്യം കേരളത്തിൽ നിലനിൽക്കുന്നുണ്ട്. വരുമാനദായക തൊഴിൽ സംരംഭങ്ങൾക്ക് നിലനിൽപ്പ് (Sustainability) ഉണ്ടാകുന്നില്ല. ഇതു പോലുള്ള ഒട്ടേറെ കാര്യങ്ങളിൽ ശക്തമായ ഇടപെടലുകൾ ആവശ്യമായിരിക്കുന്നു. എല്ലാ തലങ്ങളിലും തീരുമാനങ്ങൾ എടുക്കുമ്പോൾ സ്ത്രീകളെ ബോധപൂർവം ഉൾപ്പെടുത്തണം. വേണ്ടത്ര വിവരങ്ങൾ നൽകി, ശരിയായ തിരഞ്ഞെടുപ്പുകൾ നടത്താൻ അവരെ പ്രാപ്തരാക്കുകയും വേണം. ആസൂത്രണം, പദ്ധതി രൂപീകരണം, സേവനം നൽകൽ, റോഡ് വികസനം, ശുചിത്വം, ഖരമാലിന്യ നിർമ്മാർജ്ജനം, ധനവിനിയോഗനയങ്ങൾ, വിനോദം, ഭരണമേൽനോട്ടം, രാഷ്ട്രീയം തുടങ്ങിയ എല്ലാ കാര്യങ്ങളിലും സ്ത്രീകാഴ്ചപ്പാട് പ്രതിഫലിക്കേണ്ടതുണ്ട്. ജനാധിപത്യക്രമത്തിൽ, എല്ലാ വിഭാഗം ജനങ്ങൾക്കും തുല്യനീതിയും തുല്യഅവസരങ്ങളും ഉറപ്പുവരുത്താൻ ഭരണം കൈകാര്യം ചെയ്യുന്നവർക്ക് ഉത്തരവാദിത്തമുണ്ട്.

സാർവ്വദേശീയ, ദേശീയ തലങ്ങളിൽ ലിംഗതുല്യതയ്ക്കും നീതിക്കും വേണ്ടിയുള്ള ഒട്ടേറെ നടപടികളും കരാറുകളും ഉടമ്പടികളും ഉണ്ടായിട്ടുണ്ട്. ഇന്ത്യൻ ഭരണഘടന തന്നെ തുല്യാവകാശങ്ങൾ ഉറപ്പാക്കുന്നുണ്ട്. പ്രാദേശികതലത്തിൽ, തുല്യനീതി ഉറപ്പാക്കുന്നതിലൂടെ നമ്മുടെ ഭരണഘടനയ്ക്കും ഇന്ത്യ ഒപ്പുവച്ചിട്ടുള്ള ഉടമ്പടികൾക്കും പ്രായോഗികത കൈവരുത്തുകയാണ് ചെയ്യുന്നത്.

കേരളത്തിലെ തദ്ദേശഭരണ സംവിധാനങ്ങൾവഴി നടക്കുന്ന എല്ലാ പ്രവർത്തനങ്ങളും ജെൻഡർ അവബോധത്തോടും (Gender Sensitivity) എല്ലാ വിഭാഗങ്ങളെയും ഉൾപ്പെടുത്തിയും (Inclusive) ആകേണ്ടതുണ്ട്.

അധികാര വികേന്ദ്രീകരണം ശരിയായ അർത്ഥത്തിൽ നടപ്പാക്കിയ സംസ്ഥാനമെന്നതിൽ അഭിമാനം കൊള്ളുന്നവരാണ് കേരളീയർ. ചുമതലകളും (Functions)

നിർവഹണ ഉദ്യോഗസ്ഥരും (Functionaries) പണവും (Funds) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ചു കഴിഞ്ഞു. കഴിഞ്ഞ 25 വർഷത്തെ വികേന്ദ്രീകൃത ആസൂത്രണ പ്രവർത്തനങ്ങളിലൂടെ ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാനായി. കുടിവെള്ള ലഭ്യത, കക്കൂസ്, പാർപ്പിടം, മറ്റ് അടിസ്ഥാനസൗകര്യ വികസനങ്ങൾ, ഉൽപ്പാദനമേഖലയ്ക്ക് ഊന്നൽ നൽകിയ പ്രവർത്തനങ്ങൾ, അവശരും ആലംബഹീനരുമായവർക്കായുള്ള പരിരക്ഷ തുടങ്ങി പല മേഖലകളിലും ഏറെ മുമ്പോട്ട് പോകാൻ കേരളത്തിന് കഴിഞ്ഞു. വളരെ ശ്രദ്ധേയമായ മറ്റൊരു നേട്ടം സ്വയംസഹായ സംഘങ്ങൾ, തൊഴിൽ സംരംഭങ്ങൾ തുടങ്ങിയവയിലൂടെ ധാരാളം സ്ത്രീകളെ പൊതു ഇടങ്ങളിലെത്തിക്കാനും, 'കുടുംബശ്രീ' സംവിധാനത്തിലൂടെ ദൃശ്യത ഉണ്ടാക്കാനും കഴിഞ്ഞതാണ്. അതുവഴി സ്ത്രീകളുടെ അവസ്ഥ മെച്ചപ്പെട്ടിട്ടുണ്ട് എന്നത് തീർച്ചയാണ്. പ്രാദേശിക സ്വയംഭരണത്തിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിക്കുവാൻ ഇത് കാരണമായിട്ടുണ്ട്.

എന്നാൽ ജനസംഖ്യയുടെ പകുതിയിൽ കൂടുതൽ സ്ത്രീകളുള്ള കേരളത്തിൽ സ്ത്രീകൾക്ക് തുല്യപദവിയും നീതിയും ലഭ്യമാകുന്നുണ്ടോ എന്ന ചോദ്യം പ്രസക്തമാണ്. ജനസംഖ്യയിൽ സ്ത്രീകളുടെ അനുപാതം അനുകൂലമാണെങ്കിലും 0 മുതൽ 6 വരെയുള്ള പ്രായവിഭാഗത്തിൽ ഇത് പ്രതികൂലമാണ്. പെൺകുട്ടികളും സ്ത്രീകളും കുടുംബങ്ങളിലും തൊഴിൽ സ്ഥലങ്ങളിലും പൊതുയിടങ്ങളിലും ഒട്ടേറെ അതിക്രമങ്ങൾക്ക് വിധേയരാകുന്നുണ്ട്. തദ്ദേശ ഭരണ സ്ഥാപന ജനപ്രതിനിധികളിൽ 52 ശതമാനത്തിൽ കൂടുതൽ സ്ത്രീകളുണ്ടെങ്കിലും സംവരണാനുകൂല്യം ഇല്ലാത്ത നിയമസഭ, പാർലമെന്റ് തലങ്ങളിലും മറ്റ് അധികാരസമിതികളിലും ജനസംഖ്യാനുപാതികമായ സ്ത്രീ പങ്കാളിത്തം ഇല്ല. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ സ്ത്രീകൾ വളരെ മുമ്പിലാണെങ്കിലും, തൊഴിൽ പങ്കാളിത്ത നിരക്കിൽ ദേശീയ ശരാശരിയേക്കാൾ പുറകിലാണ്. സ്ത്രീകളുടെയും ലിംഗ ന്യൂനപക്ഷങ്ങളുടെയും പദവി മെച്ചപ്പെടുത്തുവാൻ, ലിംഗസമത്വമുള്ള സമൂഹം രൂപപ്പെടുത്തിയെടുക്കാൻ സഹായകമായ രീതിയിലുള്ള പഠനപ്രവർത്തനങ്ങൾ അനിവാര്യമാണ്.

## 4. ലിംഗ പദവിയും ലിംഗഭേദവും

ഐക്യരാഷ്ട്രസഭ, ലോകബാങ്ക്, വിവിധ സർക്കാരുകൾ തുടങ്ങി പ്രാദേശിക തലങ്ങൾവരെ ഇപ്പോൾ സാധാരണയായി ജെൻഡർ, ലിംഗനീതി, ലിംഗസമത്വം, സ്ത്രീശാക്തീകരണം തുടങ്ങിയ വാക്കുകൾ ഉപയോഗിക്കുന്നുണ്ട്. ജനാധിപത്യപരവും ഫലപ്രദവുമായ, എല്ലാ വിഭാഗം ജനങ്ങളെയും ഉൾപ്പെടുത്തിയുള്ള ഒരു ഭരണസംവിധാനത്തിന് ലിംഗനീതി പരിഗണന ഒഴിച്ചുകൂടാനാവാത്ത ഒന്നാണ്.

എന്നാൽ ഈ വാക്കുകൾ ധാരാളമായി ഉപയോഗിക്കപ്പെടുന്നുണ്ടെങ്കിലും അവയുടെ അർത്ഥം എല്ലാവരും ഒരേപോലെയല്ല മനസ്സിലാക്കുന്നത്. പലപ്പോഴും ‘സ്ത്രീ’ എന്നതിന് പകരമായി ജെൻഡർ ഉപയോഗിക്കപ്പെടുന്നുണ്ട്; അടുത്തകാലത്തായി ‘സ്ത്രീയും പുരുഷനും’ ഉൾപ്പെടുന്നതാണ് ജെൻഡർ എന്നും പറയാൻ തുടങ്ങിയിട്ടുണ്ട്. ‘ജെൻഡർ’ എന്ന പ്രയോഗത്തിന്റെ അർത്ഥതലങ്ങൾ അതിലുമധികം വ്യാപ്തിയും ആഴവുമുള്ളതാണ്.

ഒരു പെൺകുട്ടി/സ്ത്രീ; ആൺകുട്ടി/പുരുഷൻ എന്ന ലിംഗവിഭാഗങ്ങൾക്ക് സമൂഹം നൽകുന്ന വ്യാഖ്യാനങ്ങൾ, മൂല്യങ്ങൾ, അവരിൽ നിന്നും പ്രതീക്ഷിക്കുന്ന ചുമതല

കൾ, അവർ തമ്മിലുള്ള ബന്ധങ്ങൾ ഇവയെല്ലാം ഉൾക്കൊണ്ടതാണ് ലിംഗപദവി (ജെൻഡർ). ഒരാൾ ഏതു ലിംഗ വിഭാഗത്തിൽ (sex) ജനിച്ചു എന്ന് നോക്കിയിട്ടല്ല മറിച്ച് സമൂഹം അതതു കാലങ്ങളിൽ നിർണ്ണയിക്കുന്നതാണ് ജെൻഡർ. കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ ജൈവശാസ്ത്രപരമായ വ്യത്യാസങ്ങളല്ല, മറിച്ച് സാമൂഹിക മായി നിർണ്ണയിക്കപ്പെടുന്ന വ്യത്യസ്തതകളും, ചിട്ടകളും സാംസ്കാരിക പ്രതീക്ഷകളും ഒക്കെയാണ് ജെൻഡറിനെ സൂചിപ്പിക്കുന്നത്. ഓരോ സംസ്കാരത്തിലും കാലത്തിലും സ്ത്രീത്വവും പുരുഷത്വവും നിർണ്ണയിക്കപ്പെടുന്നത് വ്യത്യസ്തമായിട്ടായിരിക്കും. സ്ത്രീ-പുരു ഷന്മാർ തമ്മിലുള്ള ബന്ധത്തെ വിശകലനം ചെയ്തു സ്ത്രീക്കും പുരുഷനും എത്രമാത്രം അധികാരത്തിന് പ്രാപ്യത ഉണ്ട്, ജീവിതത്തിലെ അവസരങ്ങൾ എത്ര വ്യത്യസ്തമാ യിട്ടാണ് ലഭ്യമായിരിക്കുന്നത് തുടങ്ങിയവയിലൂടെയും ജെൻഡർ മനസ്സിലാക്കാം.

സാമൂഹികമായി നിർണ്ണയിക്കപ്പെടുന്ന ചുമതലകളും റോളുകളും അനിവാര്യമല്ല; കാലം മാറുന്നതനുസരിച്ച് സംസ്കാരികമായ ചട്ടങ്ങൾക്കും മൂല്യങ്ങൾക്കും മാറ്റം സം ഭവിക്കുന്നുണ്ട്. പുരുഷ-സ്ത്രീ സങ്കൽപ്പങ്ങളും ചുമതലകളും മാറുന്നുണ്ട്. വലിയ മാറ്റമി ല്ലാതെ നിൽക്കുന്നത് സ്ത്രീ-പുരുഷന്മാർക്ക് നിർണ്ണയിച്ചിരിക്കുന്ന തുല്യതയില്ലാത്തതും വ്യത്യസ്തവുമായ അധികാരങ്ങളാണ്. മിക്ക സമൂഹങ്ങളിലും സ്ത്രീകൾക്ക് പുരുഷന്മാരെ അപേക്ഷിച്ച് കുറഞ്ഞ അധികാരവും അവകാശങ്ങളും നേട്ടങ്ങളും ആണ് നൽകുന്നത്. നമ്മുടെ ശാരീരിക വ്യത്യാസങ്ങളല്ല ഇതിന് കാരണം, മറിച്ച് സമൂഹികചിട്ടകളും മൂല്യങ്ങളുമാണ്.

ലോകത്ത് ഇന്ന് നിലനിൽക്കുന്ന അസമത്വങ്ങൾക്കും വിവേചനങ്ങൾക്കും പുറകിൽ മറ്റ് പല സാമൂഹിക-സാമ്പത്തിക ഘടകങ്ങളുമുണ്ട്. വംശീയത, ജാതി, വർഗ്ഗം, പ്രായം, ഭിന്നശേഷി, ലൈംഗിക തിരഞ്ഞെടുപ്പുകൾ, മതം തുടങ്ങിയവ വിവേചനങ്ങൾക്ക് കാരണമാകുന്ന ചില ഘടകങ്ങളാണ്. സ്ത്രീയുടേയും പുരുഷന്റേയും സ്വത്വബോധങ്ങൾ (Identities) ഇത്തരം പല സ്വത്വബോധങ്ങളുടെയും ഇന്റർസെക്ഷനിലാണ് (Intersection) നിലനിൽക്കുന്നത്. ഇവയിൽ ചിലത് പ്രത്യേക അവകാശങ്ങൾ (Privileges) നൽകു ന്നവരായിരിക്കും, മറ്റ് ചിലത് വിവേചനങ്ങളും. ഉദാഹരണത്തിന്, ഒരാൾ നല്ല ഒരു വ്യവസായിയായിരിക്കും എന്നാൽ അതേ സമയം ഗാർഹിക അതിക്രമങ്ങൾ നേരിടുന്ന ആളുമായിരിക്കും. ഇതിന്റെ അർത്ഥം നമ്മുടെ വിശകലനപരമായ ജെൻ ഡർ അവലോകനം വിശാലമാക്കുകയും മറ്റ് സാമൂഹിക ബന്ധങ്ങൾ എത്രമാത്രം നമ്മുടെ ജീവിതങ്ങളുടെമേൽ സ്വാധീനം ചെലുത്തുന്നുണ്ട് എന്ന്കൂടി മനസ്സിലാക്കുകയും വേണം.

അതുകൊണ്ട് ജെൻഡർ വിശകലനം കുറച്ചുകൂടി വിശാലമാക്കി പല മേഖലകളുടെ ഇടകലർന്ന തലത്തിൽ (InterSectional Analysis) ഉള്ളതാകേണ്ടിയിരിക്കുന്നു. വിവിധ തരത്തിലുള്ള വിവേചനങ്ങൾ, മിക്ക സ്ത്രീകളുടെയും പുരുഷന്മാരുടെയും ജീവിത യാഥാ ർത്ഥ്യമാണെന്നും അവ പരസ്പരം സ്വാധീനിക്കുന്നുണ്ടെന്നും തിരിച്ചറിയേണ്ടതുണ്ട്. ദാരിദ്ര്യത്തിന്റെയും ജാതിയുടെയും വിവേചനങ്ങൾ അനുഭവിക്കുന്ന സ്ത്രീ, സ്ത്രീയെന്ന നിലയിലുള്ള വിവേചനം കൂടി നേരിടുമ്പോൾ, വളരെ സങ്കീർണ്ണമായ ഒരു അവസ്ഥ യായിരിക്കും അവൾ നേരിടുന്നത്. അതുപോലെ ജാതീയമായ വിവേചനം നേരിടുന്ന പുരുഷന് വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടിട്ടുണ്ടാകാം; സാമ്പത്തിക ഭാരവും അധികമാ

യിരിക്കും. പുരുഷൻ എന്ന നിലയിലുള്ള അധികാരസ്വത്വം സ്വന്തം കുടുംബത്തിൽ മാത്ര മായിരിക്കും സാധ്യമാകുക. അതുകൊണ്ട് തന്നെ എല്ലാ സ്ത്രീകളും എല്ലാ പുരുഷന്മാരും ഒരേതരത്തിലുള്ള ഒരേസ്വഭാവത്തിലുള്ള ലിംഗവിവേചനങ്ങൾ അല്ല അനുഭവിക്കുന്നത്. അതുകൊണ്ട് ജെൻഡർ വിശകലനത്തെ അടിസ്ഥാനപ്പെടുത്തിയ ആസൂത്രണത്തിലും ഇവ കണക്കിലെടുക്കേണ്ടത് ആവശ്യമാണ്.

## ജെൻഡറിന്റെ തലങ്ങൾ

ഒരു വ്യക്തിയുടെ ലിംഗപദവി എന്നത് മൂന്ന് തലങ്ങൾ തമ്മിലുള്ള സങ്കീർണ്ണമായ ഒരു പരസ്പര ബന്ധമാണ്.

**ശരീരം (Body):** നമ്മുടെ ശരീരം, നമ്മുടെ ശരീരത്തിനെക്കുറിച്ചുള്ള നമ്മുടെ അനുഭവം, ശരീരത്തെ എപ്രകാരമാണ് സമൂഹം ലിംഗപദവിയോട് ബന്ധപ്പെടുത്തി കാണുന്നത് (Gendersour Body) നമ്മുടെ ശരീരത്തെ അടിസ്ഥാനപ്പെടുത്തി മറ്റുള്ളവർ നമ്മളോട് എങ്ങിനെ ഇടപെടുന്നു.

**സ്വത്വം (Identity):** ആഴത്തിൽ നമ്മൾക്ക് അനുഭവിക്കുന്ന ഞാൻ ആര് എന്ന ഭാവം - പുരുഷൻ/സ്ത്രീ/രണ്ടിന്റെയും കൂടിച്ചേരൽ/അല്ലാത്ത അവസ്ഥ - അവൻ/അവൾ ആര് എന്ന സ്വയമേ ഉള്ള ചിന്ത.

**ബാഹ്യമായ പ്രകടനം (Expression):** നമ്മൾ പുറമെ എപ്രകാരം നമ്മളെക്കുറിച്ച് വെളിവാക്കുന്നു. സമൂഹം, സംസ്കാരം, കുടുംബം തുടങ്ങിയവർ എപ്രകാരം ഇത് മനസ്സി ലാക്കി നമ്മോട് ഇടപെടുകയും നമ്മുടെ ജെൻഡറിനെ രൂപപ്പെടുത്താൻ ശ്രമിക്കുക യും ചെയ്യുന്നു. ജെൻഡർ ചുമതലകളുമായി ഈ വെളിവാക്കൽ ബന്ധപ്പെട്ടിരിക്കുന്നു; മാത്രമല്ല, നിലനിൽക്കുന്ന ജെൻഡർ രീതികളുമായി (Gender Norms) പൊരുത്തപ്പെട്ടു സമൂഹം ഈ ചുമതലകളെ ഉപയോഗിക്കുകയും ചെയ്യുന്നു.

ഈ മൂന്ന് തലങ്ങളും വളരെ വ്യത്യസ്തമായ ധാരാളം സാധ്യതകളിലൂടെ വ്യാപിച്ചു കിടക്കുന്നു. ഈ മൂന്ന് തലങ്ങളും ഐക്യപ്പെടുമ്പോഴാണ് (In Harmony) ഒരു വ്യക്തിക്ക് തന്റെ ജെൻഡറിനെക്കുറിച്ച് തൃപ്തി തോന്നുന്നത്. ഈ ഓരോ തലത്തേയും കുറച്ചുകൂടി വിശദമായി പരിശോധിക്കാം.

### 1. ശരീരം

മിക്ക സമൂഹങ്ങളും ലിഗവ്യത്യാസങ്ങളെ ആണും പെണ്ണും എന്ന ദ്വന്ദങ്ങളായിട്ടാണ് (Binary) വീക്ഷിക്കുന്നത്. ഒരു വ്യക്തിയുടെ പ്രത്യുൽപ്പാദന ചുമതലകളെ (ജനനേന്ദ്രി യങ്ങൾ, ക്രോമസോം, ഹോർമോൺസ്, പ്രത്യുൽപ്പാദന ഘടനകൾ) അടിസ്ഥാനപ്പെ ടുത്തിയാണ് ഇത്. പക്ഷെ ഈ ദ്വന്ദസമീപനം, ജെൻഡറിന്റെ ജൈവശാസ്ത്രപരമായ തലത്തെപോലും കണക്കിലെടുക്കുന്നില്ല. മിക്ക ശരീരങ്ങൾക്കും സ്ത്രീ/പുരുഷ ജനനേ ന്ദ്രിയങ്ങൾ ആണ് ഉള്ളതെങ്കിലും, സ്വാഭാവികമായി ഉണ്ടാകുന്ന ഇന്റർസെക്സ് സാഹച ര്യങ്ങളും ഉണ്ട് - ജൈവവ്യത്യാസങ്ങൾക്ക് പല സാധ്യതകളും ഉണ്ട് എന്ന് (Spectrum of Possibilities) ഇത് വ്യക്തമാക്കുന്നു

ഒരു വ്യക്തിയുടെ ജെൻഡറും അവരുടെ ശരീരവും തമ്മിലുള്ള ബന്ധം, പ്രത്യുൽപ്പാദന ധർമ്മങ്ങൾക്ക് ഉപരിയാണ്. പല മേഖലകളിലുള്ള (Neurology, Endocrinology, Cellular Biology) ഗവേഷണങ്ങൾ കാണിക്കുന്നത്, ഒരു വ്യക്തിയുടെയും ജെൻഡർ അനുഭവങ്ങൾക്ക് ഒരു വിശാലമായ അടിത്തറ ഉണ്ട് എന്നതാണ്. നമ്മുടെ തലച്ചോറിന്, നമ്മുടെ ഈ ജെൻഡർ അനുഭവത്തിൽ ഒരു വലിയ പങ്കുണ്ട്.

സാംസ്കാരികമായ പ്രതീക്ഷകളുടെ പശ്ചാത്തലത്തിൽ കൂടിയാണ് ശരീരങ്ങൾ ജെൻഡറായി (Gendered) ബന്ധപ്പെടുത്തപ്പെടുന്നത്. ആണത്തവും സ്ത്രീത്വവും, ചില ജൈവഘടകങ്ങളുമായി സമാനപ്പെടുത്തി, ഇവ എന്തുമാത്രം ഉണ്ട് എന്നതിനെ അടിസ്ഥാനപ്പെടുത്തി പുരുഷൻ/സ്ത്രീ എന്ന് നാമകരണം ചെയ്യുന്നു. നമുക്ക് നമ്മളെക്കുറിച്ച് തന്നെയുള്ള തോന്നലുകളും മറ്റുള്ളവർ നമ്മളെ എങ്ങിനെ വീക്ഷിക്കുകയും ഇടപെടുകയും ചെയ്യുന്നു എന്നുള്ളതും നമ്മുടെ ശരീരങ്ങളുടെ ഈ ജെൻഡറാക്കപ്പെടലുമായി ബന്ധമുണ്ട്.

## 2. സ്വത്വം

ലിംഗപദവി സ്വത്വബോധം (Gender Identity) ആന്തരികമായ ഒരു അനുഭവമാണ്. ജനിച്ചപ്പോൾ നൽകുന്ന ലിംഗവിഭാഗവുമായി പൊരുത്തപ്പെടുന്ന ലിംഗപദവി സ്വത്വ ബോധമുള്ളവരെ 'സിസ്ജെൻഡർ' (Cisgender) എന്ന് അറിയപ്പെടുന്നു. ഉദാഹരണമായി ജനിച്ചപ്പോൾ ആൺകുട്ടി എന്ന് ജനനസർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുന്ന കുട്ടി താൻ ആൺകുട്ടിയാണ് എന്ന് തിരിച്ചറിയുമ്പോൾ അയാൾ സിസ്ജെൻഡർ ആണ് (ചുരുക്കി 'സിസ്' എന്ന് പറയാറുണ്ട്). ജനിച്ചപ്പോൾ നൽകുന്ന (Assign) ലിംഗവ്യത്യാസവുമായി ജെൻഡർ സ്വത്വബോധം പൊരുത്തപ്പെടാത്തവരാണ് ട്രാൻസ് ജെൻഡർ വ്യക്തികൾ. ജനന സർട്ടിഫിക്കറ്റിൽ ആൺകുട്ടി എന്ന രേഖപ്പെടുത്തുകയും എന്നാൽ താൻ പെൺകുട്ടിയാണ് എന്ന സ്വത്വം വെളിപ്പെടുത്തുകയും ചെയ്യുന്ന വ്യക്തി ട്രാൻസ്ജെൻഡർ ആണ് (ചുരുക്കത്തിൽ 'ട്രാൻസ്'). ആണും പെണ്ണും എന്നതാണ് സാധാരണയായ സ്വത്വബോധം. ഇവ രണ്ടും മാത്രമാണ് ജെൻഡർ സ്വത്വബോധങ്ങൾ എന്നാണ് പൊതുവേ കരുതുന്നത്. ജെൻഡർ ദ്വന്ദം (Gender Binaries) എന്നാണ് ഇത് അറിയപ്പെടുന്നത്.

ജെൻഡർ രണ്ട് സാധ്യതകൾ മാത്രമല്ല, അതൊരു സ്പെക്ട്രം ആണ്, ആണും പെണ്ണും അല്ല തങ്ങളുടെ സ്വത്വം എന്ന് തിരിച്ചറിയുന്നവരുണ്ട്. ഇവ രണ്ടും ആണെന്നോ രണ്ടും അല്ലെന്നോ, തികച്ചും മറ്റൊരു വിഭാഗമാണോ എന്ന് തിരിച്ചറിയുന്നുണ്ട്. നമ്മുടെ ലിംഗവിഭാഗം ഏതാണ് എന്ന് ഏകദേശം നാലുവയസ്സാകുമ്പോഴേക്കും നമ്മൾ തിരിച്ചറിയുന്നു എന്നതാണ് ശിശുരോഗവിദഗ്ധരുടെ അമേരിക്കൻ അക്കാദമി പറയുന്നത്, ഒരു വ്യക്തിയുടെ ഭാഗമാണത്, നമ്മൾ ഉള്ളിൽ അനുഭവിക്കുന്നതാണത്. വ്യക്തികൾ തങ്ങളുടെ ലിംഗവിഭാഗം തിരഞ്ഞെടുക്കുന്നില്ല, അത് മാറ്റാൻ അവർക്ക് സാധിക്കുകയുമില്ല. അവരുടെ സ്വത്വബോധത്തെ വെളിവാക്കാൻ അവർ ഉപയോഗിക്കുന്ന പദങ്ങൾക്ക് വ്യത്യാസമുണ്ടായേക്കാം.

ഇന്നത്തെ ഈ സ്വത്വബോധങ്ങളെക്കുറിച്ച് ഏറെ വിചിന്തനങ്ങൾ നടക്കുന്നുണ്ട്. ആണും പെണ്ണും എന്ന ദ്വന്ദ്വത്തിനപ്പുറം, വലിയ സ്പെക്ട്രം ആയി ഇതിനെ ഇന്ന് ഉൾക്കൊള്ളുന്നു.

## 3. പ്രകടിതരൂപം വെളിപ്പെടുത്തൽ

ജെൻഡറിന്റെ മൂന്നാമത്തെ തലം അതിന്റെ പ്രകടിതരൂപമാണ് (Expression). നമ്മുടെ ജെൻഡർ ഏതാണ് എന്ന് നമുക്ക് ചുറ്റുമുള്ള ലോകത്തോട് നമ്മൾ പ്രകടിപ്പിക്കുന്ന തലമാണ് അത്. (വസ്ത്രധാരണം, തലമുടിയുടെ സ്റ്റൈൽ, പെരുമാറ്റരീതികൾ മുതലായവയിലൂടെ) പ്രായോഗികമായി എല്ലാത്തിനും ഒരു ജെൻഡർ ബന്ധമുണ്ട്. കളിപ്പാട്ടങ്ങൾ, നിറങ്ങൾ, വസ്ത്രങ്ങൾ, പ്രവർത്തനങ്ങൾ തുടങ്ങിയ ചില ഉദാഹരണങ്ങളാണ്. ജെൻഡർ ദ്വന്ദങ്ങൾ മാത്രമാണ് പരിഗണിക്കപ്പെടുന്നത് എന്നുള്ളതുകൊണ്ട്, കുട്ടികൾ, 'ആൺ', 'പെൺ' എന്ന പരിമിതമായ സ്വത്വബോധങ്ങൾക്കുള്ളിൽ തങ്ങളുടെ സ്വത്വം വെളിവാക്കാൻ നിർബന്ധിതരാകുന്നു. സമൂഹത്തിന്റെ പ്രതീക്ഷകൾക്കനുസരിച്ച് എന്താണ് നമ്മൾ പ്രകടമാക്കേണ്ട സ്വത്വബോധം എന്ന് ജനനം മുതൽ നമ്മളെ പഠിപ്പിക്കുന്നു; നമ്മുടെ ജീവിതത്തിന്റെ എല്ലാ വശങ്ങൾ വഴിയും - കുടുംബം, സംസ്കാരം, സ്കൂളുകൾ, സഹപാഠികൾ, മാധ്യമം, മതം - ഈ പ്രതീക്ഷകൾ നമ്മളിലേക്ക് കൈമാറ്റം ചെയ്യുന്നു. സ്വീകാര്യമായ ജെൻഡർ പ്രതീക്ഷകൾ അത്യധികം നമ്മുടെ സംസ്കാരത്തിൽ ഉൾച്ചേർക്കപ്പെട്ടിട്ടുള്ളതുകൊണ്ട് മറ്റൊരു രീതി ഭൂരിഭാഗം പേർക്കും ചിന്തിക്കാനാവുന്നില്ല.

സാമൂഹികമായ പരുവപ്പെടുത്തലിന്റെയും വ്യക്തിപരമായ മുൻഗണനകളുടെയും കൂട്ടുചേരൽ വഴി മൂന്നു വയസ്സാകുമ്പോഴേക്കും മിക്ക കുട്ടികളും അവരുടെ ലിംഗവിഭാഗവുമായി ബന്ധപ്പെട്ട സ്വഭാവങ്ങൾ പ്രകടിപ്പിക്കുന്നു. പ്രതീക്ഷിക്കപ്പെട്ട ജെൻഡർ വെളിവാക്കലുമായി പൊരുത്തപ്പെടുന്ന വ്യക്തികൾക്ക്, തങ്ങളുടെ ജെൻഡറിനെപ്പറ്റി ചിന്തിക്കുകയോ ചോദ്യം ചെയ്യുകയോ ചെയ്യേണ്ട കാര്യമില്ല. സാമൂഹികമായി നിർണ്ണയിക്കപ്പെടുന്ന പ്രതീക്ഷകൾക്കും മറ്റും അപ്പുറം തങ്ങളുടെ ജെൻഡർ പ്രകടിപ്പിക്കുന്നവർക്ക് മറ്റൊരു അനുഭവം ആണ് ഉണ്ടാകുന്നത്. കൂടുതൽ ആണത്തം പ്രകടിപ്പിക്കുന്ന പെൺകുട്ടികളും പെണ്ണത്തം വെളിവാക്കുന്ന ആൺകുട്ടികളും ഒട്ടനവധി വെല്ലുവിളികൾ നേരിടേണ്ടിവരുന്നു. വീട്ടിൽ നിന്നുള്ള സമ്മർദ്ദം, കൂട്ടുകാരുടെ ദ്രോഹങ്ങൾ, അധ്യാപകർ ഉൾപ്പെടെ പൊതുസമൂഹത്തിൽ നിന്നുള്ള നിന്ദ തുടങ്ങി പല പ്രശ്നങ്ങളും അവർ നേരിടേണ്ടിവരുന്നു.

ജെൻഡർ വെളിവാക്കലിന്റെ സങ്കൽപ്പങ്ങളും ചിട്ടകളും സമൂഹങ്ങൾ തോറും വ്യത്യാസപ്പെട്ടിരിക്കുന്നു. പുരുഷന്മാർ കമ്മൽ ധരിക്കുന്നത് പോലുള്ള കാര്യങ്ങൾ സമൂഹത്തിന്റെ പ്രതീക്ഷകളിലുള്ള വ്യത്യാസങ്ങളാണ് 'പിങ്ക് പെൺകുട്ടികൾക്കും നീല ആൺകുട്ടികൾക്കും' എന്നുള്ള ആശയം പോലും അടുത്ത കാലത്ത് ഉടലെടുത്തതാണ്.

ജെൻഡർ വെളിവാക്കലിനെ സംബന്ധിച്ച് ആശയങ്ങൾ കർശനമായതുകൊണ്ട് തന്നെ, ഒരാൾ എന്തു ധരിക്കുന്നു, എങ്ങിനെ സംസാരിക്കുന്നു, ആശയവിനിമയം നടത്തുന്നു എന്നുള്ളതൊക്കെ അവരുടെ ജെൻഡർ സ്വത്വബോധത്തെയാണ് പ്രകടിപ്പിക്കുന്നതെന്ന് നമ്മൾ ഊഹിക്കുന്നു. സ്വത്വബോധത്തിൽ നിന്നും വ്യത്യസ്തമാണ് പ്രകടിതഭാവങ്ങൾ. ഉദാ:- ഒരു 'സിസ്' ജെൻഡർ ആൺകുട്ടിക്ക് പാവാട ധരിക്കാനോ ഡ്രസ്സ് ഇടാനോ താൽപ്പര്യം കണ്ടെന്നുവരാം. അത് അയാളുടെ ജെൻഡർ സ്വത്വബോ

ധത്തെ മാറ്റുന്നില്ല. ചില സമയങ്ങളിലോ സാഹചര്യങ്ങളിലോ, അവൻ പെൺകുട്ടിക ളുടേതെന്ന് കരുതുന്ന വേഷം ധരിക്കാൻ ഇഷ്ടപ്പെടുന്നു എന്ന് മാത്രം.

ലൈംഗിക തിരഞ്ഞെടുപ്പുകളിൽ (Sexual Orientation) നിന്നും വ്യത്യസ്തമാണ് ജെൻഡർ, ജെൻഡറും ലൈംഗികതിരഞ്ഞെടുപ്പും ഒന്നല്ല. ജെൻഡർ വ്യക്തിപരമാണ്. (ഞാൻ എങ്ങിനെ എന്നെ കാണുന്നു) ലൈംഗിക തിരഞ്ഞെടുപ്പ് മറ്റ് വ്യക്തികളുമാ യുള്ള (Interpersonal) ബന്ധത്തിലൂടെയാണ്. (ശാരീരികമായും വൈകാരികമായും ആരോടാണ് ആകർഷണം)

## ലിംഗപരമായ തൊഴിൽ വിഭജനം

വ്യക്തിയുടെ കഴിവുകൾക്കും താൽപ്പര്യങ്ങൾക്കും ഉപരിയായി ലിംഗാടിസ്ഥാന ത്തിൽ പ്രത്യേക ജോലികളും ചുമതലകളും തീരുമാനിക്കുന്ന സമ്പ്രദായമാണ് ലിംഗപ രമായ തൊഴിൽ വിഭജനം (Gender Division of Labour). ചില പ്രത്യേക ജോലികൾ, ചുമതലകൾ എന്നിവ സ്ത്രീകൾ/പുരുഷന്മാർ മാത്രമാണ് ചെയ്യേണ്ടത് എന്നു സമൂഹം കരുതുന്നു. സാധാരണയായി സ്ത്രീകൾ വീട്ടുജോലി, കുട്ടികളുടെ പരിരക്ഷ, അനുബന്ധ വരുമാന പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നു. മുഖ്യ ഉൽപ്പാദന പ്രവർത്തനങ്ങൾ പുരുഷന്മാരാണ് ചെയ്യുന്നത്. കുടുംബത്തിൽ മാത്രമല്ല പൊതുസ്ഥാപനങ്ങളിലും വിപ ണിയിലുമെല്ലാം ഇത്തരം വിഭജനം കാണാനാകും. ഉദാഹരണത്തിന്, നഴ്സ് എന്ന വാക്കു കേൾക്കുമ്പോൾ സ്ത്രീകളുടെ തൊഴിൽ എന്നാണ് സമൂഹത്തിന്റെ വിവക്ഷ; പുരുഷന്മാർക്ക്, മെയിൽ നഴ്സ് എന്നു പ്രത്യേകം പറയും; നേരെ മറിച്ച്, പോലീസ് എന്നതിന് പുരുഷ പോലീസ് എന്നാണ് പൊതുവെ മനസ്സിലാക്കുന്നത്, സ്ത്രീകൾക്ക് വനിതാ പോലീസ് എന്നു പ്രത്യേകം പറയണം.

സംസ്കാരം, ജാതി, വർഗം, പ്രായം, രാജ്യങ്ങൾ തുടങ്ങിയവ അനുസരിച്ച് ഏതു ജോലി ആരു ചെയ്യണം, ജോലിയുടെ കരാർ, മൂല്യം നിശ്ചയിക്കൽ, വേതനം നൽകൽ എന്നിവക്കെല്ലാം വ്യത്യാസമുണ്ട്. ജെൻഡർ അടിസ്ഥാനത്തിൽ തൊഴിലുകൾ നിശ്ച യിക്കുന്നത് ക്രമേണ സാമൂഹിക നിയമമായി മാറുന്നു. അവ സ്ത്രീ പുരുഷന്മാരിൽ വ്യത്യ സ്ത കഴിവുകൾ രൂപപ്പെടുത്തുന്നു. സ്ത്രീയുടെ അധ്വാനത്തിന് ലഭിക്കുന്ന വേതനമാകട്ടെ അവളെ സ്വകാര്യസ്വത്തായി കരുതുന്ന പുരുഷന്റെ നിയന്ത്രണത്തിലും.

സ്ത്രീകൾ ചെയ്യുന്ന ജോലികൾക്ക് മൂല്യം കുറവായിരിക്കുകയെന്നതും തൊഴിൽജന്യ രോഗങ്ങൾ ഉണ്ടാവുകയെന്നതും ലിംഗാടിസ്ഥാനത്തിലുള്ള തൊഴിൽ വിഭജനത്തിന്റെ പരിണതഫലങ്ങളിൽ ചിലതാണ്.

## ലിംഗപദവി തൊഴിൽ വിഭജനത്തിന്റെ പരിണതഫലങ്ങൾ

സ്ത്രീകൾ ചെയ്യുന്ന ജോലികൾക്ക് കുറഞ്ഞമൂല്യം, സ്ത്രീകൾക്കു തുല്യമായ അധ്വാനവി ഹിതം നൽകുന്നുണ്ടെങ്കിലും വരുമാനത്തിന്മേൽ നേരിട്ട് പ്രാപ്യതയില്ല. സാമ്പത്തിക, രാഷ്ട്രീയ തലങ്ങളിൽ വളരാൻ, വളരെക്കുറച്ച് സമയമേ ലഭിക്കുന്നുള്ളൂ. കഠിനമായ ജോലിഭാരം സ്ത്രീകളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു. സ്ത്രീകളുടെയും

മറ്റു കുടുംബാംഗങ്ങളുടെയും ക്ഷേമത്തെ പ്രതികൂലമായി ബാധിക്കുന്നു. പദ്ധതികളുടെ/ പരിപാടികളുടെ കാര്യക്ഷമതയേയും ഫലപ്രാപ്തിയേയും പ്രതികൂലമായി ബാധിച്ചേക്കാം. ലിംഗപദവി നിയതമായ (gender specific) തൊഴിൽജന്യരോഗങ്ങൾ എന്നിവയാണ് ലിംഗപദവി തൊഴിൽ വിഭജനത്തിന്റെ പരിണതഫലങ്ങൾ.

## സ്ത്രീകളുടെ തൊഴിലുകൾ – ത്രിമാന ചുമതലകൾ

സ്ത്രീകളുടെ തൊഴിലുകളെ മൂന്ന് പ്രധാന വിഭാഗങ്ങളായി തരംതിരിക്കാം.

## ഉൽപാദന ജോലികൾ

ഉപഭോഗത്തിനും വിപണിക്കും വേണ്ടി സേവനങ്ങളും വസ്തുക്കളും ഉൽപ്പാദിപ്പിക്കുന്നതിനെ ഉൽപ്പാദനജോലികൾ (Productive Work) എന്നു പറയാം. (ഉദാ: കൃഷി, മൽസ്യബന്ധനം, സ്വയം തൊഴിൽ തുടങ്ങിയവ). നിങ്ങൾ എന്തു ചെയ്യുന്നു എന്ന് ചോദിച്ചാൽ, മിക്കവരും ഉൽപ്പാദനപരമെന്ന് കരുതുന്ന ജോലികളെക്കുറിച്ചാണ് പറയാറുള്ളത്. പ്രത്യേകിച്ച് വരുമാനം അഥവാ ശമ്പളം കിട്ടുന്ന തൊഴിലുകൾ. സ്ത്രീകളും പുരുഷന്മാരും ഇത്തരം ജോലികൾ ചെയ്യുന്നു. പക്ഷേ അവരുടെ ചുമതലകളും ജോലികളും ലിംഗാടിസ്ഥാനത്തിൽ വിഭജിക്കപ്പെട്ടിരിക്കുന്നു. സ്ത്രീകൾ ചെയ്യുന്ന ഉൽപ്പാദനപരമായ തൊഴിലുകൾ പോലും അദൃശ്യവും കുറഞ്ഞ മൂല്യം നൽകുന്നവയുമാണ്.

## പ്രത്യുൽപാദന ജോലികൾ

പ്രസവിക്കുക, കുട്ടികളെ പരിരക്ഷിക്കുക, ഭക്ഷണം തയ്യാറാക്കുക, വെള്ളവും വിറകും ശേഖരിക്കുക, സാധനങ്ങൾ വാങ്ങുക, വീട് വൃത്തിയായി സൂക്ഷിക്കുക, കുടുംബാംഗങ്ങളുടെ ആരോഗ്യകാര്യങ്ങൾ ശ്രദ്ധിക്കുക തുടങ്ങിയ ജോലികൾ കുടുംബത്തിന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണെങ്കിലും ഇവ ഒരിക്കലും തൊഴിലായി കണക്കാക്കാറില്ല. പിന്നാക്കസാഹചര്യങ്ങളിലും സമൂഹങ്ങളിലും ഇവ മിക്കപ്പോഴും ദീർഘ സമയമെടുക്കുന്നതും കൂടുതൽ കായികാദ്ധ്വാനം ആവശ്യമുള്ളവയുമാകും. സാധാരണയായി ഇത് സ്ത്രീകളുടെയും പെൺകുട്ടികളുടെയും മാത്രം ഉത്തരവാദിത്തമായാണ് പരിഗണിക്കപ്പെടുന്നത്.

## സാമൂഹികമായ ജോലികൾ

ലിംഗപരമായ തൊഴിൽ വിഭജനത്തെ അടിസ്ഥാനമാക്കി നോക്കിയാൽ സാമൂഹികജോലികൾ (Community Work) രണ്ടു തരമുണ്ട്.

**1. കമ്മ്യൂണിറ്റി മാനേജിങ് റോൾസ് (Community Managing Roles):** കൂട്ടായ ഉപഭോഗത്തിനുവേണ്ടി വിരളമായിക്കൊണ്ടിരിക്കുന്ന വിഭവങ്ങളെ (വെള്ളം, ആരോഗ്യപരിരക്ഷ, വിദ്യാഭ്യാസം) ഉറപ്പാക്കുകയും അവയെ നിലനിർത്തുകയും ചെയ്യുന്നത് പ്രാഥമികമായും സ്ത്രീകളാണ്. വീട്ടിൽ അവർ നിർവഹിക്കുന്ന പ്രത്യുൽപ്പാദന ജോലികളുടെ (Reproductive Work) തുടർച്ചയാണിത്, വെറുതെയിരിക്കുന്ന സമയത്ത് വേതനമില്ലാതെ ചെയ്യുന്ന സന്നദ്ധപ്രവർത്തനമാണിത്.

**2. കമ്മ്യൂണിറ്റി പൊളിറ്റക്കൽ റോൾസ് (Community Political Roles):** ഔപചാരിക രാഷ്ട്രീയതലത്തിൽ പുരുഷന്മാർ ഏറ്റെടുക്കുന്ന സാമൂഹികമായ പ്രവർത്തനങ്ങൾ. ഇത് മിക്കപ്പോഴും വേതനമുള്ള പണിയാണ് - പ്രത്യക്ഷമായും പരോക്ഷമായും; പദവിയും അധികാരവും മാന്യതയും ഒക്കെ ലഭിക്കുകയും ചെയ്യും.

ഈ രണ്ടു വിഭാഗങ്ങളിലും സ്ത്രീകളും പുരുഷന്മാരും ഉൾപ്പെടുന്നുണ്ടെങ്കിലും അവരുടെ റോളുകൾ വ്യത്യാസപ്പെട്ടിരിക്കുന്നു. ഇന്നത്തെ സമൂഹത്തിൽ സ്ത്രീകളും വീട്ടിലേക്ക് വരുമാനം കൊണ്ടുവരുന്നുണ്ടെങ്കിലും കുടുംബത്തിന്റെ പ്രധാന സംരക്ഷകനായി പുരുഷനെത്തന്നെയാണ് കണക്കാക്കുന്നത്. ഉൽപ്പാദന ജോലികളിൽ ഏർപ്പെടുന്ന സ്ത്രീകൾക്കും പ്രത്യുൽപ്പാദന ജോലികളുടെ ഉത്തരവാദിത്തങ്ങളിൽ നിന്ന് ഒഴിഞ്ഞുനിൽക്കാനാവുന്നില്ല. നേരെമറിച്ച് പുരുഷന് വ്യക്തമായ പ്രത്യുൽപ്പാദന ജോലികളൊന്നും നിർവചിച്ച് നൽകിയിട്ടില്ല. വീട്ടുകാര്യങ്ങളിൽ സഹായിക്കുന്ന പുരുഷൻമാരുണ്ടെങ്കിലും അത് സഹായം മാത്രമായാണ് കണക്കാക്കുന്നത്, ഉത്തരവാദിത്തമല്ല.

സാമൂഹികമായ ജോലികളിലും പുരുഷൻമാരും സ്ത്രീകളും ഏർപ്പെടുന്നുണ്ടെങ്കിലും അവരുടെ റോളുകളിൽ വ്യത്യാസമുണ്ട്. പുരുഷന്മാർ നേതാക്കളായും സ്ത്രീകൾ താരതമ്യേന പ്രാധാന്യം കുറഞ്ഞ പദവികളിലുമാണ് കാണപ്പെടുന്നത്. വീടിനുപുറത്ത് വേതനം കിട്ടുന്ന ജോലികളിലും വ്യക്തമായ ലിംഗവ്യത്യാസം കാണാം. പുരുഷന്മാർ വൻകിട വ്യവസായങ്ങളിലും സമൂഹത്തിൽ മാന്യത കിട്ടുന്ന തൊഴിലുകളിലും ഏർപ്പെടുമ്പോൾ സ്ത്രീകൾ വസ്ത്രനിർമ്മാണം, കരകൗശലവസ്തു നിർമാണം, ആഹാരപദാർത്ഥങ്ങളുടെ നിർമാണം തുടങ്ങിയവ ചെയ്യുന്നു. ഇത് അവരുടെ വീട്ടുജോലികളുടെ വെറും തുടർച്ച മാത്രമായാണ് കണക്കാക്കുന്നത്. അതേ സമയം തീരുമാനമെടുക്കേണ്ട, സാങ്കേതിക കഴിവു വേണ്ട ജോലികൾ, അവ പാചകം, തയ്യൽ തുടങ്ങി സ്ത്രീകളുടേതെന്നു മുദ്രകുത്തപ്പെട്ടവയാണെങ്കിൽ പോലും, നല്ല വരുമാനം ലഭിക്കുമ്പോൾ പുരുഷന്മാരാണ് ചെയ്യുന്നത്.

വികസനരംഗത്ത്, ജെൻഡർ വിശകലനം അത്യാവശ്യമാണെന്ന ചിന്ത അംഗീകരിക്കാൻ തുടങ്ങിയിട്ട് ഏതാണ്ട് ഒരു ദശകത്തോളമായി. ഈ കാലഘട്ടത്തിനിടയിൽ, ലിംഗപദവി എന്ന ആശയത്തെക്കുറിച്ചുള്ള ധാരണകളിൽ ക്രമാനുഗതമായ മാറ്റം ഉണ്ടായിട്ടുണ്ട്. ലിംഗപദവി ബന്ധങ്ങളെ ഒറ്റപ്പെട്ടുമാത്രം പരിഗണിച്ചിരുന്ന സമീപനത്തിൽനിന്നും വിശാലമായ സാമൂഹികബന്ധങ്ങളുടെ ഘടനകളുള്ളിൽ ഒന്നുമാത്രമാണ് എന്ന വീക്ഷണം പ്രത്യക്ഷപ്പെട്ടുതുടങ്ങി. പ്രായോഗികമായി, സ്ത്രീ-പുരുഷന്മാർ തമ്മിലുള്ള അധികാരബന്ധങ്ങളെ മാത്രമല്ല, വംശീയത, ജാതി, വർഗം, വിവാഹപദവി, പ്രായം തുടങ്ങിയ സാമൂഹികബന്ധങ്ങളും ലിംഗപദവിയും പരസ്പരം പ്രവർത്തിച്ച് സാമൂഹികമായും സാമ്പത്തികമായും ഓരത്തിലാക്കപ്പെട്ടവരെ എങ്ങനെ അടിച്ചമർത്തൽ സാഹചര്യങ്ങളിൽ തളച്ചിട്ടിരിക്കുന്നു എന്നും പരിശോധിക്കുന്നു. ഇതിന്റെ അർത്ഥം പാവപ്പെട്ടവരും പ്രാന്തവൽക്കരിക്കപ്പെട്ടവരുമായ സ്ത്രീകൾ നേരിടുന്ന അനീതിയുടെ ഏറ്റവും പ്രധാനപ്പെട്ട, എന്നാൽ ഒരു അച്ചുതണ്ട് മാത്രമാണ് ലിംഗപരമായ അനീതി എന്നു വ്യക്തമാകുന്നു.

സ്ത്രീകളും പുരുഷന്മാരും തമ്മിലുള്ള അധികാരബന്ധം മാത്രമല്ല ലിംഗപദവി എന്നും, മിറച്ച് സ്ത്രീകളും പുരുഷന്മാരും, സ്ത്രീകളും സ്ത്രീകളും, പുരുഷന്മാർ തമ്മിലും ഉള്ള ഏതു

ബന്ധത്തിലും ഒരു ഗ്രൂപ്പിന്റെമേൽ മറ്റൊരു ഗ്രൂപ്പിന് അധികാരം നൽകുന്ന സാമൂഹിക പരുവപ്പെടുത്തലാണ് ഉണ്ടാകുന്നതെങ്കിൽ, അതും ലിംഗപദവി അധികാരബന്ധങ്ങളായി കണക്കാക്കണമെന്നുള്ള കാഴ്ചപ്പാട് ഉണ്ടായി. അങ്ങനെ നോക്കുമ്പോൾ ഭാര്യയും ഭർത്താവും പുരുഷനായ ഉദ്യോഗസ്ഥമേലധികാരിയും സ്ത്രീയായ ഉദ്യോഗസ്ഥയും തമ്മിൽ മാത്രമല്ല ജെൻഡർ തുല്യതയില്ലായ്മ നിലനിൽക്കുന്നത്; മറിച്ച് അമ്മയും മകളും തമ്മിലും അമ്മായിഅമ്മയും മരുമകളും തമ്മിലും ഉയർന്ന ജാതിയിൽപ്പെട്ട ഉദ്യോഗസ്ഥമേലധികാരിയും സ്ത്രീ ജീവനക്കാരിയും തമ്മിലും ഈ അധികാരബന്ധങ്ങൾ കാണാം. സ്ത്രീകൾ തമ്മിൽ വർഗ, ജാതി അടിസ്ഥാനത്തിലും ബന്ധങ്ങളുടെ അടിസ്ഥാനത്തിലും ശക്തമായ ശ്രേണീബന്ധം നിലനിൽക്കുന്ന തെക്കനേഷ്യൻ രാജ്യങ്ങളിൽ, സ്ത്രീകളെയും പെൺകുട്ടികളെയും ശാക്തീകരിക്കണമെങ്കിൽ വിശാലമായ ഈ നിർവചനം ആവശ്യമാണ്.

പുരുഷന്മാരെ കുറ്റപ്പെടുത്തുന്ന പ്രവണതയിൽനിന്നും, പുരുഷത്വത്തിന്റെ സാമൂഹികനിർമ്മിതി, പുരുഷന്മാരുടെ അമാനവീകരണത്തിന് (സ്ത്രീകൾ അനുഭവിക്കുന്ന തോതിൽ അല്ലെങ്കിൽ പോലും) വഴിതെളിക്കുന്നു എന്ന ചിന്ത ഉയർന്നുവന്നു. എയിഡ്സ്, പുരുഷ രോഗാതുരത/മരണകാരണങ്ങൾ, വിദ്യാഭ്യാസം (പല സ്ഥലങ്ങളിലും സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് പെൺകുട്ടികളേക്കാൾ കൂടുതൽ ആൺകുട്ടികളിലാണ്) തുടങ്ങിയവക്ക് പുരുഷത്വത്തിന്റെ സാമൂഹിക നിർമ്മിതിയുമായുള്ള ബന്ധം അടുത്ത കാലത്തായി പഠനവിധേയമാകുന്നുണ്ട്. കരയരുതെന്നുള്ള നിർദ്ദേശങ്ങൾ, കുട്ടികളുടെ പരിരക്ഷയിൽ കർക്കശക്കാരനാകാനുള്ള കുടുംബത്തിന്റെ/സമൂഹത്തിന്റെ സമ്മർദ്ദം തുടങ്ങിയവ അവരിൽ ഉണ്ടാക്കുന്ന വൈകാരിക പ്രത്യാഘാതങ്ങളും പ്രത്യേക ശ്രദ്ധ അർഹിക്കുന്നു.

വികസനത്തിൽ സ്ത്രീപുരുഷന്മാരെ ഉൾച്ചേർക്കണം എന്ന ധാരണയിൽനിന്നും, ആഗോള സമ്പദ് വ്യസ്ഥയിൽ തുല്യമല്ലാത്ത രീതിയിലാണെങ്കിലും സ്ത്രീകളും പുരുഷന്മാരും ഉൾച്ചേർക്കപ്പെട്ടുകഴിഞ്ഞു എന്ന ധാരണയിലേക്ക് മാറി. കൂടാതെ സ്ത്രീ-പുരുഷന്മാരുടെ വ്യത്യസ്ത ഗ്രൂപ്പുകൾ - വിദ്യാഭ്യാസമുള്ളവർ, ഇല്ലാത്തവർ, പട്ടണവാസികൾ/ഗ്രാമവാസികൾ, ഉന്നതജാതിക്കാർ/താഴ്ന്നജാതിക്കാർ എന്നിവരാണ് ഭാഗമാക്കപ്പെട്ടിട്ടുള്ളത്. തന്മൂലം വികസനവും ലോകവ്യാപാരസംഘടനാ നിബന്ധനകളും സ്ത്രീ-പുരുഷന്മാരെ എങ്ങനെ ബാധിച്ചിരിക്കുന്നു എന്ന് ലിംഗപദവി കാഴ്ചപ്പാടിൽ പരിശോധിക്കുന്നതു കൂടാതെ വ്യത്യസ്ത ഗ്രൂപ്പുകൾ നേരിടുന്ന വ്യത്യസ്തങ്ങളായ പ്രത്യാഘാതങ്ങൾ പ്രത്യേകിച്ച് മനസ്സിലാക്കേണ്ടതാണ്.

## തുല്യത (Equality) എന്ന ആശയത്തിൽനിന്നും സന്തുലിതം (Equity) എന്ന ആശയത്തിലേക്കുള്ള മാറ്റം

തുല്യതയ്ക്കുവേണ്ടിയുള്ള ശ്രമത്തെ പലപ്പോഴും വീക്ഷിക്കുന്നത്, വിഭവങ്ങളുടെ മേൽ പുരുഷന്മാരെപ്പോലെ തുല്യമായ പ്രാപ്യത എന്നുള്ളതു മാത്രമല്ല, പുരുഷനെപ്പോലെ ആവുക എന്നാണ്. തുല്യതയെക്കുറിച്ചുള്ള സംവാദത്തിന്റെ പുറകിലുള്ള മറ്റൊരു വിശ്വാസം, തുല്യ അവസരങ്ങൾ ഉണ്ടായതുകൊണ്ടുമാത്രം ആയില്ല എന്നതാണ്. ഈ രണ്ട് കാഴ്ചപ്പാടുകളും കഴിഞ്ഞദശകത്തിൽ വെല്ലുവിളിക്കപ്പെട്ടിട്ടുണ്ട്. സ്ത്രീകൾക്കും പുരു

ഷന്മാർക്കും തുല്യപ്രാപ്യത മാത്രമല്ല ഉണ്ടാകേണ്ടതെന്നും, ഒരു പ്രത്യേക സമൂഹത്തിൽ സാമൂഹികമായി നിർമ്മിക്കപ്പെടുന്ന പുരുഷത്വത്തിന്റെയും അനുകൂലഘടകങ്ങൾ സമന്വയിപ്പിച്ചു കൊണ്ടുള്ള പുതിയ വ്യക്തിത്വം (Personhood) ആണ് നിർവ്വചിക്കപ്പെടേണ്ടതെന്നും ഉള്ള ചിന്ത ഇപ്പോൾ ശക്തമാകുന്നുണ്ട്. അവസരസമത്വം മാത്രം പോരാ, അവസരങ്ങൾ ഉപയോഗിക്കുന്നതിനുള്ള തുല്യമായ കഴിവും ഉണ്ടാകണം.

സമൂഹത്തിലുള്ള അവസരങ്ങൾ സ്ത്രീകൾക്ക് പ്രയോജനപ്പെടുത്താൻ കഴിയണമെങ്കിൽ, വീട്ടുജോലി പങ്കിടപ്പെടണം, സാമൂഹിക സാംസ്കാരിക നിയമങ്ങൾ (norms) അഴിച്ചുപണിയണം. ശ്രേണീബന്ധങ്ങളിൽ മാറ്റമുണ്ടാകണം.

### പാഠഭാഗം – സംക്ഷിപ്തം

- സാമൂഹികമായും സാംസ്കാരികമായും നിർണയിക്കപ്പെടുന്നതാണ് ജെൻഡർ.
- ജെൻഡർ ഒരു വിശകലന ആശയമാണ് (Analytical Concept).
- ശരീരം, സ്വത്വം, പ്രകടിത രൂപം എന്നിവ ജെൻഡറിന്റെ മൂന്ന് തലങ്ങളാണ്.
- ഒരു വ്യക്തിയുടെ കഴിവുകൾക്കും താൽപര്യങ്ങൾക്കും ഉപരി ആ വ്യക്തിയുടെ ലിംഗപദവി അടിസ്ഥാനത്തിൽ ജോലികൾ നിർവഹിക്കേണ്ടി വരുന്നതാണ് ലിംഗപരമായ തൊഴിൽ വിഭജനം.
- ലിംഗനീതി സാധ്യമാക്കാൻ അവസരസമത്വം മാത്രം പോര അവസരങ്ങൾ ഉപയോഗിക്കാൻ ഉള്ള സാഹചര്യങ്ങൾ കൂടി സൃഷ്ടിക്കപ്പെടണം.

### പഠന പുരോഗതി വിലയിരുത്തൽ : ഒന്ന്

I. **ഒറ്റ വാക്കിൽ ഉത്തരമെഴുതുക** (ഒരു മാർക്ക് വീതം)

1. കാലം മാറുന്നതിനനുസരിച്ച് പുരുഷ-സ്ത്രീസങ്കൽപ്പങ്ങളും ചുമതലകളും മാറുന്നുണ്ട്.

   (ശരി/തെറ്റ്)

2. ഗർഭധാരണം, പ്രസവം, മുലയൂട്ടൽ തുടങ്ങിയവ ലിംഗപരമായ തൊഴിൽ വിഭജനത്തിൽ വരുന്നു.

   (ശരി /തെറ്റ്)

3. ജനിച്ചപ്പോഴുള്ള ലിംഗവിഭാഗവുമായി പൊരുത്തപ്പെടുന്ന ലിംഗപദവി സ്വത്വബോധമുള്ളർ ......................... എന്നറിയപ്പെടുന്നു.

4. ആണും പെണ്ണും മാത്രമാണ് ജെൻഡർ സ്വത്വബോധം എന്ന് പൊതുവേ കരുതുന്നതിനെ ..........................എന്ന് പറയുന്നു.

| | |
|---|---|
| II. | **ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരം എഴുതുക** (രണ്ട് മാർക്ക് വീതം) |
| 1. | എന്താണ് ലിംഗപദവി ? |
| 2. | ലിംഗപരമായ തൊഴിൽ വിഭജനത്തിൽ വേതനമില്ലാത്ത ജോലികൾക്ക് നാലു ഉദാഹരണങ്ങൾ എഴുതുക |
| 3. | എന്താണ് ലിംഗസമത്വം |
| 4. | ലിംഗപദവി തൊഴിൽ വിഭജനത്തിന്റെ പരിണിതഫലങ്ങൾ എന്തൊക്കെയാണ്? (നാല് കാര്യങ്ങൾ എഴുതുക) |
| IV. | **ഒരു ഖണ്ഡികയിൽ ഉത്തരം എഴുതുക** (അഞ്ച് മാർക്ക് വീതം) |
| 1. | എന്താണ് ജെൻഡർ? ഇതിന്റെ മൂന്ന തലങ്ങൾ വിശദീകരിക്കുക |
| 2. | എന്താണ് ലിംഗപരമായ തൊഴിൽ വിഭജനം ? |
| 3. | ഏതൊക്കെയാണ് സ്ത്രീകളുടെ ത്രിമാന ചുമതലകൾ? |

## 5. ലിംഗപദവി ആസൂത്രണം

ആസൂത്രണ പ്രക്രിയയിലെ ഒരു സമീപനമാണ് ലിംഗപദവി ആസൂത്രണം (Gender Planning). നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്ന സ്ത്രീ-പുരുഷ പദവിയിലെ അസമത്വങ്ങളെ മനസ്സിലാക്കി പരിഹരിക്കുന്നതിനായി വികസന സമീപനങ്ങളിലും പ്രക്രിയകളിലും ഉൾപ്പെടുത്തേണ്ട ആശയങ്ങളും പ്രവർത്തനങ്ങളുമാണ് ലിംഗപദവി ആസൂത്രണം. സ്ത്രീക്കും പുരുഷനും വ്യത്യസ്തമായ ചുമതലകളും ആവശ്യങ്ങളുമാണ് സമൂഹം നിഷ്കർഷിക്കുന്നത്. ഈ യാഥാർത്ഥ്യത്തെ അംഗീകരിച്ചുകൊണ്ട് ഭരണഘടന ഉറപ്പു നൽകുന്ന സ്ത്രീ പുരുഷ തുല്യതയും സ്ത്രീകൾക്ക് തുല്യനീതിയും വികസനത്തിൽ ഉറപ്പു വരുത്തുക എന്നതാണ് ലിംഗപദവി ആസൂത്രണത്തിന്റെ ലക്ഷ്യം.

### ലിംഗപദവി ആസൂത്രണം – പ്രത്യേകതകൾ

സാമൂഹികവും, സാമ്പത്തികവും സാംസ്കാരികവുമായി നിലനിൽക്കുന്ന അസമത്വങ്ങളെ തിരിച്ചറിഞ്ഞ് പരിഹാരം കാണാൻ സഹായിക്കുക; സ്ത്രീകൾ, അനുഭവിക്കുന്ന ചൂഷണം, വിവേചനം, അടിച്ചമർത്തൽ തുടങ്ങിയ പ്രശ്നങ്ങളെ കണ്ടെത്തി അതിജീവിക്കാൻ സഹായിക്കുക; നിലനിൽക്കുന്ന ലിംഗവിവേചനത്തിലധിഷ്ഠിതമായ വാർപ്പ് മാതൃകകളെ പൊളിച്ചെഴുതാൻ സഹായിക്കുക; വികസന ആവശ്യങ്ങളുടെ കൃത്യമായ മുൻഗണന നിശ്ചയിച്ച് നടപ്പിലാക്കുക; സ്ത്രീകളുടെ പ്രായോഗിക ആവശ്യങ്ങളും നിർണ്ണായക ആവശ്യങ്ങളും തിരിച്ചറിഞ്ഞ് മുൻഗണന ക്രമത്തിൽ ഇടപെടാൻ സാധിക്കുക; വികസന പ്രക്രിയയിൽ സ്ത്രീകളുടെ ക്രിയാത്മക പങ്കാളിത്തം ഉറപ്പുവരുത്തുക; വികസന പദ്ധതികളുടെ ആസൂത്രണത്തിലും നടത്തിപ്പിലും മേൽനോട്ടത്തിലും സ്ത്രീകൾക്ക് നിയന്ത്രണവും പ്രാപ്യതയും ഉറപ്പ് വരുത്തുക; പൊതുസമൂഹത്തിന് സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് തിരിച്ചറിവുണ്ടാക്കുക എന്നിവയാണ് ലിംഗപദവി ആസൂത്രണം കൊണ്ട് ലക്ഷ്യമിടുന്നത്.

## ആസൂത്രണത്തിലെ മുൻകാല സമീപനങ്ങളിൽ നിന്നുള്ള വ്യത്യസ്തകൾ

| മുൻകാല സമീപനം | ലിംഗപദവി സമീപനം |
|---|---|
| 1. സ്ത്രീകൾ ആസൂത്രണപ്രക്രിയയിലെ ഒരു ലക്ഷ്യം (Target) മാത്രം | സ്ത്രീകളുടെ പങ്കാളിത്തവും നിയന്ത്രണവും ഉറപ്പുവരുത്തുക |
| 2. സ്ത്രീകളെ, വീട്ടമ്മ, മാതൃത്വം, അനുബന്ധ വരുമാനം തുടങ്ങി ലിംഗപദവി റോളുകളുമായി ബന്ധപ്പെടുത്തിയത് | അധികാരബന്ധങ്ങളെ പരിഗണിക്കുകയും നീതിനിഷേധങ്ങളും വ്യത്യസ്തതകളും കണക്കിലെടുക്കുകയും ചെയ്യുന്നു |
| 3. സ്ത്രീകൾ നിർജീവ ഗുണഭോക്താക്കൾ മാത്രം | സ്ത്രീകൾ സജീവ പങ്കാളികൾ |
| 4. പ്രായോഗിക ആവശ്യങ്ങൾക്ക് മാത്രം മുൻഗണന | പ്രായോഗിക ആവശ്യങ്ങൾക്കൊപ്പം നിർണായക ആവശ്യങ്ങൾക്കും മുൻഗണന |
| 5. പൊതുവികസനത്തിന്റെ ഭാഗമായി മാത്രം പരിഗണിക്കുന്നു. | സ്ത്രീകളുടെ ആവശ്യങ്ങൾ പ്രത്യേകം പരിഗണിക്കപ്പെടുന്നു |
| 6. ക്ഷേമ സമീപനം മാത്രം | ശാക്തീകരണ സമീപനം |
| 7. സ്ത്രീകളെ മാത്രം കേന്ദ്രീകരിച്ചുള്ള പ്രവർത്തനം | പൊതുസമൂഹത്തിന്റെ മനോഭാവമടക്കം ലക്ഷ്യം |
| 8. ആസൂത്രണം, നിർവഹണം, മേൽനോട്ടം തുടങ്ങിവക്ക് സംഘടനാ സംവിധാനമുണ്ടായിരുന്നില്ല | ആസൂത്രണം, നിർവഹണം, മേൽനോട്ടം തുടങ്ങിവയ്ക്ക് സ്ത്രീകളുടെ നേതൃത്വത്തിലുള്ള സംഘടനാസംവിധാനങ്ങൾ |
| 9. ലിംഗപദവി ആവശ്യങ്ങൾ പരിഗണിക്കപ്പെട്ടില്ല | സ്ത്രീകൾക്കിടയിലുള്ള വ്യത്യസ്തത, ലിംഗപദവി ആവശ്യങ്ങൾ കൂടി പരിഗണിക്കപ്പെടുന്നു. |

### പ്രായോഗിക ലിംഗപദവി ആവശ്യങ്ങൾ

സ്ത്രീകളുടെയും പുരുഷന്മാരുടെയും ജീവിതത്തിലെ പ്രായോഗിക ആവശ്യങ്ങളെയാണ് പ്രായോഗിക ലിംഗപദവി ആവശ്യങ്ങൾ (Practical Gender Needs) എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. ഇത് സ്ത്രീകളുടെ അവസ്ഥയുമായും ഉത്തരവാദിത്തങ്ങളുമായും ബന്ധപ്പെട്ടിരിക്കുന്നു. (ഉദാ: വീട്, കക്കൂസ്, കുടിവെള്ളം, പാചക ഇന്ധനം, തുടങ്ങിയ പൊതു ആവശ്യങ്ങൾ)

### നിർണായക ലിംഗപദവി ആവശ്യങ്ങൾ

സ്ത്രീകളുടെ സാമൂഹികപദവി ഉയർത്തുന്ന തരത്തിലുള്ള ആവശ്യങ്ങളെയാണ് നിർണായക ലിംഗപദവി ആവശ്യങ്ങൾ (Strategic Gender Needs) എന്ന് പറയുന്നത്.

- കുടുംബത്തിനകത്തെ ജോലിഭാരം പങ്കിടുക.
- സ്ത്രീകളുടെ പൗരാവകാശം സംരക്ഷിക്കുക.
- ലിംഗപരമായ തൊഴിൽവിഭജനം ഇല്ലാതാക്കി സ്ത്രീകൾ പാരമ്പര്യേതര തൊഴിലുകളിൽ ഏർപ്പെടുന്ന സാഹചര്യം ഉണ്ടാക്കുക.
- സാമൂഹിക സ്ഥാപനങ്ങളിലെ സ്ത്രീപുരുഷ വിവേചനം ഒഴിവാക്കുക.
- സ്ത്രീകളുടെ സഞ്ചാരസ്വാതന്ത്ര്യം.
- കുടുംബത്തിനകത്തും പുറത്തുമുള്ള അതിക്രമങ്ങൾ തടയുക.
- ഒരേ ജോലിക്ക് തുല്യവേതനം ലഭ്യമാക്കുക.
- കുടുംബവും സമൂഹവും സ്ഥാപനങ്ങളും സ്ത്രീസൗഹൃദമാക്കുക

## ലിംഗപദവി ആസൂത്രണത്തിന്റെ പ്രധാന തത്ത്വങ്ങൾ

**സുതാര്യത:** ആസൂത്രണ പ്രക്രിയയുടെ ഓരോ ഘട്ടവും സുതാര്യമായ രീതിയിൽ ആയിരിക്കണം. വിവരശേഖരണം, വിശകലനം, നയവും തന്ത്രവും രൂപപ്പെടുത്തൽ, ലക്ഷ്യം നിർണയിക്കൽ, ഗുണഭോക്താക്കളെയും, പ്രവർത്തനങ്ങളും നിശ്ചയിക്കൽ തുടങ്ങി ഓരോ ഘട്ടവും സുതാര്യത ഉറപ്പ് വരുത്തേണ്ടതാണ്.

**പങ്കാളിത്തം:** വികസന പ്രക്രിയയിൽ സ്ത്രീകളുടെ ക്രിയാത്മക പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതുണ്ട്. അതിനായി പദ്ധതി രൂപീകരണം, തീരുമാനമെടുക്കൽ, നടപ്പിലാക്കൽ, വിലയിരുത്തൽ തുടങ്ങിയ എല്ലാ ഘട്ടങ്ങളിലും പങ്കാളിത്തം ഉറപ്പാക്കണം.

**വിവേചനം ഇല്ലാതാക്കൽ:** വിവേചനം പ്രധാനമായും രണ്ട് തരത്തിലുണ്ട്, പ്രത്യക്ഷ വിവേചനവും പരോക്ഷ വിവേചനവും. വികസനപ്രക്രിയകളിൽ നിന്ന് സ്ത്രീകളെ നേരിട്ട് ഒഴിവാക്കുന്നതാണ് പ്രത്യക്ഷ വിവേചനം. നേരിട്ട് ഒഴിവാക്കാതെ സ്ത്രീകൾക്ക് പങ്കെടുക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടാക്കുന്നതാണ് പരോക്ഷ വിവേചനം.

**പ്രാപ്യതയും നിയന്ത്രണവും:** വിഭവങ്ങൾ ഉപയോഗിക്കാനുള്ള സാധ്യതയാണ് പ്രാപ്യത. വിഭവങ്ങളുടെ ഉപയോഗത്തെക്കുറിച്ച് നിർവചിക്കാനും തീരുമാനമെടുക്കാനുമുള്ള കഴിവും സാധ്യതയുമാണ് നിയന്ത്രണം.

## വിഭവങ്ങൾ പല തരത്തിലുണ്ട്


**ഭൗതിക വിഭവങ്ങൾ:** സ്വത്ത്, ഭക്ഷണം, തൊഴിൽ, ശിശുസംരക്ഷണ സൗകര്യങ്ങൾ, ഗാർഹിക ജോലിക്കുള്ള സൗകര്യം, പാർപ്പിടം തുടങ്ങിയവ.

**രാഷ്ട്രീയ വിഭവങ്ങൾ:** നേതൃത്വപദവികൾ, സമയഭേദമില്ലാതെ പൊതുഇടങ്ങളിലെ ദൃശ്യത സ്വാധീനിക്കാനുള്ള കഴിവ്, ആശയവിനിമയത്തിനുള്ള കഴിവ്, തർക്ക പരിഹാരം, ആശയ സമവായം മുതലായവ.

**വിദ്യാഭ്യാസ/വിജ്ഞാന വിഭവങ്ങൾ:** വിവരലഭ്യത, ഔപചാരിക അനൗപചാരിക വിദ്യാഭ്യാസം, വിജ്ഞാനം, അഭിപ്രായങ്ങൾ എന്നിവ കൈമാറ്റം ചെയ്യാനുള്ള അവസരങ്ങൾ തുടങ്ങിയവ.

**അദൃശ്യവിഭവങ്ങൾ:** ആത്മവിശ്വാസം, സ്വാഭിമാനം, സ്വന്തം താൽപര്യങ്ങൾ പ്രകടിപ്പിക്കൽ തുടങ്ങിയ എല്ലാ തരം വിഭവങ്ങളിലും നിയന്ത്രണവും പ്രാപ്യതയും ഉറപ്പു വരുത്തൽ.

## ലിംഗപദവി ആസൂത്രണ ചക്രം




### പാഠഭാഗം – സംക്ഷിപ്തം

- നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്ന സ്ത്രീ-പുരുഷ പദവിയിലെ അസമത്വങ്ങളെ മനസ്സിലാക്കി പരിഹരിക്കുന്നതിനായി വികസന സമീപനങ്ങളിലും പ്രക്രിയകളിലും ഉൾപ്പെടുത്തേണ്ട ആശയങ്ങളും പ്രവർത്തനങ്ങളുമാണ് ലിംഗപദവി ആസൂത്രണം.
- സുതാര്യത, പങ്കാളിത്തം, വിവേചനം ഇല്ലാതാക്കൽ, പ്രാപ്യതയും നിയന്ത്രണവും എന്നിവയാണ് ലിംഗപദവി ആസൂത്രണത്തിന്റെ അടിസ്ഥാന തത്ത്വങ്ങൾ.

## പഠന പുരോഗതി വിലയിരുത്തൽ : രണ്ട്

I. **ഒറ്റവാക്കിൽ ഉത്തരമെഴുതുക** (ഒരു മാർക്ക് വീതം)

1. സ്ത്രീകളുടെ സാമൂഹിക പദവി ഉയർത്തുന്ന തരത്തിലുള്ള ആവശ്യങ്ങളെ എന്ത് വിളിക്കാം?

   a. അടിസ്ഥാന ആവശ്യങ്ങൾ

   b. നിർണ്ണായക ആവശ്യങ്ങൾ

   c. പ്രായോഗിക ആവശ്യങ്ങൾ

   d. ഇതൊന്നുമല്ല

2. ലിംഗപദവി ആസൂത്രണത്തിന്റെ പ്രധാന തത്ത്വങ്ങളിൽ ഉൾപ്പെടാത്തത്?

   a. സുതാര്യത　　b. പങ്കാളിത്തം

   c. പ്രാപ്യതയും നിയന്ത്രണവും　　d. ഗുണമേന്മ ഉറപ്പു വരുത്തൽ

II. **ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരം എഴുതുക** (രണ്ട് മാർക്ക്)

1. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി സ്ത്രീകളുടെ മുഖ്യധാരാ വൽക്കരണത്തിനായി നടത്തിയ നാല് ഇടപെടലുകൾ എഴുതുക.

III. **ഒരു ഖണ്ഡികയിൽ ഉത്തരം എഴുതുക** (അഞ്ച് മാർക്ക്)

1. ലിംഗപദവി കാഴ്ചപ്പാടിൽ അധിഷ്ഠിതമായ സദ്ഭരണത്തിന്റെ സവിശേഷത കൾ എന്തൊക്കെയാണ്?

## 6. ജെൻഡർ ബജറ്റിംഗ്

വികസന പ്രക്രിയയിൽ സ്ത്രീ പുരുഷവിവേചനം കുറച്ചുകൊണ്ട് വരാനും അതുവഴി സ്ത്രീകളുടെ ലിംഗപദവി ഉയർത്തിക്കൊണ്ടുവരാനുള്ള വസ്തുനിഷ്ഠ നടപടികൾ സ്വീകരി ക്കാനും സർക്കാരിന് ലഭ്യമായിട്ടുള്ള ഏറ്റവും ഫലപ്രദമായ സാമഗ്രികളിലൊന്നാണ് ബജറ്റ്. സമ്പന്നരും ദരിദ്രരും തമ്മിൽ എന്ന പോലെ തന്നെ സ്ത്രീകളും പുരുഷന്മാരും തമ്മിലുള്ള സാമ്പത്തിക അസമത്വം കുറച്ചു കൊണ്ട് വരുന്നതിന് ബജറ്റിംഗ് ഏറെ സഹായിക്കും. അതുകൊണ്ട് തന്നെ ബജറ്റ് സംബന്ധിച്ച നയരൂപീകരണ വേളയിൽ സമ്പദ് വ്യവസ്ഥയിലെന്ന പോലെ പൗര സമൂഹത്തിലും (സിവിൽ സൊസൈറ്റി) നിലനിൽക്കുന്ന ലിംഗസംബന്ധിയായ സജീവതയെയും ഊർജ്ജസ്വലതയെയും പരിഗണിക്കേണ്ടതുണ്ട്.

ജെൻഡർ ബജറ്റ് എന്ന പദം സ്ത്രീകൾക്ക് മാത്രമുള്ള പ്രത്യേക ബജറ്റ് എന്നല്ല അർ ത്ഥമാക്കുന്നത് പ്രത്യുത ബജറ്റിനുള്ളിൽ ജെൻഡർ പരിപ്രേക്ഷ്യം ഉൾച്ചേർക്കാനുള്ള നിയതമായ രീതിസമ്പ്രദായം സ്വീകരിക്കുക എന്നതാണ്. അങ്ങനെ ബജറ്റിംഗിലെ പരമ്പരാഗത സങ്കൽപ്പങ്ങളെ മറികടക്കാനാകും. വീടിനുള്ളിലെ സ്ത്രീകളുടെ കൂലിയി

ല്ലാപ്പണിയുടെ സാമ്പത്തിക പ്രാധാന്യവും മെച്ചപ്പെട്ട ലിംഗസമത്വം ലക്ഷ്യമാക്കിയു ള്ള പൊതുനിക്ഷേപത്തിന്റെ ആവശ്യകതയും ഇത് തിരിച്ചറിയുന്നു. ആയതിനാൽ വികസന ആസൂത്രണം, ധനവിനിയോഗം, പദ്ധതി നടപ്പാക്കൽ, വിലയിരുത്തൽ എന്നീ അവസരങ്ങളിൽ സ്ത്രീതാൽപര്യങ്ങൾ മറികടക്കപ്പെടുകയോ അവഗണിക്കപ്പെടുകയോ ചെയ്യുന്നില്ല എന്നുറപ്പാക്കാനുള്ള ഉപകരണമായി ജെൻഡർ റെസ്പോൺസീവ് ബജറ്റിംഗ് വർത്തിക്കുകയും അതിലൂടെ ലിംഗപരമായ അസമത്വങ്ങളെ അഭിമുഖീകരിക്കാൻ സാധിക്കുകയും ചെയ്യുന്നു.

രാജ്യത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ആഗോളവൽക്കരണത്തിന്റേയും സാമ്പത്തിക പരിഷ്കരണത്തിന്റേയും പശ്ചാത്തലത്തിൽ സ്ഥൂല സാമ്പത്തിക നയങ്ങളും പാർലമെന്റ് മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വരെ അവതരിപ്പിക്കുന്ന ബജറ്റുകളും തമ്മിലുള്ള ബന്ധം മനസ്സിലാക്കുന്നത് അനിവാര്യമാണ്. ഇവയൊക്കെ വിവിധ കോണുകളിൽ രാജ്യത്തെ സ്ത്രീ ജീവിതത്തെ സ്വാധീനിക്കുന്നവയാണ്. ബജറ്റിനെ ജെൻഡർ സെൻസിറ്റീവ് ആക്കുകയെന്നത് അഭികാമ്യമായ സാമ്പത്തിക സമീപനമാണ്. വനിതാക്ഷേമം മുൻനിർത്തിയുള്ള വികസന പദ്ധതികൾ ആസൂത്രണം ചെയ്യാൻ സർക്കാരിനെ സഹായിക്കുകയും അതുവഴി മുൻ ധനവിനിയോഗ നയങ്ങൾ കൊണ്ടുണ്ടാകുന്ന ഭവിഷ്യത്തുകളെ കുറച്ച് കൊണ്ട് വരാൻ കഴിയുകയും ചെയ്യും.

സർക്കാരിന്റെ ധനവിനിയോഗത്തിന്റെ മൊത്തം ചിത്രമാണ് ബജറ്റ് എന്നിരിക്കെ അതിനുള്ളിൽ ഒരു ജെൻഡർ പരിപ്രേക്ഷ്യം ഉൾച്ചേർക്കുന്നതിന് സർക്കാരിനെ സഹായിക്കാൻ ഉദ്ദേശിച്ചു കൊണ്ടുള്ള നയപരിപാടിയെന്നോ രീതിശാസ്ത്രമെന്നോ ഉപകരണങ്ങളെന്നോ ജെൻഡർ ബജറ്റിംഗ് ഇനീഷ്യേറ്റീവിനെ വിളിക്കാവുന്നതാണ്.

വനിതാ പദ്ധതികൾക്ക് ഫണ്ട് അനുവദിച്ചുകൊണ്ട് വനിതാവികസനം നേരിട്ട് നടക്കുന്നുവെങ്കിൽ, ബജറ്റിലെ വിഹിതം വെട്ടിക്കുറയ്ക്കുമ്പോൾ സ്ത്രീശാക്തീകരണ സാധ്യതകൾ ദുർബലമാകുന്നു.

1995 സെപ്തംബറിൽ ബീജിങ്ങിൽ ചേർന്ന വനിതകളുടെ നാലാം ലോക സമ്മേളനത്തിൽ രാഷ്ട്രങ്ങൾ അതിന്റെ സാമ്പത്തിക നയങ്ങളിലും ബജറ്റ് ഘടനയിലും ജെൻഡർ പരിപ്രേക്ഷ്യം ഉൾച്ചേർക്കണമെന്ന് ആഹ്വാനം ചെയ്യുകയുണ്ടായി. 2000 ജൂണിൽ യു എൻ ജനറൽ അസംബ്ലിയുടെ സ്ത്രീകൾക്കായുള്ള പ്രത്യേക സെഷൻ പുറത്തിറക്കിയ രേഖയിൽ സാമൂഹിക-സാമ്പത്തിക നയങ്ങളിലും ദേശീയ വികസന പരിപാടികളിലും ജെൻഡർ പരിപ്രേക്ഷ്യം മുഖ്യധാരയായി വർത്തിക്കേണ്ടതുണ്ടെന്ന് എല്ലാ രാഷ്ട്രങ്ങളോടും ആഹ്വാനം ചെയ്യുകയുണ്ടായി. 2000 ഏപ്രിൽ മാസം ഡൽഹിയിൽ വെച്ച് നടന്ന സ്ത്രീകൾക്കായുള്ള കോമൺവെൽത്ത് മന്ത്രിമാരുടെ ആറാം സമ്മേളനത്തിലും ജെൻഡർ ബജറ്റിംഗിന്റെ പ്രാധാന്യത്തെ കുറിച്ച് ഊന്നിപ്പറയുകയുണ്ടായി.

സ്ത്രീപക്ഷത്ത് നിന്ന് കൊണ്ട് വിലയിരുത്തുകയും പരിശോധിക്കുകയും ചെയ്തെങ്കിൽ മാത്രമേ രാജ്യത്തിന്റെ സമ്പദ്ഘടനയിൽ സ്ത്രീയുടെ സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവുമായ താൽപര്യങ്ങളെ സംരക്ഷിക്കാനും മെച്ചപ്പെടുത്താനും കഴിയൂ. രാജ്യത്തിന്റെ വികസന പ്രക്രിയയിൽ സ്ത്രീകൾ വഹിക്കുന്ന പങ്കിന്റെ സ്വഭാവും ഉള്ളടക്കവും എന്താണെന്ന് തിരിച്ചറിയാനും അത്തരം ഒരു പരിശോധന കൂടിയേ കഴിയൂ.

വനിതകളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാൻ ജെൻഡർ ബജറ്റിംഗ് കരുത്തുറ്റ ഒരായുധമാണ്. വികസനത്തിന്റെ ആനുകൂല്യങ്ങൾ പുരുഷന്മാർക്കെന്ന പോലെ തന്നെ സ്ത്രീകൾക്കും ലഭ്യമാകണം. ഇതൊരു കണക്കൊപ്പിക്കൽ പ്രക്രിയയല്ല മറിച്ച് പദ്ധതിരൂപീകരണത്തിലും നടപ്പാക്കലിലും അവലോകനത്തിലുമൊക്കെ തുടർച്ചയായി ജെൻഡർ വീക്ഷണം പുലർത്തുകയെന്നതാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. വിഭവ വിതരണത്തിലുള്ള പ്രത്യേകതകളാൽ ദേശീയ ബജറ്റ് സ്ത്രീ പുരുഷന്മാരിൽ വ്യത്യസ്ത ഫലങ്ങളുളവാക്കുന്നു എന്നതാണ് ജെൻഡർ ബജറ്റിംഗ് അനിവാര്യമാക്കുന്നത്. ഇന്ത്യയുടെ മൊത്തം ജനസംഖ്യയിൽ 48% സ്ത്രീകളാണെങ്കിലും ആരോഗ്യം, വിദ്യാഭ്യാസം, സാമ്പത്തിക അവസരങ്ങൾ തുടങ്ങിയ സാമൂഹിക സൂചകങ്ങളുടെ കാര്യത്തിൽ സ്ത്രീകൾ പുരുഷന്മാരേക്കാൾ എത്രയോ പിറകിലാണ്. ബജറ്റ് വഴിയായി വിഭവങ്ങൾ നീക്കിവെക്കുന്നതിലൂടെ ജെൻഡർ അസമത്വങ്ങൾ പരിഹരിക്കാനാകും.വനിതകളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കാനുള്ള ഒരു ആയുധമെന്ന നിലക്കാണ് ജെൻഡർ ബജറ്റിംഗ് പ്രചരിപ്പിക്കപ്പെടുന്നത്.

ബജറ്റിനെ ഇനി പറയും പ്രകാരം വിശകലനം ചെയ്യാവുന്നതാണ്.

1. വനിതാ പ്രത്യേകപദ്ധതികൾ: നീക്കിവെച്ച തുകയുടെ 100% വും സ്ത്രീകളെ ഉദ്ദേശിച്ചുള്ള പദ്ധതികൾക്ക് ചെലവിടുന്ന പദ്ധതികൾ
2. പ്രൊ വനിതാ പദ്ധതി: നീക്കിവെച്ച തുകയുടെ 30% സംഖ്യ വനിതകൾക്ക് മാറ്റിവെക്കുന്ന, പ്രകടമായും സ്ത്രീകളുടെ ക്ഷേമത്തിന് വേണ്ടിയുള്ള പദ്ധതി
3. ജെൻഡർ-ന്യൂട്രൽ പദ്ധതി: സമൂഹത്തിനെ മൊത്തമായി കണ്ടുള്ള പദ്ധതി. സ്ത്രീകളുടെ സാമൂഹികപദവിയെ സ്വാധീനിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഇവയെ വീണ്ടും നാലായി തരംതിരിക്കാം.

## സംരക്ഷണ സേവനങ്ങൾ

വനിതാസദനങ്ങൾ, സ്ത്രീസംരക്ഷണസ്ഥാപനങ്ങൾ, അതിക്രമങ്ങൾക്ക് വിധേയരായവർക്കുള്ള പുനരധിവാസ പദ്ധതികൾ, അഗതികൾക്കും വിധവകൾക്കുമുള്ള പെൻഷൻ പദ്ധതികൾ തുടങ്ങി സ്ത്രീകളുടെ സാമ്പത്തികവും സാമൂഹികവുമായ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് ഫണ്ട് നീക്കിവെക്കുന്നതിനെ സംരക്ഷണ സേവനങ്ങൾ (Protective services) എന്ന ഗണത്തിൽപ്പെടുത്താവുന്നതാണ്. എന്നാൽ ഈ ദുരവസ്ഥകളുടെ അടിസ്ഥാനകാരണങ്ങൾ കണ്ടു പിടിച്ച് അവയുടെ നിർമ്മാർജ്ജനസംരംഭങ്ങളെയല്ല വിവക്ഷിക്കപ്പെടുന്നത്.

## സാമൂഹിക സേവനങ്ങൾ

സ്ത്രീകളുടെ വിദ്യാഭ്യാസം, ആരോഗ്യം, ക്രഷ്, ഹോസ്റ്റൽ തുടങ്ങിയ പിന്തുണാ സംവിധാനങ്ങൾ. ജലവിതരണം, ഇന്ധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സംരംഭങ്ങൾ തുടങ്ങി സ്ത്രീകളുടെ ശേഷിയും ക്ഷേമവും ഉറപ്പാക്കി അവരുടെ മൊത്തത്തിലുള്ള ശാക്തീകരണത്തെ നേരിട്ട് സഹായിക്കുന്നതോ, ഗാർഹികമായ കഷ്ടപ്പാടുകളെ ലഘൂക

രിക്കുന്നതിലൂടെ സ്ത്രീശാക്തീകരണത്തെ പരോക്ഷമായി സഹായിക്കുന്നതോ ആയ പദ്ധതികളെയാണ് സാമൂഹിക സേവനങ്ങൾ (Social Services) എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

### സാമ്പത്തിക സേവനങ്ങൾ (Economic Services)

പരിശീലനങ്ങൾക്കും വൈദഗ്ധ്യ പരിപോഷണത്തിനുള്ള പദ്ധതികളും വായ്പാ സൗകര്യങ്ങൾ, അടിസ്ഥാനസൗകര്യങ്ങൾ, മാർക്കറ്റിംഗ് സൗകര്യങ്ങൾ എന്നിവയടക്കം സ്ത്രീകളുടെ സാമ്പത്തിക സ്വാതന്ത്ര്യത്തെയും സ്വയംപര്യാപ്തതയെയും വികസിപ്പിച്ചെടുക്കാനുള്ള പദ്ധതികളെ സാമ്പത്തിക സേവനങ്ങൾ (Economic Services) എന്ന വിഭാഗത്തിൽ പെടുത്താം.

### നിയന്ത്രണ സേവനങ്ങൾ (Regulatory Services)

വനിതാ കമ്മീഷൻ, പോലീസ് സ്റ്റേഷനുകളിലെ വനിതാ സെൽ, വനിതാ ബോധവൽക്കരണ പരിപാടികൾ തുടങ്ങി സ്ത്രീ ശാക്തീകരണത്തിന് ഇടം നൽകുന്ന സ്ഥാപനങ്ങൾ, മറ്റ് അവസരങ്ങൾ സൃഷ്ടിക്കുന്ന സംവിധാനങ്ങൾ എന്നിവ ലക്ഷ്യമാക്കുന്ന പദ്ധതികളെ നിയന്ത്രണ സേവനങ്ങൾ (Regulatory Services) എന്ന വിഭാഗത്തിൽപ്പെടുത്തിയിരിക്കുന്നത്.

ഇങ്ങനെ സ്ത്രീകളുടെ ഉന്നമനത്തിനും ക്ഷേമത്തിനും വേണ്ടി നടപ്പിലാക്കണമെന്ന് സർക്കാർ ആഗ്രഹിക്കുന്ന പരിപാടികളെ വിലയിരുത്തുന്ന രേഖകൾ നിർമ്മിച്ചെടുക്കുകയാണ് ജെൻഡർ ബജറ്റിംഗ് കൊണ്ട് ലക്ഷ്യമാക്കുന്നത്. ജീവിതത്തിന്റെ എല്ലാ തുറകളിലും സ്ത്രീസാന്നിദ്ധ്യം ദൃശ്യമാകാനും ഓരോ മേഖലകളിലും അവരുടെ സംഭാവനകൾ തിരിച്ചറിയാനും അവരുടെ ആവശ്യങ്ങളെയും താൽപര്യങ്ങളെയും പരിഗണിക്കാനും സാധിക്കുംവിധം സ്ഥൂല വികസനനയങ്ങളിൽ ജെൻഡർ ബജറ്റിംഗ് എന്ന ആശയം കടന്നു ചെല്ലേണ്ടതുണ്ട്.

### ജെൻഡർ ബജറ്റിംഗ് ഇന്ത്യയിൽ

കേന്ദ്ര വനിതാ-ശിശു വികസന മന്ത്രാലയം 2004-05 വർഷത്തിൽ ലിംഗസമത്വത്തിനു വേണ്ടിയുള്ള ബജറ്റിംഗ് (Budgeting for Gender Equity) എന്ന പരിപാടി ഒരു മിഷൻ എന്ന നിലയിൽ സ്വീകരിച്ചിരിക്കുന്നു. പ്രസ്തുത മിഷൻ നടപ്പിലാക്കേണ്ടുന്ന പരിപാടികളുടെ ഒരു ചട്ടക്കൂടിന് രൂപം നൽകുകയും ഇക്കാര്യം എല്ലാ കേന്ദ്രമന്ത്രാലയങ്ങൾക്കും വകുപ്പുകൾക്കും കൈമാറുകയും ചെയ്തിരുന്നു. അതേവർഷം തന്നെ ജെൻഡർ ബജറ്റിംഗ് സെൽ (Gender Responsive Budgeting-GRB) എന്ന സംവിധാനം എല്ലാ വകുപ്പുകളിലും മന്ത്രാലയങ്ങളിലും നടപ്പാക്കുന്നതിന് ആരംഭം കുറിച്ചിരുന്നു.

രാജ്യത്തെ പഞ്ചവത്സര പദ്ധതികളിൽ ജി ആർ ബി അതിന്റേതായ ഇടം കണ്ടെത്തിക്കഴിഞ്ഞു. ജി ആർ ബി സംബന്ധമായ നയങ്ങൾ ക്രമേണ ആസൂത്രണരേഖകളിൽ പ്രതിഫലിച്ചു തുടങ്ങി. എന്നാൽ എപ്രകാരം ലക്ഷ്യം നേടാമെന്ന് യാതൊരു സൂചനകളും

ഉണ്ടായിരുന്നില്ല. ഒമ്പതാം പദ്ധതിയായപ്പോൾ വനിതാഘടക പദ്ധതി വേണമെന്ന് നിഷ്കർഷ ഉണ്ടാവുകയും എല്ലാ വികസന മേഖലകളിൽ നിന്നും 30 ശതമാനം ഫണ്ട് ആ ദിശയിൽ ചെലവഴിക്കപ്പെടണമെന്ന് കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകൾ തീരുമാനിക്കുകയും ചെയ്തു. ലിംഗപരമായ തുല്യത നേടിയെടുക്കുന്നതിന് ബജറ്റിൽ ഫണ്ട് വകയിരുത്തുന്നതിന്റെ പ്രാധാന്യം ബോദ്ധ്യപ്പെട്ടു എന്നതിലുപരി അതിനായി മിനിമം മാനദണ്ഡങ്ങൾ രൂപീകരിക്കപ്പെടുകയുണ്ടായി.

പത്താം പദ്ധതിക്കാലമായപ്പോഴേക്കും വനിതാഘടക പദ്ധതിയും ജെൻഡർ റെസ്പോൺസീവ് ബജറ്റിംഗും തമ്മിൽ ബന്ധപ്പെടുത്തുകയും അവ പരസ്പരപൂരകങ്ങളാണെന്നും പദ്ധതികളിൽ സ്ത്രീകൾക്ക് അവരുടെ അർഹതപ്പെട്ട ഫണ്ട് നീക്കിവെക്കപ്പെടുന്ന എന്നുറപ്പാക്കാൻ സഹായകമാവുകയും ചെയ്തു. പതിനൊന്നാം പദ്ധതിയിൽ ലിംഗസമത്വം (Gender Equality) നടപ്പിലാക്കാനുള്ള ഒരു നയമെന്ന രീതിയിൽ തന്നെ സ്ത്രീ ശാക്തീകരണ പദ്ധതിക്ക് (Women Empowerment Plan- WEP) പകരമായി ജി ആർ ബി സ്വീകരിക്കപ്പെടുകയുണ്ടായി. എല്ലാ മേഖലകളിലും ജി ആർ ബി നടപ്പിലാക്കണമെന്ന് നിർബന്ധമുണ്ടായി. പന്ത്രണ്ടാം പദ്ധതിയിൽ നിലവിലുള്ള പോരായ്മകൾ കണ്ടെത്തുകയും ജെൻഡർ ആസൂത്രണം കുറ്റമറ്റതാക്കാനുള്ള ശ്രമം നടത്തുകയും ചെയ്തു. കേന്ദ്ര ഗവൺമെന്റ് പുരോഗമനാത്മകമായ പല നടപടികളും ഇടപെടലുകളും നടത്തുകയും ചെയ്തു.

പതിനൊന്നാം പദ്ധതിയിൽ തന്നെ കേരള സർക്കാർ ജെൻഡർ ബജറ്റിംഗിനോടുള്ള പ്രതിജ്ഞാബദ്ധത വ്യക്തമാക്കിയിരുന്നു. അത് പതിമൂന്നാം പദ്ധതിയിൽ ആവർത്തിച്ച് ഉറപ്പിക്കുകയും ചെയ്തു. യഥാർത്ഥത്തിൽ 73, 74 ഭരണഘടനാ ഭേദഗതിയെ തുടർന്ന് ഒമ്പതാം പദ്ധതിയിൽ തന്നെ കേരള സർക്കാർ വനിതാ വികസനം ഒരു നയമായി വികസന പ്രക്രിയയിൽ സ്വീകരിച്ചിരുന്നു. മൊത്തം പ്ലാൻ ഫണ്ടിന്റെ 10% സംഖ്യ വനിതാ ഘടക പദ്ധതിയിലേക്ക് മാറ്റിവെക്കണമെന്ന് തീരുമാനിക്കപ്പെട്ടിരുന്നു. വികസനാസൂത്രണവും സാമ്പത്തിക വിനിയോഗവും പദ്ധതി നടപ്പിലാക്കലും വിലയിരുത്തലും ഒന്നും തന്നെ സ്ത്രീ താൽപ്പര്യങ്ങളെ ബൈപ്പാസ് ചെയ്യുന്നില്ല എന്നുറപ്പാക്കാനും ഉതകുന്ന കരുത്തേറിയ ഉപകരണമാണ് ജെൻഡർ ബജറ്റിംഗ്.

## ലക്ഷ്യങ്ങൾ

ധനവിഭവ വിതരണത്തിൽ സ്ത്രീപുരുഷ തുല്യതയും സ്ത്രീകൾക്ക് തുല്യനീതിയും ഉറപ്പ് വരുത്തുക. സ്ത്രീകൾക്കിടയിൽ തന്നെയുള്ള ദുർബല വിഭാഗങ്ങളുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും വികസന ക്ഷേമപ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുക, ധനവിഭവങ്ങളിലുള്ള പ്രാപ്യതയും നിയന്ത്രണവും ഉറപ്പ് വരുത്തി അസമത്വം അവസാനിപ്പിച്ച് സ്ത്രീശാക്തീകരണം സാധ്യമാക്കുക എന്നിവയാണ് ജെൻഡർ ബജറ്റിംഗിന്റെ ലക്ഷ്യങ്ങൾ.

## ലിംഗപദവി ബജറ്റിംഗ് എന്തിന്?

സ്ത്രീശാക്തീകരണത്തിനും സർക്കാരുകളുടെ സാമൂഹികവും സാമ്പത്തികവുമായ മുൻഗണനകളിൽ ലിംഗനീതി പ്രതിഫലിപ്പിക്കുന്നതിനും നയരൂപീകരണവും പ്രഖ്യാ

പനവും ലിംഗപദവി തുല്യതയ്ക്ക് അനുകൂലമാക്കുന്ന രീതിയിൽ നടപ്പിലാക്കുന്നതിനും ബജറ്റിന്റെ ഓരോ ഘട്ടത്തിലും സുതാര്യത, പങ്കാളിത്തം, സാമൂഹികനീതി, അക്കൗണ്ടബിലിറ്റി മുതലായവ ഉറപ്പ് വരുത്താനുമാണ് ലിംഗപദവി ബജറ്റിംഗ്.

## എങ്ങനെ നടപ്പിലാക്കും?

എന്താണ് നിലവിലെ പിന്നാക്കാവസ്ഥ എന്ന് കണ്ടെത്തണം, വിശദമായ പഠനം വേണം. പിന്നാക്കം നിൽക്കുന്നത് ആര്, എന്ത്, എവിടെ, എന്നതിനെ സംബന്ധിച്ച് വ്യക്തത വേണം. സ്ഥിതിവിവരങ്ങളുടെ അടിസ്ഥാനത്തിൽ എന്താണ് പ്രശ്നം എന്ന് ആലോചിക്കണം, പിന്നാക്കം നിൽക്കുന്നവരിൽ പിന്നാക്കം നിൽക്കുന്നവരുടെ പ്രശ്നങ്ങൾ എന്ത് എന്ന് ആലോചിക്കണം. വിധവ, വയോജനം, പട്ടികജാതി/വർഗം, ഭിന്നശേഷി പങ്കാളിത്തപരമായിരിക്കണം, പണം ഉപയോഗിച്ച് ചെയ്യാനുള്ളവയും പണം ഇല്ലാതെ ചെയ്യാൻ പറ്റുന്നവയും പ്രത്യേകമായി കാണണം. സമൂഹത്തിന്റെ മൊത്തം വികസനത്തെപ്പറ്റിയും അതിനകത്തെ മുഴുവൻ ലിംഗവിഭാഗങ്ങളെയും കുറിച്ചും ചിന്തിക്കണം. ഓരോ ദുർബല വിഭാഗത്തെപ്പറ്റിയും ആലോചിക്കണം, അതോടൊപ്പം അതിനകത്തെ സ്ത്രീകളെപ്പറ്റിയും ചിന്തിക്കണം.

## ലിംഗപദവി ബജറ്റിംഗ് – ഘട്ടങ്ങൾ

| ക്രമ നം | പ്രവർത്തനങ്ങൾ ഘട്ടങ്ങൾ | പ്രവർത്തനങ്ങൾ/ഘടകങ്ങൾ | ചുമതല |
|---|---|---|---|
| 1 | ലിംഗപദവി ആവശ്യങ്ങൾ തിരിച്ചറിയൽ | • വിവര ശേഖരണം<br>• ലിംഗ പദവി പഠനം<br>• സ്റ്റാറ്റസ് റിപ്പോർട്ട്<br>• വിവിധ വിശകലനങ്ങൾ<br>• ചർച്ചകൾ<br>• ആവശ്യങ്ങൾ തരം തിരിക്കൽ, മുൻഗണന തീരുമാനിക്കൽ<br>• സ്ഥാപന വിശകലനങ്ങളും ചർച്ചകളും | • ഭരണസമിതി<br>• ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി<br>• വർക്കിംഗ് ഗ്രൂപ്പ് |
| 2 | വികസന ആവശ്യങ്ങളും വിടവുകളും കണ്ടെത്തൽ | • സ്റ്റേക്ക് ഹോൾഡേഴ്സുമായുള്ള ചർച്ചകൾ<br>• മുൻവർഷ പദ്ധതികളുടെ വിശകലനം<br>• സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കൽ | • ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ |

| | | | |
|---|---|---|---|
| 3 | നയരൂപീകരണം | • വികസനത്തിലെ ലിംഗപദവി കാഴ്ചപ്പാട് ഉറപ്പുവരുത്തൽ<br>• വിഷയമേഖല/ പ്രാദേശികനയ രൂപീകരണം | • ഭരണസമിതി |
| 4 | ബജറ്റ് തയ്യാറാക്കൽ | • വിഭവസമാഹരണം<br>• ലിംഗപദവി പരിഗണനയോടെ തുക വകയിരുത്തൽ<br>• പൊതുപദ്ധതികളിൽ സ്ത്രീ പരിഗണന ഉറപ്പാക്കൽ<br>• സ്ഥാപനങ്ങളും പൊതു ഇടങ്ങളും ലിംഗപദവി സൗഹൃദമാക്കൽ | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി |

**വിഭവസമാഹരണം**

മുൻവർഷങ്ങളിൽ ലഭ്യമായ വിഭവങ്ങൾ ഉറപ്പ് വരുത്തൽ; വിവിധ വകുപ്പുകൾ ചെലവഴിക്കുന്ന തുകയുടെ ഏകോപനം; പ്രാദേശികമായി സംഘടിപ്പിക്കാൻ കഴിയുന്ന സന്നദ്ധപ്രവർത്തനം, സംഭാവനകൾ, വിവിധ ഏജൻസികളുടെ ഫണ്ടുകൾ തുടങ്ങിയവയുടെ ഏകോപനം; കേന്ദ്ര, സംസ്ഥാന, തദ്ദേശഭരണസ്ഥാപന വിഹിതങ്ങൾ തുടങ്ങിയ സ്രോതസ്സുകളിലൂടെ വിഭവങ്ങൾ കണ്ടെത്താം.

പരിഗണിക്കേണ്ടുന്ന വിഭാഗങ്ങൾ: ജെൻഡർ ബജറ്റിംഗിൽ സാമൂഹിക നീതി ഉറപ്പ് വരുത്തുന്നതിനായി ദുർബല വിഭാഗങ്ങളെ പ്രത്യേകം പരിഗണിക്കണം.

## 7. ജെൻഡർ ഓഡിറ്റിംഗ്

ലിംഗപദവി ആസൂത്രണം, ബജറ്റിംഗ് എന്നിവ നടത്തിയത് കൊണ്ട് മാത്രം സ്ത്രീകളുടെ വികസന പ്രശ്നങ്ങൾ പരിഹരിക്കപ്പെടണമെന്ന് നിർബന്ധമില്ല. പദ്ധതി നടത്തിപ്പിന് ശേഷം നടത്തേണ്ട ഓഡിറ്റിംഗിലൂടെ ലിംഗപദവി കാഴ്ചപ്പാടോട് കൂടി പ്രശ്നങ്ങൾ കൈകാര്യം ചെയ്യപ്പെട്ടിട്ടുണ്ടോ പരിണിതഫലം എന്താണ് മുതലായവ വിലയിരുത്താം. സാധാരണയായി പദ്ധതികളുടെ വിലയിരുത്തൽ (Evaluation) നടത്താറുണ്ട്. ഓഡിറ്റ് ഇതിൽ നിന്നും വ്യത്യസ്തമാണ്. വിലയിരുത്തൽ നടത്തുമ്പോൾ പദ്ധതിയിൽ തുടക്കത്തിൽ ലക്ഷ്യമിട്ടവ നിർവ്വഹിക്കപ്പെട്ടുവോ എന്ന പരിശോധനയാണ് നടത്തുന്നത്, ഇത് ഒരു സാങ്കേതിക പരിശോധനയാണ്. എന്നാൽ കണക്കുകളും നടത്തിപ്പ് സംവിധാനം, അതിനുള്ളിലെ പ്രക്രിയയിൽ പരിപാടി പൂർത്തിയാക്കിയ

ശേഷമുള്ള തുടർ നടപടികൾ തുടങ്ങിയവയെല്ലാം വിശകലന വിധേയമാക്കുന്നതാണ് ഓഡിറ്റിംഗ്.

പൊതുനയങ്ങൾ വളരെ വ്യത്യസ്തമായിട്ടാണ് സ്ത്രീകളേയും പുരുഷന്മാരേയും ബാധിക്കുന്നത് എന്ന അടിസ്ഥാനവീക്ഷണത്തിൽ നിന്ന് കൊണ്ടാണ് ലിംഗപദവി ഓഡിറ്റിംഗ് നടത്തുന്നത്. ലിംഗപദവിയേയും സ്ത്രീശാക്തീകരണത്തേയും കുറിച്ച് വ്യക്തികളിലും സമൂഹത്തിലും സ്ഥാപനത്തിലും നിലനിക്കുന്ന മുൻവിധികളും മുൻധാരണകളും കണ്ടെത്തുകയും ലിംഗപദവി അവബോധത്തോടെ പ്രവർത്തനങ്ങൾ മുമ്പോട്ട് കൊണ്ട് പോകത്തക്ക സാഹചര്യങ്ങൾ സൃഷ്ടിക്കാൻ വേണ്ട ഇടപെടലുകൾ നടത്തുന്നതിനും ജെൻഡർ ഓഡിറ്റിംഗ് വഴി സാധിക്കും. കൂടാതെ കണക്കുകളും രേഖകളും പരിശോധിക്കുന്ന സാമ്പ്രദായിക ഓഡിറ്റ് രീതിയിൽ നിന്ന് വ്യത്യസ്തമായി വികസന പ്രവർത്തനങ്ങളിൽ സ്വന്തം അഭിപ്രായം ഉയർത്താനും പ്രവർത്തനം വിലയിരുത്താനും ഏറ്റവും പിന്നോക്കം നിൽക്കുന്നവർക്കും ജെൻഡർ ഓഡിറ്റിംഗിലൂടെ സാധിക്കുന്നു.

സാമൂഹിക പ്രകിയയിൽ പങ്കാളിത്തമില്ലാതിരുന്ന കാലത്തുനിന്നും സ്ത്രീകൾ വികസനത്തിന്റെയും സാമ്പത്തിക പ്രക്രിയകളുടെയും മുഖ്യധാരയിൽ എത്തി, സാമൂഹികമായി ശാക്തീകരിക്കപ്പെടാനുള്ള ശ്രമങ്ങൾ ശക്തമായി കൊണ്ടിരിക്കുന്ന കാലമാണിത്. കഴിഞ്ഞ കുറെ ദശകങ്ങളിലായി സ്ത്രീകൾ നടത്തി വന്ന സംഘടിത ശ്രമങ്ങളിലൂടെ ഇന്ന് വികസന, ആസൂത്രണ പ്രക്രിയകളുടെയും ബജറ്റ് രൂപീകരണത്തിന്റെയും സന്ദർഭങ്ങളിൽ ലിംഗപദവി കാഴ്ചപ്പാടും വിശകലനവും കൂട്ടിച്ചേർക്കാനുള്ള നടപടികൾ കുറെയെങ്കിലും ഉണ്ടാകുന്നുണ്ട്. എന്നാൽ ചില അവസരങ്ങളിലെങ്കിലും ഇവ പേരിനു മാത്രമാവുകയും അന്തിമ വിശകലനത്തിൽ ഒരു പ്രയോജനവും സ്ത്രീകൾക്ക് ലഭിക്കാതെയും വരുന്നു. ഇതിനൊരു പരിഹാരമായിട്ടാണ്, ഏത് പദ്ധതിയും പരിപാടിയും അവസാനിപ്പിക്കുമ്പോൾ ജനങ്ങൾ, ദരിദ്രർ, ഗുണഭോക്താക്കൾ എന്ന പൊതുരീതിയിലല്ലാതെ, അത് പുരുഷന്മാർക്കും സ്ത്രീകൾക്കും വെവ്വേറെയായി എന്തു പ്രയോജനം ഉണ്ടാക്കി എന്ന് വിലയിരുത്തുന്ന ലിംഗപദവി ഓഡിറ്റിങ്ങ് സമ്പ്രദായം വികസിപ്പിച്ചെടുത്തത്.

## എന്താണ് ലിംഗപദവി ഓഡിറ്റ്?

ലിംഗപദവി ഓഡിറ്റ് വെറും സാമ്പത്തിക ഓഡിറ്റ് മാത്രമല്ല, അതിന്റെയൊപ്പം ഓഡിറ്റിലൂടെ നിശ്ചിത പദ്ധതിയുടെ അല്ലെങ്കിൽ പരിപാടിയുടെ ഗുണനിലവാരം പരിശോധിക്കുകയും പ്രവർത്തനങ്ങൾ നടത്തുന്ന സംവിധാനങ്ങൾ, നിർവഹണപ്രക്രിയ നടത്തിപ്പുകാർ എന്നിവയിലെ ലിംഗപദവി സംവേദനക്ഷമതയും (gender sensitivity) അവബോധവും വിലയിരുത്തുകയും ചെയ്യുന്നു. അടിസ്ഥാന വിവരം ശേഖരിച്ചുകൊണ്ട് (baseline data) നിർണ്ണായകമായ വെല്ലുവിളികളും വിടവുകളും തിരിച്ചറിയുക, അവയെ നേരിടുന്നതിനുള്ള നടപടികൾ നിർദ്ദേശിക്കുക, മെച്ചപ്പെടുത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകുക, ലിംഗനീതി പരിശ്രമങ്ങൾ ഏതാനും താൽപ്പര്യമുള്ള വ്യക്തികളുടെയല്ലാതെ, സ്ഥാപനത്തിന്റെ/വകുപ്പിന്റെ മൊത്തം ഉടമസ്ഥാവകാശം സൃഷ്ടിക്കുന്നതിന് സഹായിക്കുക തുടങ്ങിയ നടപടികൾ ഇതിന്റെ ഭാഗമാണ്.

ലിംഗനീതിക്ക് വേണ്ടി, പദ്ധതി നടപ്പിലാക്കുന്ന സർക്കാർ/സ്ഥാപനം/ സംഘടനയിൽ, വിവിധ പ്രക്രിയകളിലൂടെ ലിംഗപദവി അവബോധം വളർത്താം. ഇതിന്

ഉത്തരവാദിത്തപ്പെട്ട ഒരു ടീമിനെ വളർത്തിയെടുക്കാം; അറിവ്/വിജ്ഞാനം പങ്കിടാം, വിദഗ്ധരുടെ സഹായം നേടാം; പദ്ധതിയുമായി ബന്ധപ്പെട്ട് ലിംഗപദവി മാനങ്ങൾ നിരന്തരം വിചിന്തനം ചെയ്യപ്പെടുകയും ചെയ്യാം. സന്ദർഭത്തിനും സാമൂഹിക-സാംസ്കാരിക സാഹചര്യങ്ങൾക്കുമനുസരിച്ച് ഉപാധികളും മറ്റും കൂട്ടായി വികസിപ്പിക്കുകയും ചെയ്യാം.

ഒരു പദ്ധതി അവസാനിക്കുമ്പോൾ മാത്രം, പുറമെ നിന്നുള്ള കുറച്ചുപേർ നടത്തുന്ന ഒരു പ്രക്രിയ അല്ല ലിംഗപദവി ഓഡിറ്റിങ്ങ്. പദ്ധതി നടത്തുന്നവർക്ക് ഓഡിറ്റ് പ്രക്രിയയിൽ ഉടമസ്ഥതാ ബോധം തോന്നണമെങ്കിൽ, അവരുടെ ഇടപെടൽ ആദ്യഘട്ടം മുതൽ ഉണ്ടാവണം. ലക്ഷ്യങ്ങൾ നിർവചിക്കുന്നതിലും പ്രക്രിയകളിൽ പങ്കാളിത്തവും ലിംഗപദവി ബോധ്യത്തോടു കൂടി അവ നടപ്പിലാക്കണമെങ്കിലും ഇതാവശ്യമാണ്. മാത്രവുമല്ല ലിംഗപദവി ഓഡിറ്റിംഗിന്റെ കണ്ടെത്തലുകളുടെ മേൽ തുടർ നടപടികൾ ഉണ്ടാകണമെങ്കിലും ഈ ഉടമസ്ഥതാബോധം ആവശ്യമാണ്.

ലിംഗപദവി ഓഡിറ്റിലൂടെ കുറച്ചുകൂടി വിപുലമായ നടത്തിപ്പിന്റെ മറ്റ് തലങ്ങളെക്കൂടി സ്പർശിക്കുന്ന ചർച്ചകൾ ഉണ്ടാവാം. ഉദാ: അമിത ജോലി നൽകുന്ന സംഘടനാരീതി. ഓഫീസിൽ വൈകിയും തുടരേണ്ടി വരുന്ന അവസ്ഥ, സമയത്തിന്റെ സമ്മർദ്ദം, സംഘടനയ്ക്കുള്ളിലെ ആശയവിനിമയ ഘടന, പങ്കിടുന്നതിനും പുതിയ കാര്യങ്ങൾ പഠിക്കുന്നതിനും ഒക്കെയുള്ള അനുകൂല സാഹചര്യങ്ങൾ നിലനിൽക്കുന്നുണ്ടോ ഇല്ലയോ തുടങ്ങിയവ ലിംഗപദവി തുല്യത കൈവരുത്തുന്നതിൽ സങ്കീർണതകൾ സൃഷ്ടിക്കുന്നവയാണ്. അധിക ജോലി ഏറ്റെടുത്ത്, രാത്രിയും ഇരുന്ന് ജോലി ചെയ്ത് പ്രമോഷൻ നേടാൻ സ്ത്രീകൾക്കാവില്ല. വീട്ടിലെ ജോലിഭാരം മാത്രമല്ല വൈകി യാത്ര ചെയ്യുന്നതും അവർക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കും. സംഘടനയുടെ/സ്ഥാപനത്തിന്റെ പ്രവർത്തനം സംസ്കാരം (Work Culture) അതുകൊണ്ട് തന്നെ ഏറെ പ്രധാനപ്പെട്ടതാണ്.

## 8. വനിതാഘടക പദ്ധതി

ജനകീയാസൂത്രണ പദ്ധതിയുടെ നയങ്ങളിൽ പ്രാധാന്യമർഹിക്കുന്നത് പ്രാദേശിക സാമ്പത്തിക വികസനം, സാമൂഹികനീതി, സേവനഗുണമേന്മ വർദ്ധിപ്പിക്കൽ, സദ്ഭരണം എന്നിവയാണ്.

സ്ത്രീകൾ നേരിടുന്ന വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ആസൂത്രിതമായ ഇടപെടലിന്റെ ഭാഗമായാണ് വനിതാ ഘടക പദ്ധതി (Women Component Plan - WCP) രൂപം കൊണ്ടത്. ഒമ്പതാം പഞ്ചവത്സര പദ്ധതി മുതലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന പദ്ധതി വിഹിതത്തിന്റെ പത്ത് ശതമാനം തുക ഇതിനായി വകയിരുത്തണം എന്ന നിർദ്ദേശം ഉണ്ടാകുന്നത്.

### വനിതാ ഘടക പദ്ധതി (WCP) എന്തിന്?

വനിതാഘടക പദ്ധതിയുടെ ഉദ്ദേശം ഹ്രസ്വ-ദീർഘകാല അടിസ്ഥാനത്തിൽ സ്ത്രീകളുടെ തന്ത്രപരമായ ആവശ്യങ്ങൾ സാക്ഷാൽക്കരിക്കുകയാണ്. ഇതുവഴി സ്ത്രീകളുടെ സമഗ്രമായ ശാക്തീകരണമാണ് ലക്ഷ്യമിടുന്നത്. സ്ത്രീകളുടെ പരാധീനതകൾ ലഘൂകരിക്കുന്നതിനും ശാക്തീകരണത്തിനും ഈ പദ്ധതി സാരമായ സംഭാവനകൾ

ചെയ്തിട്ടുണ്ട്. ഇതോടൊപ്പം തദ്ദേശഭരണ പരിപാടികളിലെ സ്ത്രീകളുടെ ജനകീയ പങ്കാളിത്തത്തിനും ഇത് ആക്കം കൂട്ടി.

എന്നിരുന്നാലും സ്ത്രീകളുടെ രണ്ടാംകിട പദവിക്ക് കാരണമാകുന്ന നിർണായക ആവശ്യങ്ങളെ കണ്ടെത്തുകയും അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങൾ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്യുന്ന തരത്തിൽ മാറേണ്ടതുണ്ട്.

വനിതാഘടക പദ്ധതി ആസൂത്രണത്തിന്റെ എല്ലാ നിബന്ധനകളും പാലിക്കേണ്ടതാണ്. ആവശ്യമായ മുഴുവൻ പഠനങ്ങളും നടത്തി വിവരവ്യൂഹാധിഷ്ഠിത ആസൂത്രണത്തിലേക്ക് കടന്നാൽ മാത്രമേ ആത്യന്തികമായ ലക്ഷ്യങ്ങൾ കൈവരിക്കാനാവൂ.

സ്ത്രീകളുടെ നിർണായക ആവശ്യങ്ങൾ കണ്ടെത്തി പരിഹരിക്കുക, വനിതകളുടെ സാമൂഹിക – സാമ്പത്തിക പദവി ഉയർത്തുക, വികസന പ്രക്രിയയിൽ സ്ത്രീകളെ ഉൾച്ചേർക്കുക, സ്ത്രീകളുടെ വികസന പ്രശ്നങ്ങൾ പൊതു സമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുക, പ്രാദേശികമായി കണ്ടെത്തുന്ന പ്രശ്നങ്ങൾ പരിഹാരമുണ്ടാക്കുക എന്നിവയാണ് വനിതാഘടക പദ്ധതിയുടെ ലക്ഷ്യങ്ങൾ.

## സാധ്യതകൾ

പദ്ധതി വിഹിതത്തിന്റെ പത്ത് ശതമാനത്തിൽ കുറയാത്ത തുക എല്ലാ വർഷവും നിർബന്ധിതമായി വകയിരുത്തപ്പെടുന്നു, വനിതാ വർക്കിംഗ് ഗ്രൂപ്പിന്റെ രൂപീകരണം വഴി പദ്ധതി പ്രവർത്തനങ്ങളിൽ കാര്യമായ ഇടപെടൽ സാധ്യമാകുന്നു, വനിതകളുടെ പ്രത്യേക ഗ്രാമസഭ ചേരുന്നത് വഴി പ്രശ്നങ്ങളും ആവശ്യങ്ങളും ആഴത്തിൽ ചർച്ച ചെയ്യപ്പെടുന്നു, പൊതുശ്രദ്ധയിൽ കൊണ്ടു വരുന്നതിന് സാധ്യമാകുന്നു എന്നിവയാണ് വനിതാഘടകപദ്ധതിയുടെ സാധ്യതകൾ.

## രൂപീകരണഘട്ടങ്ങൾ

വനിതാ വർക്കിംഗ് ഗ്രൂപ്പിലേക്ക് കഴിവും, അറിവും, സമയവും സന്നദ്ധതയുമുള്ളവരെ ഉൾപ്പെടുത്തി വനിതാ വർക്കിംഗ് ഗ്രൂപ്പ് പുനഃസംഘടിപ്പിക്കുക. ആവശ്യമായ പരിശീലനം നൽകുക, വനിതാ വർക്കിംഗ് ഗ്രൂപ്പ് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പായി ചേരുകയും അതിൽ ഉരുത്തിരിയുന്ന സ്ത്രീപക്ഷ പ്രവർത്തനങ്ങൾ എല്ലാ വർക്കിംഗ് ഗ്രൂപ്പിലും ഉൾപ്പെടുത്തുകയും ചെയ്യുക, മറ്റെല്ലാ വർക്കിംഗ് ഗ്രൂപ്പിലേക്കും വിദഗ്ധരായിട്ടുള്ള സ്ത്രീകളെ ഉൾപ്പെടുത്തുക ഇവയാണ് വർക്കിംഗ് ഗ്രൂപ്പ് രൂപീകരണവുമായി ബന്ധപ്പെട്ട് ചെയ്യേണ്ട കാര്യങ്ങൾ.

## സ്റ്റാറ്റസ് റിപ്പോർട്ട്, പ്രോജക്റ്റ് തയ്യാറാക്കൽ, നിർവഹണം

സ്ത്രീ പദവി പഠനത്തിന്റെ അടിസ്ഥാനത്തിൽ സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കുക, കരട് പ്രൊജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്ന ഗ്രാമസഭയിൽ വനിതാ വികസനവുമായി ബന്ധപ്പെട്ട ഫെസിലിറ്റേറ്റർമാരെ പങ്കെടുപ്പിക്കുക, വികസന സെമിനാറിന് വിഷയ ഗ്രൂപ്പുകളിൽ പങ്കെടുത്ത് വനിതാ ഘടക പദ്ധതിയുടെ ആവശ്യകതയും യുക്തിയും

ബോധ്യപ്പെടുത്തുക, വനിതാഘടക പദ്ധതിയിൽ സാങ്കേതികമായും സാമ്പത്തികമായും വിജയപ്രദമായ പ്രോജക്ടുകൾ തയ്യാറാക്കുക, പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ, ലക്ഷ്യങ്ങൾ, നിർവ്വഹണത്തിനുള്ള രീതികൾ സംഘടനാ സംവിധാനം, പ്രവർത്തനങ്ങൾ, ധനകാര്യ വിശകലനം, വിലയിരുത്തൽ സംവിധാനം തുടങ്ങി എല്ലാ ഘടകങ്ങളും വിശദമായി എഴുതി തയ്യാറാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുക, സ്ത്രീകളുടെ നിർണ്ണായക ലിംഗപദവി ആവശ്യങ്ങൾ പരിഹരിക്കുന്നതിനുള്ള പരിഹാര നിർദ്ദേശങ്ങൾ പ്രോജക്ടുകളിൽ വന്നിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുക, വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന വനിത ഘടക പദ്ധതിയിലെ പ്രോജക്ടുകൾ സ്ത്രീകൾക്ക് യഥാർത്ഥത്തിൽ ഗുണകരമായ പ്രോജക്ടാണെന്ന് വനിതാ വർക്കിംഗ് ഗ്രൂപ്പ് ഉറപ്പ് വരുത്തുക, പൊതു പ്രോജക്ടുകൾ ജൻഡർ കാഴ്ചപ്പാടോട് കൂടി തയ്യാറാക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുക, വനിതാ ഘടക പദ്ധതിയിലെ പ്രോജക്ടുകൾ സമയബന്ധിതമായി അംഗീകാരം നേടുന്നുവെന്ന് ഉറപ്പ് വരുത്തുക.

പ്രോജക്ടുകളുടെ ഓരോ ഘട്ടങ്ങളും ഘടകങ്ങളും നിർവഹണ ചുമതലകളും ഉൾപ്പെടുന്ന രീതിയിൽ നിർവഹണ കലണ്ടർ തയ്യാറാക്കുക. ഈ കലണ്ടർ അനുസരിച്ച് പ്രവർത്തനം നടക്കുന്നുവെന്ന് ഉറപ്പ് വരുത്തുക, വർക്കിംഗ് ഗ്രൂപ്പിനെ മോണിറ്ററിംഗ് കമ്മറ്റിയായി പ്രവർത്തിപ്പിക്കുക. ഇതിനായി നിർവഹണ ഉദ്യോഗസ്ഥന് പകരം മറ്റൊരു ഉദ്യോഗസ്ഥനെ കൺവീനറായി നിശ്ചയിക്കുക, ഗുണഭോക്തൃ തിരഞ്ഞെടുപ്പ്, സാധനങ്ങൾ വാങ്ങൽ, സാങ്കേതികാനുമതി, എഗ്രിമെന്റ് വെക്കൽ, നിർവ്വഹണത്തിനുള്ള സംഘടനാ സംവിധാനമുണ്ടാക്കൽ, തുടങ്ങിയ നിർവ്വഹണവുമായ ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കലണ്ടർ പ്രകാരം സമയബന്ധിതമായി നടക്കുന്നുവെന്ന് ഉറപ്പ് വരുത്തുക, നിർവഹണവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പ്രശ്നങ്ങൾ അപ്പപ്പോൾ തന്നെ പരിഹരിച്ച് മുന്നോട്ട് പോവുക, പദ്ധതിനിർവഹണത്തിൽ പങ്കാളിത്തവും സുതാര്യതയും സാമൂഹികനീതിയും, അക്കൗണ്ടബിലിറ്റിയും ഉറപ്പ് വരുത്തുന്നതിനുള്ള ബോധപൂർവമായ ഇടപെടലുകൾ നടത്തേണ്ടതാണ്. ഓരോ പ്രോജക്ടും പരമാവധി ജനപങ്കാളിത്തത്തോടെയും ലിംഗപദവി കാഴ്ചപ്പാടോടെയും നടത്തേണ്ടതാണ്, പദ്ധതി നിർവഹണത്തിന് സഹായകരമായ രീതിയിൽ നിർവഹണത്തോടൊപ്പം മോണിറ്ററിംഗും നടക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.

## വനിതാ ഘടക പദ്ധതി പ്രോജക്ട് ആശയങ്ങൾ

ജെൻഡർ റിസോഴ്സ് സെന്റർ രൂപീകരിച്ച് പ്രവർത്തിപ്പിക്കുക, ജാഗ്രതാ സമിതി (പഞ്ചായത്ത്തലം, വാർഡ്തലം) രൂപീകരിച്ച് പ്രവർത്തന സജ്ജമാക്കൽ, കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്ററെ നിയമിക്കൽ, സ്ത്രീ പദവി പഠനം, ജെൻഡർ ഡസ്ക്, കൗമാര പ്രായക്കാർക്കുള്ള കൗൺസലിംഗ്, പ്രീ മാര്യേജ് കൗൺസലിംഗ്, ദമ്പതിമാർക്കുള്ള കൗൺസലിംഗ്, തൊഴിൽ സംരംഭങ്ങൾ (ഉൽപ്പാദന/സേവന മേഖലകളിൽ), വിപണന സംവിധാനങ്ങൾ, സംരംഭ കേന്ദ്രങ്ങൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, ലേബർ ബാങ്ക്, കാർഷിക കർമ്മസേന, ക്ലിനിക്കൽ ലബോറട്ടറികൾ, ക്രൈം മാപ്പിംഗ്, പ്രതിരോധ പരിശീലന പരിപാടികൾ (ജൂഡോ, കരാട്ടെ), സ്കൂളുകളിലും പൊതുസ്ഥലങ്ങളിലും നാപ്കിൻ വെൻഡിംഗ് യൂണിറ്റുകൾ, നാപ്കിൻ ഇൻസിനറേറ്ററുകൾ, പൊതുസ്ഥലങ്ങളി

ൽ ലേഡീസ് ഫ്രണ്ട്ലി ടോയിലെറ്റുകൾ, മുലയൂട്ടൽ കേന്ദ്രം, സ്ത്രീകളുടെ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനും ജീവിതശൈലീരോഗം കുറച്ചുകൊണ്ടുവരുന്നതിലും ദൈനംദിന വ്യായാമത്തിനുള്ള പൊതു സംവിധാനങ്ങൾ, പെൺകുട്ടികൾക്കുള്ള കായിക പരിശീലനങ്ങൾ (ഫുട്ബോൾ, വോളിബോൾ, കബഡി, ക്രിക്കറ്റ്, ഷട്ടിൽ തുടങ്ങിയവ), പഞ്ചായത്ത്തല യുവജന ക്യാമ്പുകളുടെ നേതൃത്വത്തിൽ വനിതകളുടെ ഗെയിംസ് ടീമുകൾ രൂപീകരിക്കുക, സ്ത്രീകളിലെ വായന പ്രോത്സാഹിപ്പിക്കുന്നത് ലൈബ്രറികളെയും കുടുംബശ്രീയെയും ഉപയോഗപ്പെടുത്തി വനിതാവേദി, മൊബൈൽ ലൈബ്രറികൾ, ചർച്ചാ ക്ലാസ്സുകൾ, കരിയർ ഗൈഡൻസ് എന്നിവ സംഘടിപ്പിക്കുക, വനിതാ തിയറ്റർ, ഷീ ടാക്സി/ഷീ ഓട്ടോ, സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ പൊതു സമൂഹത്തിന്റെ കൂടി പ്രശ്നമായി മാറ്റുന്നതിനായി വിവിധ ബോധവൽക്കരണ പരിപാടികൾ (കുടുംബത്തിനകത്തെ തൊഴിൽഭാരം, പ്രത്യുൽപ്പാദനം, ആരോഗ്യ, വിദ്യാഭ്യാസം, അതിക്രമങ്ങൾ, മത, രാഷ്ട്രീയ, സാംസ്കാരിക മേഖലയിലെ സ്ത്രീ പങ്കാളിത്തം, മദ്യം, ലഹരി മരുന്ന് ഉപയോഗം, സ്ത്രീ ശാക്തീകരണം, സ്ത്രീകളും, കുട്ടികളും നേരിടുന്ന പ്രശ്നങ്ങൾ, ഇഫക്ടീവ് പാരന്റിംഗ്, സൈബർ കുറ്റകൃത്യങ്ങൾ, സ്ത്രീകളുടെ സഞ്ചാര സ്വാതന്ത്ര്യം/ലൈംഗികത, ഗാർഹിക പീഡന നിരോധന നിയമം, തൊഴിൽ നിയമങ്ങൾ). ഉന്നത വിദ്യാഭ്യാസമുള്ളവരും എന്നാൽ വീട്ടമ്മമാരായി ഒതുങ്ങിക്കൂടുന്നവരുമായ വനിതകൾക്കായി മത്സരപരീക്ഷകളിൽ പങ്കെടുക്കുവാനുള്ള പിന്തുണയും പരിശീലനവും നൽകുക. (PSC, UPSC, വിവിധ കമ്പനികൾ, ബോർഡുകൾ, പ്രൈവറ്റ് സ്ഥാപനങ്ങൾ). അഭ്യസ്തവിദ്യരായ യുവതികൾക്ക് അനുയോജ്യമായ തൊഴിൽ ലഭ്യമാക്കൽ (ഉദാ: ട്യൂഷൻ സെന്ററുകൾ, ലാബ്, അക്കൗണ്ടിംഗ്, സിവിൽ എഞ്ചിനീയറിംഗ് ഗ്രൂപ്പ്, കമ്പ്യൂട്ടർ, ഓൺലൈൻ സേവനങ്ങൾ, ബിസിനസ്, ഫാഷൻഡിസൈനിംഗ്), വൈദഗ്ധ്യ പോഷണ പരിശീലനങ്ങൾ, ആശുപത്രികളിൽ വനിതകൾക്ക് പ്രത്യേക സൗകര്യങ്ങൾ ഒരുക്കൽ, പഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളിൽ വനിതകൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കൽ, സ്ത്രീകൾ കൂടുതലായി എത്തിച്ചേരുന്ന സ്ഥലങ്ങളിൽ ശുചിത്വപൂർണ്ണമായ വിശ്രമ കേന്ദ്രങ്ങൾ, ഷോർട്ട് സ്റ്റേ ഹോമുകൾ, വനിതാ ഹോസ്റ്റൽ തുടങ്ങിയ പ്രോജെക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഏറ്റെടുക്കാവുന്നതാണ്.

**പാഠഭാഗം – സംക്ഷിപ്തം**

- ജെൻഡർ ബജറ്റ് വഴി ലിംഗപരമായ അസമത്വങ്ങളെ അഭിമുഖീകരിക്കാൻ സാധിക്കുന്നു.
- വനിതകളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാൻ ജെൻഡർ ബജറ്റിംഗ് കരുത്തുറ്റ ആയുധമാണ്
- 73, 74 ഭരണഘടനാ ഭേദഗതികളെ തുടർന്ന് ഒമ്പതാം പദ്ധതിയിൽ തന്നെ കേരള സർക്കാർ വനിതാ വികസനം ഒരു നയമായി വികസനപ്രക്രിയയിൽ സ്വീകരിച്ചിരുന്നു.
- സാധാരണ ബജറ്റ് തയ്യാറാക്കുന്നതിനേക്കാൾ കൂടുതൽ ശ്രദ്ധയും വൈദഗ്ധ്യം ആവശ്യമുള്ള ഒന്നാണ് ജെൻഡർ ബജറ്റിംഗ്.

- ലിംഗപദവി കാഴ്ചപ്പാടോട് കൂടി പ്രശ്നങ്ങൾ കൈകാര്യം ചെയ്യപ്പെട്ടിട്ടുണ്ടോ പരിണിതഫലം എന്താണ് മുതലായവ വിലയിരുത്തുന്ന പ്രക്രിയയാണ് ജെൻഡർ ഓഡിറ്റിംഗ്
- എല്ലാ പദ്ധതികളും പരിപാടികളും ജെൻഡർ ഓഡിറ്റിന് വിധേയമാക്കണം.
- സ്ത്രീകൾ നേരിടുന്ന വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ആസൂത്രിതമായ ഇടപെടലിന്റെ ഭാഗമായാണ് വനിതാ ഘടക പദ്ധതി രൂപംകൊണ്ടത്
- പദ്ധതി വിഹിതത്തിന്റെ 10 ശതമാനത്തിൽ കുറയാത്ത തുക എല്ലാവർഷവും നിർബന്ധമായും വനിതാഘടക പദ്ധതിക്കായി വകയിരുത്തുന്നു.
- വനിതാഘടക പദ്ധതിയുടെ ഉദ്ദേശം ഹ്രസ്വ ദീർഘകാല അടിസ്ഥാനത്തിൽ സ്ത്രീകളുടെ തന്ത്രപരമായ ആവശ്യങ്ങൾ സാക്ഷാത്കരിക്കുയെന്നതാണ്.

## പഠന പുരോഗതി വിലയിരുത്തൽ : മൂന്ന്

I. **ഒറ്റവാക്കിൽ ഉത്തരമെഴുതുക** (ഒരു മാർക്ക് വീതം)

1. സ്ത്രീകൾക്കായുള്ള കോമൺവെൽത്ത് മന്ത്രിമാരുടെ ആറാമത്തെ കോൺഫറൻസ് നടന്നത് എവിടെ വെച്ചാണ്?
2. ഇന്ത്യയുടെ ജനസംഖ്യയുടെ എത്ര ശതമാനമാണ് സ്ത്രീകൾ?
3. GRB എന്നതിന്റെ പൂർണരൂപം എന്ത്?
4. ഇന്ത്യയിൽ 'Budgeting for Gender Equity' ഒരു മിഷൻ എന്ന നിലയിൽ സ്വീകരിച്ചത് ഏത് വർഷം?

II. **ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരം എഴുതുക** (രണ്ട് മാർക്ക് വീതം)

1. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി സ്ത്രീകളുടെ മുഖ്യധാരാവൽക്കരണത്തിനായി നടത്തിയ നാല് ഇടപെടലുകൾ എഴുതുക.
2. ജെൻഡർ ബജറ്റുമായി ബന്ധപ്പെട്ട രണ്ട് അന്താരാഷ്ട്ര സമ്മേളനങ്ങൾ ഏതൊക്കെ?
3. ജെൻഡർ ബജറ്റിംഗിന്റെ നാല് ഘടകങ്ങൾ ഏതൊക്കെ?

III. **ഒരു ഖണ്ഡികയിൽ ഉത്തരം എഴുതുക** (അഞ്ച് മാർക്ക് വീതം)

1. ലിംഗപദവി കാഴ്ചപ്പാടിൽ അധിഷ്ഠിതമായ സദ്ഭരണത്തിന്റെ സവിശേഷതകൾ എന്തൊക്കെയാണ്?
2. എന്താണ് ജെൻഡർ ബജറ്റ്?
3. ജെൻഡർ ബജറ്റിംഗിന് ആവശ്യമായ വിവിധ പ്രവർത്തനങ്ങൾ ഏതൊക്കെ?

## 9. സംഗ്രഹം

ലിംഗപരമായ അസമത്വങ്ങളെ ഇല്ലാതാക്കണമെങ്കിൽ സാമൂഹിക-സാമ്പത്തിക -വിദ്യാഭ്യാസ-നിയമ-രാഷ്ട്രീയ മേഖലകളിലെല്ലാം പുരോഗമനപരമായ മാറ്റങ്ങൾ ഉണ്ടാകേണ്ടതുണ്ട്. സ്ത്രീകളുടേയും മറ്റ് ലിംഗ/ലൈംഗിക ന്യൂനപക്ഷങ്ങളുടെയും താൽപര്യങ്ങളും കാഴ്ചപ്പാടും കണക്കിലെടുക്കാതെ ഒരു തീരുമാനവും ഉണ്ടാവുകയില്ലെന്ന് ഉറപ്പാക്കേണ്ടതുണ്ട്. ആരും ഒഴിവാക്കപ്പെടാതെ എല്ലാ മനുഷ്യരുടെയും കഴിവുകളും സാധ്യതകളും വികസിപ്പിക്കുകയും അവ ഉപയോഗിക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും വേണം. സാമൂഹികനീതി സ്ഥാപിക്കുന്നതിനും സാമൂഹികമായ ഉൾച്ചേർക്കൽ സാധ്യമാക്കുന്നതിനും നിരവധി സംവിധാനങ്ങൾ കേന്ദ്ര സംസ്ഥാന ഭരണതലത്തിലും തദ്ദേശ സ്ഥാപനതലത്തിലും നിലവിലുണ്ട്. അവയെല്ലാം ഏകോപിപ്പിച്ച് കൊണ്ട് എല്ലാ ജനങ്ങൾക്കും പ്രാപ്യമാക്കേണ്ടത് പ്രാദേശികതല ഭരണസംവിധാനത്തിന്റെ ചുമതലയാണ്.

## 10. ഉത്തരസൂചിക

**പഠന പുരോഗതി വിലയിരുത്തൽ : ഒന്ന്**

1. ശരി 2. തെറ്റ് 3. സിസ് ജെൻഡർ 4. ജെൻഡർ ദ്വന്ദ്വങ്ങൾ

**പഠന പുരോഗതി വിലയിരുത്തൽ രണ്ട്**

1. a) നിർണ്ണായക ആവശ്യങ്ങൾ 2. b) ഗുണമേന്മ ഉറപ്പുവരുത്തൽ

**പഠന പുരോഗതി വിലയിരുത്തൽ മൂന്ന്**

1. ഡൽഹി 2. 48% 3. Gender Responsive Budgeting 4. (2004-05)

## 11. അവലംബം / അധിക വായനയ്ക്ക്

1. 'ജെൻഡറും പ്രാദേശികഭരണവും' കൈപ്പുസ്തകം, കില 2020.

# യൂണിറ്റ് 6

# ദുർബല വിഭാഗങ്ങൾക്കുള്ള പ്രത്യേക ഫണ്ട്


| | | |
|---|---|---|
| 1. | പഠന ലക്ഷ്യങ്ങൾ | 131 |
| 2. | സൂചനാപദങ്ങൾ | 131 |
| 3. | ആമുഖം | 132 |
| 4. | പട്ടികജാതിസൗഹൃദ തദ്ദേശഭരണം | 133 |
| 5. | പട്ടികവർഗ സൗഹൃദ തദ്ദേശഭരണം | 143 |
| 6. | പരമ്പരാഗത മത്സ്യത്തൊഴിലാളികൾ | 152 |
| 7. | ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി | 158 |
| 8. | സംഗ്രഹം | 163 |
| 9. | ഉത്തരസൂചിക | 164 |
| 10. | അവലംബം /അധിക വായനയ്ക്ക് | 164 |

# ദുർബല വിഭാഗങ്ങൾക്കുള്ള
# പ്രത്യേക ഫണ്ട്

## 1. പഠന ലക്ഷ്യങ്ങൾ

ഈ യൂണിറ്റ് പഠിച്ച് കഴിയുമ്പോൾ പഠിതാക്കൾക്ക് ഇനി പറയുന്ന കാര്യങ്ങൾ ചെയ്യുന്നതിനായുള്ള കാര്യശേഷി ഉണ്ടാകുന്നതാണ്.

- കേരളത്തിലെ പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളുടെ പിന്നാക്കാവസ്ഥ യുടെ കരണങ്ങളെക്കുറിച്ച് പ്രതിപാദിക്കാൻ സാധിക്കുന്നു.
- പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളുടെ പ്രത്യേക അവകാശങ്ങളെക്കുറിച്ച് വിശദമാക്കാൻ കഴിയുന്നു.
- പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലകൾ പറയാൻ സാധിക്കുന്നു.
- ഈ വിഭാഗങ്ങളുടെ വികസനത്തിനായി നടപ്പാക്കുന്ന കേന്ദ്ര-സംസ്ഥാനാ വിഷ്കൃത പദ്ധതികളെക്കുറിച്ച് പ്രതിപാദിക്കാൻ സാധിക്കുന്നു.
- പരമ്പരാഗത മത്സ്യത്തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പട്ടികപ്പെടുത്താൻ കഴിയുന്നു.
- മത്സ്യത്തൊഴിലാളികൾക്കുവേണ്ടി നടപ്പാക്കുന്ന വിവിധ പദ്ധതികളെക്കുറിച്ച് വിശദീകരിക്കാൻ കഴിയുന്നു.
- ദാരിദ്ര്യനിർമ്മാർജ്ജന ഉപപദ്ധതി, ആശ്രയ പദ്ധതി, പട്ടികജാതി ഉപ പദ്ധതി, പട്ടികവർഗ ഉപപദ്ധതി എന്നിവയെ സംബന്ധിച്ച് വിശദമാക്കാൻ കഴിയുന്നു.

## 2. സൂചനാപദങ്ങൾ

1. **പട്ടികജാതി ഉപപദ്ധതി:** പട്ടികജാതി വിഭാഗങ്ങളുടെ വികസനത്തിനായി നടപ്പാക്കുന്ന പ്രത്യേക പദ്ധതി.

2. **പട്ടികവർഗ ഉപപദ്ധതി:** പട്ടികവർഗ വിഭാഗങ്ങളുടെ വികസനത്തിനായി നടപ്പാക്കുന്ന പ്രത്യേക പദ്ധതി.

3. **എസ് സി പ്രമോട്ടർ:** പട്ടികജാതിക്കാർക്കായി നടത്തുന്ന വികസനപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ കാര്യക്ഷമമായി നടപ്പിലാക്കാൻ സഹായിക്കുന്നതിനായി നിയമിക്കപ്പെട്ടിട്ടുള്ള വ്യക്തി.

4. **എസ് ടി പ്രമോട്ടർ:** പട്ടികവർഗക്കാർക്കായി നടത്തുന്ന വികസനപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ കാര്യക്ഷമമായി നടപ്പിലാക്കാൻ സഹായിക്കുന്നതിനായി നിയമിക്കപ്പെട്ടിട്ടുള്ള വ്യക്തി.

5. **അട്രോസിറ്റീസ് പ്രിവൻഷൻ ആക്ട് 1989:** പട്ടികജാതി, പട്ടികവർഗക്കാർക്കെതിരെ ഉണ്ടാകുന്ന അതിക്രമങ്ങൾ തടയുന്നതിനുള്ള നിയമം.

6. **ഊരുകൂട്ടം:** ഒരു വാർഡിലെ വോട്ടർപട്ടികയിൽ പേരുള്ള പട്ടികവർഗ വിഭാഗത്തിൽപെട്ടവരുടെ സഭ.

7. **ആശ്രയ പദ്ധതി:** മുഖ്യധാരയിൽ ഇടം ലഭിക്കാത്ത നിരാലംബരായ കുടുംബങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങളായ വീട്, ശുദ്ധജലം, ശുചിത്വ സംവിധാനം തുടങ്ങിയവയും അതിജീവന ആവശ്യങ്ങളായ ഭക്ഷണം, ചികിത്സ, വിദ്യാഭ്യാസം, വികസന ആവശ്യങ്ങളായ തൊഴിലവസരങ്ങൾ, വ്യക്തിത്വവികാസം എന്നീ പരിചരണ സേവനങ്ങളും നൽകുന്ന പദ്ധതി.

## 3. ആമുഖം

ചരിത്രപരവും സാമൂഹികവുമായ കാരണങ്ങളാൽ നൂറ്റാണ്ടുകളായി പിന്നാക്കാവസ്ഥ അനുഭവിക്കുന്നവരാണ് പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾ. ഇവരുടെ സാമൂഹികവും സാമ്പത്തികവുമായ വികസനത്തിനായി ഒട്ടനവധി പദ്ധതികൾ കേന്ദ്ര, സംസ്ഥാന, പ്രാദേശിക സർക്കാരുകൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. കേരളത്തിന്റെ ജനസംഖ്യയിൽ ഈ വിഭാഗം ജനങ്ങളുടെ അനുപാതം താരതമ്യേന കുറവാണെങ്കിലും ഇവരുടെ വികസന-ക്ഷേമ പ്രവർത്തനങ്ങൾക്കായി ഉയർന്ന പരിഗണനയാണ് തദ്ദേശഭരണസ്ഥാപനങ്ങൾ നൽകിവരുന്നത്. പ്രാദേശിക ഭരണസംവിധാനം ശക്തി പ്രാപിച്ച കേരളത്തിൽ മറ്റ് മേഖലകളിൽ കൈവരിച്ചതിനു സമാനമായ നേട്ടങ്ങൾ ഈ ദുർബല വിഭാഗങ്ങളുടെ വികസനത്തിൽ ആർജ്ജിക്കാൻ സാധിച്ചില്ലെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ട്.

വിസ്തൃതമായ കടൽത്തീര സാന്നിധ്യമുള്ള കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികളും ഒട്ടനവധി പ്രശ്നങ്ങൾ നേരിടുന്നവരാണ്. ഇവരുടെ ജീവിത പുരോഗതിക്കായി സർക്കാരുകൾ വിവിധങ്ങളായ പദ്ധതികൾ നടപ്പാക്കിവരുന്നു. ദുർബലവിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക വളർച്ചയ്ക്ക് പ്രത്യേക ഊന്നൽ നൽകുന്ന പദ്ധതികളായ പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ ഉപപദ്ധതി, ദാരിദ്ര്യനിർമ്മാർജ്ജന ഉപപദ്ധതി, ആശ്രയ തുടങ്ങിയ പദ്ധതികളെക്കുറിച്ചാണ് ഈ യൂണിറ്റിൽ പ്രതിപാദിക്കുന്നത്.

## 4. പട്ടികജാതിസൗഹൃദ തദ്ദേശഭരണം

### പട്ടികജാതി വികസനത്തിന്റെ പ്രാധാന്യം

സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന ജനവിഭാഗമാണ് പട്ടികജാതി. ചരിത്രപരമായും സാമൂഹികാചാരവ്യവസ്ഥകളിലും തൊട്ടുകൂടായ്മ അനുഭവിച്ചുവന്നവരാണ് ഈ വിഭാഗം ജനങ്ങൾ. ഭരണഘടനയിലെ ആർട്ടിക്കിൾ 341 അനുസരിച്ച് 53 വിഭാഗം പട്ടികജാതിക്കാരാണിന്നുള്ളത്. ഇതിൽ നാല് വിഭാഗങ്ങളെ ദുർലവിഭാഗങ്ങളായി സർക്കാർ വിഭജിച്ചിട്ടുണ്ട്. നായാടി, വേടൻ, കള്ളാടി, ചക്കിളിയൻ എന്നിവരാണിവർ. 2011ലെ സെൻസസ് അനുസരിച്ച് ഇന്ത്യയിൽ - 20.13 കോടി (ആകെ ജനസംഖ്യയുടെ 16.60%), കേരളത്തിൽ - 30.39 ലക്ഷം (ആകെ ജനസംഖ്യയുടെ 9.09%). കേരളത്തിലെ എല്ലാ ജില്ലകളിലും പട്ടികജാതിക്കാർ താമസിക്കുന്നുണ്ട്. ഓരോ പ്രദേശത്തേയും ഓരോ സമുദായത്തിലേയും പട്ടികജാതിക്കാരുടെ സാമൂഹിക,സാമ്പത്തിക സ്ഥിതിയും വ്യത്യസ്തമാണെന്ന് കാണാം.

### പ്രത്യേക അവകാശങ്ങൾ

ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം ഇന്ത്യൻ ഭരണഘടനയിൽ പട്ടികജാതി വിഭാഗങ്ങളുടെ സംരക്ഷണത്തിനായി വിവിധ വകുപ്പുകൾ ഉൾപ്പെടുത്തുകയുണ്ടായി. ഭരണഘടനയിലെ ആർട്ടിക്കിൾ 46 ഇതിൽ സുപ്രധാനമാണ്. ദുർബല വിഭാഗങ്ങളുടെ പ്രത്യേകിച്ച് പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസപരവും, സാമ്പത്തികവുമായ കാര്യങ്ങളിൽ പ്രോത്സാഹിപ്പിക്കുന്നതിനും സാമൂഹിക അനീതിയിൽ നിന്നും എല്ലാവിധ ചൂഷണങ്ങളിൽ നിന്നും അവരെ സംരക്ഷിക്കുന്നതിനുള്ള ഭരണകൂടത്തിന്റെ ഉത്തരവാദിത്തം നിർവഹിക്കുന്നതാണ് ഇതിൽ പ്രധാനം. ഭരണഘടനാ വ്യവസ്ഥകൾ പ്രകാരവും വിവിധ നിയമനിർമ്മാണങ്ങൾ വഴിയും പട്ടികജാതി വിഭാഗക്കാരുടെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് വിവിധങ്ങളായ പദ്ധതികൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിക്കുകയുണ്ടായി. 1980ന്റെ തുടക്കത്തിൽ ആരംഭിച്ച പ്രത്യേക ഘടകപദ്ധതി ഈ മേഖലയിലെ പ്രവർത്തനങ്ങളെ മെച്ചപ്പെടുത്താൻ സഹായിച്ചു. അഞ്ചാം പഞ്ചവത്സര പദ്ധതിക്കാലത്ത് ആരംഭിച്ച ഈ പദ്ധതിയുടെ ആസൂത്രണവും നിർവഹണവും ആറാം പദ്ധതിക്കാലത്ത് ജില്ലാതലത്തിൽ വികേന്ദ്രീകരിക്കപ്പെട്ടു. ജില്ലാതലത്തിൽ നിന്ന് താഴെ തട്ടിലേക്ക് വികേന്ദ്രീകരണപ്രക്രിയ എത്തിക്കാനും പ്രാദേശിക സർക്കാരുകൾക്ക് ഈ ചുമതല ഏൽപ്പിക്കാവനും സഹായിച്ചതായിരുന്നു 1992 ലെ ഭരണഘടനാ ഭേദഗതി.

ആർട്ടിക്കിൾ 341, പട്ടികജാതി വിഭാഗങ്ങളുടെ സംസ്ഥാനതല പട്ടിക അംഗീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. ഇതോടൊപ്പം അനുച്ഛേദം 16ൽ നിർദ്ദേശിച്ചിട്ടുള്ള സംവരണവും, പ്രത്യേക ഇളവുകളും ഭരണഘടനയിലെ 1-ാം പട്ടികയും ഈ വിഭാഗങ്ങൾക്കുള്ള പ്രാധാന്യം വ്യക്തമാക്കുന്നുണ്ട്. അനുച്ഛേദം 366 (24)ൽ ആരാണ് പട്ടികജാതിക്കാർ എന്ന് നിർവചിച്ചിട്ടുണ്ട്. അനുച്ഛേദം 332 പ്രകാരം സംസ്ഥാന നിയമസഭയിലേക്കും 343 പ്രകാരം പ്രാദേശിക സർക്കാരിലും ജനപ്രാധിനിധ്യ സംവരണവും പ്രത്യേക പരിരക്ഷകൾക്ക് നൽകിയിട്ടുള്ള പ്രാധാന്യവും ചൂണ്ടിക്കാണിക്കുന്നു.

## അട്രോസിറ്റീസ് പ്രിവൻഷൻ ആക്ട് 1989

ഈ നിയമപ്രകാരം പട്ടികജാതിക്കാർക്കെതിരെ ഈ വിഭാഗത്തിൽ പെടാത്ത ഏതെങ്കിലും വ്യക്തി സാമൂഹികമായോ വ്യക്തിപരമായോ വസ്തുവകകൾ സംബന്ധിച്ചോ ദുരുദ്ദേശത്തോടുകൂടിയോ നിയമനടപടികൾ മുഖേനയോ രാഷ്ട്രീയമായോ സാമ്പത്തിക ചൂഷണം മുഖേനെയോ ഏതെങ്കിലും തരത്തിലുള്ള അതിക്രമം നടത്തുകയാണെങ്കിൽ അത് ശിക്ഷാർഹമായ കുറ്റമാണ്.

## പട്ടികജാതിക്കാരുടെ നിലവിലെ അവസ്ഥ

പട്ടികജാതി വിഭാഗത്തിൽപെട്ടവർ വിവിധ ചൂഷണങ്ങൾക്കും വിധേയരാകുന്നുണ്ട്. തൊഴിലിന്റെയും, വിദ്യാഭ്യാസത്തിന്റെയും, അഭിപ്രായ സ്വാതന്ത്ര്യത്തിന്റെയും കാര്യത്തിൽ ഇവരുടെ പിന്നാക്കാവസ്ഥ തുടരുന്നു. സംവരണം, വിവിധ നിയമപരിരക്ഷകൾ എന്നിവ ഭരണഘടനയുടെ ഭാഗമായി ഉറപ്പുവരുത്തിയെങ്കിലും പിന്നാക്കാവസ്ഥ തുടരുക തന്നെയാണ്.

പട്ടികജാതി വിഭാഗത്തിന്റെ അടിസ്ഥാനപ്രശ്നങ്ങൾ, സാമൂഹികമായ ഒറ്റപെടൽ; ഭക്ഷണം, പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യം, ശുചിത്വം എന്നിവയുടെ പരിമിതി; പരമ്പരാഗതമായി തൊഴിൽ മേഖലയിലെ ചൂഷണം, പുതിയ തൊഴിൽ മേഖലയിലെ അപര്യാപ്തത, പരമ്പരാഗതമായി നിലനിൽക്കുന്ന ചൂഷണങ്ങൾ, സാമൂഹിക പുരോഗതിക്ക് തടസ്സം നിൽക്കുന്ന വിവിധ ആചാരരീതികൾ, സമ്പാദ്യമില്ലായ്മ എന്നിവയൊക്കെയാണ്.

## ജനകീയാസൂത്രണവും പ്രത്യേകഘടകപദ്ധതിയും

പട്ടികവിഭാഗ വികസനം ലക്ഷ്യമിട്ടുകൊണ്ട് ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്ന വിവിധ സംസ്ഥാനാവിഷ്കൃതപദ്ധതികളേയും, കേന്ദ്രാവിഷ്കൃത പദ്ധതികളേയും കൂടുതൽ ഫലപ്രദമായും കാര്യക്ഷമമായും നടപ്പാക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിന് ജനകീയാസൂത്രണത്തിന് കഴിഞ്ഞു. സങ്കേതങ്ങളുടെ ജീവിതാന്തരീക്ഷം മെച്ചപ്പെടുത്തൽ വഴി അവരുടെ ജീവിതശൈലിയിലും സമീപനത്തിലും മാറ്റം വരുത്താൻ കഴിയണം. അതിനായി ജലവിതരണം, തെരുവുവിളക്കുകൾ, മെച്ചപ്പെട്ട മറ്റു പൊതുസൗകര്യങ്ങൾ എന്നിവ സങ്കേതങ്ങൾക്ക് ഏർപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കുകയും സർവ്വേ റിപ്പോർട്ടിലെ സ്ഥിതിവിവര കണക്കുകൾ അപഗ്രഥനം ചെയ്ത് ആവശ്യമായ പദ്ധതികൾ തയ്യാറാക്കുകയും വേണം. ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നത് കൂടാതെ പ്രോജക്ടുകളിൽ തൊഴിൽ സാധ്യതകൾ വർദ്ധിച്ചുവരുന്ന മേഖലകൾക്ക് ഊന്നൽ നൽകണം. സ്വയംതൊഴിൽ/വേതന തൊഴിലിലൂടെ സാമ്പത്തിക വികസനം നേടുന്നതിലും, ശേഷമുള്ളവ മെച്ചപ്പെടുത്തുന്നതിനുമുള്ള പരിപാടികൾ ഉൾപ്പെടുത്തണം.

## പട്ടികജാതി വികസനവും തദ്ദേശ ഭരണ സ്ഥാപനങ്ങളും

1992 ലെ 73, 74 ഭരണഘടനാ ഭേദഗതിയെ തുടർന്ന് കേരള നിയമസഭ പാസാക്കിയ പഞ്ചായത്തീരാജ് - നഗരപാലിക നിയമങ്ങൾ പ്രാബല്യത്തിൽ വന്നതോടുകൂടി

പട്ടികജാതി മേഖലയിലെ ഒട്ടനവധി ചുമതലകളും, പദ്ധതികളും, സ്ഥാപനങ്ങളും, ജീവനക്കാരും തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറുകയുണ്ടായി. ജനപ്രതിനിധകളിൽ നിശ്ചിത ശതമാനം പട്ടികജാതിക്കാർക്കായി സംവരണം ചെയ്തത് വഴി പട്ടികജാതി ക്കാർക്കായുള്ള പദ്ധതികളിൽ തീരുമാനമെടുക്കുന്നതിൽ നിർണ്ണായകമായ സ്ഥാനം അവർക്ക് ലഭിക്കുകയും ചെയ്തു. കേരള പഞ്ചായത്തീരാജ് നഗരപാലിക നിയമങ്ങൾ അനുസരിച്ച് പട്ടികജാതി മേഖലയിൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നൽകിയ ചുമതലകൾ ഇനി പറയുന്നു.

### ഗ്രാമപഞ്ചായത്ത്

പട്ടിക ജാതി ഉപപദ്ധതിയുടെ (Scheduled Caste Sub Plan - SCSP) കീഴിൽ ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികൾ നടപ്പിലാക്കുക, പട്ടികജാതി വിഭാഗങ്ങൾക്ക് വേണ്ടി നഴ്സറി സ്കൂളുകൾ നടത്തുക, പട്ടികജാതി വാസകേന്ദ്രങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുക, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന സഹായങ്ങൾ നൽകുക, പട്ടികജാതിക്കാർക്ക് ആവശ്യമുള്ളപ്പോൾ വിവേചനാധിഷ്ഠിത സഹായം നൽകുക എന്നിവയാണ് ഗ്രാമപഞ്ചായത്തിന്റെ പ്രധാന ചുമതലകൾ.

### ബ്ലോക്ക് പഞ്ചായത്ത്

പ്രീമെട്രിക്ക് ഹോസ്റ്റലുകൾ നടത്തുക, പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള സഹക രണസംഘങ്ങൾ ശക്തിപ്പെടുത്തുക എന്നിവ.

### ജില്ലാപഞ്ചായത്ത്

പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലുകളുടെ നടത്തിപ്പ്, പട്ടികജാതിക്കാർക്കായുള്ള തൊ ഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങളുടെ നിയന്ത്രണം എന്നിവ.

### നഗരസഭ

എസ് സി എസ് പി യുടെ കീഴിൽ ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധ തികൾ നടപ്പിലാക്കുക, പട്ടികജാതിക്കാർക്കായി നഴ്സറി സ്കൂളുകൾ നടത്തുക, പട്ടിക ജാതിക്കാർക്ക് അടിസ്ഥാനസൗകര്യമൊരുക്കുക, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനസഹായങ്ങൾ നൽകുക, നഗരസഭാപ്രദേശത്ത് പ്രീ-മെട്രിക്ക് ഹോസ്റ്റൽ നടത്തുക, പട്ടികജാതിക്കാർക്കുള്ള സഹകരണസംഘങ്ങൾ അഭിവൃദ്ധിപ്പെടുത്തുക, പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നടത്തുക, തൊഴിലധിഷ്ഠിത കേന്ദ്രങ്ങൾ നടത്തുക എന്നിവ നഗരസഭയുടെ ചുമതലകളാണ്.

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി ചെലവിൽ പ്രത്യേക ഘടക പദ്ധതിയിൽ എന്തെങ്കിലും കുറവ് വന്നാൽ അത് തൊട്ടടുത്ത വാർഷിക പദ്ധതിയിൽ തന്നെ പരിഹരിക്കപ്പെടേണ്ടതാണ്. ഈ തുക വകമാറ്റി ചെലവഴിക്കാൻ പാടുള്ളതല്ല. പട്ടികജാതിക്കാർക്ക് പ്രയോജനകരമല്ലാത്ത ഒരു പ്രോജക്ടും പ്രത്യേക ഘടകപദ്ധതി ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കാൻ പാടുള്ളതല്ല.

## തദ്ദേശഭരണസ്ഥാപനങ്ങളിലെ സഹായസംവിധാനങ്ങൾ

### സ്റ്റാന്റിംഗ് കമ്മിറ്റി

ത്രിതലപഞ്ചായത്തുകളിലേയും, നഗരസഭകളിലേയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ് പട്ടികജാതി വികസന കാര്യങ്ങളുടെ ചുമതല വഹിക്കുന്നത്. പദ്ധതികൾ തയ്യാറാക്കുക, നടപ്പിലാക്കുക, മോണിട്ടർ ചെയ്യുക, ഘടകസ്ഥാപനങ്ങളുടെ ഗുണനിലവാരം ഉയർത്തുക, ജീവനക്കാരുടെ പ്രവർത്തനങ്ങളെ സഹായിക്കുക എന്നിവ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഉത്തരവാദിത്തമാണ്.

### നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ

നഴ്സറി സ്കൂളുകൾ നടത്തുക, സാമൂഹിക തിന്മകൾക്കെതിരെ ബോധവൽക്കരണം നടത്തുക, വരുമാന വർദ്ധനവിന് സ്വയംതൊഴിൽ സംരംഭങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക, അതിക്രമങ്ങളും ചൂഷണങ്ങളും ഇല്ലാതാക്കുന്നതിന് സഹായിക്കുക, അവബോധം വളർത്തുക, സങ്കേതങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുക, നിയമസഹായം ഉറപ്പുവരുത്തുക, ഭക്ഷണം, പാർപ്പിടം, ആരോഗ്യം, ശുചിത്വം എന്നിവ ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുക, വിദ്യാഭ്യാസാവശ്യങ്ങൾക്ക് സ്കോളർഷിപ്പുകൾ, പഠനോപകരണങ്ങൾ വിവിധ ധനസഹായം, യാത്രാഉപകരണങ്ങൾ എന്നിവ നൽകുക.

### വർക്കിംഗ് ഗ്രൂപ്പ്

പദ്ധതി ആസൂത്രണ പ്രക്രിയയിൽ തദ്ദേശ ഭരണ സ്ഥാപനത്തിനെ സഹായിക്കുന്നതിനുവേണ്ടി ഓരോ വർഷവും പട്ടികജാതി വികസനത്തിന് മാത്രമായി വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുന്നു. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അല്ലെങ്കിൽ ആ സ്റ്റാന്റിംഗ് കമ്മിറ്റിയിലെ ഒരംഗം എന്നിവരിൽ ഒരാളെ ഭരണസമിതിക്ക് വർക്കിംഗ് ഗ്രൂപ്പിന്റെ ചെയർപേഴ്സണായി നിയമിക്കാം. കൺവീനർ ആ മേഖലയിലെ സീനിയർ ഉദ്യോഗസ്ഥനായിരിക്കും. പട്ടികജാതി വികസന വർക്കിംഗ് ഗ്രൂപ്പിന്റെ ചെയർപേഴ്സൺ ആ വിഭാഗത്തിലെ ജനപ്രതിനിധിയായിരിക്കണം. ഈ വർക്കിംഗ് ഗ്രൂപ്പിൽ വനിതകൾ ഉൾപ്പടെ 10 മുതൽ 15 വരെ അംഗങ്ങൾ ഉണ്ടായിരിക്കും.

### എസ് സി പ്രമോട്ടർ

പട്ടികജാതിക്കാർക്കായി നടത്തുന്ന വികസനപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ കാര്യക്ഷമമായി നടപ്പിലാക്കാൻ സഹായിക്കുന്നതിന് ഓരോ തദ്ദേശഭരണസ്ഥാപനത്തിലും പട്ടികജാതി വിഭാഗത്തിൽ നിന്നും ഒരാളെ പ്രമോട്ടർ ആയി നിയമിക്കുന്നു. പട്ടികജാതി കുടുംബങ്ങളുടെ ഇടയിൽ പ്രവർത്തിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി തദ്ദേശ ഭരണ സ്ഥാപനത്തെ അറിയിക്കുന്നതിനും വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനത്തെ സഹായിക്കുന്നതിനും എസ് സി പ്രമോട്ടർക്ക് ബാധ്യതയുണ്ട്.

പട്ടികജാതി വകുപ്പിനേയും പ്രാദേശിക സർക്കാരിനേയും നേരിട്ട് ബന്ധിപ്പിക്കുന്ന കണ്ണിയായും എസ് സി പ്രമോട്ടർ പ്രവർത്തിക്കുന്നു.

### പട്ടികജാതി ഉപപദ്ധതി

അഞ്ചാം പഞ്ചവത്സരപദ്ധതി മുതൽ പട്ടികജാതിക്കാർക്ക് വേണ്ടി സർക്കാർ നടപ്പിലാക്കിയ പ്രത്യേക ഘടകപദ്ധതി ഒമ്പതാം പദ്ധതി മുതൽ തദ്ദേശഭരണസ്ഥാപനങ്ങൾ വഴിയാണ് നടപ്പാക്കി വരുന്നത്. പട്ടികജാതിക്കാർക്ക് വേണ്ടി തന്നെ പട്ടികജാതി വികസന വകുപ്പിന്റേതായും വിവിധ കേന്ദ്ര-സംസ്ഥാന സ്കീമുകൾ വഴിയായും, എം എൽ എ, എം പി ഫണ്ട് ഉപയോഗിച്ചും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. എന്നാൽ അയൽക്കൂട്ടങ്ങൾ, ഗ്രാമസഭകൾ വഴി വരുന്ന മുൻഗണനകൾ സ്വരൂപിച്ച് ജനകീയമായി തദ്ദേശഭരണസ്ഥാപനങ്ങൾ തയ്യാറാക്കുന്ന പദ്ധതിയാണ് പട്ടികജാതി ഉപപദ്ധതി. വിഹിതമായി സംസ്ഥാന ബജറ്റിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേകം വകയിരുത്തി നൽകുന്ന തുകയ്ക്കായിരിക്കും പദ്ധതികൾ തയ്യാറാക്കേണ്ടത്.

പട്ടികജാതി വിഭാഗക്കാരുടെ വികസനത്തിനുവേണ്ടി ഓരോ തദ്ദേശ ഭരണ സ്ഥാപനവും പദ്ധതിയുടെ ഭാഗമായി പട്ടികജാതി ഉപപദ്ധതികൂടി തയ്യാറാക്കണം. അതിന്റെ വിശദാംശങ്ങൾ തയ്യാറാക്കുന്ന പദ്ധതി രേഖയിൽ ഉൾപ്പെടുത്തേണ്ടതാണ്. പട്ടികജാതി വിഭാഗക്കാരുടെ സാമ്പത്തിക വികസനം, സാമൂഹിക വികസനം, പശ്ചാത്തല സൗകര്യ വികസനം എന്നീ മൂന്ന് വിഭാഗങ്ങളിലും പദ്ധതി പ്രവർത്തനങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. ഓരോ കുടുംബകേന്ദ്രീകൃത സമീപനത്തിന്റെയും സാമൂഹിക സാമ്പത്തിക വികസനത്തിനാണ് മുഖ്യ ഊന്നൽ നൽകേണ്ടത്. ആശ്രയ മാതൃകയിൽ കുടുംബത്തെ ഒരു യൂണിറ്റായി പരിഗണിച്ച് അവരുടെ ആവശ്യങ്ങളും തുടർന്ന് ഹാബിറ്റാറ്റ് (സങ്കേതം) ഒരു യൂണിറ്റായും പരിഗണിച്ച് ആവശ്യങ്ങൾ നിർണ്ണയിക്കാം. വ്യക്തികൾക്കും, കുടുംബങ്ങൾക്കും നേരിട്ട് പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകളും, പട്ടികജാതിക്കാരുടെ പൊതുസൗകര്യത്തിനായുള്ള പ്രോജക്ടുകളും തയ്യാറാക്കാവുന്നതാണ്. ഇത് തയ്യാറാക്കുന്നതിന് മുമ്പ് എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും മുഴുവൻ ബി പി എൽ കുടുംബങ്ങളേയും ഉൾപ്പെടുത്തികൊണ്ട് ആശ്രയ മാതൃകയിൽ ഒരു പരിപാടി തയ്യാറാക്കണം. ഓരോ കുടുംബത്തിലേയും, ഓരോ വ്യക്തിയുടേയും ആവശ്യങ്ങൾ അതിൽ പരിഗണിക്കപ്പെടണം. ഇത്തരം തയ്യാറാക്കുന്ന പരിപാടികൾ പരിഗണിച്ചുമാത്രമേ ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ പട്ടികജാതിവികസന പരിപാടികൾ തയ്യാറാക്കാവൂ. പട്ടികജാതി വിഭാഗത്തെ സംബന്ധിച്ച് നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിലായിരിക്കണം ഗുണഭോക്ത കുടുംബങ്ങൾക്കും, ഗുണഭോക്ത പ്രദേശത്തിനും പ്രവർത്തനങ്ങൾ നിശ്ചയിക്കേണ്ടത്.

കുറഞ്ഞത് അഞ്ച് പട്ടികജാതി കുടുംബങ്ങളെങ്കിലും അടുത്തടുത്ത് താമസിക്കുന്ന ഒരു പ്രദേശം സങ്കേതമായി കണക്കാക്കി അവിടെ കുടിവെള്ളം, വൈദ്യുതി എന്നീ പൊതുസൗകര്യങ്ങൾക്കായി പട്ടികജാതി ഉപപദ്ധതി വിഹിതം വകയിരുത്താവുന്നതാണ്. കുടിവെള്ളം, വൈദ്യുതി എന്നീ പൊതു സൗകര്യ പ്രോജക്ടുകളുടെ ആകെ ഗുണഭോക്തൃ കുടുബങ്ങളിൽ 50% ത്തിലധികം പട്ടികജാതിക്കാരാണെങ്കിൽ മാത്രമേ പട്ടികജാതി ഉപപദ്ധതി വിഹിതം വകയിരുത്താവൂ. ജലസേചന പ്രോജക്ടാണെങ്കിൽ

മൊത്തം ജലസേചനം നടത്തപ്പെടുന്ന കൃഷിഭൂമിയുടെ 50% ത്തിലധികം പട്ടികജാതി ക്കാരുടേതായിരിക്കണം.

## പട്ടികജാതി ഉപപദ്ധതി – പ്രത്യേകതകൾ

സംസ്ഥാനസർക്കാർ പുറപ്പെടുവിക്കുന്ന പ്രത്യേക മാർഗനിർദ്ദേശങ്ങൾ അനുസരിച്ച് തയ്യാറാക്കുന്ന ഉപപദ്ധതിയുടെ പ്രത്യേകതകൾ ഇവയാണ്. പട്ടികജാതി ഉപപദ്ധതി വിഹിതം വകമാറ്റി ചെലവഴിക്കാനോ, പാഴാക്കാനോ പാടില്ല. ഉപപദ്ധതിയുടെ ലക്ഷ്യം - സാമ്പത്തിക വികസനം, സാമൂഹിക വികസനം, പശ്ചാത്തല സൗകര്യവികസനം എന്നിവയാണ്.

## ഉപപദ്ധതിയുടെ ഭാഗമായുള്ള പ്രോജക്ടുകൾ

വ്യക്തികൾ കുടുംബങ്ങൾ ഗ്രൂപ്പുകൾ എന്നിവർ നേരിട്ട് ഗുണഭോക്താക്ക ളാകുന്ന പ്രോജക്ടുകൾ (എല്ലാവരും പട്ടികജാതിക്കാരായിരിക്കണം), പശ്ചാത്തല വികസന പ്രോജക്ടുകൾ - സങ്കേതങ്ങളെ അടിസ്ഥാനമാക്കിയുള്ള വികസന പദ്ധതികളാണ് ഇവയിൽ ഉൾപ്പെടുക (അഞ്ചോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അടു ത്തായി സ്ഥിതിചെയ്യുന്ന പ്രദേശമാണ് സങ്കേതം എന്ന് വിവക്ഷിക്കുന്നത്); റോഡ് നിർമ്മാണം, കുടിവെള്ള വിതരണം, വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ, ജലസേചനം തുടങ്ങിയ പശ്ചാത്തല മേഖലാ പ്രോജക്ടുകളുടെ ഗുണഭോക്താക്കളിൽ 50% ത്തിലധികം പട്ടികജാതിക്കാർ ആയിരിക്കണം. കൃഷി ഭൂമിയില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് പാട്ടകൃഷി ചെയ്യുന്ന പദ്ധതികൾ ഉപപദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. പട്ടിക ജാതി യുവാക്കളുടെ വിദ്യാഭ്യാസം, വിദേശത്ത് തൊഴിൽ നേടൽ, സ്വയം തൊഴിൽ പരിപാടികൾ, തൊഴിൽ പരിശീലനങ്ങൾ, കായിക വികസനം, വരുമാന വർദ്ധന സംരംഭങ്ങൾ മുതലായവ പ്രോത്സാഹിപ്പിക്കണം. കോളനികളിൽ കുടിവെള്ള സൗ കര്യവും വീടുകളിൽ ശൗചാലയസൗകര്യവും ലഭ്യമാക്കുന്നതിന് ഊന്നൽ നൽകണം, പട്ടികജാതി വിഭാഗത്തിൽ നിന്നുയർന്നു വരുന്ന പ്രതിഭകൾക്ക് പ്രോത്സാഹനം നൽകണം, പട്ടികജാതി യുവജനങ്ങൾക്ക് വിദേശത്ത് ജോലി ലഭ്യമാകുന്നതിന് ധനസഹായം നൽകണം, ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കുന്നതിന് പ്രാദേശിക സർക്കാരുകൾ നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കണം.

## പട്ടികജാതി വിഭാഗങ്ങൾക്കുള്ള ധനസഹായ പദ്ധതികൾ

1. പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകുന്ന പരിപാടികൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.
2. മിശ്രവിവാഹിതരായ പട്ടികജാതിക്കാർക്ക് ധനസഹായം നൽകാവുന്നതാണ്.
3. വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം ലഭിക്കുന്ന താണ്.
4. യുവാക്കൾക്കും യുവതികൾക്കും വിദേശത്ത് തൊഴിൽ ലഭ്യമാകുന്ന പക്ഷം തൊഴിൽ വിസയും വിമാനടിക്കറ്റും ഹാജരാക്കുന്ന മുറയ്ക്ക് 1,00,000 രൂപ വരെ ധനസഹായം ലഭിക്കുന്നതാണ്.

5. സംസ്ഥാനസർക്കാരോ, കേന്ദ്രസർക്കാരോ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്നതായ എല്ലാതരം കോഴ്സുകളിലേക്കും യോഗ്യത നേടി പഠനം നടത്തുന്നതായ എല്ലാ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് ലഭിക്കുന്നതാണ്.

6. മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് ദേശീയ അന്തർ ദേശീയ സർവകലാശാലകളിൽ അഡ്മിഷൻ ലഭിച്ചാൽ അഡ്മിഷൻ ഉൾപ്പടെയുള്ള ചെലവുകൾക്കായി ധനസഹായം നൽകാവുന്നതാണ്.

7. വിദ്യാർത്ഥികൾക്ക് പഠനത്തിനായി മേശ, കസേര വാങ്ങിനൽകുന്നതിന് ധനസഹായം നൽകാവുന്നതാണ്. കൂടാതെ ബിരുദം, ബിരുദാനന്തര ബിരുദം തുടങ്ങിയവയിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകാവുന്നതാണ്

8. സ്കോളർഷിപ്പ് പരീക്ഷയ്ക്ക് പരിശീലനം നൽകുന്നതിനും, സൈനികസ്കൂൾ, നവോദയ, ജി വി രാജ സ്പോർട്ട്സ് സ്കൂൾ എന്നീ സ്ഥാപനങ്ങളുടെ പ്രവേശന പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിനും പട്ടികജാതി ഫണ്ട് ഉപയോഗിക്കാവുന്നതാണ്.

9. പട്ടികജാതി കോളനി കുടിവെള്ള പദ്ധതികൾ,കമ്മ്യൂണിറ്റി ഹാൾ എന്നിവയുടെ കറന്റ് ചാർജ് പട്ടികജാതി ഫണ്ടിൽ നിന്നും നൽകാവുന്നതാണ്.

10. ഈ വിഭാഗത്തിലെ യുവാക്കളുടെ ഗ്രൂപ്പുകൾക്കോ, സമിതികൾക്കോ വാദ്യോപകരങ്ങൾ വാങ്ങി നൽകാവുന്നതാണ്. അഞ്ച് ശതമാനം (5%) ഗുണഭോക്തൃ വിഹിതമായി വാങ്ങേണ്ടതാണ്.

11. പ്രതിഭ തെളിയിച്ചവർക്ക് സാമൂഹികവും സാമ്പത്തികവുമായ പിന്തുണ നൽകാവുന്നതാണ്.

12. പഠനമുറി - വിദ്യാർത്ഥികൾക്ക് 100 ച.അടിയിൽ അധികരിക്കാത്ത പഠനമുറി വീടിനോട് ചേർന്ന് നിർമ്മിക്കാവുന്നതാണ്.

13. പട്ടികജാതി കോളനികളിൽ പഠനമുറികൾ പണിയാൻ സൗകര്യമില്ലാത്തിടങ്ങളിൽ സമൂഹ പഠനകേന്ദ്രങ്ങൾ നിർമ്മിച്ച് പഠന സൗകര്യം ഒരുക്കേണ്ടതാണ്.

14. ബാലവാടി കം ഫീഡിംഗ് സെൻറർ - പഠനോപകരണങ്ങൾ, യൂണിഫോം, ഭക്ഷണം എന്നിവ പട്ടികജാതി വകുപ്പിലെ നിബന്ധനയനുസരിച്ച് തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.

15. ജില്ലാ/യൂണിവേഴ്സിറ്റിതല മത്സരങ്ങളിലെ വിജയികൾക്ക് ഡാൻസ് കിറ്റ്, സ്പോർട്സ് കിറ്റ് മറ്റു ഉപകരണങ്ങൾ നൽകാവുന്നതാണ്.

16. എച്ച് എസ് എസ് വിദ്യാർത്ഥികൾക്ക് വർഷത്തിൽ നാല് പ്രാവശ്യം കരിയർ ഗൈഡൻസ് ക്ലാസ്സുകൾ നൽകാവുന്നതാണ്.

17. ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് വർഷത്തിൽ നാല് പ്രാവശ്യം രണ്ട് മണി ക്കൂർ വീതം വ്യക്തിത്വ വികാസം, നേതൃപാടവം, മോട്ടിവേഷൻ ക്ലാസ്സുകൾ നൽകാവുന്നതാണ്.

18. എസ് എസ് എൽ സി പരീക്ഷ വിജയിച്ചവർ തുടങ്ങി ഉയർന്നയോഗ്യതയുള്ള തും തൊഴിൽ തൽപരരുമായ യുവതീ യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകാവുന്നതാണ്

19. സംരംഭകത്വ പ്രോത്സാഹനത്തിന് റിവോൾവിംഗ് ഫണ്ടും പലിശ സബ്സി ഡിയും നൽകി പ്രോത്സാഹിപ്പിക്കേണ്ടതാണ്.

20. കൂടാതെ ഭൂമി വാങ്ങുന്നതിനും, ഭവനനിർമ്മാണം, വീട് റിപ്പയർ, വയറിംഗ് എന്നിവക്ക് സർക്കാരിന്റെ പുതിയ മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി ധനസഹായം നൽകാവുന്നതാണ്.

21. കൃഷിക്ക് - ജൈവവളം, രാസവളം, ജൈവകീടനാശിനികൾ, വിത്തുകൾ, തൈകൾ എന്നിവക്ക് 100% ഉം, നെൽകൃഷി, സംഘങ്ങൾക്ക് യന്ത്രം വാങ്ങാൻ 90%, ജലസേചനകിണർ 75 - 100%, പമ്പ് സെറ്റ് എന്നിവയ്ക്ക് 100% ഉം ധന സഹായം ലഭിക്കുന്നതാണ്.

22. വനംവകുപ്പ് വഴി ലഭിക്കുന്ന സേവനങ്ങൾ - കരകൗശല തൊഴിലാളികൾക്ക് മുള, ഈറ്റ വെട്ടുന്നതിന് പാസ്, വന്യജീവി ആക്രമണത്തിനുള്ള നഷ്ടപരി ഹാരം എന്നിവ വനംവകുപ്പ് വഴി ലഭ്യമാകുന്നതാണ്.

## പ്രകൃതി ദുരന്തങ്ങളും പട്ടികജാതി കുടുംബങ്ങളും

ഒരു വിഭാഗം ജനസമൂഹം മുന്നാക്കമോ പിന്നാക്കമോ ആയി തുടരുന്നതിനാൽ സാമൂഹിക-സാമ്പത്തിക സ്ഥിതിപോലെ പ്രധാനമാണ് അവരുടെ വാസാവസ്ഥ അഥവ പരിസരം. പട്ടികജാതി വിഭാഗം കുടുംബങ്ങളിലേറേയും നദീതടമേഖലയിലാ ണ് കഴിയുന്നത് എന്നത് അവരുടെ ഭൗതിക പുരോഗതിക്ക് തടസ്സമായി നിൽക്കുന്ന ഒരു ഘടകമാണ്. ഏത് വെള്ളപൊക്കവും കൊടുങ്കാറ്റും അവരെ ദുരിതത്തിലാഴ്ത്തും. ജീവനോപാധികൾ ഉപേക്ഷിക്കാനുള്ള വിമുഖത അവരെ അവിടെതന്നെ കഴിയാൻ പ്രേരിപ്പിക്കും. ഇത്തരം പാരിസ്ഥിതിക ദുരിതങ്ങളും, കാലാകാലങ്ങളിൽ നേരിടേണ്ടി വരുന്ന കഷ്ടനഷ്ടങ്ങളും ഇവരെ എക്കാലത്തും ഒരു ഇല്ലായ്മയുടെ വളയത്തിൽ നിർത്തു കയാണ്. ജനകീയാസൂത്രണത്തിന്റെ ഫലമായി രൂപപ്പെട്ട റോഡുസൗകര്യങ്ങളും അതോടൊപ്പം എത്തിയ വൈദ്യുതിയും ഭവനനിർമ്മാണ പദ്ധതികളും അവരുടെ അവസ്ഥ മെച്ചപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇന്നും ദുരിതങ്ങളുടെ ദൂഷിതവലയത്തിൽ നിന്നും പലരും രക്ഷനേടിയിട്ടില്ല. അതുകൊണ്ട് ഒരു സമഗ്രവികസന സമീപനം അവർക്കായി രൂപപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

## പട്ടികജാതി സൗഹൃദ പ്രാദേശികഭരണ കർമ്മപദ്ധതി

കേരളത്തിലെ പട്ടികജാതി വികസന രംഗത്ത് കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങ ളെ സ്ഥാപിതമാക്കുന്നതിനും, നിലനിർത്തുന്നതിനും മുഴുവൻ ജനങ്ങളുടേയും പിൻതു

ണയോടെയുള്ള പ്രവർത്തനത്തിലൂടെ മാത്രമേ കഴിയൂ. കേരളത്തിലെ പട്ടികജാതി ജനവിഭാഗങ്ങളെ ഇക്കാര്യം ബോധ്യപ്പെടുത്തുന്നതിനും ഈ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിനും വേണ്ട ഇടപെടൽ ആവശ്യമാണ്.

കേരളജനസംഖ്യയുടെ ഒമ്പത് ശതമാനം (9%) വരുന്ന പട്ടികജാതി വിഭാഗങ്ങളിലെ നല്ലൊരു ശതമാനം പേരും ദാരിദ്ര്യരേഖക്ക് താഴെയായതിനാൽ ഈ വിഭാഗങ്ങൾ ഇന്നും പിന്നാക്കാവസ്ഥയിലാണെന്ന് കാണാം. ഇല്ലായ്മകളും, ക്ലേശഘടകങ്ങളും ഇവരിൽ കൂടുതലാണെന്നതും സത്യമാണ്. ഈ നിലയ്ക്ക് ഇനിയെങ്കിലും ഒരു മാറ്റം വരേണ്ടതുണ്ട്. അത് സാധ്യമാകണമെങ്കിൽ അവസ്ഥാവിശകലനത്തിൽ ഊന്നിയ (ഡാറ്റാ ബെയ്സ്ഡ്) ആസൂത്രണം ശക്തിപ്പെടുത്തണം. കേവലമായ സാമൂഹിക- സാമ്പത്തിക കണക്കുകൾക്ക് പകരം കുടുംബാധിഷ്ഠിതമായ രേഖയുടെ അടിസ്ഥാനത്തിൽ ആവശ്യങ്ങൾ കൃത്യമായി തിട്ടപ്പെടുത്തി ആസൂത്രണത്തിലേക്ക് നീങ്ങണം.

### അവസ്ഥാപഠനം

ജനസംഖ്യാകണക്കുകൾ, സാമൂഹിക, സാമ്പത്തിക കണക്കുകൾ എന്നിവ തയ്യാറാക്കണം (ദ്വിതീയ വിവരം); സാമൂഹിക സുരക്ഷകണക്കുകൾ, വിദ്യാഭ്യാസ അവസ്ഥ കണക്കുകൾ, തൊഴിൽ നിലയും പരിശീലന ആവശ്യങ്ങളും, പശ്ചാത്തല വികസനാവശ്യങ്ങൾ, പാർപ്പിട നിലവാരകണക്കുകൾ, പ്രാദേശിക തൊഴിൽ സാധ്യത പട്ടിക, സ്വയംതൊഴിൽ/പരമ്പരാഗത തൊഴിൽ സൗകര്യങ്ങൾ, ഉന്നതവിദ്യാഭ്യാസ പരിശീലനാവശ്യങ്ങൾ, കണക്കുകളും, സോഷ്യൽ മാപ്പിംഗും (പട്ടികജാതി വികസന വകുപ്പിന്റെ പിന്തുണ) എന്നിവയെ അടിസ്ഥാനമാക്കി അവസ്ഥാപഠന റിപ്പോർട്ട് തയ്യാറാക്കണം. ഈ വസ്തുതകളെ ഗുണപരമായി നിലവിലുള്ളവ, യഥാർത്ഥത്തിൽ ആവശ്യമായത്, കൂടുതൽ വേണ്ടിവരുന്നത് എന്ന പ്രകാരം പട്ടികപ്പെടുത്തി ആവശ്യങ്ങൾ തിട്ടപ്പെടുത്തണം. ഓരോ മേഖലയിലും വേണ്ടിവരുന്ന ആവശ്യം തിട്ടപ്പെടുത്തി അവ മുൻഗണനാക്രമത്തിൽ പട്ടികപ്പെടുത്തണം, എന്ത്, ആർക്ക്, എപ്പോൾ എന്ന് വ്യക്തമാക്കണം.

### ലക്ഷ്യരൂപീകരണം

ഇപ്രകാരമുള്ള ആവശ്യഅപഗ്രഥന പട്ടികയിൽ നിന്നും നാല് വർഷത്തിനകം ചെയ്യേണ്ട കാര്യങ്ങൾ ഒരു മൾട്ടി ഇയർ പട്ടികയിൽപെടുത്തുക. നാല് വർഷത്തിനകം ഇടപെടലുകൾ വഴി ചെയ്തു തീർക്കാൻ കഴിയുന്നവ ലക്ഷ്യമായി കണക്കാക്കണം, തുടർന്ന് ഓരോ വർഷത്തിലും ഏത് പ്രവർത്തനം എന്ന് മുൻഗണന നൽകി ക്രമീകരിക്കുക. അഞ്ച് മേഖലകളിലായി മുൻഗണന നൽകി ചെയ്യേണ്ട 25 ലക്ഷ്യങ്ങൾ തീരുമാനിക്കുക. ഉടൻ നടപ്പാക്കേണ്ടത്, അനിവാര്യമായത്, സാധ്യമായത് ഏതെല്ലാം എന്ന് നിർണ്ണയിച്ച് മുൻഗണനാക്രമം തയ്യാറാക്കുക. മുൻഗണന പട്ടിക - ആദ്യ വർഷം ഏറ്റെടുക്കേണ്ടത് ഏതെന്ന് തീരുമാനിച്ചശേഷം അടുത്ത മൂന്ന് വർഷം മുൻഗണന നൽകി ഏറ്റെടുക്കേണ്ടത് പട്ടികപ്പെടുത്തുക (വികസനപദ്ധതി/റോളിംഗ് പ്ലാൻ മാതൃക).

## പാഠഭാഗം – സംക്ഷിപ്തം

1. പട്ടികജാതി വിഭാഗങ്ങളുടെ ഭരണഘടനാപരമായ പ്രത്യേക അവകാശങ്ങൾ.
2. പട്ടികജാതി, പട്ടികവർഗക്കാർക്കെതിരെ ഉണ്ടാകുന്ന അതിക്രമങ്ങൾ തടയുന്നതിനുള്ള അട്രോസിറ്റീസ് പ്രിവൻഷൻ ആക്ട് 1989.
3. പട്ടികജാതി വിഭാഗങ്ങൾ അനുഭവിക്കുന്ന ചൂഷണങ്ങളും അവരുടെ നിലവിലെ അവസ്ഥയും.
4. പട്ടികജാതി വികസനപ്രവർത്തനങ്ങളിൽ തദ്ദേശഭരണ സ്ഥാപന ങ്ങളിലേക്കുള്ള ചുമതലകൾ.
5. പട്ടികജാതി വികസനപ്രവർത്തനങ്ങൾക്കായി തദ്ദേശഭരണ സ്ഥാപന ങ്ങളിലെ സഹായസംവിധാനങ്ങൾ.
6. പട്ടികജാതി ഉപപദ്ധതിയുടെ പ്രത്യേകതകളും ഇതിന്റെ ഭാഗമായുള്ള പ്രോജക്ടുകളും.

## പഠന പുരോഗതി വിലയിരുത്തൽ : ഒന്ന്

**I. ഒറ്റവാക്കിൽ ഉത്തരമെഴുതുക** (ഒരു മാർക്ക് വീതം)

1. പട്ടികജാതി വിഭാഗങ്ങൾക്ക് സംസ്ഥാന നിയമസഭയിൽ സംവരണം നിർദേശിക്കുന്ന ഭരണഘടനാ അനുച്ഛേദം ഏത്?
2. എസ്.സി., എസ്.ടി. അട്രോസിറ്റീസ് പ്രിവൻഷൻ ആക്ട് പാസ്സാക്കിയ വർഷം?
3. പട്ടികജാതിക്കാർക്കായി നടത്തുന്ന വികസനപ്രവർത്തനങ്ങൾ ജന പങ്കാളിത്തത്തോടെ കാര്യക്ഷമമായി നടപ്പിലാക്കാൻ സഹായി ക്കുന്നതിനായി നിയമിക്കപ്പെട്ടിട്ടുള്ളതാരെ?
4. പട്ടികജാതി പ്രീ-മെട്രിക്ക് ഹോസ്റ്റലുകൾ നടത്താനുള്ള ചുമതല ഏത് തദ്ദേശഭരണസ്ഥാപനത്തിനാണ്?

**II. ഒന്നോ രണ്ടോ വാചകത്തിൽ ഉത്തരം എഴുതുക** (രണ്ട് മാർക്ക് വീതം)

1. SCSP യുടെ പൂർണ്ണരൂപം എന്ത്?
2. എന്താണ് പട്ടികജാതി ഉപപദ്ധതി?
3. അട്രോസിറ്റീസ് പ്രിവൻഷൻ ആക്ട് 1989 ന്റെ ലക്ഷ്യം എന്ത്?

**III. ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക** (അഞ്ച് മാർക്ക് വീതം)

1. കേരളത്തിൽ പട്ടികജാതിക്കാരുടെ അടിസ്ഥാന പ്രശ്നങ്ങൾ വിവരിക്കുക.

2. സേവനമേഖലയിൽ പട്ടികജാതി ഉപപദ്ധതിയിൽ ഏറ്റെടുക്കാവുന്ന വികസന പ്രവർത്തനങ്ങൾ വിവരിക്കുക.
3. എസ്.സി. പ്രമോട്ടറുടെ ചുമതലകൾ എന്തെല്ലാം?
4. പട്ടികജാതി സൗഹൃദ പ്രാദേശികഭരണത്തിന് എന്തൊക്കെ പ്രവർത്തന ങ്ങളാണ് ചെയ്യേണ്ടത്?

## 5. പട്ടികവർഗസൗഹൃദ തദ്ദേശഭരണം

### പട്ടികവർഗ വിഭാഗങ്ങളുടെ പ്രാധാന്യം

ഭരണഘടനയുടെ ആർട്ടിക്കിൾ 342ന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ പ്രസിഡന്റ് പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ ഉൾപ്പെടുന്ന സമുദായങ്ങളാണ് പട്ടികവർഗക്കാർ. സാമൂഹികവും സാമ്പത്തികവും ചരിത്രപരവുമായ കാരണങ്ങളാൽ സമൂഹത്തിന്റെ പൊതുധാരയിൽ നിന്ന് പുറന്തള്ളപ്പെട്ട ഗോത്രവർഗ വിഭാഗമാണ് പട്ടികവർഗക്കാർ. കുറുമ്പർ, കാടർ, കൊറഗർ, കാട്ടുനായ്ക്കർ, ചോലനായ്ക്കർ എന്നീ പ്രാക്തന ഗോത്രവർഗ വിഭാഗക്കാർ മുതൽ ഏറ്റവും പിന്നാക്കം നിൽക്കുന്നതും പട്ടികവർഗ ജനസംഖ്യയിൽ ഒന്നാം സ്ഥാനത്തു ള്ളതുമായപണിയർ ഉൾപ്പടെ 36 പട്ടികവർഗ വിഭാഗങ്ങളാണ് കേരളത്തിലുള്ളത്. ഓരോ വിഭാഗത്തിനും വ്യത്യസ്തമായ ആചാരങ്ങളും അനുഷ്ഠാന ങ്ങളും, ഭാഷയും, വേഷവും സംസ്കാരവുമുണ്ട്. സാമൂഹികശാസ്ത്രപരമായും വ്യത്യസ്തതക ളുണ്ട്.

2011 ലെ സെൻസസ് അനുസരിച്ച് പട്ടികവർഗക്കാർ ഇന്ത്യയിൽ 10,42,81,054 (ആകെ ജനസംഖ്യയുടെ 8.15%), കേരളത്തിൽ 4,84,839 (ആകെ ജനസംഖ്യയുടെ 1.45%) ആണ്. കേരളത്തിൽ എല്ലാ ജില്ലകളിലും പട്ടികവർഗക്കാർ ഉണ്ട്. എന്നാൽ വയനാട്, ഇടുക്കി, പാലക്കാട്, കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലകളിലെ മലയോര പ്രദേശങ്ങളിലാണ് കൂടുതലായി താമസിച്ചുവരുന്നത്.

### പട്ടികവർഗക്കാരുടെ പ്രത്യേക അവകാശങ്ങൾ

ഇന്ത്യൻ ഭരണഘടനയിൽ പട്ടികവർഗ വിഭാഗങ്ങളുടെ സംരക്ഷണത്തിനായി വിവിധ വകുപ്പുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. **അനുച്ഛേദം 46 –** ദുർബലവിഭാഗങ്ങളുടെ പ്രത്യേകിച്ച് പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസപരവും സാമ്പത്തികപരവുമായ താൽപ്പര്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സാമൂഹിക അനീതിയിൽ നിന്നും എല്ലാവിധ ചൂഷണങ്ങളിൽ നിന്നും അവരെ സംരക്ഷിക്കുന്നതിനും ഭരണകൂടത്തിന് ഉത്തരവാദിത്തമുണ്ട്.
2. **അനുച്ഛേദം 17 –** തൊട്ടുകൂടായ്മ നിരോധനം
3. **അനുച്ഛേദം 330 –** ലോകസഭയിൽ പട്ടികവർഗവിഭാഗത്തിന് പ്രത്യേക സീറ്റുകൾ സംവരണം.

4. **അനുച്ഛേദം 332 –** നിയമസഭയിൽ പട്ടികവർഗവിഭാഗത്തിന് പ്രത്യേക സീറ്റ് സംവരണം

5. **അനുച്ഛേദം 335 –** സർക്കാർ സർവീസിൽ സംവരണം ഉറപ്പ് നൽകുന്നു.

6. **അനുച്ഛേദം 338 –** പട്ടികവർഗക്കാരുടെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ദേശീയ കമ്മീഷൻ.

7. **പീഡനങ്ങൾ തടയൽ നിയമം –** 1989 ലെ പട്ടികജാതി, പട്ടികവർഗ പീഡനങ്ങൾ തടയൽ നിയമം കൂടാതെ 2018 ലെ അട്രോസിറ്റീസ് പ്രിവെൻഷൻ (ഭേദഗതി) ആക്ട്

8. **വനാവകാശ നിയമം 2006 –** പട്ടിക വർഗക്കാരുടെ വനാവകാശങ്ങൾ തെളിവുകളുടെ അടിസ്ഥാനത്തിൽ അംഗീകരിക്കുന്നതിനുള്ള നിയമം.

## പട്ടികവർഗക്കാർക്ക് വേണ്ടിയുള്ള പ്രത്യേക അവകാശങ്ങളും സംരക്ഷണങ്ങളും

| സംവരണം (ഭരണഘടനാ നിർദ്ദേശങ്ങളും ഉത്തരവുകളും) | |
|---|---|
| വിദ്യാഭ്യാസ സ്ഥാപനങ്ങൾ | 5% |
| പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ | 2% |
| സംസ്ഥാനസർക്കാർ ഉദ്യോഗങ്ങൾ | 2% |
| കേന്ദ്ര സർക്കാർ ഉദ്യോഗങ്ങൾ | 7.5% |

## പട്ടികവർഗ വികസനവും തദ്ദേശഭരണസ്ഥാപനങ്ങളും

പട്ടികവർഗ വിഭാഗങ്ങളുടെ നിലനിൽപ്പിനും അതിജീവനത്തിനും വികസനത്തിനുമായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രത്യേക ശ്രദ്ധചെലുത്തി നിരവധി പദ്ധതികൾ ആവിഷ്ക്കരിക്കുകയുണ്ടായി. 1975 മുതൽ നടപ്പിലാക്കിയ പട്ടിക വർഗ ഉപപദ്ധതി ഇതിൽ പ്രധാനമാണ്. 73, 74 ഭരണഘടനാ ഭേദഗതി അംഗീകരിക്കുകയും അതിന്റെ ഭാഗമായി ത്രിതല പഞ്ചായത്തുകൾ, നഗരസഭകൾ എന്നിവ നിലവിൽ വരികയും, പട്ടികവർഗ വികസനവുമായി ബന്ധപ്പെട്ട ചുമതലകളും, പദ്ധതികളും കൈമാറുകയും ചെയ്തതോടെ ഈ മേഖലയിൽ പുതിയ ഉണർവ് സൃഷ്ടിക്കപ്പെട്ടു. 73, 74 ഭരണഘടന ഭേദഗതിയുടെ ഭാഗമായി തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ സീറ്റ് സംവരണം, പ്രസിഡന്റ് സ്ഥാനത്തിൽ സംവരണം എന്നിവ നടപ്പാക്കിയിട്ടുണ്ട്.

## പ്രത്യേകശ്രദ്ധ വേണ്ട പശ്ചാത്തലഘടകങ്ങൾ

**1. കമ്മ്യൂണിറ്റി കേന്ദ്രം:** നിലവിൽ ഉള്ളത് കൃത്യമായി അറ്റകുറ്റപണി നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുക, മെയിന്റനൻസ് പ്ലാനിൽ ഉൾപ്പെടുത്തുക, അസറ്റ് രജി

സ്റ്ററിൽ കൊണ്ടുവരിക, ആവശ്യമെങ്കിൽ പുതിയവ നിർമ്മിക്കുക, പൊതുകളിസ്ഥലം നിലനിർത്തുക

**2. നാട്ടറിവ്:** വനമേഖലയിലെ പല പ്രകൃതി സംബന്ധമായ പ്രശ്നങ്ങളും വികസന സാധ്യതകളും തിരിച്ചറിയുന്നതിനുള്ള ശേഷി അവർക്കുതന്നെയാണ്. അത് പരമാവധി ഉപയോഗിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതിനുള്ള നടപടി വേണം.

## പ്രകൃതിദുരന്ത സാധ്യതാ മാപ്പിംഗ്

പട്ടികവർഗ മേഖലകളിൽ ഊരുകൾ കോർത്തിണക്കി വാർഡുതലത്തിൽ, പ്രകൃതി ദുരന്ത സാധ്യതാരേഖ ഉണ്ടായിരിക്കണം. ഇതോടൊപ്പം അത് തടയുന്നതിനും ആവ ശ്യമുണ്ടായാൽ രക്ഷാപ്രവർത്തനം, പുനരധിവാസം എന്നിവയ്ക്കും പ്രത്യേകം ദുരന്തനി വാരണ പ്ലാൻ തയ്യാറാക്കണം. അപകടമേഖലകൾ, ഖനനമേഖലകൾ, ഉരുൾപൊട്ടൽ മേഖലകൾ, വെള്ളപൊക്ക സാധ്യതാസ്ഥലങ്ങൾ എന്നിങ്ങനെ തിട്ടപ്പെടുത്തണം.

## വന്യജീവി ആക്രമണം

ഓരോ വാർഡിലും കാണപ്പെടുന്ന വന്യജീവികൾ, അവയുടെ താവളങ്ങൾ, സഞ്ചാ രപഥങ്ങൾ എന്നിവ തിട്ടപ്പെടുത്തണം. വന്യജീവി ആക്രമണ സാധ്യത, അവയുടെ പ്രതിരോധം, നിവാരണ മാർഗ്ഗം തുടങ്ങിയവയെ സംബന്ധിച്ച് ജനപ്രതിനിധികൾ, സേവന പ്രവർത്തകർ തുടങ്ങിയവർക്കും ധാരണയുണ്ടാകുന്നതിന് ചർച്ചകൾ ഉണ്ടാ കണം.

## പ്രകൃതി സംരക്ഷണം

കാടുകൾ പോലെതന്നെ പരിസ്ഥിതിക്ക് സഹായകരമായ സസ്യജാലങ്ങളും, ജലസ്രോതസ്സുകളും, ജലനിർഗമന മാർഗങ്ങളും, മഴക്കാല ജലസംഭരണികളും സംര ക്ഷിക്കുന്നതിനാവശ്യമായ പ്രാദേശിക പാരിസ്ഥിതിക മാപ്പിംഗ് ഓരോ വാർഡിലും ഉറപ്പാക്കപ്പെടണം. പ്രകൃതിനാശം, പ്രകൃതിസംരക്ഷണം എന്നിവ ഊരുകൂട്ടത്തിന്റെ അഭിപ്രായം കണക്കിലെടുത്തായിരിക്കണം നടപ്പാക്കേണ്ടത്.

## തദ്ദേശഭരണ പശ്ചാത്തല വികസനവും ഊരുകളും

റോഡ്,തോട്,പാലം എന്ന പൊതുപശ്ചാത്തല വികസനത്തിൽ വനമേഖല കളിൽ പ്രകൃതിസംരക്ഷണത്തിലൂന്നിയ സവിശേഷമായ എഞ്ചിനിയറിംഗ് രീതിയായിരി ക്കണം സ്വീകരിക്കേണ്ടത്. നാട്ടുവഴികൾ, കാട്ടുവഴികൾ, ഊരുകളിലെ തോടുകൾ, ശുചിത്വ സൗകര്യങ്ങൾ, വൈദ്യുതിലൈൻ, സോളാർസംവിധാനം തുടങ്ങി പശ്ചാത്തല വികസന പ്രവർത്തനങ്ങൾ എപ്രകാരമായിരിക്കണമെന്ന് ഊരുനിവാസികളുമായി ചർച്ച ചെയത് തീരുമാനിക്കണം. സാമൂഹിക ഭൂപടം തയ്യാറാക്കുമ്പോൾ പ്രകൃതിസംര ക്ഷണ-അപകടസാധ്യതകൾ അടയാളപ്പെടുത്തണം. പശ്ചാത്തല വികസന വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ ഊരുകൂട്ടയോഗങ്ങളിൽ പങ്കെടുക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കണം.

പട്ടികവർഗ സൗഹൃദഭരണം കേവലം ആരോഗ്യ, വിദ്യാഭ്യാസ, പാർപ്പിട പദ്ധതിക്കപ്പുറം പ്രകൃതി സംരക്ഷണത്തിലേക്കും വ്യാപിക്കപ്പെടുന്ന സമീപനമാകണം.

## പട്ടികവർഗ സങ്കേത പാർപ്പിടങ്ങൾ

പൊതുസമൂഹത്തിന് വീട് നിർമ്മാണത്തോടും, സൂക്ഷിപ്പിനോടുമുള്ള മനോഭാവമല്ല ഊരുകൾക്കുള്ളിൽ പാർപ്പിടങ്ങളോട് അവർ സ്വീകരിക്കുന്ന കാഴ്ചപാട് എന്ന തിരിച്ചറിവ് ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. പ്രാദേശിക വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കുന്ന വീട് അതായിരുന്നു അവരുടെ കാഴ്ചപ്പാട്. പാർപ്പിടപദ്ധതി നാടിനും, കാടിനും ഒന്നായി രൂപകൽപ്പന ചെയ്യുമ്പോൾ അവരുടെ വികാരങ്ങൾ കണക്കിലെടുക്കാറില്ല.പാർപ്പിടങ്ങൾ ആരോഗ്യകരമായ കെട്ടിടങ്ങ ളാക്കി മാറ്റുന്നതിന് പട്ടികവർഗ സൗഹൃദ പാർപ്പിട സങ്കൽപ്പത്തിലേക്ക് നീങ്ങണം.

## തദ്ദേശഭരണസ്ഥാപനത്തിലെ അനുകൂല സംവിധാനങ്ങൾ

**ഊരുകൂട്ടം –** പട്ടികവർഗ ഉപപദ്ധതി വിഹിതം ലഭിക്കുന്ന തദ്ദേശ ഭരണസ്ഥാപനങ്ങൾ പദ്ധതി ആസൂത്രണ ഗ്രാമസഭകൾ ചേരുന്നതിന് മുമ്പായി പട്ടികവർഗ ഊരുകളിൽ ഗ്രാമസഭായോഗത്തിന് നിശ്ചയിച്ചിട്ടുള്ള കാര്യപരിപാടിക്ക് സമാനമായ രീതിയിൽ ഊരുമൂപ്പന്റെ അദ്ധ്യക്ഷതയിൽ ഊരുകൂട്ടയോഗങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. ഊരുകൂട്ട യോഗങ്ങൾ ചേരുന്നതിനുള്ള മാർഗരേഖ ഇനി പറയുന്നു.

ഊരിലെ ആകെ വോട്ടർമാരിൽ 50% ത്തിലധികം അംഗങ്ങൾ നിർബന്ധമായും പങ്കെടുക്കണം, ബന്ധപ്പെട്ട തദ്ദേശസ്ഥാപന മേധാവി, അംഗം എല്ലാ ഊരുകൂട്ടത്തിലും പങ്കെടുക്കണം, ഊരുകൂട്ടയോഗം വിളിച്ചുചേർക്കുന്നതിനുള്ള സഹായപ്രവർത്തനങ്ങൾ എസ് ടി പ്രമോട്ടർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നേതൃപരമായ പങ്ക് വഹിക്കേണ്ടതാണ്. ഊരുകൾക്ക് പുറത്ത് അങ്ങിങ്ങായി താമസിക്കുന്ന പട്ടികവർഗക്കാരായ പ്രായപൂർത്തിയായവരേയും ഊരുകൂട്ടത്തിലേക്ക് ക്ഷണിക്കേണ്ടതാണ്. നടപ്പാക്കേണ്ട പ്രോജക്ടുകളുടെ മുൻഗണന ഊരുകൂട്ടയോഗം നിശ്ചയിക്കേണ്ടതും, രേഖപ്പെടുത്തേണ്ടതുമാണ്. ഓരോ ഊരുകൂട്ടയോഗത്തിൽ നിന്നും ഒരു വനിതയുൾപ്പടെ രണ്ട്പേരെ വികസന സെമിനാറിലേക്ക് പ്രതിനിധികളാക്കേണ്ടതാണ്. ഊരുകൂട്ടം ചേർന്നുവേണം ആസൂത്രണപ്രവർത്തനങ്ങളും, ഗുണഭോക്തൃ തിരഞ്ഞെടുപ്പും നടത്തേണ്ടത് എന്നത് നിർബന്ധ വ്യവസ്ഥയാണ്. ഊരുകൂട്ടയോഗങ്ങൾ ചേരുന്നതിനു മുമ്പേ വ്യാപകമായ പ്രചരണം നടത്തേണ്ടതാണ്. ഊരുകളിൽ നടപ്പാക്കുന്നതിന് നിർദ്ദേശിക്കുന്ന പ്രോജക്ടുകളുടെ മുൻഗണന അതത് ഊരുകൂട്ടങ്ങളിൽ നിശ്ചയിക്കണം. ഊരുകൂട്ടം നിശ്ചയിക്കുന്ന മുൻഗണനകൾ പൊതു ഗ്രാമസഭാ യോഗങ്ങളിൽ റിപ്പോർട്ട് ചെയ്യണം. പട്ടികവർഗ ഉപപദ്ധതിയുടെ ആസൂത്രണത്തിൽ നിർണ്ണായകമായ സ്ഥാനമാണ് ഊരുകൂട്ടത്തിനുള്ളത്. ഊരുകൂട്ട യോഗത്തിന്റെ തീരുമാനങ്ങളും മുൻഗണനകളും മാറ്റാൻ ആർക്കും അധികാരമില്ല.

**എസ് ടി പ്രമോട്ടർ:** പട്ടിക വർഗക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാരിനേയും തദ്ദേശ ഭരണ സ്ഥാപനങ്ങളേയും സഹായിക്കാൻ പട്ടികവർഗ

ഊരുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന പട്ടികവർഗ സേവകരാണ് എസ് ടി പ്രമോട്ടർമാർ. വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളായ പ്രമോട്ടർമാർക്ക് ഉപപദ്ധതി രൂപീകരണത്തിനും നിർവഹണത്തിലും മുഖ്യമായ ചുമതലയാണുള്ളത്. ചുമതലയുള്ള ഊരുകൂട്ട യോഗങ്ങളിൽ നിർബന്ധമായും പ്രമോട്ടർ പങ്കെടുത്തിരിക്കണം. പട്ടികവർഗ വകുപ്പുകളിൽ നിന്നും വരുന്ന നിർദ്ദേശങ്ങളും ഉത്തരവുകളും യഥാസമയം പട്ടികവർഗക്കാർക്ക് ലഭ്യമാക്കണം.

## തദ്ദേശഭരണസ്ഥാപനങ്ങളുടെ ചുമതലകൾ

### ഗ്രാമപഞ്ചായത്ത്

ടി എസ് പി യുടെ കീഴിൽ ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികൾ നടപ്പിലാക്കുക, പട്ടികവർഗങ്ങൾക്കായി നഴ്സറി സ്കൂളുകൾ നടത്തുക, പട്ടികവർഗ വാസകേന്ദ്രങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുക, പട്ടിക വർഗ വിദ്യാർത്ഥികൾക്ക് പഠനസഹായങ്ങൾ നൽകുക, പട്ടികവർഗങ്ങൾക്ക് ആവശ്യമുള്ളപ്പോൾ വിവേചനാധിഷ്ഠിത സഹായം നൽകുക എന്നിവ ഗ്രാമപഞ്ചായത്തിന്റെ ചുമതലകളാണ്.

### ബ്ലോക്ക് പഞ്ചായത്ത്

പ്രീ-മെട്രിക് ഹോസ്ററലുകൾ നടത്തുക, പട്ടിക വർഗക്കാർക്കുവേണ്ടിയുള്ള സഹകരണസംഘങ്ങൾ വളർത്തുക എന്നിവ.

### ജില്ലാ പഞ്ചായത്ത്

പോസ്റ്റ്മെട്രിക്ക് ഹോസ്റ്റലുകൾ നടത്തുക, പട്ടികവർഗക്കാർക്കായുള്ള തൊഴിലധിഷ്ഠിത പരിശീലനകേന്ദ്രങ്ങളുടെ നിയന്ത്രണം എന്നിവ.

### നഗരസഭകൾ

പട്ടികവർഗ ഉപപദ്ധതിയുടെ കീഴിൽ ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികൾ നടപ്പിലാക്കുക, പട്ടികവർഗങ്ങൾക്കായി നഴ്സറി സ്കൂളുകൾ നടത്തുക, പട്ടികവർഗ വാസകേന്ദ്രങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുക, പട്ടിക വർഗവിദ്യാർത്ഥികൾക്ക് പഠനസഹായങ്ങൾ നൽകുക, പട്ടികവർഗങ്ങൾക്ക് ആവശ്യമുള്ളപ്പോൾ വിവേചനാധിഷ്ഠിത സഹായം നൽകുക, പ്രീ-മെട്രിക് ഹോസ്റ്റലുകൾ നടത്തുക, പട്ടിക വർഗക്കാർക്കുവേണ്ടിയുള്ള സഹകരണസംഘങ്ങൾ നടത്തുക, പോസ്റ്റ്മെട്രിക്ക് ഹോസ്റ്റലുകൾ നടത്തുക, പട്ടികവർഗക്കാർക്കായുള്ള തൊഴിലധിഷ്ഠിത പരിശീലനകേന്ദ്രങ്ങളുടെ നിയന്ത്രണം എന്നിവ നഗരസഭയുടെ ചുമതലകളാണ്.

### പട്ടികവർഗ ഉപപദ്ധതി

പൊതുവികസന പ്രവർത്തനങ്ങളുടെ ഭാഗമായി പട്ടികവർഗക്കാരുടെ വികസനം സ്വാഭാവികമായി നടക്കില്ല എന്നും ഇവരുടെ സമഗ്രവികസനത്തിനായി പ്രത്യേക

ആസൂത്രണം തന്നെ വേണമെന്നുള്ള അഭിപ്രായഗതിയുടെ ഭാഗമായാണ് പട്ടിക വർഗ ക്കാർക്ക് വേണ്ടി അഞ്ചാം പദ്ധതിക്കാലത്ത് പ്രത്യേക ഉപപദ്ധതി  നടപ്പിലാക്കിയ ത്. എട്ടാം പദ്ധതിവരെ ഉദ്യോഗതലത്തിൽ ഒതുങ്ങിനിന്ന പട്ടികവർഗ ഉപപദ്ധതി (ട്രൈബൽ സബ് പ്ലാൻ - ടി എസ് പി) ഒമ്പതാം പദ്ധതിയോടുകൂടി ജനകീയമായ പദ്ധതിയായി മാറി. പട്ടികവർഗ ഉപപദ്ധതിക്കായി സർക്കാർ നീക്കിവെച്ച തുകയിൽ ഒരുഭാഗം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നൽകുകയും വികേന്ദ്രീകൃതാസൂത്രണ പ്രക്രിയ യുടെ ഭാഗമായി പദ്ധതിയുടെ ആസൂത്രണം, നിർവഹണം എന്നിവ നടക്കുകയും ചെയ്തു.

## പട്ടികവർഗ ഉപപദ്ധതി – മാർഗ നിർദേശങ്ങൾ

വ്യക്തികൾക്കും കുടുംബങ്ങൾക്കും നേരിട്ട് പ്രയോജനം ലഭിക്കുന്ന പദ്ധതികൾ ഏറ്റെടുക്കാം. പൊതുസൗകര്യ വികസനത്തിനായുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാം ഉദാ- കുടിവെള്ളം, വൈദ്യുതി, നടപ്പാത മുതലായവ. പൊതുസൗകര്യ പ്രോജക്ടുകളുടെ ഗുണഭോക്താക്കൾ 50% പട്ടികവർഗക്കാരായിരിക്കണം. പട്ടികവർഗ ഉപപദ്ധതി വിഹിതം റോഡ് നിർമ്മാണത്തിന് ഉപയോഗിക്കരുത്, പാട്ടകൃഷി ചെയ്യുന്നതിന് കുടുംബങ്ങൾക്ക് ധനസഹായം നൽകാം, യുവതീ യുവാക്കളുടെ വിദ്യാഭ്യാസം, വിദേ ശത്ത് തൊഴിൽ നേടൽ, സ്വയംതൊഴിൽ പദ്ധതികൾ, തൊഴിൽ പരിശീലനങ്ങൾ, കായികവികസനം, വരുമാനവർദ്ധന സംരംഭങ്ങൾ മുതലായവ പ്രോത്സാഹിപ്പിക്ക ണം. വരുമാന വർദ്ധന പ്രോജക്ടുകൾക്ക് മുൻഗണന നൽകണം, ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പദ്ധതികൾ ഉണ്ടാകണം, പട്ടിക വർഗ വിഭാഗങ്ങളിൽ നിന്ന് ഉയർന്നു വരുന്ന പ്രതിഭകൾക്ക് പ്രോത്സാഹനം നൽകണം. അഗതി കുടുംബങ്ങൾക്ക് പരിചരണ സേവന പാക്കേജിന് 50% തുക വകയിരുത്തണം, പശ്ചാത്തല വികസന പ്രോജക്ടുകൾക്ക് സാമൂഹിക ഭൂപടവും ഫീസിബിലിറ്റി സർട്ടിഫിക്കറ്റും നിർബന്ധം. പട്ടികവർഗ ഉപപദ്ധതി വിഹിതം ചെലവഴിക്കാത്ത തദ്ദേശഭരണസ്ഥാപനങ്ങളുടെ അടുത്ത സാമ്പത്തിക വർഷത്തിലെ പൊതുപദ്ധതി വിഹിതത്തിൽ നിന്നും ആനുപാ തിക തുക കഴിച്ച് ഉപപദ്ധതി വിഹിതത്തിൽ ചേർക്കുന്നതാണ്. ഉപപദ്ധതി വിഹിതം റോഡ് നിർമ്മാണത്തിന് ഉപയോഗിക്കാൻ പാടില്ല, നടപ്പാതകളും/നടപ്പാലങ്ങളും നി ർമ്മിക്കാം. പശ്ചാത്തല മേഖലയ്ക്ക് പരമാവധി 20% മാത്രമേ ചെലവഴിക്കാവൂ. ജലനിധി പരിപാടി നടപ്പിലാക്കിയ സ്ഥലങ്ങളിൽ ഉപപദ്ധതിപ്രകാരമുള്ള കുടിവെള്ള വിതരണ പ്രോജക്ടുകൾ ഏറ്റെടുക്കരുത്. 50%ത്തിൽ കുറയാത്ത തുക പരമദരിദ്രർക്കുള്ള പരിചര ണസേവന പാക്കേജിന് വകയിരുത്തേണ്ടതാണ്. ഊരുകൂട്ടത്തിന്റെ തീരുമാനങ്ങളും, മുൻഗണനകളും അവരുടെ അനുമതിയില്ലാതെ മാറ്റാൻ പാടുള്ളതല്ല.

## ഉപപദ്ധതിയുടെ ലക്ഷ്യം

പട്ടികവർഗ സമൂഹത്തിന്റെ ശാക്തീകരണം, പങ്കാളിത്തം, ഈ വിഭാഗങ്ങളുടെ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച് അഭിപ്രായം പ്രകടിപ്പിക്കാനും തീരുമാന മെടുക്കാനും അവർക്ക് അവസരം, പട്ടികവർഗക്കാർക്കനുസൃതമായ, ജീവിതസാഹച ര്യങ്ങൾക്കനുസരിച്ചുള്ള പദ്ധതികളുടെ രൂപീകരണം, ഗുണമേന്മയുള്ളതും പങ്കാളിത്ത പരവുമായ ആസൂത്രണം, നിർവഹണ സംവിധാനങ്ങളുടെ സുതാര്യത, അഴിമതിയും

വിഭവചോർച്ചയും തടയൽ, ഫലപ്രദമായ മോണിട്ടറിംഗിലൂടെ പരമാവധി സാമൂഹിക നേട്ടം.

## ഉപപദ്ധതിയുടെ പ്രത്യേകതകൾ

പട്ടികവർഗ ജനസംഖ്യാനുപാതികമായി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക ഫണ്ട്, സാമ്പത്തിക വികസനം, സാമൂഹിക വികസനം, പശ്ചാത്തല സൗകര്യ വികസനം ലക്ഷ്യമാക്കിയുള്ള പദ്ധതികൾക്ക് മുൻഗണന, വ്യക്തികൾക്കും കുടുംബങ്ങൾക്കും നേരിട്ട് പ്രയോജനം, പട്ടിക വർഗ ഊരുകളിൽ പൊതു സൗകര്യ വികസനം, പദ്ധതി വിഹിതം പാഴാക്കരുത്, വക മാറ്റരുത്. പട്ടികവർഗ അഗതി കുടുംബങ്ങൾക്ക് പ്രത്യേക പരിചരണ പാക്കേജ്.

## പരിചരണ സേവനങ്ങളുടെ പാക്കേജ്

പട്ടികവർഗ വിഭാഗത്തിൽ പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ അഗതി കുടുംബങ്ങളെ നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം കണ്ടെത്തി അവർക്ക് പരിചരണ സേവനങ്ങളുടെ പാക്കേജ് പ്രകാരം പദ്ധതികൾ ആവിഷ്ക്കരിക്കണം. 65 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ പട്ടികവർഗ അഗതികൾക്കും ഭക്ഷ്യധാന്യം സൗജന്യമായി നൽകൽ, വിവിധ രോഗങ്ങൾ പിടിപെടുന്നവർക്ക് മെച്ചപ്പെട്ട ചികിത്സ, സൗജന്യമായി മരുന്ന് എന്നിവ നൽകൽ. ഭിന്നശേഷി വിഭാഗങ്ങൾക്ക് ആശ്വാസ പദ്ധതികൾ, അഗതികൾക്ക് സാമൂഹിക സുരക്ഷാ പെൻഷൻ ലഭ്യമാക്കൽ, വയോജനങ്ങളുടെ ക്ഷേമ പരിപാടികൾ, ഭൂരഹിതരായ പട്ടികവർഗ അഗതി കുടുംബങ്ങൾക്ക് വീട് വെക്കാൻ ഭൂമി നൽകൽ, ഭവനരഹിതരായവർക്ക് വീട് വെക്കാൻ ധനസഹായം. ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പാക്കൽ, വിദ്യാർത്ഥികളുടെ എൻറോൾമെന്റ്, കൊഴിഞ്ഞുപോക്ക് തടയൽ, പഠനോപകരണങ്ങൾ നൽകൽ, പ്രത്യേക കോച്ചിംഗ് ഉൾപ്പടെയുള്ള വിദ്യാഭ്യാസ പരിപാടികൾ. സാമൂഹികമായ ഒറ്റപ്പെടൽ ഒഴിവാക്കുന്നതിന് പട്ടികവർഗ അയൽക്കൂട്ടങ്ങളുടെ രൂപീകരണം, സർഗവാസന വികസിപ്പിക്കാൻ, ശേഷിവർദ്ധിപ്പിക്കാൻ അനുയോജ്യമായ കൗൺസലിംഗ്.

## പട്ടികവർഗ വിഭാഗങ്ങൾക്കുള്ള ക്ഷേമപദ്ധതികൾ

പട്ടികവർഗ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകുന്ന പരിപാടികൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്. പട്ടികവർഗ യുവാക്കൾക്കും യുവതികൾക്കും വിദേശത്ത് തൊഴിൽ ലഭ്യമാകുന്ന പക്ഷം തൊഴിൽ വിസയും വിമാനടിക്കറ്റും ഹാജരാക്കുന്ന മുറയ്ക്ക് ഒരുലക്ഷം രൂപ വരെ ധനസഹായം ലഭിക്കുന്നതാണ്. സംസ്ഥാനസർക്കാരോ, കേന്ദ്രസർക്കാരോ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്നതായ എല്ലാതരം കോഴ്സുകളിലേക്കും യോഗ്യതനേടി പഠനം നടത്തുന്നതായ എല്ലാ പട്ടിക വർഗ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് ലഭിക്കുന്നതാണ്. പട്ടികവർഗ വിഭാഗത്തിൽപ്പെട്ട മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് ദേശീയ-അന്തർദേശീയ സർവ്വകലാശാലകളിൽ അഡ്മിഷൻ ലഭിച്ചാൽ അഡ്മിഷൻ

ഉൾപ്പടെയുള്ള ചെലവുകൾക്കായി ധനസഹായം നൽകാവുന്നതാണ്. പട്ടികവർഗ വിദ്യാർത്ഥികൾക്ക് പഠനത്തിനായി മേശ, കസേര വാങ്ങിനൽകുന്നതിന് ധനസഹായം നൽകാവുന്നതാണ്. കൂടാതെ ബിരുദം, ബിരുദാനന്തര ബിരുദം തുടങ്ങിയവയിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകാവുന്നതാണ്. സ്കോളർഷിപ്പ് പരീക്ഷയ്ക്ക് പരിശീലനം നൽകുന്നതിനും, സൈനിക സ്കൂൾ, നവോദയ, ജിവിരാജ സ്പോർട്ട്സ് സ്കൂൾ എന്നീ സ്ഥാപനങ്ങളുടെ പ്രവേശന പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിനും പട്ടികവർഗ ഫണ്ട് ഉപയോഗിക്കാവുന്നതാണ്. ഈ വിഭാഗത്തിലെ യുവാക്കളുടെ ഗ്രൂപ്പുകൾക്കോ, സമിതികൾക്കോ വാദ്യോപകരങ്ങൾ വാങ്ങിനൽകാവുന്നതാണ്, അഞ്ച് ശതമാനം ഗുണഭോക്തൃവിഹിതമായി വാങ്ങേണ്ടതാണ്. പ്രതിഭ തെളിയിച്ച പ്രതിഭാധനരരായ പട്ടികവർഗ വിഭാഗങ്ങളിലുള്ളവർക്ക് സാമൂഹികവും സാമ്പത്തികവുമായ പിന്തുണ നൽകാവുന്നതാണ്. പട്ടിക വർഗ വിദ്യാർത്ഥികൾക്ക് 100 ച.അടിയിൽ അധികരിക്കാത്ത പഠനമുറി വീടിനോട് ചേർന്ന് നിർമ്മിക്കാവുന്നതാണ്. പട്ടികവർഗ കോളനികളിൽ പഠനമുറികൾ പണിയാൻ സൗകര്യമില്ലാത്തിടങ്ങളിൽ സമൂഹ പഠനകേന്ദ്രങ്ങൾ നിർമ്മിച്ച് പഠന സൗകര്യം ഒരുക്കേണ്ടതാണ്. ബാലവാടി കം ഫീഡിംഗ് സെൻറർ - പഠനോപകരണങ്ങൾ, യൂണിഫോം, ഭക്ഷണം എന്നിവ പട്ടിക വർഗ വകുപ്പിലെ നിബന്ധനയനുസരിച്ച് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്. ജില്ലാ/യൂണിവേഴ്സിറ്റിതല മത്സരങ്ങളിലെ വിജയികൾക്ക് ഡാൻസ് കിറ്റ്, സ്പോർട്ട്സ് കിറ്റ് മറ്റു ഉപകരണങ്ങൾ നൽകാവുന്നതാണ്. പട്ടികവർഗ എച്ച് എസ് എസ് വിദ്യാർത്ഥികൾക്ക് വർഷത്തിൽ നാല് പ്രാവശ്യം കരിയർ ഗൈഡൻസ് ക്ലാസ്സുകൾ നൽകാവുന്നതാണ്.

പട്ടികവർഗ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് വർഷത്തിൽ നാല് പ്രാവശ്യം രണ്ട് മണിക്കൂർ വീതം വ്യക്തിത്വവികാസം, നേതൃപാടവം, മോട്ടിവേഷൻ ക്ലാസ്സുകൾ നൽകാവുന്നതാണ്. പട്ടികവർഗ വിഭാഗത്തിലെ എസ് എസ് എൽ സി പരീക്ഷ വിജയിച്ചവർ തുടങ്ങി ഉയർന്ന യോഗ്യതയുള്ളതും തൊഴിൽ തൽപ്പരരുമായ യുവതീ യുവാക്കൾക്ക് തൊഴിൽ പരിശിലനം നൽകാവുന്നതാണ്. പട്ടികവർഗ സഹകരണ സംഘങ്ങൾക്ക് നിർദ്ദിഷ്ട മേഖലയിൽ ധനസഹായം നൽകി ഊരുകളെ സ്വയം പര്യാപ്തമാക്കുന്ന പദ്ധതി ഏറ്റെടുക്കുവാൻ ഒരു സംഘത്തിന് നാല് ലക്ഷം രൂപ വരെ ധനസഹായം ലഭ്യമാകുന്നതാണ്. സംരംഭകത്വ പ്രോത്സാഹനത്തിന് റിവോൾവിംഗ് ഫണ്ടും പലിശ സബ്സിഡിയും നൽകി പ്രോത്സാഹിപ്പിക്കേണ്ടതാണ്. കൂടാതെ ഭൂമി വാങ്ങുന്നതിനും, ഭവനനിർമ്മാണം, വീട് റിപ്പയർ, വയറിംഗ് എന്നിവക്ക് സർക്കാരിന്റെ മാർഗ നിർദ്ദേശങ്ങൾക്കനുസൃതമായി ധനസഹായം നൽകാവുന്നതാണ്. ജൈവവളം, രാസവളം, ജൈവകീടനാശിനികൾ, വിത്തുകൾ, തൈകൾ എന്നിവ വാങ്ങുന്നതിന് 100% ഉം, സംഘങ്ങൾക്ക് യന്ത്രം വാങ്ങാൻ 90%, ജലസേചനകിണർ 75 - 100%, പമ്പ് സെറ്റ് എന്നിവയ്ക്ക് 100% ഉം കാർഷിക ധനസഹായം ലഭിക്കുന്നതാണ്.

വനംവകുപ്പ് വഴി ലഭിക്കുന്ന സേവനങ്ങൾ - ഭവനനിർമ്മാണത്തിന് സൗജന്യമായി തടി, വനവിഭവശേഖരണത്തിന് സഹകരണസംഘങ്ങൾക്ക് പാസ്, കരകൗശല തൊഴിലാളികൾക്ക് മുള, ഈറ്റ വെട്ടുന്നതിന് പാസ്, വന്യജീവി ആക്രമണത്തിനുള്ള നഷ്ടപരിഹാരം എന്നിവ വനംവകുപ്പ് വഴി ലഭ്യമാകുന്നതാണ്.

## കേന്ദ്രാവിഷ്കൃത പദ്ധതികൾ

### പ്രധാൻമന്ത്രി ആവാസ് യോജന (പി എം എ വൈ)

ഭൂരഹിത വനരഹിതർക്ക് സ്ഥലവും വീടും ലഭ്യമാക്കുക, വനരഹിതർക്ക് വീട് ലഭ്യമാക്കുക, പുനരുദ്ധാരണം നടത്തുക. പുതിയ വീട് നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്ക് 70,000 രൂപയാണ്.

### വർക്ക്ഷെഡ് പദ്ധതി

വർക്ക് ഷെഡ് പണിയാൻ ധനസഹായം നൽകുന്നതിനുള്ള പദ്ധതി ഖാദി മേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികളാണ് ഇതിന്റെ ഗുണഭോക്താക്കൾ. അഞ്ച് മുതൽ 15 പേർ അടങ്ങുന്ന ഖാദി തൊഴിലാളികളുടെ സംഘമാണ് ഷെഡ് നിർമ്മിക്കുക. നിർമ്മാണചെലവിന്റെ 75% ലഭ്യമാകും. ഖാദി വില്ലേജ് ഇൻഡസ്ട്രീസ് പരിശോധിച്ച് അർഹത ബോധ്യപ്പെട്ടാൽ രണ്ട് ഘട്ടമായി പണം ലഭിക്കും.

### ട്രൈബൽ ഹെൽത്ത് പ്രോഗ്രാം

പട്ടികവർഗമേഖലയിൽ പ്രത്യേക ആരോഗ്യക്യാമ്പുകൾ സംഘടിപ്പിക്കുന്നു. സിക്കിൾസെൽ അനീമിയക്കെതിരെ (അരിവാൾ രോഗം) സമഗ്ര ആരോഗ്യ പരിപാടി തയ്യാറാക്കിയിട്ടുള്ളതിന് പുറമേ പാലക്കാട്, വയനാട് ജില്ലകളിൽ പ്രത്യേക പ്രോജക്ടും നടപ്പാക്കി വരുന്നു.

### ജനനി ശിശു സുരക്ഷ പദ്ധതി

പ്രസവ ശുശ്രൂഷ ലഭ്യമാക്കുന്ന സർക്കാർ ആരോഗ്യസ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്നു. അമ്മമാർക്ക് 42 ദിവസവും നവജാത ശിശുക്കൾക്ക് 30 ദിവസവും സൗജന്യ ചികിത്സ ലഭിക്കുന്നു. പ്രസവത്തിനെത്തുന്ന സ്ത്രീകൾക്ക് യാത്രാചെലവ്, ആശുപത്രിയിലെ താമസം, ഭക്ഷണം, മരുന്നുകൾ, രക്തം, ലാബോറട്ടറി ചെലവുകൾ തുടങ്ങി എല്ലാം സൗജന്യമാണ്.

**പാഠഭാഗം – സംക്ഷിപ്തം**

1. പട്ടികവർഗ വിഭാഗങ്ങളുടെ ഭരണഘടനാപരമായ പ്രത്യേക അവകാശങ്ങൾ.
2. ഇന്ത്യൻ ഭരണഘടനയിലെ പട്ടികവർഗ വിഭാഗങ്ങളുടെ സംരക്ഷണത്തിനായുള്ള വിവിധ വകുപ്പുകൾ.
3. പട്ടികവർഗക്കാർക്ക് വേണ്ടിയുള്ള പ്രത്യേക അവകാശങ്ങളും സംരക്ഷണങ്ങളും.

4. പട്ടികവർഗ വികസനപ്രവർത്തനങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുള്ള ചുമതലകൾ.
5. തദ്ദേശഭരണ പശ്ചാത്തല വികസനവും ഊരുകളും.
6. പട്ടികവർഗ ഉപപദ്ധതി - മാർഗ നിർദേശങ്ങൾ, ലക്ഷ്യങ്ങൾ, പ്രത്യേകതകൾ.
7. പട്ടികവർഗക്കാർക്ക് വേണ്ടിയുള്ള പ്രത്യേക ക്ഷേമപദ്ധതികൾ.

### പഠന പുരോഗതി വിലയിരുത്തൽ : രണ്ട്

I. **ഒറ്റവാക്കിൽ ഉത്തരമെഴുതുക** (ഒരു മാർക്ക് വീതം)

1. ഭരണഘടനയുടെ ഏത് അനുച്ഛേദപ്രകാരമാണ് പട്ടികവർഗ വിഭാഗങ്ങളെ പട്ടികപ്പെടുത്തിയിട്ടുള്ളത്?
2. കേരള ജനസംഖ്യയുടെ എത്ര ശതമാനമാണ് പട്ടികവർഗ വിഭാഗക്കാർ?
3. തൊട്ടുകൂടായ്മ നിരോധിക്കുന്ന ഇന്ത്യൻ ഭരണഘടനാ അനുച്ഛേദം ഏത്?
4. വനാവകാശ നിയമം പാസ്സാക്കിയ വർഷം?

II. **ഒന്നോ രണ്ടോ വാചകത്തിൽ ഉത്തരം എഴുതുക** (രണ്ട് മാർക്ക് വീതം)

1. TSP യുടെ പൂർണ്ണരൂപം?
2. ഊരുകൂട്ടം എന്നാൽ എന്ത്?
3. ട്രൈബൽ ഹെൽത്ത് പ്രോഗ്രാം എന്നാൽ എന്ത്?
4. പട്ടികവർഗ വികസനത്തിനായി ബ്ലോക്ക് പഞ്ചായത്തിനു കീഴിൽ വരുന്ന സ്ഥാപനങ്ങൾ എന്തെല്ലാം?

III. **ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക** (അഞ്ച് മാർക്ക് വീതം)

1. കേരളത്തിൽ പട്ടികവർഗക്കാരുടെ അടിസ്ഥാന പ്രശ്നങ്ങൾ വിവരിക്കുക.
2. സേവനമേഖലയിൽ പട്ടികവർഗ ഉപപദ്ധതിൽ ഏറ്റെടുക്കാവുന്ന വികസനപ്രവർത്തനങ്ങൾ വിവരിക്കുക.
3. പട്ടികവർഗ ഉപപദ്ധതിയുടെ പ്രത്യേകതകൾ എന്തെല്ലാം?
4. എസ് ടി പ്രമോട്ടറുടെ ചുമതലകൾ എന്തെല്ലാം?

## 6. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ

മത്സ്യത്തൊഴിലാളികൾ എന്നാൽ മത്സ്യബന്ധനം മുഖ്യഉപജീവനമായി സ്വീകരിച്ചിരിക്കുന്നവർ, മത്സ്യത്തൊഴിലാളി വിധവകൾ, തലച്ചുമട്, സൈക്കിൾ എന്നിവ വഴി മത്സ്യക്കച്ചവടം നടത്തുന്ന കുടുംബങ്ങളിലെ മത്സ്യത്തൊഴിലാളികൾ. മത്സ്യമേ

ഖല സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ നിർണ്ണായകമായ പങ്കുവഹിക്കുന്നുണ്ട്. മത്സ്യോൽപ്പാദനത്തിന്റെ കാര്യത്തിൽ ദേശീയ തലത്തിൽ ഇന്നും മുഖ്യ പങ്കുവഹിക്കുന്ന സംസ്ഥാനമാണ് കേരളം. മൂന്ന് ലക്ഷം ആളുകൾക്ക് നേരിട്ടും നാല് ലക്ഷം ആളുകൾക്ക് പരോക്ഷമായും ഈ മേഖല തൊഴിൽ നൽകുന്നു. സ്വന്തമായി ഒരു സെന്റ് ഭൂമി പോലു മില്ലാത്തവർ നിരവധി. 25% ആളുകൾ ഇപ്പോഴും വാസയോഗ്യമല്ലാത്ത വീടുകളിൽ താ മസിക്കുന്നു. കുടിവെള്ള ലഭ്യത തീരെ കുറവ്. വിദ്യാഭ്യാസപരമായി വളരെ പിന്നാക്കം. സാക്ഷരതപോലും സംസ്ഥാന ശരാശരിയേക്കാൾ വളരെ താഴെ. ആരോഗ്യനിലവാര സൂചികകൾ വളരെ പരിതാപകരം. ജലജന്യരോഗങ്ങളും തൊഴിൽ ജന്യരോഗങ്ങളും വ്യാപകം. വളരെ ശോചനീയമാണ് മത്സ്യമേഖലയിലെ ജനജീവിതം. വിവിധവിഭാഗം മത്സ്യത്തൊഴിലാളികൾ, അവസരങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന മത്സ്യത്തൊഴിലാളി സ്ത്രീകൾ, വിവേകരഹിതവും അശാസ്ത്രീയവുമായ മത്സ്യബന്ധനരീതികൾ, ജലമലിനീ കരണം, വർദ്ധിച്ച ഉൽപ്പാദനച്ചെലവ്, ഇടനിലക്കാരുടെ ചൂഷണം, വർദ്ധിച്ച കടബാദ്ധ്യത അങ്ങനെ പോകുന്നു പ്രശ്നങ്ങൾ. ഇവരുടെ പ്രശ്നങ്ങൾ കണ്ടില്ലെന്ന് നടിക്കാൻ നമ്മുടെ തദ്ദേശ സ്വയംഭരണ സംവിധാനത്തിന് കഴിയില്ല. ഭരണഘടനാപരമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ അധികാരങ്ങളും ഉത്തരവാദിത്ത ങ്ങളും മത്സ്യമേഖലയിലെ അടിസ്ഥാനപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹായക മാണ്. മത്സ്യമേഖലയ്ക്കുള്ള പ്രാദേശികപദ്ധതി തുക ഉൽപ്പാദനമേഖലയിലാണ് വക യിരുത്തുന്നത്. മത്സ്യമേഖലയിലെ സേവന-ക്ഷേമ-വികസന പരിപാടികളെല്ലാം ഇതിൽപ്പെടും.

വളരെയധികം പ്രാധാന്യം അർഹിക്കുന്ന ഒരു പ്രകൃതി വിഭവമാണ് മത്സ്യവിഭവം. മഹാഭൂരിപക്ഷത്തിനും മത്സ്യം എന്നാൽ ഒരു ആഹാര പദാർത്ഥമാണ്. എന്നാൽ ഒരു വിഭാഗം മനുഷ്യർക്ക് അതവരുടെ ജീവനോപാധിയാണ്. ഏറ്റവും സാഹസികവും അപകടകരവുമായ തൊഴിലാണ് മത്സ്യബന്ധനം. കേരളത്തിന്റെ മത്സ്യമേഖലയെ പ്രധാനമായും രണ്ടായി തിരിക്കാം. കടൽ മേഖലയും ഉൾനാടൻ മത്സ്യമേഖലയും. ഇതിൽ മത്സ്യബന്ധനം കൂടുതലും കടൽമേഖലയുമായി ബന്ധപ്പെട്ടാണ് നടക്കുന്നത്. കടലോരത്ത് വസിക്കുന്നവരുടെ ഉപജീവമാർഗം മത്സ്യബന്ധനമാണ്. ചില സമുദാ യങ്ങളെ സംബന്ധിച്ചിടേത്തോളം കുലത്തൊഴിലാണ് മത്സ്യബന്ധനം.

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്താ നുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി, വിവിധ കാലങ്ങളായി അവരുടെ തൊഴിലും തൊഴിലുപകരണങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളും ഉണ്ടായി. 1953 ലെ ഇന്തോ-നോർവീജിയൻ പ്രോജക്ടിലൂടെയാണ് മത്സ്യ മേഖലയിൽ യന്ത്രവൽക്കരണം ആരംഭിച്ചത്. എൺപതുകളിലാണ് പരമ്പരാഗത മേഖലയിൽ മോട്ടോർവൽക്കരണം ആരംഭിച്ചത്. സാധാരണ വള്ളങ്ങളിൽ (ഉരുക്കൾ) ഔട്ട് ബോഡ് എഞ്ചിൻ ഘടിപ്പി ച്ചുകൊണ്ടു പരമ്പരാഗത മത്സ്യബന്ധനം യന്ത്രവൽക്കൃതമാക്കി. പുതിയതരം വലകൾ, മത്സ്യാകർഷണ വിളക്കുകൾ എന്നിവയും ഈ കാലഘട്ടത്തിൽ ലഭ്യമാക്കി.

യന്ത്രവൽക്കരണം മത്സ്യബന്ധന മേഖലയിൽ വലിയ മാറ്റങ്ങൾക്ക് കളമൊരുക്കി. ട്രോളിംഗ്, പേഴ്സിൻ വല എന്നിവയുടെ വരവോടു കൂടി മത്സ്യ ഉൽപ്പാദനം വർധിച്ചു. പേഴ്സിൻ വലകൾ (Perseine Boat Operation) സമുദ്രത്തിന്റെ അടിത്തട്ടിലുള്ള മത്സ്യ

ങ്ങളെ പിടിക്കുന്നത് സാധ്യമാക്കി. ചെമ്മീൻ പോലുള്ള മത്സ്യങ്ങളുടെ വിപണനം വൻ ലാഭമുള്ള ബിസിനസ്സായി മാറിയപ്പോൾ വൻകിട ബിസിനസുകാർ മത്സ്യമേഖലയിലേക്ക് ശ്രദ്ധ കേന്ദ്രീകരിച്ചു. സ്റ്റോറേജ് സൗകര്യങ്ങൾ, ഐസ് പ്ലാന്റുകൾ, മത്സ്യ സംസ്കരണ സംവിധാനങ്ങൾ എന്നിവ ഒരുക്കുന്നതിലും മാർക്കറ്റിങ്ങിലും കുത്തകകൾ വൻവിജയം നേടി. ഇവരോട് മത്സരിക്കാൻ പാരമ്പര്യ മത്സ്യത്തൊഴിലാളികൾക്ക് കഴിയാതെ വന്നു. ഔട്ട് ബോഡ് എഞ്ചിൻ പ്രവർത്തിപ്പിക്കുന്നതിനുള്ള ഇന്ധനത്തിന്റെ വിലവർദ്ധനവിന് ആനുപാതികമായി ഇവർ പിടിക്കുന്ന മത്സ്യത്തിന് വിലകിട്ടാതായി. ഇടത്തട്ടുകാർ മത്സ്യത്തിന് വില നിശ്ചയിക്കുന്ന രീതി വന്നു. കുറഞ്ഞ വിലയ്ക്ക് മത്സ്യത്തൊഴിലാളികളിൽ നിന്നും വാങ്ങുന്ന മത്സ്യം അവർ കൂടിയ വിലക്ക് കമ്പോളത്തിൽ വിറ്റ് ലാഭം കൊയ്തു. സ്റ്റോറേജ് സൗകര്യവും മത്സ്യം സൂക്ഷിക്കുന്നതിനുള്ള ആധുനിക സൗകര്യവുമില്ലാത്ത സാധാരണ മത്സ്യത്തൊഴിലാളികൾ ചൂഷണത്തിന് വിധേയമായി സാഹചര്യങ്ങളോട് സമരസപ്പെടാൻ നിർബന്ധിതമാകുന്നു.

തൊഴിൽ സുരക്ഷിതത്വമില്ലായ്മയാണ് മറ്റൊരു പ്രധാന പ്രശ്നം. പ്രതികൂല കാലാവസ്ഥയിൽ കടലിനോട് മല്ലിടേണ്ടി വരുന്ന തൊഴിലാളികൾക്ക് ലൈഫ് ജാക്കറ്റോ അതുപോലുള്ള സുരക്ഷിത സംവിധാനങ്ങളോ അപകടം യഥാസമയം അറിയിക്കാനുള്ള ആശയവിനിമയ സൗകര്യങ്ങളോ ഇല്ല.

ടൂറിസത്തിന്റെ വികസനം, കാലാവസ്ഥ വ്യതിയാനം ഉയർത്തുന്ന പ്രശ്നങ്ങൾ ഇവയ്ക്ക് എല്ലാം പുറമെ പ്രാദേശികമായ പ്രശ്നങ്ങൾ വേറെയും. പരമ്പരാഗത മത്സ്യമേഖല നേരിടുന്ന പ്രശ്നങ്ങൾക്ക് പ്രധാനമായും പരിഹാരമുണ്ടാകേണ്ടത് കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നാണ്. എന്നാൽ ചെറുതല്ലാത്തൊരുപങ്ക് പ്രാദേശിക സർക്കാരുകൾക്കുമുണ്ട്. ഇത് കണ്ടറിഞ്ഞുള്ള പ്രവർത്തനമാണ് കഴിഞ്ഞ കാൽനൂറ്റാണ്ട് കാലമായി ജനകീയാസൂത്രണത്തിലൂടെ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ കാഴ്ചവെക്കുന്നത്. കേരളത്തിലെ ഒൻപതു ജില്ലകളിലായി കടലോരം വ്യാപിച്ചു കിടക്കുന്നു. ഇതിൽ ഗ്രാമങ്ങളും പട്ടണങ്ങളും ഉൾപ്പെടുന്നു. ഉൾനാടൻ മത്സ്യമേഖല ഏതാണ്ട് എല്ലാ ജില്ലകളിലും ഉണ്ടെന്ന് പറയാം. ഈ മേഖലകളിൽ വരുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനും അവരുടെ തൊഴിലും തൊഴിലുപകരണങ്ങളും മെച്ചപ്പെടുത്തുന്നതിനുമുള്ള പദ്ധതികളാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കി വരുന്നത്.

## ജനകീയാസൂത്രണവും മത്സ്യത്തൊഴിലാളികളും

ജനകീയാസൂത്രണം ലക്ഷ്യമാക്കുന്നത് ഓരോ പ്രദേശത്തെയും സാധ്യതകളെയും ജനങ്ങളുടെ ആവശ്യങ്ങളെയും കണ്ടറിഞ്ഞുള്ള പദ്ധതികൾ ആവിഷ്കരിക്കുക എന്നതാണ്. വൈദ്യുതി, ജലസേചനം തുടങ്ങിയ മേഖലകൾ വകുപ്പ് തലത്തിൽ കേന്ദ്രീകരിച്ചും കൃഷി, ചെറുകിടവ്യവസായം, മൃഗസംരക്ഷണം, മത്സ്യബന്ധനം തുടങ്ങിയവ പ്രാദേശികതലത്തിൽ വികേന്ദ്രീകരിച്ചും ആസൂത്രണം ചെയ്യാനാണ് തീരുമാനിച്ചത്.

സംസ്ഥാന സർക്കാർ നൽകുന്ന പദ്ധതി വിഹിതം ഉൽപ്പാദനം, സേവനം, പശ്ചാത്തലം എന്നീ വിശാല മേഖലകളിലായി വിഭജിച്ച് വകയിരുത്തുന്നതിനാണ് നിഷ്ക

ർഷിക്കുന്നത്. ഉൽപ്പാദനമേഖലയ്ക്ക് നിശ്ചിത ശതമാനം വകയിരുത്തണമെന്നല്ലാതെ കൃഷി, മത്സ്യബന്ധനം തുടങ്ങിയ വിഷയമേഖലകൾക്ക് നിശ്ചിത ശതമാനം വകയിരുത്തണമെന്ന് പ്രത്യേകമായി നിഷ്കർഷിക്കാതിരുന്നതുകൊണ്ട് ജനകീയാസൂത്രണത്തിന്റെ തുടക്കത്തിൽ മത്സ്യമേഖലയ്ക്ക് കാര്യമായ വകയിരുത്തൽ ഉണ്ടായിരുന്നില്ല. എന്നാൽ പതിമൂന്നാം പദ്ധതി മാർഗരേഖയിൽ മത്സ്യമേഖലയ്ക്ക് പ്രത്യേക പരിഗണന നൽകുന്നതിനാണ് നിർദേശിക്കപ്പെട്ടിട്ടുള്ളത്. പാർശ്വവൽക്കരിക്കപ്പെട്ടവരെയും പ്രത്യേക പരിഗണന അർഹിക്കുന്നവരെയും (സ്ത്രീകൾ, കുട്ടികൾ, വയോജനങ്ങൾ, ഭിന്നശേഷിക്കാർ, ട്രാൻസ് പേഴ്സൺസ്, പട്ടികജാതി-പട്ടികവർഗക്കാർ, മത്സ്യത്തൊഴിലാളികൾ, മറ്റു പരമ്പരാഗത മേഖലകളിൽ പണിയെടുക്കുന്നവർ) പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലേക്ക് കൊണ്ടുവരാനുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകാനാണ് വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്.

## പ്രശ്നങ്ങൾ, വെല്ലുവിളികൾ

മത്സ്യമേഖലയിലെ പ്രശ്നങ്ങളെ തിരിച്ചറിഞ്ഞു അവയ്ക്ക് പരിഹാരം കാണുക എന്ന സമീപനമാകണം പദ്ധതി ആസൂത്രണത്തിൽ സ്വീകരിക്കേണ്ടത്. മത്സ്യബന്ധന മേഖലയിലെ സ്ഥിരവരുമാനമില്ലായ്മ, പഞ്ഞമാസങ്ങളിൽ മറ്റു തൊഴിലുകളുടെ ലഭ്യതക്കുറവ്, കൂടുതലായി മത്സ്യങ്ങൾ ലഭ്യമാകുന്ന അവസരങ്ങളിൽ മത്സ്യത്തിന്റെ വിലയിടിവ്, വില നിർണ്ണയത്തിൽ ഇടനിലക്കാരുടെ അമിതമായ ചൂഷണം, മത്സ്യബന്ധന ഉപകരണങ്ങളുടെയും ഇന്ധനമുൾപ്പെടെയുള്ള സാധന സാമഗ്രികളുടെയും വിലക്കയറ്റം, കാലാവസ്ഥ വ്യതിയാനം, തീരദേശ പരിപാലന നിയമം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ, അശാസ്ത്രീയമായ ട്രോളിംഗ്, യന്ത്രവൽകൃത ബോട്ടുകളുടെ കടന്നുകയറ്റം, മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾ, സ്കൂളുകളിൽ നിന്നുള്ള കുട്ടികളുടെ കൊഴിഞ്ഞുപോക്ക്, തലച്ചുമടായി മത്സ്യവ്യാപാരം നടത്തുന്ന സ്ത്രീത്തൊഴിലാളികളുടെ ദുരവസ്ഥ, മത്സ്യമാർക്കറ്റുകളുടെ ശുചിത്വമില്ലായ്മ, അനാരോഗ്യകരമായ അവസ്ഥ, മത്സ്യം സംഭരിച്ചു സൂക്ഷിക്കുന്നതിനാവശ്യമായ ശീതീകരണ സംവിധാനം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഇല്ലാത്ത അവസ്ഥ. മത്സ്യം ഉണക്കി സൂക്ഷിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങളുടെ അഭാവം, ഫിഷിങ് ഹാർബറുകൾ, ഫിഷ് ലാന്റിങ് സെന്ററുകൾ എന്നിവയുടെ അപര്യാപ്തത, ഉള്ളവയിൽ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം. വീട്, കുടിവെള്ളം, ടോയിലെറ്റ് എന്നീ സൗകര്യങ്ങൾ എല്ലാവർക്കും ഇല്ലാത്ത അവസ്ഥ. കുട്ടികളുടെ പഠനത്തിന് ആവശ്യമായ ആധുനിക സൗകര്യങ്ങളുടെ അഭാവം, ആശുപത്രികളിലെ ആധുനിക സൗകര്യമില്ലായ്മ, മരുന്നിന്റെ ലഭ്യതക്കുറവ്, മത്സ്യത്തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ,. സ്ത്രീകൾക്കും കുട്ടികൾക്കും പോഷകാഹാരത്തിന്റെ ലഭ്യതക്കുറവ് എന്നിവയാണ് ഈ മേഖലയിലുള്ളവർ നേരിടുന്ന പ്രശ്നങ്ങൾ.

## മത്സ്യബന്ധന മേഖലയിൽ തദ്ദേശസ്ഥാപനങ്ങളുടെ ചുമതലകൾ

കേരള പഞ്ചായത്ത് രാജ്/മുനിസിപ്പാലിറ്റി നിയമങ്ങളിലെ മേഖലാചുമതലകളിൽ മത്സ്യബന്ധന മേഖലയിൽ പരാമർശിച്ചിട്ടുള്ള ചുമതലകൾ ഇനി പറയുന്നവയാണ്:

കുളത്തിലെയും ശുദ്ധജലത്തിലെയും ക്ഷാരജലത്തിലെയും മത്സ്യം വളർത്തലും സമുദ്ര വിഭവ വികസനവും നടപ്പാക്കുക, മത്സ്യകുഞ്ഞുങ്ങളുടെ ഉൽപ്പാദനവും വിതരണവും ചെയ്യുക, മീൻപിടുത്തത്തിനുള്ള ഉപകരണങ്ങൾ വിതരണം ചെയ്യുക, മത്സ്യ വിപണനത്തിനുള്ള സഹായം നൽകുക, മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് കുറഞ്ഞ അടിസ്ഥാന സേവനങ്ങൾ നൽകുക, മത്സ്യതൊഴിലാളി ക്ഷേമപദ്ധതികൾ നടപ്പാക്കുക, പരമ്പരാഗത കടവുകൾ വികസിപ്പിക്കുക, ഫിഷറീസ് സ്കൂളുകളുടെ ഭരണനിയന്ത്രണം നടത്തുക. കൂടാതെ കുളങ്ങളും മറ്റു ജലസംഭരണികളും സംരക്ഷിക്കുക, നഗരസഭയുടെ അധീനതയിലുള്ള ജലമാർഗങ്ങളും കനാലുകളും പരിരക്ഷിക്കുക, പരിസ്ഥിതി ആരോഗ്യകരമായി സംരക്ഷിക്കുക, രോഗപ്രതിരോധ നടപടികൾ സ്വീകരിക്കുക, മത്സ്യവിൽപ്പന നിയന്ത്രിക്കുക എന്നീ അനിവാര്യ ചുമതലകളും ഉൾപ്പെടുന്നു.

## ഇടപെടൽ, സാധ്യതകൾ

നിയമം നൽകുന്ന അധികാരങ്ങളും ചുമതലകളും വിനിയോഗിച്ച് മത്സ്യമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സാമൂഹിക നീതിയിലധിഷ്ഠിതമായ പദ്ധതികൾ ആവിഷ്കരിക്കുക എന്നത് തദ്ദേശ ഭരണസ്ഥാപനങ്ങളുടെ ഉത്തരവാദിത്തമാണ്. സംയോജന സാധ്യതകൾ പ്രയോജനപ്പെടുത്തി ഉൽപ്പാദന സേവന മേഖലകളിൽ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതി പ്രകാരം ചെയ്യാൻ കഴിയുന്നവ ആ നിലയ്ക്ക് ചെയ്യണം.

ഇനി പറയുന്ന സംഗതികൾക്ക് മുൻഗണന നൽകാവുന്നതാണ്:

## 1. ഉൽപാദന മേഖല

ഉൽപ്പാദനോപാധികൾ ലഭ്യമാക്കൽ (വള്ളം, വല മുതലായവ), കണ്ടൽകാടുകളുടെ പുനർജീവനം, വ്യാപനം; ചെറുകിട ഉൽപ്പാദന സംരംഭങ്ങളിലൂടെ മത്സ്യങ്ങളുടെ മൂല്യവർധന, മത്സ്യ ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണം, പുതിയ ജലകൃഷി സാധ്യതകൾ (കല്ലുമ്മക്കായ, കക്ക, ഞണ്ട് തുടങ്ങിയവ), ഓരുജല-ശുദ്ധജല മത്സ്യകൃഷി വ്യാപനം, വീട്ടുവളപ്പിലും മട്ടുപ്പാവിലും കൃഷി, തുറന്ന ജലാശയങ്ങളിൽ മത്സ്യവിത്ത് നിക്ഷേപിക്കൽ, മത്സ്യതൊഴിലാളികളുടെ ഉപജീവനസുരക്ഷ മുൻനിർത്തിയുള്ള പദ്ധതികൾ. മത്സ്യബന്ധന വള്ളങ്ങളുടെ (ഉരുക്കൾ) ഇന്ധന ക്ഷമത വർധിപ്പിക്കൽ (ഉദാഹരണം: LPG). മത്സ്യ വിഭവ മത്സ്യത്തൊഴിലാളി അവസ്ഥാപഠനങ്ങൾ, മത്സ്യവിഭവ ഭൂപടം തയ്യാറാക്കൽ; കൂടുതൽ ഫിഷ് ലാൻഡിങ് സെന്ററുകൾ, നിലവിലുള്ളവയുടെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കൽ, ശുചിത്വം ഉറപ്പാക്കൽ; മത്സ്യ സൂക്ഷിപ്പു കേന്ദ്രങ്ങൾ/ശീതീകരണകേന്ദ്രങ്ങൾ, വിപണന ശൃംഖല മുതലായവ.

## 2. സേവനമേഖല

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ഉത്തരവാദിത്തമുണ്ട്. സാമൂഹിക ജീവിതരീതി മെച്ചപ്പെടുത്തുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൾക്ക് സേവനമേഖലയിൽ മുൻതൂക്കം നൽകുന്നു.

**പാർപ്പിടം:** എല്ലാവർക്കും സുരക്ഷിതമായ വീട് എന്നതാണ് പ്രഖ്യാപിത ലക്ഷ്യം. വ്യക്തിഗത വിഭവങ്ങൾക്ക് പുറമേ ഭൂരഹിതർക്ക സ്ഥലം വാങ്ങി ഭവനസമുച്ചയം നിർമ്മിച്ച നൽകണം. പ്രദേശത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത് ചെലവുകുറഞ്ഞ ഭവനപദ്ധതി ആസൂത്രണം ചെയ്യണം. സമ്പൂർണ്ണ പുനരധിവാസം ഉറപ്പാക്കണം. ശാസ്ത്രീയമായ ശുചിത്വസൗകര്യങ്ങൾ ഉറപ്പുവരുത്തണം.

**കുടിവെള്ളം:** 'എല്ലാവർക്കും എന്നും ശുദ്ധമായ കുടിവെള്ളം' എന്നതാകണം ലക്ഷ്യം. മഴവെള്ള സംഭരണിയുടെ സാധ്യതകളും പ്രയോജനപ്പെടുത്തണം. പരമ്പരാഗത കുടിവെള്ള സ്രോതസ്സുകളുടെ പുനരുദ്ധാരണം, സംരക്ഷണം എന്നിവയ്ക്ക് മുൻതൂക്കം നൽകണം.

**വിദ്യാഭ്യാസം:** തീരദേശ സ്കൂളുകളുടെ സ്ഥിതി മെച്ചപ്പെടുത്തണം ഉൾനാടൻ-കടൽ മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ പഠനം മെച്ചപ്പെടുത്തുന്നതിനായി അധ്യാപക കൂട്ടായ്മയും (Teacher's Guild) കുട്ടികളുടെ സഭയും (Children's Assembly). കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി സ്കൂളുകളിൽ പൂരകവിദ്യാഭ്യാസ പദ്ധതികൾ രൂപപ്പെടുത്തണം. ഇന്റർനെറ്റ്, ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവ ചുരുങ്ങിയ ചെലവിൽ ലഭ്യമാക്കണം. തുടർവിദ്യാകേന്ദ്രങ്ങൾ കാര്യക്ഷമമാക്കണം ലൈബ്രറികൾ ശക്തിപ്പെടുത്തണം.

**ആരോഗ്യം:** ഫിഷറീസ് ആശുപത്രികളിലെ ഭൗതികപശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. നഗരപ്രദേശത്തെ ആശുപത്രികളുടെ ഗുണമേന്മ മെച്ചപ്പെടുത്തണം. പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ, ജീവിതശൈലി രോഗപ്രതിരോധ പ്രവർത്തനങ്ങൾ, സ്ക്രീനിംഗ് പ്രവർത്തനം എന്നിവ കാര്യക്ഷമമാക്കണം. സ്കൂൾ ആരോഗ്യ പരിപാടി ഫലപ്രദമാക്കണം.

**സാമൂഹികനീതി:** ശിശുക്കൾ, കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ പ്രത്യേക പരിഗണന അർഹിക്കുന്ന സ്ത്രീകൾ, കുമാരിമാർ എന്നിവരുടെ ക്ഷേമവികസന പ്രവർത്തനങ്ങൾ പരിഗണിക്കപ്പെടണം. അങ്കണവാടി വഴി പോഷകാഹാരവിതരണം ഫലപ്രദമായി നടപ്പാക്കണം. അങ്കണവാടികൾക്ക് സ്വന്തമായി സ്ഥലം, കെട്ടിടം, കുടിവെള്ള സൗകര്യം മറ്റു ഭൗതിക സൗകര്യം എന്നിവ ഉറപ്പാക്കണം. കുമാരിമാർക്ക് കൗൺസിലിംഗ് സൗകര്യം ഏർപ്പെടുത്തണം. സാമൂഹിക സംഘടനകളുടെ സഹകരണത്തോടെ ലഹരി ഉപയോഗ വിപത്തുകൾക്കെതിരെ ബോധവൽക്കരണം നടത്തണം. തീരദേശ മേഖലയിലെ സർക്കാർ സ്കൂളുകളിൽ യു പി വിഭാഗം വരെയുള്ള അർഹതപ്പെട്ട കുട്ടികൾക്ക പ്രഭാതഭക്ഷണം വിതരണം ചെയ്യുന്ന പ്രോജക്ടുകൾ ആവിഷ്കരിക്കണം. കുടുംബശ്രീ അയൽക്കൂട്ടങ്ങളെ ശക്തിപ്പെടുത്തണം. വനിതകളുടെ സ്വയംതൊഴിൽ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കണം.

## മത്സ്യ സഹകരണ സംഘങ്ങൾ

മത്സ്യലേലം സംവിധാനത്തിനും തൊഴിൽ വൈവിധ്യവൽക്കരണത്തിനും സഹായകമാകുന്ന വിധത്തിൽ സംഘങ്ങൾ രൂപീകരിക്കണം.

**ഊർജ്ജം:** സമ്പൂർണ്ണ ഭവന വൈദ്യുതീകരണം, കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളിലും മത്സ്യസംസ്കരണ സ്ഥാപനങ്ങളിലും ബയോഗ്യാസ് പ്ലാന്റുകൾ, ക്ഷമത കൂടിയ വിറക

ടുപ്പുകൾ, എൽ ഇ ഡി (LED) ബൾബുകളുടെ വ്യാപനം (സ്പോൺസർഷിപ്പ് /കെ എസ് ഇ ബി സഹകരണം), വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ.

### 3. പശ്ചാത്തല മേഖല

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവിത ചുറ്റുപാടുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികളാണ് പശ്ചാത്തല മേഖലയിൽ ആവിഷ്കരിക്കേണ്ടത്, കടൽതീര സംരക്ഷണം, കടൽഭിത്തി, തീരദേശ റോഡുകൾ, നടപ്പാതകൾ, ഡ്രെയിനേജ് സൗകര്യങ്ങൾ, ശുചിത്വ സംവിധാനമുള്ള കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ തുടങ്ങിയവ. മത്സ്യമേഖലയിലെ പദ്ധതികൾ മത്സ്യ ഉൽപ്പാദന കേന്ദ്രീകൃതം എന്നതിനു പകരം മത്സ്യത്താഴിലാളി കേന്ദ്രീകൃതം ആകണം. ഇതിന് സ്ഥിതിവിവരക്കണക്കുകൾ അനിവാര്യമാണ്. സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ പ്രശ്നപരിഹാരത്തിന് ഉതകുന്ന പദ്ധതിരൂപരേഖ തയ്യാറാക്കണം. മത്സ്യത്തൊഴിലാളികളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള പദ്ധതികൾ ആവിഷ്കരിക്കണം. ഈ പ്രക്രിയ ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്നതിനാണ് മത്സ്യസഭകളുടെ രൂപീകരണം നിഷ്കർഷിച്ചിരിക്കുന്നത്. ഊരുകൂട്ടം മാതൃകയിൽ, 25 മത്സ്യത്തൊഴിലാളികൾ എങ്കിലും രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ വാർഡുകളിലും വാർഡ് സഭയ്ക്ക് മുൻപായി മത്സ്യസഭ നിർബന്ധമായും വിളിച്ചുചേർക്കണം. പ്രഖ്യാപിത മത്സ്യഗ്രാമങ്ങളിലും മത്സ്യസഭകൾ നിർബന്ധമാണ്. മത്സ്യമേഖലാ വികസനം മുൻനിർത്തി ആരംഭിച്ചിട്ടുള്ള മത്സ്യഭവനങ്ങളുടെ സേവനം പ്രയോജനപ്പെടുത്തണം.

### മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന പ്രധാന സർക്കാർ ഏജൻസികൾ

മത്സ്യബന്ധന (ഫിഷറീസ്) വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, മത്സ്യഫെഡ്, ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡ്, കോസ്റ്റൽ ഏരിയാ ഡവലപ്പ്മെന്റ് കോർപ്പറേഷൻ എന്നിവയാണ് മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന പ്രധാന സർക്കാർ ഏജൻസികൾ.

### 7. ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി

ദാരിദ്ര്യം എന്നത് ഇല്ലായ്മകളുടെ കൂടിച്ചേരലാണ്. അതുകൊണ്ട് ദാരിദ്ര്യം ഇല്ലായ്മ ചെയ്യണമെങ്കിൽ ഓരോ കുടുംബത്തിന്റെയും ഇല്ലായ്മകൾ എന്തൊക്കെയാണെന്ന് കണ്ടെത്തണം. അതായത് പദ്ധതി ആസൂത്രണ പ്രക്രിയ കുടുംബത്തിൽ നിന്ന് തുടങ്ങണം. ഓരോ കുടുംബത്തിന്റെയും ആവശ്യങ്ങൾ, അവ നിറവേറ്റുന്നതിലെ അപര്യാപതത, അതിനുള്ള വിവിധ കാരണങ്ങൾ എന്നിവ അപഗ്രഥിക്കണം. അജ്ഞത, വിദ്യാഭ്യാസ കുറവ്, രോഗാതുരത്വം, ശുചിത്വക്കുറവ്, വരുമാനക്കുറവ്, ദുഃശീലങ്ങൾ, ചൂഷണങ്ങൾക്കു വിധേയമാകൽ, സമ്പാദ്യമില്ലായ്മ, അന്ധവിശ്വാസങ്ങൾ മുതലായവ ഇതിനു കാരണമാകാം. അവ ഓരോന്നും കണ്ടെത്തുകയും ദൂരീകരിക്കുകയും വേണം. ഇതിനായി ബോധവൽക്കരണം, പൗരബോധം വളർത്തൽ, വിദ്യാഭ്യാസം നൽകൽ, രോഗപ്രതിരോധം, ശുചിത്വസംവിധാനം പ്രയോജനപ്പെടുത്തൽ, ആരോഗ്യം നിലനിർത്തുന്നതിനുള്ള

പ്രവൃത്തികൾ, കൗൺസിലിംഗ്, ചികിത്സ, ഡീഅഡിക്ഷൻ സെന്ററുകൾ മുതലായ പരിഹാരമാർഗങ്ങൾ ഫലപ്രദമായി വിനിയോഗിക്കാം.

ഈ പരിഹാരങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഇടപെടൽ എങ്ങനെയെന്ന് നിർണയിക്കണം. അഴിമതി, സ്വജനപക്ഷപാതം എന്നിവ ഒഴിവാക്കി യഥാർത്ഥത്തിൽ അർഹരായവരെ കണ്ടെത്തുക, അവരുടെ ആവശ്യങ്ങൾ യഥാവിധി കണ്ടെത്തുക, പരിഹാരങ്ങൾകായുള്ള വിവിധ സ്കീമുകൾ ഏറ്റെടുക്കുക, കേന്ദ്ര-സംസ്ഥാന സ്കീമുകളുമായി ഇതിനെ സംയോജിപ്പിക്കുക, ഏകോപിപ്പിക്കുക, സമയബന്ധിതമായി ഇവ നടപ്പിലാക്കുക, അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുക എന്നിവ ഇതിനായി പ്രയോജനപ്പെടുത്തണം. ഒപ്പം ജനപങ്കാളിത്തത്തോടെയുള്ള നിർവഹണവും പ്രാധാന്യമർഹിക്കുന്നു. 'വിശപ്പുരഹിത ഗ്രാമപഞ്ചായത്ത്' എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിന് വേണ്ടിയുള്ള കേന്ദ്ര-സംസ്ഥാന തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതികളുടെ ഏകോപനവും സാധ്യമാക്കേണ്ടതുണ്ട്.

ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും നടപ്പിലാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്ന തിനുമായി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള ദാരിദ്ര ലഘൂകരണ ഏജൻസിയാണ് 'കുടുംബശ്രീ'. ഈ സംഘടനാ സംവിധാനം ഉപയോഗിച്ച് താഴെത്തട്ടിൽ നിന്നുള്ള ആസൂത്രണ പ്രക്രിയയിലൂടെയാണ് ദാരിദ്ര്യനിർമാർജന പദ്ധതികൾക്ക് രൂപംനൽകേണ്ടത്.

| **ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി തയ്യാറാക്കൽ** |
|---|
| ● വികസനാവസ്ഥ അപഗ്രഥനം ചെയ്യൽ |
| ● അയൽക്കൂട്ട നിർദ്ദേശങ്ങൾ പരിഗണിക്കൽ |
| ● ഏരിയ/പഞ്ചായത്ത് തലത്തിൽ സംയോജനം |
| ● വർക്കിംഗ് ഗ്രൂപ്പ് തലത്തിൽ ക്രോഡീകരണം |
| ● സമന്വയ ശിൽപ്പശാല |
| ● ഉപപദ്ധതി കരട് തയ്യാറാക്കൽ |

## മൈക്രോ ഫിനാൻസ്

അയൽക്കൂട്ടങ്ങളിലൂടെ നടക്കുന്ന മിതവ്യയ ലഘുസമ്പാദ്യ-വായ്പാ പരിപാടിയാണ് അംഗകുടുംബങ്ങളുടെ അടിസ്ഥാന സാമ്പത്തിക സ്രോതസ്സ്. ഈ സാമ്പത്തിക പ്രവർത്തനത്തിന്റെ വിജയകരമായ നടത്തിപ്പിന്റെ അടിസ്ഥാന ത്തിലാണ് അയൽക്കൂട്ടങ്ങൾ ബാങ്ക് ലിങ്കേജ് നേടുന്നത്. ഇതിനായി യോഗ്യതയുള്ള അയൽക്കൂട്ടങ്ങളെ കണ്ടെത്തുന്നതിനുള്ള വിലയിരുത്തൽ പരിപാടിയാണ് 'ഗ്രേഡിങ്'. ഗ്രേഡിങ്ങിൽ വിജയിക്കുന്ന അയൽക്കൂട്ടങ്ങൾക്ക് അവരുടെ സമ്പാദ്യത്തിന് ആനുപാതികമായി ബാങ്ക് വായ്പ ലഭ്യമാക്കുന്നു. ഇങ്ങനെ ലിങ്കേജ് നേടുന്ന അയൽക്കൂട്ടങ്ങൾക്ക് കുടുംബശ്രീയിൽനിന്ന് മാച്ചിങ് ഗ്രാന്റ് ലഭ്യമാക്കുന്നുണ്ട്.

## കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട്

ഗ്രാമപ്രദേശങ്ങളിലെ സി ഡി എസ്സുകളിലെ അയൽക്കൂട്ടങ്ങൾക്ക് കേന്ദ്രാവിഷ്കൃത പദ്ധതിയായ കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ടായി വായ്പ ലഭിക്കുന്നു. അയൽക്കൂട്ടത്തിൽ 75% അംഗങ്ങൾ ബി പി എൽ ആയിരിക്കണം. വായ്പാതുക സി ഡി എസ്, എ ഡി എസ് മുഖേന അയൽക്കൂട്ടങ്ങൾക്ക് നൽകുന്നു. ഇത് നിയന്ത്രിക്കാൻ പ്രാപ്തരായ സി ഡി എസ് കൾക്ക് മാത്രമേ ഇപ്രകാരം കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട് ലഭിക്കുകയുള്ളൂ.

## മൈക്രോ എന്റർപ്രൈസസ്

പ്രാദേശിക സാമ്പത്തിക വികസനം പ്രധാനമായും സൂക്ഷ്മ തൊഴിൽ സംരംഭങ്ങളുടെ നടത്തിപ്പിനെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. സ്വയംതൊഴിൽ കണ്ടെത്തുന്നതിനും ജീവനോപാധി വികസനത്തിനും ഉൽപ്പാദന-സേവന തുറകളിലെ സംരംഭങ്ങൾ അനിവാര്യമാണ്. നിലവിലുള്ള സംരംഭങ്ങളെ ശക്തിപ്പെടുത്തുകയും, പുതിയ സാധ്യതകൾ കണ്ടെത്തുകയും ചെയ്യേണ്ടതുണ്ട്. ഇതിനായി പ്രാദേശിക മാനുഷിക വിഭവശേഷി ഉയർത്തുന്നതിനുള്ള പരിശീലനങ്ങൾ ആവശ്യമാണ്. ഈ പരിശീലനങ്ങൾ കുടുംബശ്രീ വഴി ലഭ്യമാക്കി വരുന്നു.

## റൂറൽ മൈക്രോ എന്റർപ്രൈസസ് സ്കീം

വ്യക്തിഗത/ഗ്രൂപ്പ് സംരംഭങ്ങൾ തുടങ്ങാൻ സ്ത്രീകളെ സഹായിച്ചുകൊണ്ട് അവരെ സ്വയംപ്രാപ്തമാക്കുന്നതിനു വേണ്ടിയാണ് ഈ പദ്ധതി. വ്യക്തികൾക്കോ ഗ്രൂപ്പുകൾക്കോ സംരംഭങ്ങൾ ആരംഭിക്കാം. ഗ്രൂപ്പ് സംരംഭം ആണെങ്കിൽ ഏറ്റവും കൂടിയത് 10 സ്ത്രീകൾ ചേർന്ന ഗ്രൂപ്പുകൾ ആകാം. പദ്ധതിക്ക് വേണ്ട പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി നൽകാൻ ഓരോ പഞ്ചായത്തിലും മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റുമാർ പ്രവർത്തിക്കുന്നു. സംരംഭം തുടങ്ങാൻ ആഗ്രഹമുള്ളവർ അയൽക്കൂട്ടങ്ങളിൽ അപേക്ഷ നൽകണം. ഈ അപേക്ഷ എ ഡി എസ് വഴി സി ഡി എസ്സിൽ എത്തുകയും വിവിധ പരിശീലനങ്ങളിലൂടെ അർഹരായവരെ തിരഞ്ഞെടുക്കുകയും ചെയ്യുന്നു.

## യുവശ്രീ

സുസ്ഥിര തൊഴിൽ കണ്ടെത്തുവാൻ 18-45 വയസ്സിനിടയിലുള്ള വിദ്യാസമ്പന്നരായ യുവജനങ്ങളെ (കുടുംബശ്രീ കുടുംബത്തിൽ പെട്ടവരായിരിക്കണം) പ്രാപ്തരാക്കുന്നതിനുള്ള പദ്ധതി. ഇതിനു കീഴിൽ വ്യക്തിഗത സംരംഭവും അഞ്ച് മുതൽ 10 പേർ വരെ അടങ്ങുന്ന ഗ്രൂപ്പ് സംരംഭവും ആരംഭിക്കുന്നു. റൂറൽ മൈക്രോ എന്റർപ്രൈസസ് സബ്സിഡി മാനദണ്ഡങ്ങൾ, നടപടിക്രമങ്ങൾ യുവശ്രീ പദ്ധതിക്കും ബാധകമാണ്.

## റിവോൾവിംഗ് ഫണ്ട്

ബാങ്ക് വായ്പ ലഭ്യമാക്കി സംരംഭം ആരംഭിച്ച് ആറുമാസം പൂർത്തിയാക്കിയ തൊഴിൽ സംരംഭങ്ങൾക്ക് പ്രോജക്റ്റ് തുകയുടെ 15% അല്ലെങ്കിൽ 35,000 രൂപ ഏതാണോ കുറവ് ആ തുക റിവോൾവിങ് ഫണ്ടായി നൽകുന്നു.

### ഇന്നൊവേഷൻ ഫണ്ട്

പുതുമയുള്ള സൂക്ഷ്മ സംരംഭങ്ങളിൽ ഏർപ്പെടുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിന് ഇത് ലക്ഷ്യമിടുന്നു. പുതുമയുള്ള സംരംഭത്തിൽ ഏർപ്പെട്ടിരിക്കുന്ന സംരംഭകർ ഇതിന്റെ ഗുണഭോക്താക്കൾ. കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ മുഖാന്തരമാണ് ഈ പദ്ധതി പ്രകാരം ധനസഹായം ലഭ്യമാകുന്നത്. പദ്ധതി തുകയുടെ 50% അല്ലെങ്കിൽ പരമാവധി 2.5 ലക്ഷം രൂപ സബ്സിഡിയായി ലഭിക്കും.

### ടെക്നോളജി ഫണ്ട്

മെച്ചപ്പെട്ട സാങ്കേതികവിദ്യ ഉപയോഗിക്കാൻ ആഗ്രഹിക്കുന്ന സൂക്ഷ്മ സംരംഭകരെ പ്രോത്സാഹിപ്പിക്കുക, കുടുംബശ്രീ വഴി ഇതിന്റെ നിർവഹണം സാധ്യമാക്കുക. സാങ്കേതിക വിദ്യക്കുള്ള ചെലവിനത്തിൽ സാങ്കേതികവിദ്യ വികസിപ്പിക്കാൻ അതിനുള്ള ചെലവും വാങ്ങുന്നതിനോ ആവശ്യമായ ചെലവും (സ്ഥലവും കെട്ടിടവും ഒഴികെ) ഉൾപ്പെടെയുള്ള ധനസഹായം ലഭിക്കും.

### സംഘകൃഷി

കാർഷിക മേഖലയിൽ പുതിയ ചലനങ്ങൾ സൃഷ്ടിക്കാൻ പര്യാപ്തമായ വിധത്തിൽ തരിശായിക്കിടക്കുന്ന പാടശേഖരങ്ങളും കൃഷിയോഗ്യമായ പുരയിടങ്ങളും തദ്ദേശഭരണകൂടത്തിന്റെ ഉത്തരവാദിത്വത്തിൽ അയൽക്കൂട്ടങ്ങൾ സംഘടിതമായി ഏറ്റെടുത്ത് കൃഷി ഇറക്കുന്ന പ്രവർത്തനമാണ് സംഘകൃഷി (JLG - Joint Liability Group). ഭക്ഷ്യസുരക്ഷയും ആരോഗ്യ സുരക്ഷയും നേടുന്നതിനൊപ്പം തന്നെ ഭക്ഷ്യസ്വയംപര്യാപ്തതയും സംഘകൃഷി ഉറപ്പാക്കുന്നു. ജെ എൽ ജി ഗ്രൂപ്പുകൾക്ക് വായ്പാ തുകയ്ക്ക് ആനുപാതികമായി വായ്പയ്ക്ക് പലിശ സബ്സിഡി നൽകി വരുന്നു. ഇൻസെന്റീവ്, പലിശ സബ്സിഡി, കാർഷിക പരിപാലനമുറകളിൽ പരിശീലനം എന്നീ സഹായങ്ങളും ജെ എൽ ജി ഗ്രൂപ്പുകൾക്ക് ലഭ്യമാക്കി വരുന്നു.

### ആശ്രയ പദ്ധതി

ആറാം പദ്ധതി മുതൽ 'ദാരിദ്ര്യത്തെ നേരിട്ട് ആക്രമിക്കുക' എന്ന കാഴ്ചപ്പാട് രൂപപ്പെടുകയുണ്ടായി. ഇതിന്റെ ഭാഗമായി ദാരിദ്ര്യനിർമാർജന പരിപാടികൾ ധാരാളം നടപ്പിലാക്കി. നല്ലൊരു ശതമാനം ജനങ്ങളും ദാരിദ്ര്യത്തിന്റെ രൂക്ഷതകളിൽ നിന്നും രക്ഷപ്പെട്ടു സ്വതന്ത്രമായി ജീവിക്കാനുള്ള സൗകര്യം കണ്ടെത്തി. എന്നാൽ, സർക്കാരിന്റെ ഇത്തരം പദ്ധതികളിലൂടെ ലഭ്യമാകുന്ന സൗകര്യങ്ങൾ ഉപയോഗപ്പെടുത്താൻ കഴിയാത്ത ഒരു വിഭാഗം ജനങ്ങൾ നമ്മുടെ സമൂഹത്തിലുണ്ട്. ഈ വിഭാഗങ്ങൾക്ക് വേണ്ടി സംസ്ഥാന ഗവൺമെന്റ് നടപ്പാക്കുന്ന പദ്ധതിയാണ് ആശ്രയ.

2003 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ താമസിക്കുന്ന കുടുംബങ്ങളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനായി കുടുംബശ്രീ വഴി നടപ്പിലാക്കുന്ന അഗതി പുനരധിവാസ പദ്ധതിയാണ് 'ആശ്രയ'. തദ്ദേശ സ്വയംഭരണ സ്ഥാപ

നങ്ങളാണ് ആശ്രയ പദ്ധതി തയ്യാറാക്കേണ്ടത്. ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കുന്ന പദ്ധതിയിലേക്ക് ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്ക് സഹായം നൽകാവുന്നതാണ്. ആശ്രയ പദ്ധതി കുടുംബശ്രീ മിഷന് സമർപ്പിച്ച് അംഗീകാരം നേടേണ്ടതാണ്.

മുഖ്യധാരയിൽ ഇടം ലഭിക്കാത്ത നിരാലംബരായ കുടുംബങ്ങളെ കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങളായ വീട്, ശുദ്ധജലം, ശുചിത്വ സംവിധാനം തുടങ്ങിയവയും അതിജീവന ആവശ്യങ്ങളായ ഭക്ഷണം, ചികിത്സ, വിദ്യാഭ്യാസം, വികസന ആവശ്യങ്ങളായ തൊഴിലവസരങ്ങൾ, വ്യക്തിത്വവികാസം എന്നീ പരിചരണ സേവനങ്ങളും ആശ്രയ പ്രകാരം ലഭ്യമാക്കുന്നുണ്ട്.

ആശ്രയ പദ്ധതി കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ എല്ലാ മാസവും ആശ്രയ ഗുണഭോക്താക്കളുടെ വീട് സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തും. ഇതിനു പുറമെ തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ അധ്യക്ഷൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, സി ഡി എസ് ചെയർപേഴ്സൺ, സി ഡി എസ് മെമ്പർ സെക്രട്ടറി, മെഡിക്കൽ ഓഫീസർ, അങ്കണവാടി സൂപ്പർവൈസർ, സി ഡി എസ്സിലെ സാമൂഹിക വികസനത്തിന്റെ ചുമതലയുള്ള അംഗം, രണ്ട് സാമൂഹിക പ്രവർത്തകർ, തദ്ദേശഭരണ സെക്രട്ടറി എന്നിവരടങ്ങിയ വിലയിരുത്തൽ സമിതി പഞ്ചായത്ത് തലത്തിൽ എല്ലാ മാസവും വിലയിരുത്തണം. രണ്ടു മാസത്തിലൊരിക്കൽ തദ്ദേശഭരണ മേൽനോട്ട ചുമതലയുള്ള ആശ്രയ വിലയിരുത്തൽ സമിതി തയ്യാറാക്കിയ റിപ്പോർട്ട് ജില്ലാ ആസൂത്രണ സമിതിക്ക് കൈമാറുകയും വേണം.

### പാഠഭാഗം – സംക്ഷിപ്തം

1. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങളും, വെല്ലുവിളികളും.
2. മത്സ്യമേഖലയിൽ തദ്ദേശസ്ഥാപനങ്ങളുടെ ചുമതലകളും കർത്തവ്യങ്ങളും.
3. മത്സ്യമേഖലയുടെ വികസനത്തിനായി വേണ്ട ഇടപെടലുകളും, സാധ്യതകളും മുൻഗണന നൽകേണ്ട മേഖലകളും.
4. മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന പ്രധാന സർക്കാർ ഏജൻസികൾ.
5. ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി, ആശ്രയ പദ്ധതി, ദുർബല വിഭാഗങ്ങൾക്കായുള്ള വിവിധ പദ്ധതികൾ.

### പഠന പുരോഗതി വിലയിരുത്തൽ : മൂന്ന്

I. ഒറ്റവാക്കിൽ ഉത്തരമെഴുതുക (ഒരു മാർക്ക് വീതം)

1. ഇന്തോ- നോർവീജിയൻ പ്രോജക്റ്റ് ആരംഭിച്ച വർഷം?
2. 'ആശ്രയ' പദ്ധതി ആരംഭിച്ച വർഷം?
3. ആശ്രയ പദ്ധതിക്ക് അംഗീകാരം നൽകേണ്ടതാര്?

II. **ഒന്നോ രണ്ടോ വാചകത്തിൽ ഉത്തരം എഴുതുക** (രണ്ടു മാർക്ക് വീതം)

1. JLG യുടെ പൂർണ്ണരൂപം?
2. എന്താണ് മൈക്രോ ഫിനാൻസ് പദ്ധതി?
3. മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന രണ്ട് സർക്കാർ ഏജൻസികളുടെ പേരെഴുതുക.

III. **ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക** (അഞ്ച് മാർക്ക് വീതം)

1. കേരളത്തിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങൾ വിവരിക്കുക.
2. മത്സ്യബന്ധന മേഖലയിൽ തദ്ദേശസ്ഥാപനങ്ങളുടെ ചുമതലകൾ എന്തെല്ലാം?
3. ആശ്രയ പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാം?
4. യുവശ്രീ പദ്ധതി എന്നാൽ എന്ത്?

## 8. സംഗ്രഹം

സ്വാതന്ത്ര്യലബ്ധിക്കുശേഷം ആവിഷ്കരിച്ച പഞ്ചവത്സര പദ്ധതിയും വിവിധ ദാരിദ്ര്യലഘൂകരണ പരിപാടികളും ഇന്ത്യയിലെ താഴേക്കിടയിലെ ജനങ്ങളുടെ ജീവിതത്തിൽ വലിയ മാറ്റങ്ങൾ സൃഷ്ടിച്ചു. ഒരു ചെറിയ വിഭാഗം പലകാരണങ്ങളാൽ ഇപ്പോഴും വികസനത്തിന്റെ ഗുണഫലങ്ങൾ അനുഭവിക്കാൻ കഴിയാത്തവരായി അവശേഷിക്കുന്നു. സാമൂഹികവും ചരിത്രപരവുമായ കാരണങ്ങളാൽ മുഖ്യധാരയിൽ നിന്നും മാറ്റിനിർത്തപ്പെട്ട പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളാണ് ഇതിൽ പ്രധാനപ്പെട്ടത്. ജനാധിപത്യ അധികാരവികേന്ദ്രീകരണം ആരംഭിക്കുകയും പ്രാദേശിക സർക്കാരുകൾക്ക് അധികാരവും ചുമതലകളും ലഭിക്കുകയും ചെയ്തതിനെത്തുടർന്ന് ഈ മേഖലയിൽ ഗണ്യമായ ചലനങ്ങളുണ്ടാക്കാൻ കേരളത്തിൽ സാധിച്ചിട്ടുണ്ട്. ഒൻപതാം പഞ്ചവത്സര പദ്ധതി മുതൽ പട്ടികജാതി, പട്ടികവർഗ വികസനത്തിനുള്ള ഉപപദ്ധതികൾ തദ്ദേശഭരണസ്ഥാപനങ്ങൾ തയ്യാറാക്കി നടപ്പാക്കിവരുന്നു. പത്താം പദ്ധതി മുതൽ അഗതികളും അശരണരും ആലംബഹീനരും ആയവരെ കണ്ടെത്തി അവരുടെ പുനരധിവാസത്തിനും ക്ഷേമത്തിനുമായി 'ആശ്രയ' പദ്ധതിക്കും തുടക്കം കുറിച്ചു. കേരളത്തെ സംബന്ധിച്ച് ദുർബലരായ മറ്റൊരു വിഭാഗമാണ് പരമ്പരാഗത മൽസ്യത്തൊഴി ലാളികൾ, ഇവരുടെ വികസനത്തിനും മത്സ്യ ഉൽപ്പാദനത്തിനുമായുള്ള വിവിധ പദ്ധതികളും ഡിപ്പാർട്മെന്റും തദ്ദേശഭരണസ്ഥാപനങ്ങളും ചേർന്ന് നടപ്പാക്കുന്നു. കേരളത്തിലെ സാമൂഹിക-സാമ്പത്തിക വികസന സൂചികയിൽ ഈ ദുർബല വിഭാഗങ്ങളുടെ ഗ്രാഫുയർത്തുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സഹായിച്ചിട്ടുണ്ടെന്നു കാണാം.

## 9. ഉത്തരസൂചിക

### പഠന പുരോഗതി വിലയിരുത്തൽ : ഒന്ന്

I. 1. അനുച്ഛേദം 332

2. 1989

3. എസ് സി പ്രമോട്ടർ

4. ബ്ലോക്ക് പഞ്ചായത്ത് അല്ലെങ്കിൽ നഗരസഭ

II. 1. പട്ടികജാതി ഉപപദ്ധതി (Scheduled Caste Sub Plan)

### പഠന പുരോഗതി വിലയിരുത്തൽ : രണ്ട്

I. 1. അനുച്ഛേദം 342

2. 1.45% (1.4 to 1.5)

3. അനുച്ഛേദം 17

4. 2006

II) 1. പട്ടിക വർഗ ഉപപദ്ധതി (Tribal Sub Plan)

### പഠന പുരോഗതി വിലയിരുത്തൽ : മൂന്ന്

I. 1. 1952

2. 2003

3. കുടുംബശ്രീ മിഷൻ

II. 1. ജോയിന്റ് ലൈബലിറ്റി ഗ്രൂപ്പ് (Joint Liability Group)

## 10. അവലംബം/അധിക വായനയ്ക്ക്


1. 'സാമൂഹ്യക്ഷേമവും സേവനങ്ങളും' കൈപ്പുസ്തകം, കില, 2020 (നവകേരളത്തിനായി നഗരസഭകൾ)
2. 'സാമൂഹ്യക്ഷേമവും സേവനങ്ങളും' കൈപ്പുസ്തകം, കില, 2020 (നവകേരളത്തിനായി ഗ്രാമപഞ്ചായത്തുകൾ).
3. ഇന്ത്യൻ ഭരണഘടന.
4. എസ് സി, എസ് ടി അട്രോസിറ്റീസ് പ്രിവൻഷൻ ആക്ട് 1989.

